# ക്രൈസ്തവ

# രക്തസാക്ഷികൾ

By
T. M. Varughese

1951

വില രൂ. 1

M.M. BABU
VANCHARAPARAMPIL
HOUSE
THALAVADY. P.O
ALLEPPEY (DIST)
KERALA.
689572

Jhanne

ക്രൈസ്തവ

# രക്തസാക്ഷികൾ.

1951.

By
T. M. Varughese.

വില രൂ. 1

ഹെബ്രോൻ പ്രിൻറിംഗ് ഹൗസ്, കുമ്പനാട്ട്.



ഗ്രന്ഥകർത്താ

ററി. എം. വറുഗീസ്.

# മുഖവുര

രക്തസാക്ഷികളുടെ രക്തം ക്രൈസ്തവസഭയുടെ അസ്ഥിവാരമത്രെ. വിശുദ്ധവേദപുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ള സത്യങ്ങളെ അനുസരിക്കുക എന്നുള്ളതിനോടൊപ്പം അതിൻെറ സാക്ഷ്യാത്തായ അനുഭവങ്ങളെ പ്രായോഗികമാക്കിത്തീർക്കുക എന്നുള്ളതാണ് ക്രൈസ്തവാദർശങ്ങളിലെ ഏററവും മുഖ്യമായ പ്രമാണം. ഈ പ്രമാണങ്ങളെ മുറുകെ പിടിച്ചുകൊണ്ടു ക്രൈസ്തവസഭയുടെ ആരംഭം മുതൽ കടന്നുവന്നിട്ടുള്ള ക്രിസ്തുവിശ്വാസവീരന്മാർ പല വിധ യാതനകൾ അനുഭവിക്കുന്നതിനിടയായിട്ടുണ്ട്. പ്രാരംഭകാലത്തു ജാതീയ റോമാഗവണ്മെൻറിൻെറ കീഴിൽ പത്തു പ്രധാന പീഡകൾ ക്രിസ്തുസഭ അനുഭവിച്ചു. അതിനുശേഷം റോമൻകത്തോലിക്ക മതവിശ്വാസികളിൽ നിന്നും പ്രോട്ടസ്റ്റൻറുസഭ അനുഭവിച്ചിട്ടുള്ള പീഡകളും ഒട്ടുംകുറവല്ല.

ഇപ്രകാരം വിശ്വാസത്തിനുവേണ്ടി പോക്കളത്തിൽ തങ്ങളുടെ ജീവനെ ബലി അർപ്പിച്ചിട്ടുള്ളവിശ്വാസവീരന്മാരുടെ രക്തസാക്ഷിമരണം ഈ കാലത്തു ജീവിക്കുന്ന വിശ്വാസികൾക്കു തങ്ങളുടെ ക്രിസ്തീയ വിശ്വാസത്തിൽ ധൈര്യവും പ്രോത്സാഹനവും നൽകുന്നതാണെന്നു കരുതി ചില വർഷങ്ങൾക്കു മുൻപു ഞാൻ എഴുതി സൂക്ഷിച്ചിരുന്ന പ്രസ്തുതഗ്രന്ഥം അച്ചടിച്ചു പ്രസിദ്ധീകരിക്കുവാൻ ഇപ്പോൾ പ്രേരിതനായിട്ടുള്ളതാണ്.

പ്രത്യേകിച്ചു ക്രിസ്തീയാദർശങ്ങളെ ചവിട്ടിത്തേക്കുകയും, ക്രൈസ്തവസഭകളെ ഇല്ലായ്മ ചെയ്കയും ചെയ്യണമെന്നു കരുതി പല ഇസങ്ങൾ എഴുന്നേററിരിക്കുന്ന ഈ കാലയളവിൽ ഈ ഗ്രന്ഥം അനേകരെയും അവരുടെ വിശ്വാസത്തിൽ നിലനിർത്തുമെന്നു പൂർണ്ണമായി കരുതുന്നതുകൊണ്ടും ബഹുമാന്യരായ എൻെറ പല സ്നേഹിതരുടെയും ബൈബിൾസ്കൂളിൽ പഠിച്ചു ഇറങ്ങിയിട്ടുള്ള എൻെറ വാത്സല്യ അദ്ധ്യേതാക്കളുടെയും അപേക്ഷഅനുസരിച്ചും ഈ പുസ്തകം ഇപ്പോഴെങ്കിലും രംഗപ്രവേശംചെയ്‌വാൻ ഇടയാകുന്നതിൽ ഞാൻ അതീവകൃതാർത്ഥനും ദൈവത്തോടു നന്ദിയുള്ളവനുമായിത്തീർന്നിരിക്കുന്നു.

അന്ധകാരപൂർണ്ണമായ ഒരു യുഗത്തിൻെറ അവസാനഘട്ടത്തിലാണ് നാം എത്തിയിരിക്കുന്നത്. വചനത്തിൽ കാണുന്നപ്രകാരം സത്യസഭ പീഡനങ്ങളിൽകൂടെ കടന്നുപോകേണ്ടിയിരിക്കുന്നു. പൂർവ്വകാലത്തെ വിശ്വാസികളുടെ വിശ്വാസത്തെ അഗ്നിക്കു കെടുത്തുവാൻ കഴിഞ്ഞിട്ടില്ല. സിംഹങ്ങളുടെഗുഹയിൽ ആ വിശ്വാസത്തിനു ഉന്നതമായ ഒരു നിലയാണുണ്ടായിരുന്നത്. ഈർച്ചവാളിൻെറ മൂർച്ചയേറിയ പ്രയോഗം അവരെ ഭീതിപ്പെടുത്തിയില്ല. “മരണപര്യന്തം വിശ്വസ്തനായിരിക്ക എന്നാൽ ജീവകിരീടംപ്രാപിക്കും” എന്നുള്ള വചനം തങ്ങളുടെ മുദ്രാവാക്യമായി കരുതിക്കൊണ്ടു അവർ തങ്ങളുടെ വിശ്വാസത്തെ കാത്തു.

ഇന്നത്തെ നിലയ്ക്കു ഈ പുസ്തകപ്രസിദ്ധീകര

ണം ഒഴിച്ചുക്രുട്ടുവാൻ പാടില്ലാത്ത ഒന്നാണെന്നും ഉട
നെ അതു പ്രസിദ്ധപ്പെടുത്തുവാൻ വേണ്ടതു ചെയ്യുന്ന
മെന്നും കാണിച്ചു ഒരു കത്തു പാസ്റ്റർ കെ. ഇ. ഏബ്ര
ഹാം അമ്മേരിക്കയിൽ ഇരിക്കുമ്പോൾ എൻെറ പേ
ൎക്കു എഴുതുകയും ആയതു എന്നെ തദ്വിഷയത്തിൽ
പ്രോത്സാഹിപ്പിക്കയും ചെയ്തു.

ഈ പുസ്തകനിമ്മാണത്തിലും അച്ചടിയിലുംഎ
ന്നെ പ്രോൽസാഹിപ്പിച്ചിട്ടുള്ള പാസ്ററർ ഏബ്രഹാ
മിനോടും മുദ്രണം ഭംഗിയായി നിർവഹിച്ചുതന്ന കമ്പ
നാട്ടു ഹെബ്രോൻ പ്രിൻറിംഗ് ഹൗസ് അധികൃതരോ
ടുമുള്ള എൻെറ നന്ദിയെ പ്രദർശിപ്പിച്ചുകൊണ്ടും സ
ർവശക്തനായ കത്താവിൻെറ പാദാരവിന്ദങ്ങളിൽ
സമർപ്പിച്ചുകൊണ്ടും തൽഗ്രന്ഥത്തെ പൊതുജന
സമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ലാഭേഛ കൂടാതെ പൊതുജനങ്ങൾ എല്ലാം വാ
യിച്ചു പ്രയോജനപ്പെടുത്തത്തക്കവണ്ണം ഏററം കുറഞ്ഞ
വിലയ്ക്കാണു ഇതു പ്രസിദ്ധം ചെയ്യുന്നതു്. വേ
ണ്ടിടത്തോളം ബ്ലോക്കുകൾ ചേർക്കുന്നതിനു സാദ്ധ്യമാ
കാതെപോയി. ഉള്ള ഏതാനു ചില ബ്ളോക്കുകൾ
മാത്രം ഇപ്പോൾ ചേർക്കുന്നു.

ഗ്രന്ഥകത്താ ററി. എം വറുഗീസ്
മുളക്കുഴ.

# ആമുഖം

ഏതാനും ക്രൈസ്തവരക്തസാക്ഷിപ്രവരന്മാരുടെ ജീവചരിത്രങ്ങളെ സംക്ഷേപിച്ചു എഴുതിയിട്ടുള്ള ഈ ചെറുഗ്രന്ഥം ആധുനികലോകത്തെ വിശ്വാസികൾ വായിച്ചുഗ്രഹിക്കേണ്ടതുതന്നെയാണ്. അപ്പോസ്തലിക പീരിയേഡിന്റെ അവസാനഘട്ടംമുതൽ ഏകദേശം 250 വർഷക്കാലത്തോളം പത്തു മതപീഡകളാണു നടന്നിട്ടുള്ളതു്. ക്രിസ്താബ്ദം 67-ൽ നീറോചക്രവത്തി ആരംഭിച്ച ഈ പീഡ ഡയോക്ലീഷൻ ചക്രവത്തിയുടെ കാലത്തു 313-ൽ അവസാനിച്ചു. ഭയങ്കരമായ പരിശോധനയുടെ ഈ കാലയളവിൽ സംഭവിച്ചിട്ടുള്ളതാണു ഈ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന ആദ്യത്തെ പതിനാറു രക്തസാക്ഷിമരണങ്ങൾ. പുറജാതീയചക്രവത്തിമാർ റോമാസിംഹാസനത്തിൽ വാണിരുന്നപ്പോൾ മാത്രമല്ല യഥാർത്ഥക്രിസ്ത്യാനികൾക്കു കഷ്ടപ്പാടുകൾ ഉണ്ടായിട്ടുള്ളതു്. ഈ പുസ്തകത്തിന്റെ ഒടുവിലെ ഭാഗത്തു വിവരിച്ചിരിക്കുന്ന ഏഴു ചരിത്രസംഭവങ്ങൾ നവീകരണസത്യങ്ങളെ മുറുകെപിടിച്ചുകൊണ്ടു വത്തിച്ച പ്രോട്ടസ്റ്റന്റു സഭാനേതാക്കന്മാക്കു നേരിട്ടിട്ടുള്ളതാണ്.

ലത്തീൻഭാഷയിൽ നിന്നു ഇംഗ്ലീഷ് ഭാഷയിൽ തർജ്ജമ ചെയ്ത പ്രാർത്ഥനാപുസ്തകം ആദ്യമായി 1549-ൽ ഇംഗ്ലണ്ടിലെ രാജാവായ ഹെൻറി എട്ടാ

ന്റെ പുത്രൻ എഡ്ഡ്വാർഡ് ആറാമൻ നടപ്പിലാക്കി. അതു ഇംഗ്ലീഷ് ഭാഷയിലെ ഏററവും വലിയ നിക്ഷേപങ്ങളിൽ ഒന്നായിരുന്നു എങ്കിലും റോമാസഭാംഗങ്ങളുടെ ഇടയിൽ അതു വലിയ അതൃപ്തിക്കു കാരണമായി. എഡ്വേർഡിന്റെ സഹോദരി മേരിരാജ്ഞി പ്രോട്ടസ്റ്റന്റു നേതാക്കളെ അഗ്നിക്കിരയാക്കിഎങ്കിലും രക്തസാക്ഷികളുടെ മരണംമൂലം നവീകരണം ഇംഗ്ളണ്ടിൽ മുദ്രയിടപ്പെട്ടുകയാണുണ്ടായതു്. ലാററിമർ പ്രസ്താവിച്ചതുപോലെ ഇംഗ്ളണ്ടിൽ ഒരുനാളും കെട്ടുപോകാത്തതായ ഒരു വിളക്കുകത്തിച്ചിട്ടാണു് അവർ കടന്നുപോയതു്.

ഈ വിശ്വാസവീരന്മാരായ ദൈവമക്കൾ രക്ഷകന്റെ തിരുമുഖത്തെ കണ്ടുകൊണ്ടുതങ്ങളുടെ ജീവനെ അർപ്പിച്ചു തിരശീലക്കപ്പുറം കടന്നുപോയി. സ്വർഗ്ഗീയ സന്തോഷംകൊണ്ടു അവരുടെ മുഖം പ്രകാശിച്ചിരുന്നുവെന്നും അവരുടെ മരണംമൂലം അനേകർ സത്യവഴികളെ കണ്ടുപിടിച്ചു നീതിപാഥകളിൽ കൂടി കടന്നുപോകുന്നതിനു ഇടയായി എന്നും ഈപുസ്തകത്തിൽ വിവരിച്ചിരിക്കുന്നു. മാക്സിന്റെയും മേഴ്സിയായുടെയും ചരിത്രത്തിന്റെ അവസാനഭാഗത്തു ഗ്രന്ഥകാരൻ പ്രസ്താവിച്ചിരിക്കുന്നതുപോലെ ഭയങ്കരമായ പീഡാകാലം നമ്മെ അഭിമുഖീകരിക്കുമ്പോൾ വിശ്വസ്തതയോടുകൂടെ രക്ഷാനായകനിൽ ആശ്രയംവച്ചുകൊണ്ടു് നമ്മുടെ വിശ്വാസത്തിന്റെ നല്ലപോർ പൊരുതാം. മലങ്കരസഭയുടെ ചരിത്രത്തിൽ രക്ത

സാക്ഷികൾ എത്ര ദുർലഭമാണ്. ഭൂമിയോടും ജഡത്തോടും പററിച്ചേർന്നിരിക്കുന്ന നാം നിത്യനഗരത്തെക്കുള്ള യാത്രയിൽ എത്ര അലസന്മാരായി കാണപ്പെടുന്നു! സത്യത്തിനുവേണ്ടി സാക്ഷി നിൽക്കുന്നതിനും നിത്യഭവനത്തെപ്പററിയുള്ള ദർശനം എപ്പോഴും നമ്മുടെ ചിന്താഗതിയിൽ ഉണ്ടായിരിക്കുന്നതിനും പാസ്റ്റർ ററി. എം. വറുഗീസിൻെറ ഈ പരിശ്രമഫലം പ്രേരകമായി ഭവിക്കട്ടെ! ഈ സഹോദരൻെറ യത്നങ്ങൾ ദൈവരാജ്യത്തിൻെറ സുവിശേഷം പ്രചരിക്കുന്നതിനു മുഖാന്തിരമായിത്തീരട്ടെ!!

എം. ചെറിയാൻ ബി. എ., ബി.എൽ.
(റിട്ടയാർഡ് ഡിസ്ട്രിക്ട് & സെഷ്യൻസ് ജഡ്ജി)

# അവതാരിക.

ഭൂലോകമെങ്ങും, വിശിഷ്യാ ഭാരതഖണ്ഡത്തിൽ അധിവസിക്കുന്ന ക്രിസ്തുഭക്തന്മാർ ഒരു പീഡനത്തെ അഭിമുഖീകരിപ്പാനിടയുണ്ടെന്നു സംഭവങ്ങൾ ഉച്ചൈസ്തരം ഘോഷിക്കുന്ന ഈ കാലഘട്ടത്തിൽ "ക്രൈസ്തവരക്തസാക്ഷികൾ" എന്ന ഈ വിശിഷ്ട കൃതിയുടെ പുറപ്പാട് എല്ലാ സത്യവിശ്വാസികൾക്കും സ്വാഗതാർഹമായിരിക്കുന്നു. ശ്രീയേശുക്രിസ്തുവിനുവേണ്ടിയും അവൻെറ വാഴ്ത്തപ്പെട്ട സുവിശേഷം നിമിത്തവും നിഗ്രഹിക്കപ്പെട്ട രക്തസാക്ഷിപ്രവരന്മാരുടെ ചരിത്രങ്ങൾ വിശദീകരിക്കുന്ന ഗ്രന്ഥങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ ദുർല്ലഭമല്ല. ആംഗലഭാഷാപരിചയം സിദ്ധിച്ചിട്ടില്ലാത്ത നാട്ടുകാർക്ക് പ്രയോജനപ്പെടത്തക്കവണ്ണം രക്തസാക്ഷിവീരന്മാരുടെ ചരിത്രങ്ങൾ പ്രതിപാദിക്കുന്ന പുസ്തകങ്ങൾ മലയാളഭാഷയിൽ ഉണ്ടായിട്ടുള്ളതായി അറിയുന്നില്ല. മലയാളത്തിൽ ഇറങ്ങിയിട്ടുള്ള സഭാചരിത്രപുസ്തകങ്ങളിൽ മതപീഡാവൃത്താന്തങ്ങൾ ഉണ്ടെങ്കിലും രക്തസാക്ഷികളെ കുറിച്ചു മാത്രം പ്രസ്താവിക്കുന്ന ഒരു പുസ്തകം ഇതേവരെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. പത്രദ്വാരാ ചില ചരിത്രശകലങ്ങൾ അങ്ങിങ്ങായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും പുസ്തകരൂപേണ പ്രസിദ്ധം ചെയ്യുന്നതു ഇപ്പോൾ മാത്രമാണ്. ഇൻഡ്യാ (പൂർണ്ണസുവിശേഷ) സഭാ ഫീൽഡ് സെക്രട്ടറി പാസ്റ്റർ റ്റി എം. വറുഗീസ് അവർകളെ ഈ മഹൽ

ശുശ്രൂഷയ്ക്കായി തൻെറ വിശുദ്ധകരങ്ങളിൽ ഉപയോഗിച്ച സ്വർഗ്ഗസ്ഥപിതാവിനെ സ്തുതിപ്പാൻ വിശ്വാസികളേവരും കടപ്പെട്ടിരിക്കുന്നു.

അമ്മേരിക്കൻ മിഷ്യനറി പാസ്റ്റർ ആർ.എഫ്. കുക്കും ഞാനും പത്രാധിപന്മാരായിരുന്ന് രണ്ടു വ്യാഴവട്ടക്കാലത്തിനു മുൻപു പ്രസിദ്ധീകരിച്ചിരുന്ന "സുവിശേഷപ്രഭാഷകൻ" മാസികാഗ്രന്ഥത്തിൽ ഇതിലെ ചില ചരിത്രഭാഗങ്ങൾ ഈ ഗ്രന്ഥകർത്താവു എഴുതിയതു തുടരെ പ്രസിദ്ധപ്പെടുത്തിവന്നു. സത്യഭക്തന്മാരായ വായനക്കാർക്ക് ക്രിസ്തുവിൽ തങ്ങൾക്കുള്ള വിശ്വാസത്തിൻെറ സ്ഥിരതയ്ക്കു അവ മുഖാന്തിരമായിഭവിച്ചു എന്നു അന്നുതന്നെ ഞങ്ങൾക്കറിവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ പ്രസ്തുതമാസികാപ്രസിദ്ധീകരണം മുടങ്ങിപ്പോയതിനാൽ ഇതിലെ ചരിത്രങ്ങൾ തുടർന്നു പ്രസിദ്ധീകരിപ്പാൻ അദ്ദേഹത്തിനു സാധിക്കാതെ വന്നു.

എൻെറ ഈ കഴിഞ്ഞ അമ്മേരിക്കൻ പര്യടനകാലത്തു് 1949 ജൂലായി 23, നവംബർ 15 എന്നീ രണ്ടു തീയതികളിൽ നമ്മുടെകർത്താവു് എന്നെ ചില പ്രത്യേക കാര്യങ്ങൾ ഗ്രഹിപ്പിക്കയുണ്ടായി. ക്രിസ്തുവിന് സജീവസാക്ഷികളായി വിശുദ്ധ ജീവിതം അനുഷ്ഠിക്കുന്ന സത്യഭക്തന്മാർ ഇൻഡ്യയിൽ അഭിമുഖീകരിക്കേണ്ടിവരുന്ന കാര്യങ്ങളും അതിൽ ഉൾപ്പെട്ടിരുന്നു. തദവസരം മുതൽ, ക്രിസ്തുവിനുവേണ്ടി തങ്ങളുടെ

അവസാന തുള്ളിരക്തം പോലും ബലിയർപ്പിപ്പാൻ വിശ്വാസികൾ സന്നദ്ധരാകുമാറു് തങ്ങളെത്തന്നെ പ്രതിഷ്ഠിക്കേണ്ടതിന്നു് പ്രബോധിപ്പിപ്പാനുള്ള ആത്മപ്രേരണ എന്നെ ഭരിച്ചുതുടങ്ങി. തന്നിമിത്തം പാസ്റ്റർ വറുഗീസ് അവർകളുടെ, സുവിശേഷപ്രഭാഷകൻ മാസികയിലെ ലേഖന സമുച്ചയം പുസ്തീകരിച്ചു് പുസ്തകമായി പ്രസിദ്ധപ്പെടുത്തുവാൻ അദ്ദേഹത്തിനു് എഴുതുവാൻ ഞാൻ ദൈവാത്മാവിനാൽ പ്രേരിതനായിത്തീരുകയും അങ്ങനെ അമേരിക്കയിൽ നിന്നു് എഴുതുകയും ചെയ്തു. ഇപ്പോഴിതാ, ആ പുസ്തകം രൂപമെടുത്തുകഴിഞ്ഞിരിക്കുന്നതു കാണ്മാനുള്ള സന്ദർഭം ലഭിച്ചിരിക്കുന്നു.

ദൈവത്തെ പരമാർത്ഥമായി സേവിക്കുക നിമിത്തം പീഡയനുഭവിച്ചിട്ടുള്ള വിശുദ്ധന്മാരുടെ സംഖ്യ ഒട്ടനവധിയാണു്. മലാഖി പ്രവാചകനും പുതിയ നിയമ സംഭവങ്ങൾക്കും ഇടയ്ക്കുള്ള കാലത്തു് സിറിയാ രാജവായ അന്തിയോക്കസ് എപ്പിപ്പാനസ് മുതലായ വിജാതീയ രാജാക്കന്മാരുടെ അമർഷത്തിൽ യഹൂദ വിശുദ്ധന്മാർ അനുഭവിച്ച പീഡയുടെ ചരിത്രം മക്കാബ്യ പുസ്തകങ്ങളിൽ വിവരിച്ചിട്ടുണ്ടു്. അതിന്റെ സൂചന എബ്രായ ലേഖനം 11-ാം അദ്ധ്യായം 35 മുതൽ 38 വരെയുള്ള വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ക്രൈസ്തവ സഭയുടെ ആദിമ ശതകങ്ങളിൽ ആദ്യം യഹൂദന്മാരിൽ നിന്നും, തുടർന്നു ജാതികളിൽ നിന്നും

അനവധി പീഡകളുണ്ടായി. റോമൻ ചക്രവത്തിമാർ നടത്തിയ മതപീഡകൾ ഏററം ഭയങ്കരങ്ങളായിരുന്നു. അവയിൽ സർവപ്രധാനമായവ പത്തു പീഡകളാകുന്നു. സഭാചരിത്രകാരന്മാർ "പത്തു പീഡകൾ" എന്നത്രയതിന്നു നാമകരണം ചെയ്തിരിക്കുന്നു.

അവ്വണ്ണം തന്നെ, നവീകരണകാലത്തു തിരുവചനത്തിലെ സത്യങ്ങൾ നിമിത്തം നാമധേയ ക്രൈസ്തവരിൽ നിന്നു സത്യഭക്തന്മാർ അനുഭവിച്ച പീഡകളുംധാരാളമാണ്. അങ്ങനെസഭാചരിത്രക്കടലിൽ ബഹുലമായിക്കിടക്കുന്ന രക്തസാക്ഷിമരണവൃത്താന്തങ്ങളിൽ ഏതാനും മാത്രമേ നമ്മുടെ ഗ്രന്ഥകാരൻ ഈ പുസ്തകത്തിൽ വിവരിച്ചിട്ടുള്ളു. ഇതിൽ പ്രതിപാദിച്ചിരിക്കുന്ന ചരിത്രഭാഗങ്ങളിൽനിന്നു്, കഴിഞ്ഞ ശതാബ്ദങ്ങളിൽ ക്രിസ്തുഭക്തന്മാർ അനുഭവിച്ചിട്ടുള്ള പീഡയുടെ ആകമാനമായ ഒരു രൂപം സഭാചരിത്രജ്ഞാനമില്ലാത്ത വായനക്കാർക്കു പോലും ലഭിക്കുമെന്നതു ഈ പുസ്തകത്തിനുള്ള ഒരു പ്രത്യേക വൈശേഷ്യമാകുന്നു.

വിദ്യാകുശലന്മാരല്ലാത്ത വായനക്കാക്കും നന്നായിഗ്രഹിക്കത്തക്കവണ്ണം ലളിതവും ശുദ്ധവുമായഭാഷ ഉപയോഗിച്ചു ഈ സംക്ഷിപ്തചരിത്രം എഴുതിയിരിക്കുന്നതു ആസ്വാദ്യതരമായിരിക്കുന്നു. രക്തസാക്ഷിവീരന്മാരുടെ മരണവൃത്താന്തം സുഗ്രാഹ്യമാകുവാൻ പര്യാപ്തങ്ങളായ ചിത്രങ്ങൾ പുസ്തകത്തിനു ഒരു ഭൂഷണമായിട്ടുണ്ട്.

തങ്ങൾക്കുവേണ്ടി തന്നെത്തന്നെ യാഗമായർപ്പിച്ച ക്രിസ്തുവിന്നായി തങ്ങളെത്തന്നെ യാഗാർപ്പണം ചെയ്‌വാൻ വായനക്കാക്കു ആത്മപ്രേരണ നൽകുന്നതാ

ൺ് ഇതിലെ ഓരോ പേജും എന്നു പറവാൻ മടി ക്കേണ്ടതില്ല. ഇതിലെ ഏതെങ്കിലും ഒരു പേജു മാത്രമേ ഒരു വിശ്വാസിക്കു വായിപ്പാൻ സാധിച്ചുള്ളു എന്നിരുന്നാൽതന്നെയും അവനെ യേശുരാജാവിനുവേണ്ടി കഷ്ടം അനുഭവിപ്പാൻ ധൈര്യപ്പെടുത്തുന്നതിനു പര്യാപ്തമായിട്ടാണു് ഇതിലെ ഓരോ പേജും ഇരിക്കുന്നതു്.

കർത്താവിന്നായി തങ്ങളുടെ പൈതങ്ങളെ വളർത്തുന്ന മാതാക്കൾ ഇതിൽ പ്രസ്താവിച്ചിരിക്കുന്ന സിമ്പോറോസയുടെ ചരിത്രം വായിക്കട്ടെ. കർതൃപക്ഷത്തു ജീവിതം നയിപ്പാൻ അഭിവാഞ്ഛിക്കുന്ന ബാലജനങ്ങൾ അവളുടെ ഏഴു പുത്രന്മാരുടെയും ബാലനായ ക്രൂറിലോസിൻെറയും ചരിത്രം പാരായണം ചെയ്യട്ടെ. ക്രിസ്തുവിനു സാക്ഷികളായി ജീവിക്കുന്ന സഹോദരിമാർ പെർപ്പെച്ചുവാ എന്ന മഹതിയുടെ ചരിത്രം നോക്കട്ടെ. ക്രിസ്തീയസഹോദരർ "രക്തസാക്ഷികളായ മൂന്നു സഹോദരന്മാരു"ടെ വൃത്താന്തം വായിക്കട്ടെ. സഭാപാലകന്മാർ ഇഗ്നാത്യോസ്, പോലിക്കാർപ്പ്, കുപ്രിയാനോസ് ആദിയായ സഭാപിതാക്കന്മാരുടെ സാക്ഷിമരണവൃത്താന്തം വായിക്കട്ടെ. നവീകരണയോദ്ധാക്കൾ ജോൺഹസ്സ്, തോമ്മസ് ക്രാൻമർ മുതലായ ഗംഭീരപുരുഷന്മാരുടെ മരണവൃത്താന്തം വായിക്കട്ടെ. എന്നുവേണ്ടാ, ക്രിസ്തീയജീവിതത്തിൻെറ വിവിധമുഖങ്ങളിലൂടെ സുവിശേഷരണാങ്കണത്തിൽ ആയോധനം ചെയ്യുന്ന സത്യഭടന്മാരെല്ലാം വായിച്ചിരിക്കേണ്ട ഒരു വിശിഷ്ടപുസ്തകമാണിതു്.

കേരളത്തിലും വിദേശങ്ങളിലും സത്യക്രിസ്തീയസേവനമനുഷ്ഠിക്കുന്ന മലയാളികളുടെ ഇടയിൽ ഈ പുസ്തകത്തിനു സഹർഷസ്വാഗതവും, പ്രചുരപ്രചാര

വും ലഭിക്കുമെന്നുള്ളതു നിസ്സന്ദേഹംതന്നെ. ഇൻഡ്യയുടെ വിവിധഭാഗങ്ങളിൽ സുവിശേഷഘോഷണാർത്ഥം പോയി താമസിക്കുന്ന കർത്തൃശുശ്രൂഷകന്മാരോടു ഇത്തരുണത്തിൽ എനിക്കുള്ള അപേക്ഷ, ഈ ചെറുവിശിഷ്ടഗ്രന്ഥം ഭാരതത്തിലെ എല്ലാ ഭാഷകളിലും പ്രചരിപ്പിക്കാൻ ഉദ്യുക്തരാകണമെന്നത്രെ. സുവിശേഷശുശ്രൂഷകന്മാർ അവരവർ വേല ചെയ്യുന്ന നാട്ടിലെ ഭാഷയിലേക്കു ഗ്രന്ഥകർത്താവിൻെറ അനുമതിയോടു കൂടെ വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചാൽ ഇൻഡ്യയിലെ മിക്ക ഭാഷകളിലും ഇതു പ്രചരിപ്പാൻ ഇടയാകുമല്ലോ.

മലയാളക്രൈസ്തവജനതയ്ക്കു ഒരു അമൂല്യനിക്ഷേപമായി ഈ സംക്ഷിപ്തചരിത്രം പരിലസിക്കതന്നെ ചെയ്യും. ഈ മഹൽചരിത്രഗ്രന്ഥത്തിൻെറപ്രചരണം, ആസന്നഭാവിയിൽ ഉണ്ടാകുവാനിടയുള്ള പീഡകളുടെമദ്ധ്യേ "ദൈവകല്പനയും യേശുവിൻെറ സാക്ഷ്യവും നിമിത്തം" ഏതു ത്യാഗവും കഷ്ടവും അത്രയുമല്ല, മരണംതന്നെയും വരിപ്പാൻ സന്നദ്ധരായ ഒരുകൂട്ടം ആത്മികധർമ്മഭടന്മാരെ സജ്ജമാക്കുന്നതിനു സർവശക്തൻെറ കൈകളിൽ ഒരു ഉപകരണമായി ഭവിക്കട്ടെ എന്നുള്ള ആശംസയോടുകൂടെ, ക്രിസ്തുഭക്തന്മാർ തങ്ങളുടെ ജീവൻ ആർക്കുവേണ്ടി ബലിയർപ്പണം ചെയ്‌വാൻ തയ്യാറാകുന്നുവോ, ആ ക്രിസ്തുഭഗവാൻെറ വിശുദ്ധനാമത്തിൽ ഇതിനെ ഭാരതീയ ജനതാസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

കുമ്പനാട്, യേശുക്രിസ്തുവിൻെറ ദാസൻ,
12-1-51. കെ. ഇ. ഏബ്രഹാം

# വിഷയസരണി.

പുറം


| | | |
|---|---|---|
| 1. | നിത്യനഗര ദർശനം. | 1 |
| 2. | നാല്പതുരക്തസാക്ഷിവീരന്മാർ. | 7 |
| 3. | തിമോഥെയോസ്. | 10 |
| 4. | സിമ്പോറോസയും ഏഴുപുത്രന്മാരും | 12 |
| 5. | മാക്കസും മേഴ്സിയായും. | 16 |
| 6. | വിശുദ്ധനായ ഇഗ്നാത്യോസ്. | 25 |
| 7. | വിശുദ്ധനായ പോലിക്കാർപ്പ്. | 29 |
| 8. | പെർപെച്ചുവാ. | 37 |
| 9. | വിശുദ്ധനായ ലോറൻസ്. | 45 |
| 10. | ബാലനായ സിറീൽ. | 49 |
| 11. | വിശുദ്ധനായ സെബാസ്റ്റിൻ. | 52 |
| 12. | രക്തസാക്ഷികളായ മൂന്നുസഹോദരന്മാർ. | 55 |
| 13. | കുപ്രിയാനോസ്. | 63 |
| 14. | മോറിറേനിയായിലെ തിമോഥി. | 70 |
| 15. | തിയഡോറസ്. | 73 |
| 16. | മസ്സിലിയക്കാരനായ വിക്റ്റർ. | 77 |
| 17. | ലാറൻസ്സാൻഡേഴ്സ്. | 81 |
| 18. | വില്യം ഹണ്ടർ. | 87 |
| 19. | ഡോ: റോളൻഡുടെയിലർ. | 99 |
| 20. | ജോൺ ഹസ്സ്. | 107 |
| 21. | റിഡ്ലിയും ലാററിമറും. | 122 |
| 22. | റോലിൻസ്സ വൈററ്. | 131 |
| 23. | തോമ്മസ് ക്രാൻമർ. | 137 |
| 24. | ജിറോനിമോ. | 146 |

# ക്രൈസ്തവ
# രക്തസാക്ഷികൾ

---

## Gleams from the Eternal City.

## 1. നിത്യനഗര ദർശനം

"പിതാവേ നിനക്കു കഴിയുമെങ്കിൽ ഈ പാന പാത്രം എന്നിൽനിന്നു നീക്കിക്കളയേണമെ, എന്നാലോ എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടംതന്നെ യാകട്ടെ"

റോമിലെ ഒരു കാരാഗൃഹത്തിനുള്ളിൽ കിടന്നു കൊണ്ടു ആരോ ഒരാൾ മേൽ ഉദ്ധരിച്ചിരിക്കുന്ന പ്രാത്ഥനയുടെ ശബ്ദം മന്ദമായി പുറപ്പെടുവിച്ചതു കാരാഗൃഹത്തിന്റെ മുമ്പിൽ അങ്ങോട്ടും ഇങ്ങോട്ടും ഉലാവിക്കൊണ്ടിരുന്ന ഒരു കാവൽ പടയാളിയുടെ ശ്രവണപുടങ്ങളിൽ എത്തി. ഈ ശബ്ദം അർദ്ധരാത്രിയുടെ നിശ്ശബ്ദതയെ ഭഞ്ജിക്കത്തക്കതായിരുന്നു. തന്റെ ജോലിനിവ്വഹണത്തിൽ ഈ ശബ്ദം എവിടെനിന്നു ഉണ്ടായി എന്നറിവാൻ കാരാഗൃഹത്തിന്റെ അഴിക്കരികിലെത്തി ശ്രദ്ധിച്ചു. ഒരു യുവാവിന്റെ ദയനീയ ശബ്ദമാണതെന്നു മനസ്സിലായി. ഉള്ളിലേക്കു കടന്നു, ഒരു മെഴുകുതിരിയുടെ വെളിച്ചത്തിന്റെ സഹായത്താൽ താൻ നോക്കിയപ്പോൾ സുമുഖനായ ഒരു യുവാവു് തന്റെ കൈകൾകൊണ്ടു് സാധുവായ ഒരു വൃദ്ധന്റെ തലയെ മന്ദം മന്ദം തലോടുന്നതും അതേ

അവസരം തൻെറ തലയെ ഉയൎത്തിയിരിക്കുന്നതും കു
ണ്ടു. "പിതാവേ!. എനിക്കുവേണ്ടി ദുഃഖിക്കരുതേ!
ഏററവും ചുരുങ്ങിയ മണിക്കൂറുകൾക്കുള്ളിൽ ഞാ
നെൻെറ രക്ഷിതാവോടുകൂടെ ചേരുമെന്നുള്ളതിനാൽ
സന്തോഷിക്കമാത്രമാണു് ചെയ്യുന്നതു്. എന്നാൽ
പിതാവേ അവിടുന്നു സമാധാനമായി കഴിച്ചുകൂട്ടു
ന്നതിനു ഇടയായിരുന്നെങ്കിൽ എന്നു മാത്രമാണു്
എൻെറ ആശ. എന്നാൽ എന്നെ സംബന്ധിച്ചിട
ത്തോളം എനിക്കു പറവാനുള്ളതു ശ്രദ്ധിച്ചാലും! ഇ
ന്നു് ഈ കാരാഗൃഹത്തിൻെറ വാതിൽ എൻെറ
സ്വാതന്ത്ര്യത്തിനായി തുറന്നിരുന്നാലും എൻെറ ക
ൎത്താവിനുവേണ്ടി ആ രംഗസ്ഥലത്തേക്കു കടന്നുചെ
ന്നു അവിടെ രക്തസാക്ഷിയായി മരിക്കുവാനത്രെ
ഞാൻ ആഗ്രഹിക്കുന്നതു്" എന്നു ഈ മകൻ അപ്പ
നോടു സധൈൎയ്യം പറയുന്ന വാക്കുകൾ കേട്ടു. ഈ
ധൈൎയ്യവാക്കുകൾ കേട്ടു് വൃദ്ധനായ മനുഷ്യൻ ഇപ്ര
കാരം പറഞ്ഞു.

"മാക്സേ! എൻെറ മകനെ! ഓമനപുത്രാ! ഈ
അന്ധകാരമണിക്കൂറിലും നിൻെറ വാക്കുകൾ എന്നെ
എത്രമാത്രം സന്തോഷിപ്പിക്കുകയും ആശ്വസിപ്പിക്കു
കയും ചെയ്യുന്നു! നിന്നിൽ വിജയശ്രീയായി വില
സുന്ന ആ വിശ്വാസം മൂലം എല്ലാ കൈപ്പും എ
നിക്കു മധുരമായി തീൎന്നിരിക്കുന്നു. നിൻെറ പിതാ
വിൻെറ ഹൃദയത്തിനു നീ ഇഷ്ടമുള്ളവനായിരുന്നു.
എന്നാൽ ഈ മരണസന്ദർഭത്തിലും നിൻെറ വിശ്വാ
സധീരത്വം മൂലവും കൎത്താവിനുവേണ്ടി രക്തസാ
ക്ഷിയായി മരിക്കണമെന്നുള്ള നിൻെറ ആഗ്രഹം
കൊണ്ടും നീ എനിക്കു മുമ്പുണ്ടായിരുന്നതിനെക്കാൾ

ഏഴിരട്ടി വാത്സല്യമുള്ളവനായിത്തീൎന്നിരിക്കുന്നു. ക ൎത്താവിൻെറ വിലയേറിയ സുവിശേഷം വഹിച്ചു കൊണ്ടു് പൗലൂസിനെയും ബൎന്നബാസിനെയും പോ ലെ ഭൂമിയുടെ അററത്തോളം കൎത്താവിൻെറസാ ക്ഷിയായിത്തീരുവാൻ ഞാൻ നിന്നെക്കുറിച്ചു വളരെ ആഗ്രഹിച്ചു. എന്നാൽ ഇപ്പോഴാകട്ടെ, ആ ആശയെല്ലാം നഷ്ടീഭവിച്ചല്ലോ. അതാ ദൂരെ കേൾക്കുന്നതായ ആ ക്രൂരസിംഹങ്ങളുടെ ഗംഭീര നാദം നാം ഏററവും ചുരുങ്ങിയ സമയത്തിനുള്ളിൽ നമ്മുടെ നിത്യനഗരത്തിൽ ചെന്നെത്തുമെന്നു വിളി ച്ചു പറയുന്നില്ലയോ? ഹാ! അതെത്രമാത്രം സന്തോ ഷമാണു് എന്നിൽ ഉളവാക്കുന്നതു്"!

"പ്രിയ പിതാവെ! അവിടുന്നു എൻെറ കൈ മേൽ കിടന്നുറങ്ങിയ ആ സമയം ദൈവദൂതന്മാർ ന മ്മുടെ തലകൾക്കു ചുററും പറന്നുകൊണ്ടിരിക്കുന്ന കാ ഴ്ച ഞാൻ കാണുകയുണ്ടായി. ഞാൻ അനുഭവിക്കു വാൻ പോകുന്ന ദുരിതങ്ങളെക്കുറിച്ചുള്ള നിരാശ എ നിക്കുണ്ടായി എങ്കിലും ഞാൻ കണ്ട കാഴ്ച എന്നെ കൂ ടുതൽ ധൈൎയ്യപ്പെടുത്തുകയും എൻെറ കൎത്താവിൻെറ സാന്നിദ്ധ്യത്തെ മറച്ചിരുന്ന തിരശീല അശേഷം മാറി അതുകാണ്മാൻതക്കവണ്ണം എനിക്കിടയായിത്തീ രുകയും ചെയ്തിരിക്കുന്നു" എന്നു മകൻ അപ്പനോടു പ റഞ്ഞു അദ്ദേഹത്തെ ആശ്വസിപ്പിച്ചു. അപ്പോൾ പി താവിപ്രകാരം പറഞ്ഞു: "എൻെറ രക്ഷിതാവിനെ ഗത്സമേനയിൽ വച്ചു ശുശ്രൂഷിച്ച ദൂതഗണം നമ്മെ ബലപ്പെടുത്തേണ്ടതിനുവേണ്ടി നമ്മുടെ അടുക്കൽ ഉ ള്ളതായി എനിക്കു തോന്നുന്നു. എന്നാൽ എൻെറ ദുഃഖം നിന്നെപ്രതിമാത്രമാണു്. എങ്കിലും അതെല്ലാം

ഇപ്പോൾ നീങ്ങിയിരിക്കുന്നു! ദൈവം നമുക്കു നൽകിയിരിക്കുന്ന ഉപകാരങ്ങൾക്കായി നമുക്കു അവന്നു സ്തോത്രം ചെയ്യാം".

ഇത്രയും പറഞ്ഞപ്പോൾ കാരാഗൃഹപ്രമാണി കാരാഗൃഹത്തിൻെറ വാതിൽ തുറക്കുന്ന ശബ്ദം കേട്ടു. അടിമകളെ ബന്ധനത്തിൽനിന്നും ഇറക്കി രംഗസ്ഥലത്തേക്കു കൊണ്ടുവരുവിൻ എന്നുള്ള ശബ്ദം ഉണ്ടായി മാക്സസും തൻെറ പിതാവും കിടന്ന സ്ഥലത്തുനിന്നു എഴുന്നേററു. ആ പിതാവു പുത്രൻെറ തോളിന്മേൽ ചാരിക്കൊണ്ടു കൊലസ്ഥലത്തേക്കു നടന്നു.

മാക്സസു തൻെറ പിതാവിനോടു ഇപ്രകാരം പറഞ്ഞു: "പിതാവേ, മരണം നമ്മെ വേർപെടുത്താത്തതായ നിത്യഭവനത്തിലേക്കു നാം എത്രയും വേഗം ചെന്നുചേരും". ഇവരുടെ ധൈര്യം കണ്ടു കാരാഗൃഹപ്രമാണിക്കുപോലും അതിശയം ഉണ്ടായി. ഈ ഭയങ്കര ഘട്ടത്തിലും ഇത്രമാത്രം ധൈര്യം ലഭിക്കത്തക്കവണ്ണം ഇടയായിത്തീൎന്നിട്ടുള്ളതു അമാനുഷികമായ ഏതൊ ശക്തി ഇവരെ സഹായിക്കുന്നതുകൊണ്ടായിരിക്കണം എന്നു അയാൾ വിചാരിച്ചു.

ഇതിൻെറ ശേഷം എല്ലാവരും അവരവരുടെ ആസ്ഥാനങ്ങളിൽ ഇരിപ്പുറപ്പിച്ചു. റോമിലെ വീരന്മാരും ധീരന്മാരും ആയ ആളുകൾ രക്തച്ചൊരിച്ചിൽ കാണേണ്ടതിന്നു ചുററും കൂടിയിരുന്നു. ചക്രവൎത്തിയുടെ കൽപനപ്രകാരം കാഹളം ഊതി. മാക്സസും തൻെറ പിതാവും രംഗസ്ഥലത്തേക്കു പ്രവേശിച്ചു. അവർ സ്വൎഗ്ഗത്തിലേക്കു തങ്ങളുടെ കണ്ണുകൾ ഉയൎത്തിക്കൊണ്ടു മൌനമായി പ്രാൎത്ഥിച്ചു.

ക്രൂരസിംഹങ്ങളുടെ കൂട്ട വലിച്ചു രംഗസ്ഥല ത്തു കൊണ്ടുവന്നു. അപ്പോൾ രണ്ടുപേർ എഴുന്നേററു നിന്നുകൊണ്ടു ഇപ്രകാരം പറഞ്ഞു: "ഇവർ നസറാ യൻെറ പിൻഗാമികളാണ്, ഗലീലയിലെ പ്രവാച കനും പൊന്തിയോസു പീലാത്തോസിനാൽ ക്രൂശി ക്കപ്പെട്ടുവാൻ വിധിക്കപ്പെട്ടവനുമായ യേശുവിൻെറ പിൻഗാമികളത്രെ. ഇവരെപ്പോലെയുള്ള ആളുകളെ കീൽ തേച്ചു തീ കത്തിച്ചു നശിപ്പിക്കുകയത്രെ നമ്മുടെ നീറോ ചക്രവത്തി ചെയ്തിട്ടുള്ളതു്. ഇപ്പോ ഴാകട്ടെ ഇവരെ സിംഹങ്ങൾക്കു ഇരയാക്കുവാൻ പോ കുകയാണു്". ഇങ്ങനെ പറഞ്ഞശേഷം ഒരുക്കിയി രുന്ന സിംഹത്തെ അഴിച്ചുവിട്ടു. സിംഹം ആദ്യമാ യി യുവാവിൻെറ നേരെ ചാടി. എന്നാൽ തൻെറ മകനെ കൊല്ലുന്നതിനു മുമ്പായി തന്നെ കൊന്നുകൊ ള്ളട്ടെ എന്നു കരുതി ആ വൃദ്ധൻ സിംഹത്തിൻെറ മുമ്പിൽ ചാടി മുതിരുടങ്ങു. തൻെറ പിതാവു സിംഹത്തിനു ഇരയായിത്തീരുന്നതും സന്തോഷത്തോ ടുകൂടെ ജീവനെ വെടിയുന്നതും ഈ മകൻ നോക്കി ക്കൊണ്ടു നിശ്ചലനായി നിന്നു. പിന്നീടു താൻ ഉയ രത്തിലേക്കു നോക്കിക്കൊണ്ടു്, "പിതാവേ! എൻെറ ആത്മാവിനെ തൃക്കയ്യിലേക്കു ഭരമേൽപിക്കുന്നു" എ ന്നു പ്രാത്ഥിച്ചതിന്നു മാത്രയിൽത്തന്നെ സിംഹത്തി ൻെറ ക്രൂരപല്ലുകൾക്കു ഇരയായിത്തീരുകയും ചെയ്തു. താൻ മരിക്കുന്ന അവസരം സ്വൎഗ്ഗീയ സന്തോഷം കൊണ്ടു തൻെറ മുഖം പ്രകാശിച്ചിരുന്നു.

ആ രാത്രി റോമയിലെ കാരാഗൃഹവാതുക്കൽ നി ന്നവനായ കാവല്ക്കാരൻ തൻെറ കാരാഗൃഹത്തിൽ താ മസിച്ചിരുന്ന വിശുദ്ധന്മാരായ ആ ധീരയോദ്ധാക്ക

ളുടെ അഭാവത്താൽ ചിന്താമഗ്നനായി തീൎന്നിട്ട് ഇ പ്രകാരം പ്രാൎത്ഥിച്ചു, "നസ്രായക്കാരുടെ ദൈവമെ! ന ക്ഷത്രമണ്ഡലങ്ങൾക്ക് അപ്പുറമായി സ്ഥിതിചെ യ്യുന്ന നിത്യവും ശാശ്വതവുമായ ആ പട്ടണത്തിലേ ക്ക നിൻെറ ഈ മക്കളെ വഴി നടത്തിയ ആ വെളി ച്ചം തന്നെ എന്നെയും നടത്തേണമേ." ഈ കാവ ല്ക്കാരൻ ഉച്ചരിച്ച വാക്കുകൾ ഗവൎണ്ണർ കേട്ടപ്പോൾ കുപിതനായി അയാളേയും സിംഹങ്ങൾക്ക ഇരയാക്കി ത്തീൎക്കുവാൻ കൽപനയിട്ടു. യാതൊരു ദുഃഖവും പ്രദൎശിപ്പിക്കാതെ തൻെറ ആയുസ്സിൻെറ അ വസാനമണിക്കൂറിൽ സ്വീകരിച്ചവനായ ആ കൎത്താ വിൻെറ കൈകളിലേക്ക തൻെറ ജീവനെ ഭരമേൽ പ്പിച്ചുകൊടുത്തു.

---

നല്ലപോർ പൊരുതുഞാൻ – എൻക്രിസ്തുൻനാമത്തിൽ,
വാടാ കിരീടം പ്രാപിപ്പാൻ–തൻനിത്യരാജ്യത്തിൽ
"വിശ്വാസത്തിൻെറ നായകാ ഈനിൻെറയോദ്ധാവെ
വിശ്വസ്തനായികാക്കുക നല്ലന്ത്യത്തോളവും"

---

# 2. നാൽപ്പത്തു രക്തസാക്ഷിവീരന്മാർ

"നിന്റെ കിരീടം ആരും എടുക്കാതിരിപ്പാന്തക്കവണ്ണം നിനക്കുള്ളതു പിടിച്ചുകൊൾക."

ലിസിനിയസ് ചക്രവർത്തി അർമ്മീനിയയിലുള്ള ക്രിസ്ത്യാനികളെ പീഡിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ 'തണ്ടറിംഗ്ലീജിയൺ' എന്ന പേരോടുകൂടിയ തന്റെ സൈന്യം സെബാസ്റ്റി എന്ന സ്ഥലത്തു പാളയമടിച്ചിരിക്കയായിരുന്നു. ഈ സൈന്യത്തിലുൾപ്പെട്ട നാൽപ്പത്തുപേർ ക്രിസ്ത്യാനികളായിരുന്നു. അവരെയും ക്രൂരതരമായ വിധം പീഡിപ്പിക്കുന്നതിനു രാജകൽപ്പനയുണ്ടായി.

ഈ കൽപ്പനയുണ്ടായതു ഒരു ശൈത്യകാലത്തായിരുന്നു. ചക്രവർത്തിയുടെ കൽപനപ്രകാരം നാൽപതുപേരെയും ഒരു കുളത്തിൽ വെള്ളം ഉറഞ്ഞു കട്ടിയായിത്തീൎന്ന ഹിമത്തിന്റെ പുറത്തു രാത്രിമുഴുവനും നഗ്നരായി കിടത്തി കഷ്ടപ്പെടുത്തി. ആ കുളത്തിന്റെ ഒരററത്തായി ഒരു ചെറിയ വീടു നിൎമ്മിക്കയും ആ വീട്ടിൽ കാവൽപട്ടാളനായകനായ സെമ്പ്രോണിയസ്സിന്റെ നേതൃത്വത്തിൽ നല്ലവണ്ണം എരിഞ്ഞുകൊണ്ടിരുന്ന തീ, വീഞ്ഞു്, ചൂടുവെള്ളം ആദിയായ സാമാനങ്ങളും തയാർ ചെയ്തിരുന്നു. ഈ നാൽപതുപേരിൽ ആരെങ്കിലും ക്രിസ്തീയവിശ്വാസത്തെ തള്ളിപ്പറയുന്നപക്ഷം അവരെ ആ കുളത്തിൽനിന്നും എടുത്തു് ഈ ഭവനത്തിൽ പ്രവേശിപ്പിക്കുന്നതാണെന്നും, വീഞ്ഞും ചൂടുവെള്ളവും കൊടുത്തു അവരെ ശുശ്രൂഷിക്കുന്നതാണെന്നും പ്രസ്താപിച്ചിരുന്നു.

നേരം രാത്രിയായി. കാക്സസസ്സം പർവത ത്തിൽ നിന്നു അടിച്ചുതുടങ്ങിയ ശീതക്കാററുമൂലം പട്ടണവാസികൾ എല്ലാം അവരുടെ കതകുകളും ജ നാലകളും ഭദ്രമായി അടച്ച മുറികളിൽ ആഴിയു ണ്ടാക്കി തീ കാഞ്ഞുകൊണ്ടിരുന്നു. എന്നാൽ ആ കു ളത്തിൽ കിടന്നിരുന്നവരായ ക്രിസ്ത്യാനികളാക ട്ടെ, ചിലർ പ്രാർത്ഥനയിൽ പോരാടിക്കൊണ്ടും മററു ചിലർ തണുപ്പുസഹിക്കുവാൻ നിവൃത്തിയില്ലാതെ കുളത്തിൽ അങ്ങോട്ടുമിങ്ങോട്ടും ഓടിനടന്നും സമയം കഴിച്ചുകൂട്ടി. ഇങ്ങനെ മണിക്കൂർ കുറെ കഴിഞ്ഞു. എ ന്നാൽ ഈ അവസരം എല്ലാം അവരുടെ നാവിൽ നിന്നു പൊങ്ങിയ ഗീതം ഇതായിരുന്നു: "കർത്താവേ, ഇതാ നിൻെറ വീരന്മാരിൽ നാൽപതുപേർ നിന ക്കുവേണ്ടി യുദ്ധം ചെയ്വാൻ വന്നിരിക്കുന്നു. നീ ജയാ ളികൾക്കു നൽകുവാൻ നിശ്ചയിച്ചിരിക്കുന്ന ജീവ കിരീടം ഈ നിൻെറ യോദ്ധാക്കൾക്കു നൽകേണ മേ". എന്നാൽ ഈ നാൽപതുപേരിൽ ഒരാൾ തണു പ്പുതീരെ സഹിപ്പാൻ നിവൃത്തിയില്ലാതെ നേരെ സെ ബ്രോണിയസ്സിൻെറ അടുക്കൽ ചെന്നു തന്നെ ഭവന ത്തിൽ പ്രവേശിപ്പിക്കണമെന്നും ക്രിസ്തുവിശ്വാസ ത്തെ തള്ളിപ്പറവാൻ തയ്യാറാണെന്നും പറഞ്ഞു.

ഇപ്രകാരം തങ്ങളിൽ ഒരാൾ വിശ്വാസത്തെ ത ള്ളിപ്പറഞ്ഞുവെങ്കിലും ശേഷം 39 പേരുടെയും ഗീ തം മേൽപ്രകാരം നാൽപതുപേക്കു ജീവകിരീടം ത രേണമേ എന്നുള്ളതായിരുന്നു. സെബ്രോണിയസ്സാക ട്ടെ ആ കുളത്തിലേക്കു നോക്കിയപ്പോൾ രക്തസാ ക്ഷികളാകുവാൻ പോകുന്ന ആ 39 പേരുടെയും തല മേൽ ഓരോ കിരീടം വെയ്ക്കപ്പെട്ടിരിക്കുന്നതുകൊണ്ടു

വിസ്മയിച്ചു. താനും അവരോടുകൂടെ കഷ്ടം അനുഭവിക്കുന്നതിനു തീർച്ചയാക്കി ആ കുളത്തിൽ പോയി കിടന്നു.

നേരം പ്രഭാതമായപ്പോൾ ഈ രക്തസാക്ഷി വീരന്മാരായ നാൽപതുപേരും മൃതിയടഞ്ഞിരിക്കുന്നതും അവരുടെ ആത്മാക്കൾ രാജസന്നിധിയിലേക്കു പ്രവേശിച്ചിരിക്കുന്നതും കാണുന്നതിനിടയായി.

പ്രിയ വായനക്കാരാ! സ്വർഗ്ഗത്തിൽ ക്രിസ്തുവിനോടുകൂടെ മഹത്വത്തിൽ പ്രവേശിക്കണമെന്നു നീ കരുതുന്നുവെങ്കിൽ അവൻെറ നിന്ദയെ നാം ഈ ലോകത്തിൽവച്ചു സഹിയ്ക്കണം. ക്രിസ്തുവിനോടുകൂടെ ഏകീഭവിക്കണമെന്നു നീ ആഗ്രഹിക്കുന്നുവെങ്കിൽ നീ ആദ്യമായി ക്രൂശോടുകൂടെ ഏകീകരിക്കപ്പെടേണ്ടതു ആവശ്യം. "മരണപര്യന്തം വിശ്വസ്തനായിരിക്ക, എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും" എന്നുള്ള നമ്മുടെ പരമ രക്ഷിതാവിൻെറ വാക്കുകളിൽ ആശ്രയിച്ചു നമുക്കു അവൻെറ ക്രൂശിനെ ദിവസവും വഹിക്കാം.

# 3. എഫേസോസിലെ ബിഷോപ്പായ വിശുദ്ധ തിമോഥെയോസ്.

രണ്ടാമത്തെ മതപീഡകാലത്തു് ഡൊമിഷ്യൻ ചക്രവർത്തിയുടെ ആജ്ഞപ്രകാരം കൊല്ലപ്പെട്ട ഒരുവനായിരുന്നു വി: തിമോഥെയോസ്. ഇദ്ദേഹം ലുസ്ത്ര എന്ന പട്ടണത്തിൽ ജനിച്ചു. പിതാവു് യവനനും മാതാവു് ഒരു യെഹൂദസ്ത്രീയുമായിരുന്നു. ഇരുവരും ക്രിസ്ത്യാനികളായ ശേഷം തങ്ങളുടെ പുത്രനെ സുവിശേഷസത്യങ്ങൾ അഭ്യസിപ്പിക്കുന്നതിൽ കൂടുതൽ ശ്രദ്ധപതിച്ചു.

വി: പൌലൂസ് ആസ്യയിൽ എത്തിയപ്പോൾ അവൻ തിമോഥെയോസിനെ സഹപ്രവർത്തകനായി തിരഞ്ഞെടുത്തു. തിമോഥെയോസ് പൌലൂസിനോടു കൂടെ മക്കദോന്യയിലേക്കു പോകയും അവിടെനിന്നു അപ്പോസ്തലനോടും ശീലാസിനോടുമൊന്നിച്ചു സുവിശേഷഘോഷണം ചെയ്തു സഞ്ചരിക്കുകയും ചെയ്തു. അപ്പോസ്തലൻ മക്കദോന്യയിൽ നിന്നു ഗ്രീസിലേക്കു പോയപ്പോൾ തിമോഥെയോസിനെ അവിടെ താമസിപ്പിച്ചു. ഒടുവിൽ അപ്പോസ്തലൻ അവനെ അഥേനയിലേക്കു വിളിപ്പിക്കുകയും അവിടെ നിന്നും തെസ്സലോനിക്യയിൽ പീഡ അനുഭവിക്കുന്ന ക്രിസ്ത്യാനികളെക്കുറിച്ചു അന്വേഷിപ്പാനായി നിയോഗിക്കുകയും ചെയ്തു.

തിമോഥെയോസ്' തന്റെ വേലയെ നിവൎത്തി ച്ചശേഷം അഥേനയിലേക്ക തിരിച്ച വരികയും തെസ്സലോനിക്യയിലുള്ള ക്രിസ്ത്യാനികൾക്ക ലേഖന മെഴുതുന്നതിൽ പൌലൂസിനെയും, ശീലാസിനെയും സഹായിക്കുകയും ചെയ്തു. അനന്തരം താൻ പൌലൂസിനോടുകൂടെ കോരിന്ത്, യറുശലേം, എഫേസോസ് മുതലായ സ്ഥലങ്ങളിൽ സഞ്ചരിച്ചു. ഈ സമയത്താണ് തിമോഥെയോസ എഫേസോസിലെ ബിഷോപ്പായി നിയമിക്കപ്പെട്ടതു്. തദവസരം തനിക്ക 30 വയസുമാത്രമേ പ്രായമുണ്ടായിരുന്നുള്ളു.

പൌലൂസ റോമയിൽ ബന്ധനസ്ഥനായി പാൎക്കുമ്പോൾ താൻ പോയി കാണുകയും, അതിന്റെ ശേഷം A. D. 97 വരെ ആ സഭയെ ഭരിക്കുകയും ചെയ്തു.

ആ കാലത്തു് ഒരിക്കൽ ജാതികൾക്ക ഒരു മഹോത്സവം ഉണ്ടായിരുന്നു, അന്നു ജനങ്ങൾ വികൃതവേഷധാരികളായി വിഗ്രഹങ്ങളെ ചുമന്നുകൊണ്ടു് തെരുക്കൾ തോറും നടക്ക പതിവായിരുന്നു. ഈ വിഗ്രഹാരാധന കണ്ടിട്ട് തിമോഥെയോസ് അതിനെ അധിക്ഷേപിച്ചു പ്രസംഗിച്ചു. ജനങ്ങൾ കുപിതരായി തങ്ങളുടെ കൈവശമുണ്ടായിരുന്ന വടികൾ കൊണ്ടു അദ്ദേഹത്തെ അടിച്ചു ബോധരഹിതനാക്കി. രണ്ടു ദിവസത്തിനുശേഷം താൻ സേവിച്ചിരുന്ന കൎത്താവിന്റെ സന്നിധിയിലേക്കു ഈ വിശുദ്ധൻ കടന്നുപോയി.

# 4. സിമ്പോറോസയും അവളുടെ ഏഴ് പുത്രന്മാരും

മൂന്നാമത്തെ മതപീഡാകാലത്തു രക്തസാക്ഷികളായി അനേകർ ജീവൻ വെടിയുന്നതിനിടയായി. ഈ കാലത്തു രക്തസാക്ഷിയായിത്തീൎന്ന ഒരു വനിതാരത്നമായിരുന്നു സിമ്പോറോസ.

സകല രാജ്യവാസികളും പുറജാതിദേവനു ബലികഴിക്കണമെന്നുള്ള ത്രയാൻചക്രവൎത്തിയുടെ ആജ്ഞ റോമാസാമ്രാജ്യമെങ്ങും പ്രസിദ്ധപ്പെടുത്തി. അക്കാലത്ത് പല സ്ഥലങ്ങളിലായി ചിന്നിച്ചിതറി പാൎത്തിരുന്ന ക്രിസ്ത്യാനികളെ ഒന്നാകെ കൊന്നൊടുക്കുന്നതിനു ഉദ്ദേശിച്ചു ഒരു പ്ലാനായിരുന്നു ഇതു്. രാജാവിന്റെ ആജ്ഞ അനുസരിക്കാതെ ധൈൎയ്യമായി നിന്നിരുന്ന ക്രിസ്ത്യാനികളെയെല്ലാം കാരാഗൃഹത്തിലടച്ചു സൂക്ഷിക്കുന്നതിനു പടയാളികൾക്കു നിൎദ്ദേശം കൊടുത്തു. രാജ്യത്തുള്ള കാരാഗൃഹങ്ങൾ ക്രിസ്ത്യാനികളെ കൊണ്ടു നിറഞ്ഞു. പലരേയും സിംഹങ്ങൾക്കു ഇരയാക്കി. ചിലരെ തീയിലിട്ടു ദഹിപ്പിച്ചു. സിമ്പോറോസയേയും അവളുടെ ഏഴു പുത്രന്മാരെയും പ്രത്യേകം ഒരു ജയിലിലിട്ടു സൂക്ഷിച്ചിരുന്നു. അവൾ വളരെ സൌന്ദൎയ്യവതിയും അവളുടെ മക്കൾ അരോഗദൃഢഗാത്രരുമായിരുന്നതിനാൽ അവരെ ഏതുവിധേനയും ഈ നിലയിൽ നിന്നു രക്ഷിക്കണമെന്നുള്ള താൽപൎയ്യമാണു് പടയാ

ളികൾക്കും ന്യായാധിപന്മാൎക്കും ഉണ്ടായിരുന്നതു്. സിമ്പോറോസയെ വിളിച്ചു അവൾക്കു രാജ്യത്തുഏറ്റവും മാന്യമായി ജീവിക്കത്തക്കവണ്ണമുള്ള സൎവ്വസൌകൎയ്യങ്ങളും ഉണ്ടാക്കിക്കൊടുക്കാമെന്നും മക്കളെ എല്ലാവരേയും റോമൻ സൈന്യത്തിൽ ഉയൎന്ന ഉദ്യോഗത്തിൽ നിയമിക്കാമെന്നും മററും പറഞ്ഞു അവളുടെ ഹൃദയത്തെ വശീകരിക്കുന്നതിനു ആവതു ശ്രമിച്ചു. എന്നാൽ അവളാകട്ടെ താൻ പിടിച്ചിരിക്കുന്ന വിശ്വാസത്തിൽനിന്നും ഒരു കാലത്തും മാറുന്നതല്ല എന്നും ക്രിസ്തുവിനെപ്രതി ഏതു കഷ്ടതയും സഹിപ്പാൻ തയ്യാറാണെന്നും സധൈൎയ്യം പറഞ്ഞ വാക്കുകൾ കേട്ടപ്പോൾ അവളെ അവർ വാറാൽ അടിക്കുകയും അതിനുശേഷം ഹെൎക്കുലീസു ദേവൻെറ ക്ഷേത്രത്തിൽ കൊണ്ടുപോയി അവളുടെ നീണ്ടതലമുടി അവിടെയുള്ള ഉത്തരത്തിന്മേൽ കെട്ടി അൎദ്ധനഗ്നയായി തൂക്കിയുമിട്ടു. അനന്തരം അവളുടെ പുത്രന്മാർ ഏഴുപേരെയും അവളുടെ മുൻപിൽ നിരയായി നാട്ടിയിരുന്ന തൂണിന്മേൽ ബന്ധിച്ചു അവരുടെ ശരീരത്തിൻെറ ഓരോ അവയവങ്ങളിലും കയറുകെട്ടി ആഞ്ഞുവലിക്കയുണ്ടായി. ഇതുകൊണ്ടൊന്നും അവർ തങ്ങളുടെ തീരുമാനത്തിൽനിന്നും ലേശംപ്രതിചലിക്കുന്നില്ല എന്നു കണ്ടു അവരെ ഓരോരുത്തരെയും താഴെപറയുന്നവിധം മാതാവിൻെറ മുമ്പിൽ വച്ചു കൊന്നുകളഞ്ഞു. അമ്മയുടെ ധൈൎയ്യമേറുന്ന വചനങ്ങൾ ഈ പൈതങ്ങളെ വളരെ ധൈൎയ്യപ്പെടുത്തി.

മൂത്ത മകനായ ക്രെസൻഷിയസിനെ കൊല്ലു ന്നതിനായി പടയാളികൾ മുതിരുന്നതിനു മുൻപു് ആ പ്രിയ മാതാവു തൻെറ മകനെ ഇങ്ങനെ ആശ്വ സിപ്പിച്ചു. "മകനെ! നീ എൻെറ ആദ്യജാതനാണ ല്ലോ, നിൻെറ പിതാവിൻെറ മരണാനന്തരം ഞാൻ നിന്നെ ദൈവഭക്തിയിൽ വളൎത്തി നിൻെറ മാതൃ കാപരമായ ജീവിതം മൂലം നിൻെറ സഹോദരന്മാ രും വിശ്വാസത്തിൽ നിലനില്ക്കുവാൻ ഇടയായി ത്തീൎന്നിരിക്കുന്നു; നീ മാതൃകയായി കാണിച്ചു ആ ജീവിതനടപടി ഇന്നു നിൻെറ അനുഭവത്തിൽ അ വരെ കാണിപ്പാനുള്ള സമയമായിരിക്കുന്നു. യാതൊ രു അധൈൎയ്യവും പ്രദൎശിപ്പിക്കാതെ നല്ല ഭടനാ യി മരണം വരിച്ചുകൊൾക. നിത്യനഗരത്തിൽ ക ൎത്താവിൻെറസന്നിധിയിൽ നമുക്കൊരുമിച്ചു കാണാം" അമ്മയുടെ ഈ വാക്കുകൾ മകനെ വളരെ ധൈൎയ്യ പ്പെടുത്തി. ശത്രുക്കൾ അവനെ അവൻെറ വിശ്വാ സത്തിൽനിന്നു പിൻതിരിപ്പിക്കേണ്ടതിനു ആവതു ശ്രമിച്ചിട്ടും സാധ്യമായില്ല. ഒരു പടയാളി കുന്തം കൊണ്ടു ക്രെസൻഷിയസിൻെറ കഴുത്തിനു കുത്തുക യും അങ്ങനെ അവനെ കൊല്ലുകയും ചെയ്തു. ര ണ്ടാമത്തെ മകൻ ജൂലിയസിനെ നെഞ്ചിൽ കുന്തം കു ത്തിയിറക്കി കൊല്ലുകയും മൂന്നാമൻ നെറേസിനെ ചങ്കിലും, നാലാമൻ പ്രഹഷിയസ്സിനെ വയററിലും, അഞ്ചാമൻ ജസ്റ്റസിനെ പുറത്തും ആറാമൻ സ്റ്റാക്ക റേസിനെ മാൎവിലും കുന്തം കുത്തിയിറക്കി കൊന്നു. ഈ കാഴ്ചയെല്ലാം മാതാവു കണ്ടുകൊണ്ടു തൂങ്ങിക്കി ടക്കുകയായിരുന്നു. അവളുടെ ഹൃദയം തകൎന്നുകൊ

ണ്ടിരുന്നുവെങ്കിലും തന്റെ പ്രിയമക്കളെ സ്വൎഗ്ഗത്തിൽ അരുമനാഥനോടൊന്നിച്ച കാണാമെന്നുള്ള പ്രത്യാശ അവളിൽ ഉണ്ടായിരുന്നതിനാൽ അതോൎത്ത് ആശ്വസിച്ചു.

എന്നാൽ തന്റെ ഇളയ മകൻ യുജീനിയസിനെ ശത്രുക്കൾ കൊല്ലുന്നതിനു ഉപയോഗിച്ച വിധം ഏററവും ഹൃദയകാഠിന്യമുള്ള ഒരുവനെപ്പോലും തകൎക്കുന്നതായിരുന്നു. ശത്രുക്കൾ ഒരു കുഴി കുഴിച്ച ഈ ബാലനെ ആ കുഴിയിൽ നിൎത്തി കഴുത്തററം ഉമിയിട്ടു നിറച്ചു ദഹിപ്പിക്കയാണു ചെയ്തതു്. മാതാവു ഈ അവസരം കണ്ണുനീർ തൂകിക്കൊണ്ടു മകനോടു ഇപ്രകാരം പറഞ്ഞു. "മകനേ' ഞാൻ എന്റെ വിശ്വാസക്കണ്ണുകൾ ഉയൎത്തി നോക്കുന്ന ഈഘട്ടത്തിൽ നിന്റെ സഹോദരന്മാർ ആറുപേരും സ്വൎഗ്ഗത്തിൽ കൎത്താവിന്റെ സന്നിധിയിൽ ഇരിക്കുന്നതു കാണുന്നു. നീയും അവിടെ കാണുമെന്നു ഞാൻ വിശ്വസിക്കുന്നു. എത്രയും വേഗത്തിൽ ഞാനും നിങ്ങളോടൊന്നിച്ച അവിടെ കാണും. ഈ ബാലനാകട്ടെ ആ അതിവേദനയുടെ മദ്ധ്യത്തിൽ തന്റെ കണ്ണുകളെ സ്വൎഗ്ഗത്തിലേക്കുയൎത്തിക്കൊണ്ടു, "സ്നേഹമുള്ള കൎത്താവേ! എന്റെ ആത്മാവിനെ തൃക്കയ്യിലേക്കു ഭരമേല്പിക്കുന്നു എന്നു പറഞ്ഞുകൊണ്ടു തന്റെ തലയെ ചായിച്ചു മരണം ആസ്വദിച്ചു.

ഒടുവിലായി ഈ ധീരവതിയായ മാതാവിനെ ശത്രുക്കൾ കെട്ടഴിച്ചു താഴെയിറക്കി ഒരു വലിയ കല്ലു അവളുടെ കഴുത്തിൽ കെട്ടി നദിയുടെ ആഴത്തിലേക്കു താഴ്ത്തിക്കളഞ്ഞു.

## 5. മാൎക്കസ്സും മേഴ്സിയായും

## Marcus & Mercia.

നീറോ തൻെറ 16—ാമത്തെ വയസ്സിൽ റോമായിലെ ചക്രവൎത്തിയായിത്തീൎന്നു. അവൻെറ മാതാവായ അഗ്രിപ്പീനാ അവളുടെ ഭൎത്താവായ ക്ലൌഡിയോസിനു വിഷം കൊടുത്തു കൊന്നതിൻെറശേഷം തൻെറ പ്രഥമവിവാഹത്തിലെ പുത്രനായ നീറോയെ രാജാവാക്കി. താൻ ചെറുപ്പമായിരുന്നതിനാൽ രാജ്യഭരണത്തിൻെറ ആരംഭത്തിലെ അഞ്ചു വൎഷക്കാലം സമൎത്ഥന്മാരായ ആളുകളുടെ സഹായത്താൽ വളരെ യോഗ്യമാംവണ്ണം ഭരണം നടത്തി. എന്നാൽ അതിനുശേഷം അവനു ജന്മനാ ലഭ്യമായിരുന്ന അഹങ്കാരസ്വഭാവംവൎദ്ധിച്ചു. ഇങ്ങനെയിരിക്കുമ്പോൾ പോപ്പിയാസാബീനാ എന്ന പേരോടുകൂടിയ സുന്ദരിയായ ഒരു സ്ത്രീയുടെ വലയിൽ അവൻ അകപ്പെട്ടു. തന്മൂലം തൻെറ ഭാൎയ്യയായിരുന്ന ഒക്ടേവിയായെ താൻ ഉപേക്ഷിച്ചു ഒരു ദ്വീപിൽ അയച്ചു അവിടെ അവളെ കൊല്ലിക്കയും തൻെറ സ്വന്തമാതാവിനെ വധിക്കയും ചെയ്തു.

ഈ ദുഷ്ടനും ഭയങ്കരനുമായ രാജാവു കുലടയായ ഈ സ്ത്രീയോടുകൂടെ വാഴുമളവിൽ അനേക ക്രിസ്ത്യാനികൾ രക്ത സാക്ഷികളായിത്തീരുന്നതിനു ഇടയായി.

ഇക്കാലത്തു റോമാസൈന്യാധിപനായിരുന്നു

മാക്സ്സ എന്നു പേരോടുകൂടിയ സുമുഖനും, പരാക്രമശാലിയും, ബുദ്ധിമാനുമായ ഒരു യുവാവായിരുന്നു. ഇദ്ദേഹം യുദ്ധങ്ങളിൽ ഇടപെട്ടു റോമാസാമ്രാജ്യത്തിന്റെ യശസ്സിനെ പുലത്തി.

ക്രിസ്ത്യാനികളുടെമേൽ അതിഭയങ്കരമായ പീഡ നടന്നുകൊണ്ടിരുന്ന ഇക്കാലത്തു റോമാനഗരിക്കു അടുത്തുള്ള ഒരു ഗ്രാമത്തിൽ ഏതാനും ക്രിസ്തീയ കുടുംബങ്ങൾ പാർത്തിരുന്നു. അവരിൽ ഒരു വൃദ്ധനായ ഇടയനും അയാളുടെ ഏകമകളായ മേഴ്സിയാ എന്ന യുവതിയും ഏററവും ലളിതമായ നിലയിൽ ഒരു ചെററകുടിലിൽ താമസിച്ചിരുന്നു. ഒരിക്കൽ മാക്സ്സ സൈന്യാധിപൻ ഈ ഗ്രാമവാസികൾ പാക്കുന്ന സ്ഥലത്തുകൂടി നടന്നു പോകുംവഴി ഒരു വൃദ്ധനായ ഇടയന്റെ ഏററവും സൌന്ദര്യവതിയായ മകളെ കാണുന്നതിനിടയായി. അദ്ദേഹത്തിനു അവളുടെമേൽ അനുരാഗം ജനിക്കയും അവളെ തന്റെ ഭാര്യയാക്കിത്തീക്കുന്നതിനാഗ്രഹിക്കുകയും ചെയ്തു. ഒരു ദിവസം രാവിലെ താൻ ഈ ചെററക്കുടിലിലേക്കു ചെല്ലുകയു്‌ ഈ യുവതിയോടു അവളെ തന്റെ ഭാര്യയാക്കിത്തീക്കുന്നതിനു താൻ ആഗ്രഹിക്കുന്ന വിവരം പറകയും ചെയ്തു. ഈ യുവതിയാകട്ടെ താൻ ഒരു ക്രിസ്ത്യാനിയാണെന്നും പുറജാതിയായ അദ്ദേഹത്തെ വിവാഹം ചെയ്യുന്നതിനു ഒരു കാലത്തും അനുകൂലിക്കുന്നതല്ലെന്നും ഖണ്ഡിതമായി മറുപടി പറഞ്ഞു. ഇതിങ്കൽ മാക്സ്സ അധൈര്യപ്പെടാതെ പലപ്പോഴും ഈ ഗ്രാമത്തിലേക്കു പോകയും മേഴ്സിയായുടെ അനുവാദം ആവശ്യപ്പെട്ടു

കൊണ്ടിരിക്കുകയും ചെയ്യുവന്നു. അവളാകട്ടെ അശേഷം അതിനെ നിരാകരിക്കുകയാണു ചെയ്തതു്.

ഒരു ദിവസം മഹാരാജ്ഞിയായ പോപ്പിയാ സാബിനാ ഏകയായി തന്റെ മണ്ഡപത്തിൽ ഇരിക്കുമ്പോൾ സുമുഖനായ മാക്സു തന്റെ ഔദ്യോഗികവേഷത്തിൽ കൊട്ടാരത്തിന്റെ മുമ്പിൽകൂടി കടന്നുപോകുന്നതു കാണുകയുണ്ടായി. അവൾ അദ്ദേഹത്തെ കൈകാട്ടി വിളിക്കുകയും സൈന്യാധിപൻ തന്റെ യൂണിഫാറത്തിൽ അവളുടെ മുൻപാകെ വിനീതനായി നിലകൊള്ളുകയും ചെയ്തു. ഈ പോപ്പിയാസാബിനാ തന്റെ ഭർത്താവായ നീറോയെ വധിച്ചശേഷം മാക്സിനെ തന്റെ ഭർത്താവായി സ്വീകരിച്ചു റോമാസാമ്രാജ്യം ഭരിക്കണമെന്നു ആഗ്രഹിച്ചു. ഇതു മനസ്സിൽ കരുതിക്കൊണ്ടു അവൾ മാക്സിനോടു തന്റെ ആലോചനയെ അറിയിച്ചു. മാക്സാകട്ടെ ഇതിൽ ആശ്ചര്യഭരിതനായിത്തീർന്നു ചക്രവർത്തി ഇതു അറിയുന്നതിനിടയാകുന്നപക്ഷം തന്റെ ജീവനും അപകടത്തിലാകുമെന്നു ഭയപ്പെട്ടു. തന്മൂലം ഈ സ്ത്രീയുടെ ഇംഗിതത്തിനു വഴിപ്പെടാതെ രാജ്ഞിയുടെ സന്നിധിയിൽനിന്നു പെട്ടെന്നു മറഞ്ഞുകളഞ്ഞു. രാജ്ഞി കോപിഷ്ഠയായിത്തീർന്നിട്ടു മാക്സിനോടു പകരം വീട്ടുമെന്നു നിശ്ചയിച്ചുറച്ചു.

മാക്സു ഇടയയുവതിയെ സ്നേഹിക്കുന്നു എന്നും അതുകൊണ്ടാണു തന്റെ അഭിപ്രായത്തോടു അനുകൂലിക്കാതിരുന്നിട്ടുള്ളതു എന്നും മനസ്സിലാക്കി എങ്ങനെയെങ്കിലും ആ യുവതിയെ കൊന്നുകളവാനുള്ള ലാക്കുനോക്കിക്കൊണ്ടിരുന്നു.

ഒരു ദിവസം സായാഹ്നത്തിൽ രാജ്ഞി തൻെറ ഭർത്താവായ നീറോയോടുകൂടെ മണ്ഡപത്തിൽ ഉലാവിക്കൊണ്ടു കാററു കൊള്ളുകയായിരുന്നു. ഈ രാജ്ഞിയുടെ സകല ആഗ്രഹങ്ങളെയും നിവൃത്തിച്ചു കൊടുക്കുവാൻ എപ്പോഴും തയ്യാറുള്ളവനായിട്ടാണു നീറോ ഇരുന്നിരുന്നതു്. ചെന്നായ്ക്കളുടെ പാലിൽ കുളിച്ചാൽ സൌന്ദര്യം വർദ്ധിക്കുമെന്നും അതുകൊണ്ടു ദിവസംതോറും അതിനു ആവശ്യമുള്ള പാൽ വേണമെന്നും അവൾ ആവശ്യപ്പെട്ടപ്പോൾ അപ്രകാരം ചെയ്യുന്നതിനു ഉത്തരവിടുകയും വളരെ ക്ലേശം സഹിച്ചു കൊട്ടാരവാസികൾ ആയതു ദിനംതോറും നിർവ്വഹിച്ചുകൊണ്ടുമാണിരുന്നിട്ടുള്ളതു്. അവൾ ഭർത്താവിൻെറ നേരെ തിരിഞ്ഞു, "അല്ലയോ പ്രിയ ഭർത്താവേ! എൻെറ കണ്ണുകൾക്കു ഇമ്പം ഉണ്ടാകേണ്ടതിനു നമ്മുടെ മുൻപിൽ കാണുന്ന തെരുവീഥിയിലെ വീടുകൾക്കു തീ കൊടുക്കേണ്ടതിന്നു സേവകന്മാരോടു ആജ്ഞാപിച്ചാലും" എന്നു പറഞ്ഞു. രാജാവു ഉടനെതന്നെ കൽപനയും കൊടുത്തു. തെരുക്കളിലെ വീടുകൾ എല്ലാം എരിഞ്ഞുതുടങ്ങി. സേനാനായകൻ വിവരം അറിഞ്ഞ്, യുടനെ ചക്രവത്തിയെ സമീപിച്ചു വിവരങ്ങൾ ഉണത്തിച്ചു. ചക്രവത്തിയാകട്ടെ, യാതൊരു കൂസലുംകൂടാതെ തൻെറ രഥംപൂട്ടി ആ തെരുവിലേക്കു പോകയും ധാരാളം പണംകൊടുത്തു ജനത്തെ സന്തോഷിപ്പിക്കയും ചെയ്തു.

മഹാറാണിയുടെ പ്രേരണയാൽവീടുകൾക്കു തീവച്ചതു ക്രിസ്ത്യാനികളാണെന്നു ഒരുശ്രുതി നാടെങ്ങും പരത്തി. സവ്വക്രിസ്ത്യാനികളെയും കാരാഗൃഹത്തി

ലാക്കട്ടെ എന്നും, അവരെ പിററെ ദിവസം സിംഹങ്ങളുടെ കുഴിയിലേക്ക എറിഞ്ഞുകളയട്ടെ എന്നും ഉള്ള ഒരു കല്പനയും റാണി രാജാവിൽനിന്നു വാങ്ങി, ഉടൻതന്നെ സേവകന്മാരെ അയച്ചു അതു നിവൃത്തിപ്പിച്ചു. തൽഫലമായി സർവ്വ ക്രിസ്ത്യാനികളും ബന്ധനത്തിലായി. രാജ്ഞിയുടെ അഭീഷ്ടവും സാധിച്ചു. മാക്സു സ്നേഹിക്കുന്ന മേഴ്സിയായുടെ ജീവനെ ഈ കൈക്കു ഇല്ലാതെയാക്കണം എന്നുള്ള ഏക ഉദ്ദേശമായിരുന്നു പോപ്പിയാസാബിനാസ്കു ഉണ്ടായിരുന്നതു്.

മാക്സിനു ഇതു നല്ലവണ്ണം മനസ്സിലായി. വല്ല വിധേനയും താൻ സ്നേഹിക്കുന്ന മേഴ്സിയായെ ഈ വിപത്തിൽനിന്നു രക്ഷിക്കണമെന്നു കരുതി ബന്ധനത്തിൽ ആക്കുന്നതിനു മുമ്പായി അവളെ സമീപിച്ചു തന്റെ ആഗ്രഹത്തെ വീണ്ടും പ്രദർശിപ്പിച്ചു. ഈ പ്രാവശ്യവും മേഴ്സിയാ തനിക്കു ലഭിച്ചിരുന്ന വിശ്വാസത്തെ മുറുകെപിടിച്ചുകൊണ്ടു ധൈര്യസമേതം താൻ മുൻപു പ്രസ്താവിച്ചിരുന്നതുപോലെ വീണ്ടും പറഞ്ഞു. മാക്സിന്റെ ഹൃദയം വളരെ തപിച്ചു. ഒടുവിൽ അവളെയും അവളുടെ പിതാവിനെയും അവസാനമായി കാരാഗ്രഹത്തിലാക്കി.

ആ രാത്രി റോമായിലെ കാരാഗൃഹം സ്തുതിസ്തോത്രങ്ങളാൽ മുഖരീകൃതമായി. നസറായനുവേണ്ടി മരിക്കുവാൻ ഇടയായിത്തീരുന്നതിലുള്ള സന്തോഷത്താൽ ചിലർ ആശ്വാസഗീതങ്ങൾ പാടിത്തുടങ്ങി. ചിലർ സുഖനിദ്രയിലായി. എന്നാൽ

ഇതിനിടയ്ക്കു "പിതാവേ' ഒരിക്കലും വേർപെടാത്ത ആ നിത്യ രാജ്യത്തിൽ നമുക്കൊന്നിച്ചു വസിക്കാമല്ലോ, നമ്മുടെ കത്താവിൻെറ സാന്നിദ്ധ്യം നമ്മെ സമാശ്വസിപ്പിക്കുമല്ലോ, ഒന്നുകൊണ്ടും അധൈര്യപ്പെടരുതു" എന്നിങ്ങനെയുള്ള ഒരു നേരിയ ശബ്ദം ആ കാരാഗൃഹത്തിൻെറ അഴികളിൽ നിന്നും കേൾക്കുന്നുണ്ടായിരുന്നു. തൻെറ അവസാനമണിക്കൂറിലും മേഴ്സിയാ പിതാവിനെ ആശ്വസിപ്പിക്കുന്ന വചനങ്ങളായിരുന്നു അവ. എന്നാൽ ഈ അവസരം നിദ്ര പോലും ലഭിക്കാതെ കിടക്കയിൽ കിടന്നുരുണ്ടുകൊണ്ടു താൻനിമിത്തം മരണത്തിനധീനരാകുവാൻ പോകുന്ന ആ ജനക്കൂട്ടത്തെ ഓത്തു തേങ്ങിക്കരയുന്ന മാക്സിനെ ആശ്വസിപ്പിക്കുവാൻ ഒരുത്തരും ഉണ്ടായിരുന്നില്ല.

നേരം പ്രഭാതമായി—സൈന്യാധിപൻ രാജാവിൻെറ ആജ്ഞയെ നിറവേററുന്നതിനായി രാജസന്നിധിയിൽ എത്തിക്കഴിഞ്ഞു. "ക്രിസ്ത്യാനികളെ സിംഹങ്ങളുടെ കുഴിയിൽ" എന്നുള്ള ഉരത്ത ശബ്ദം, കാഴ്ച കാണ്മാൻ വന്നുകൂടിയ തടിച്ച ജനക്കൂട്ടത്തിൻെറ മദ്ധ്യത്തിൽ നിന്നും കേട്ടുതുടങ്ങി. കാരാഗൃഹത്തിൻെറ ഇരുമ്പഴി വലിച്ചു തുറന്ന ശബ്ദം കേട്ട മാത്രയിൽ തന്നെ തങ്ങളുടെ യാത്രയ്ക്കു സമയമായി എന്ന അറിവു കാരാഗൃഹവാസികൾക്കുണ്ടായി. സൈന്യാധിപൻ തൻെറ ഔദ്യോഗിക വേഷത്തിൽ വാതുക്കൽ നിന്നുകൊണ്ടു രണ്ടുപേരെ വീതം സിംഹത്തിൻെറ കുഴിയിലേക്കു പറഞ്ഞയച്ചുതുടങ്ങി.

ചില ദിവസങ്ങളായി പട്ടിണികിട്ടിരുന്ന ക്രുദ്ധിച്ചു കിടന്ന സിംഹങ്ങളുടെ മദ്ധ്യത്തിലേക്കു അയക്കുന്ന ക്രിസ്ത്യാനികളെ ചില നിമിഷങ്ങൾക്കുള്ളിൽ അവകൾ ഇരയാക്കി തീൎത്തുകൊണ്ടിരുന്നു.

വാർദ്ധക്യം ചെന്ന തന്റെ പിതാവിനെ വിട്ടുപിരിയേണ്ട സന്ദർഭം മേർസിയായിക്കു വന്നു. ഈ അവസരം മാക്സു വാതിലിനോടു കുറെക്കൂടെ അടുത്തുനിന്നു കൊണ്ടു മേഴ്സിയായോടു "അല്ലയോ പ്രിയ മേഴ്സിയാ! ഈ അവസാനമണിക്കൂറിലും നീ നിന്റെ നിശ്ചയത്തെ മുറുകെ പിടിക്കുകയാണോ? എന്നെ നിന്റെ ഭൎത്താവായി നീ അംഗീകരിക്കുകയും നീ പിടിച്ചിരിക്കുന്ന വിശ്വാസത്തെ തള്ളിപ്പറകയും ചെയ്യുന്ന പക്ഷം ഈ ഘോരമരണത്തിൽനിന്നു നിനക്കു രക്ഷപെടുവാനും നിന്റെ ജീവകാലംമുഴവനും സസുഖം ജീവിപ്പാനും കഴിയുന്നതാണു്, നിന്റെ സമ്മതം എനിക്കു നൽകുമോ?" എന്നുചോദിച്ചു. തന്റെ പിതാവിനെ വേർപെടുന്ന ഏററവും ദുഃഖകരമായ ഒരു സന്ദർഭത്തിൽ ഈ സേനാനായകന്റെ വാക്കുകൾ അവളുടെ ഹൃദയത്തെ വളരെ നൊമ്പരപ്പെടുത്തി. അവൾ മൌനമായി നിൽക്കുക മാത്രം ചെയ്തു.

പിതാവു മകളെ ആലിംഗനം ചെയ്തശേഷം കൊലസ്ഥലത്തേക്കു യാത്രയായി, അവസാനമായി മേഴ്സിയായും കാരാഗൃഹത്തിനുള്ളിൽ നിന്നും വെളിയിലേക്കു ഇറങ്ങി. കൊലസ്ഥലത്തേക്കുള്ള യാത്രയിൽ അവളോടു കൂടെ മാക്സും മന്ദം മന്ദം നടന്നു

തുടങ്ങി. അവളെ സമീപിച്ച മാക്സ തന്റെ അവസാന അപേക്ഷ അറിയിച്ചു. അപ്പോൾ അവൾ മാക്സിനോടു "അല്ലയോ മാക്സെ! മരണത്തിന്നോ, ജീവന്നൊ, വാഴ്ചകൾക്കോ, അധികാരങ്ങൾക്കോ, ഇപ്പോഴുള്ളതിന്നോ, വരുവാനുള്ളതിന്നോ ഉയരത്തിന്നോ, ആഴത്തിന്നോ, മററു യാതൊരു സൃഷ്ടിക്കോ കത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽനിന്നു എന്നെ വേർപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറച്ചിരിക്കുന്നു". ഇതു കേട്ടു മാക്സിന്റെ ഹൃദയം തകൎന്നു. മരണവേളയിലും മേർസിയായിൽ സ്ഥിതിചെയ്തിരുന്ന അവളുടെ രക്ഷിതാവിനെക്കുറിച്ചുള്ള സ്നേഹത്തിന്റെ ആഴം കാണുവാൻ തനിക്കു ഇടയായി. അവൻ ഉടനെ തന്റെ പുറംകുപ്പായം എടുത്തു അവളുടെ മേൽ ഇട്ടുകയും അവളുടെ വലതുകൈക്കു പിടിച്ചുകൊണ്ടു താൻ ഇപ്രകാരം പറകയും ചെയ്തു. "നീ സ്നേഹിക്കുന്നവനായ യേശുവിനെ ഞാൻ എന്റെ രക്ഷിതാവായി ഈ മണിക്കൂറിൽ കൈക്കൊണ്ടിരിക്കുന്നു. നീ ആഗ്രഹിക്കുംവണ്ണം ഞാൻ ഇതാ ഒരു ക്രിസ്ത്യാനിയായി തീൎന്നിരിക്കുന്നു. കൂടാതെ നീ എന്റെ ഭാൎയ്യയും ഞാൻ നിന്റെ ഭൎത്താവും ആയിത്തീൎന്നിരിക്കുന്നു. വരിക നാം ഒരുമിച്ചു സിംഹങ്ങൾക്കു ഇരയാകട്ടെ".

ഇത്രയും പറഞ്ഞശേഷം കാണികളായ ഒരു വലിയ സംഘത്തിന്റെ മുമ്പിൽ ധീരതയോടുകൂടെ രംഗസ്ഥലത്തേക്കു പ്രവേശിച്ചു. ചില നിമിഷങ്ങൾക്കുള്ളിൽ ആ ധീരയോദ്ധാക്കൾ തിരശീലക്കുള്ളിലേക്കു പ്രവേശിച്ചു.

ഹാ! പ്രിയ വായനക്കാരാ! അവസാനവിനാഴികയിലും ഒരു ആത്മാവിനെ കൂടെ കർത്തൃസന്നിധിയിൽ കാഴ്ച വെക്കേണ്ടതിനു ധൈര്യം പ്രകടിപ്പിച്ച ആ വനിതാരത്നത്തിന്റെ ജീവിതം നിനക്കു മാതൃകയായിരിക്കട്ടെ! അവളിൽ കത്തിച്ച ആ പ്രകാശം അവസാനംവരെ ജ്വലിപ്പിച്ചുകൊണ്ടു താൻ സ്നേഹിച്ചവനായ കർത്താവിന്റെ കയ്യിൽ തന്റെ ജീവനെ ഭരമേൽപിച്ചതുപോലെ ഭയങ്കരമായ പീഡാകാലം നമ്മെ അഭിമുഖീകരിക്കുമ്പോൾ വിശ്വസ്തതയോടു കൂടെ രക്ഷാനായകനിൽ ആശ്രയംവച്ചുകൊണ്ടു നമ്മുടെ വിശ്വാസത്തിന്റെ നല്ല പോർ പൊരുതാം.

"ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചുപ്പെട്ടിരിക്കുന്നു. അതു നീതിയുള്ള ന്യായാധിപതിയായ കർത്താവു ആ ദിവസത്തിൽ എനിക്കു നൽകും".

# 6. വിശുദ്ധനായ ഇഗ്നാത്ത്യോസ്.

റോമാ ചക്രവത്തിയായിരുന്ന ത്രയാൻെറ കാലത്തു മൂന്നാമത്തെ മതപീഡ ആരംഭിച്ചു. അക്കാലത്തു അനേകം ക്രിസ്ത്യാനികൾ രക്തസാക്ഷികളായി മരിച്ചു. അവൻ പാർസ്യരാജ്യം പിടിച്ചടക്കേണ്ടതിനായി വലിയ ഒരു സൈന്യത്തോടുകൂടി അന്ത്യോക്യയിൽ വരികയും അവിടെ അന്നുണ്ടായിരുന്ന ക്രിസ്ത്യാനികളെ അശേഷം സംഹരിക്കുവാൻ ആജ്ഞാപിക്കുകയും ചെയ്തു.

യോഹന്നാൻ അപ്പോസ്തലൻെറ ശിഷ്യനും അപ്പോസ്തല പിതാക്കന്മാരിൽ ഒരുവനുമായ ഇഗ്നാത്ത്യോസ് ഇക്കാലത്തു അന്ത്യോക്യയിൽ കത്താവിൻെറ വേല ശക്തിയോടുകൂടെ ചെയ്തുകൊണ്ടിരിക്കയായിരുന്നു. രാജാവിൻെറ കൽപന ഭയന്നു അനേക വിശ്വാസികളും വിഗ്രഹങ്ങളെ വണങ്ങുവാൻ തീരുമാനിക്കുകയും അപ്രകാരം വണങ്ങുകയും ചെയ്തു. ഇഗ്നാത്ത്യോസു ഇതു കണ്ടു വളരെ സങ്കടപ്പെട്ടു, വിഗ്രഹങ്ങളെ വണങ്ങുന്നതിനേക്കാൾ ചക്രവത്തിയുടെ മുമ്പിൽ ചെന്നു മരിക്കുന്നതുതന്നെ നല്ലതു എന്നു കരുതി രാജസന്നിധിയിൽ എത്തി ധൈര്യസമേതം നിന്നു.

ചക്രവത്തി:- എൻെറ കൽപ്പനകളെ ലംഘിക്കയും ആയതു മററുള്ളവക്കു ഒരു മാതൃകയാക്കിത്തീക്കുകയും

ചെയ്‌വാൻ നീ ശ്രമിക്കുന്നതിനാൽ നിന്നിൽവസിച്ചു ചെയ്യുന്നതു പിശാചാണെന്നു എനിക്കുതോന്നുന്നു.

ഇഗ്നാത്യോസ്: എൻെറപേർ "തീയോഫോരസ്" എന്നാണു് അതു അവിടുത്തേക്കറിയാമോ? പിശാചിനു ക്രിസ്തുവിൻെറ ദാസന്മാരിൽ യാതൊരധികാരവുമില്ല. ഞാൻ പിശാചിൻെറ കെട്ടുകളെ അഴിച്ചുകൊണ്ടിരിക്കയാണു്, ഞാൻ അവനു ഒരുനാളും അടിമയായിത്തീരുകയില്ല.

ചക്ര: തീയോഫോരസ് എന്നതിൻെറ അർത്ഥം എന്തു്?

ഇഗ്നാ: ദൈവത്തെ തൻെറ ഹൃദയത്തിൽ വഹിക്കുന്നവൻ (ദൈവവാഹി) എന്നു തന്നെ.

ചക്ര: ലോകമെങ്ങും യുദ്ധം ചെയ്തു ജയം പ്രാപിക്കുന്ന ഞങ്ങളുടെ ഹൃദയങ്ങളിൽ ദൈവം വസിക്കുന്നില്ലേ?

ഇഗ്നാ: ജനം മൌഢ്യമായി വച്ചു കുമ്പിടുന്ന കള്ളപിശാചുക്കൾ ദൈവങ്ങളോ? സകല ചരാചരങ്ങളെയും സൃഷ്ടിച്ചുഭരിച്ചുവരുന്ന ഒരു ദൈവമുണ്ടു് അവൻെറ പുത്രനായ യേശുവത്രെ എൻെറ രക്ഷിതാവു്.

ചക്ര: നീ ഇത്രയും ഉയർത്തിപറയുന്നവൻ, പൊന്തിയോസ് പീലാത്തോസിൻെറ ദിവസങ്ങളിൽ ക്രൂശിക്കപ്പെട്ടവനല്ലയോ? അവനെ രക്ഷിതാവെന്നു പറയുന്നതെത്ര ഭോഷത്വം?

ഇഗ്നാ: എൻെറ അരുമനാഥനും രക്ഷിതാവുമായവൻ ക്രൂശിൽ മരിച്ചതു ശരിതന്നെ. അവൻ

ൻെറ ജീവനെ ഈവിധം ലോകത്തിൻെറ പാപ പരിഹാരാൎത്ഥം കൊടുത്തില്ലെങ്കിൽ പിശാചിൻെറ തലതകൎന്നുപോകുകയില്ലായിരുന്നു. ഈ രക്ഷകനെ ഉള്ളിൽ കൈക്കൊള്ളുന്നവരെ പിശാചു തീണ്ടുകപോലും ഇല്ല.

ചക്രം: നീ ഇത്രയും അഹങ്കാരമായി സംസാരിക്കുന്നതുകൊണ്ടുഎന്നെ ഭയപ്പെടുന്നില്ലാഎന്നു തോന്നുന്നു.

ഇഗ്നാ: ഞാൻ സ്വൎഗ്ഗത്തിൻെറയും ഭൂമിയുടെയും സൎവ്വചരാചരങ്ങളുടെയും സ്രഷ്ടാവാകുന്ന ദൈവത്തെ ഭയപ്പെടുന്നു.

ചക്രം: ഞാൻ നിനക്കായി ഒരുക്കിയിരിക്കുന്ന അഗ്നിയെ നീ ഭയപ്പെടുന്നുവോ?

ഇഗ്നാ: നീ എനിക്കായി ഒരുക്കിയിരിക്കുന്ന അഗ്നിയെക്കുറിച്ചു ഞാൻ ഭയപ്പെടുന്നില്ല. നീ നരകത്തിൽ അനുഭവിപ്പാൻ പോകുന്ന അഗ്നിയെക്കുറിച്ചു ഞാൻ ഭയപ്പെടുന്നു.

ചക്രം: നിന്നെ ഞാൻ സിംഹങ്ങൾക്കു ഭക്ഷണമാക്കിത്തീക്കും.

ഇഗ്നാ: സിംഹത്തെക്കാൾ ദുഷ്ടന്മാരായവരുടെ ഇടയിൽ ഞാൻ ജീവിച്ചുവരുന്നു. ഇപ്പോൾ സിംഹം എൻെറ ശവക്കല്ലറയായിരിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു.

ചക്രം: ക്രൂശിക്കപ്പെട്ട നസറായനായവനെ നിൻെറ തലയിൽനിന്നു നീക്കിക്കളകയില്ല എന്നു തന്നെയാണോ ശാഠ്യം പിടിക്കുന്നതു്.

ഇഗ്നാ: അദ്ദേഹം എൻെറ തലയിലല്ല, എൻെറ ഹൃദയത്തിലത്രെ ഇരിക്കുന്നതു്, ഞാൻ അദ്ദേഹത്തെ ജീവനിലും മരണത്തിലും പരിത്യജിക്കുകയില്ല.

തൽക്ഷണം രാജാവു കോപപരവശനായി അദ്ദേഹത്തെ റോമിലേക്കു കൊണ്ടുപോയി. ദുഷ്ടമൃഗങ്ങളാൽ വധിക്കപ്പെടുന്നതിനു കൽപന കൊടുത്തു. കൽപന ലഭിച്ചയുടനെ പത്തുപടയാളികൾ തന്നെ പിടിച്ചുകെട്ടി കപ്പൽവഴിയായി റോമിലേക്കു കൊണ്ടുപോയി സിംഹങ്ങൾക്കു ഏൽപിച്ചു. സിംഹങ്ങൾ അദ്ദേഹത്തെ കടിച്ചുകീറി ചില എല്ലുകൾ ഒഴികെ മറെറല്ലാം തിന്നുകളഞ്ഞു. റോമായിലേക്കുള്ള തൻെറ യാത്രയും മരണനേരത്തെ പ്രാത്ഥനയും കണ്ട ഉദ്യോഗസ്ഥന്മാർ പോലും ചഞ്ചലഹൃദയരായി. ഈ മരണവൃത്താന്തം ചക്രവത്തികേട്ടയുടനെ ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നതിൽനിന്നും പിന്മാറികളഞ്ഞു.

ഇഗ്നാത്യോസ് അനുഭവിപ്പാൻ പോകുന്ന കഷ്ടതകളെക്കുറിച്ചു തൻെറ സ്നേഹിതനായ പോലിക്കാർപ്പിനു ഇപ്രകാരം എഴുതി. "എനിക്കുവേണ്ടി ഒരുക്കപ്പെട്ടിരിക്കുന്ന മൃഗങ്ങൾക്കു ഞാൻ ഇരയായിത്തീരുന്നതിനു ദൈവം എത്രയുംവേഗം അനുവദിച്ചിരുന്നെങ്കിൽ ഞാൻ അത്രസ്സു ഭാഗ്യവാനായിരുന്നു." ഒരു അധൈര്യവും പ്രദർശിപ്പിക്കാതെ തനിക്കായി കാത്തുനിന്നിരുന്ന സിംഹങ്ങളുടെ വായ്ക്കു ഇരയായി തൻെറ ജീവനെ കത്താവിങ്കൽ ഭരമേല്പിച്ചു.

---

# 7. വിശുദ്ധനായ പോലികാപ്പ്.

എ. ഡി. 163_ൽ മാക്സ്സ ഒറീലിയസ്സ് റോമിലെ ചക്രവൎത്തിയായി വാഴിക്കപ്പെട്ടു. ഇദ്ദേഹത്തിൻെറ കാലത്തു ഏഷ്യയിലും ഗ്യാലയിലും ഉണ്ടായിരുന്ന ക്രിസ്ത്യാനികളുടെ പീഡക്കു ഒരവസാനവും ഇല്ലായിരുന്നു. അക്കാലത്തുണ്ടായിരുന്ന ജാതികൾ പോലും ക്രിസ്ത്യാനികളായിരുന്നവരുടെ ധൈൎയ്യം കണ്ടു അതിശയം കൂറി. ചിലരെ നഗ്നന്മാരായി മുള്ളുകളുടെയിടയിൽകൂടി നടത്തി പാരവശ്യത്താൽ വീഴുന്നതുവരെ അടിച്ചു കഷ്ടപ്പെടുത്തി. ചിലരുടെ കൈകളിലും കാലുകളിലും ആണി തറയ്ക്കുകയും ചിലരെ കൂൎത്ത കക്കാകൊണ്ടു മുറിവേല്പിക്കയും ചെയ്തിരുന്നു.

ഇക്കാലത്തു രക്തസാക്ഷികളായി മരിച്ചവരിൽ ഒരാളത്രെ വി. പോലിക്കാർപ്പ്. ഇദ്ദേഹം യോഹന്നാൻ അപ്പോസ്തലൻെറ ശിഷ്യനും സ്മൎന്നാസഭയുടെ അദ്ധ്യക്ഷനുമായിരുന്നു. താൻ തൻെറ ഇടവകയെ സുവിശേഷാനുസൃതം നടത്തുകയും മററുള്ള സഭയ്ക്കു വേണ്ടി തന്നാൽ ആവതു പ്രവൎത്തിക്കയുംചെയ്തുവന്നു.

എൺപത്തിയാറാമത്തെ വയസ്സിൽ ഇഹലോകവാസം വെടിഞ്ഞ ഈ വന്ദ്യവയോധികൻെറ രക്തസാക്ഷിമരണത്തെക്കുറിച്ചു ഒരു പൂൎവ്വികചരിത്രമെഴുത്തുകാരൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

ഗെർമാനിക്കസ്സ് എന്ന പേരോടുകൂടിയ ഒരു യുവക്രിസ്ത്യാനിയെ ഭയങ്കരമായ വിധത്തിൽ കാട്ടുമൃഗങ്ങൾക്കു ഇരയായി എറിഞ്ഞുകൊടുക്കുവാൻ പോകുന്നു എന്നുള്ള വിവരം പട്ടണം മുഴുവൻ വ്യാപിച്ചു. ഇതു കാണുന്നതിനു അനേകമാളുകൾ ഒന്നിച്ചുകൂടി. എന്നാൽ തൻെറ ജീവനെ തൃണവൽഗണിച്ചു ധൈര്യസമേതനായി വന്യമൃഗങ്ങളുടെ കളത്തിലേക്കു ഒരുങ്ങിപുറപ്പെട്ടു വരുന്ന ക്രിസ്തീയയുവാവിൻെറ പ്രസന്നമുഖം കാണികളെ ആശ്ചര്യപരതന്ത്രരാക്കി. ഇപ്രകാരമുള്ള ഒരു മനഃസ്ഥിതിക്കു ഹേതുവായിത്തീൎന്ന ക്രിസ്തീയ വിശ്വാസത്തെക്കുറിച്ചു മനസ്സിലാക്കുകയാൽ പലരും അവിടെ വച്ചുതന്നെ ക്രിസ്ത്യാനികളായിത്തീൎന്നു. എന്നാൽ 'ക്രിസ്ത്യാനി കൊല്ലപ്പെടണം' എന്നുള്ള ഭയങ്കര ശബ്ദം ചുററും മാറെറാലികൊണ്ടു. "എല്ലാ ക്രിസ്ത്യാനികളെയും കൊന്നുമുടിക്കണം. അവരുടെ നേതാവായ പോളിക്കാർപ്പിനെ തിരഞ്ഞു പിടിച്ചു നശിപ്പിക്കണം" ഈ ശബ്ദം മാത്രമേ കേൾപ്പാനുണ്ടായിരുന്നുള്ളു.

തൻെറ ജീവൻ അപകടനിലയിലായി എന്നു പോളിക്കാർപ്പിനു മനസ്സിലായപ്പോൾ അദ്ദേഹം ഒളിപ്പിടങ്ങളെ അഭയം പ്രാപിച്ചുകൊണ്ടു നടന്നു. എന്നാൽ ഒരു ചെറുപൈതൽ തന്നെ ഒററിക്കൊടുക്കുകയും തൻമൂലം ശത്രുക്കളുടെ കൈയിൽ അകപ്പെടുകയും ചെയ്തു.

ഈ അവസരം രക്ഷപ്പെടത്തക്കവണ്ണം വേണ്ട സൗകര്യങ്ങൾ തനിക്കുണ്ടായിരുന്നിട്ടും താൻ ഒരു

രക്തസാക്ഷിയായി മരിക്കേണമെന്നാണു ദൈവേഷ്ടം എന്നു വിചാരിച്ചു തന്നെത്തന്നെ അവക്കു ഏൽപിച്ചുകൊടുത്തു. സദാനേരവും പ്രസന്നവദനനായിരുന്ന പോലിക്കാർപ്പിൽ ഈ അവസരം ഒരു അധൈര്യലക്ഷണവും കണ്ടില്ല. താൻ ഭക്ഷണം കഴിച്ചു ശേഷം വളരെ എരിവോടുകൂടി പ്രാത്ഥിച്ചു. ഈ പ്രാത്ഥന കേട്ടുകൊണ്ടിരുന്ന പട്ടാള ഉദ്യോഗസ്ഥന്മാർപോലും കണ്ണുനീർ ധാരധാരയായി ഒഴുക്കി തന്നെ കൊല്ലാതിരിക്കേണമെന്നുള്ള ഉദ്ദേശത്തോടുകൂടി അവർ തന്നോടിപ്രകാരം പറഞ്ഞു. "ഹേ! മഹാനുഭാവനായുള്ളോവേ! നിങ്ങളുടെ ജീവനെ നഷ്ടപ്പെടുത്തുവാൻ ഞങ്ങൾക്കു ഇഷ്ടമില്ല. ക്രിസ്തുവിനെ ഒരു വാക്കു ദൂഷിച്ചുപറഞ്ഞാൽ ഞങ്ങൾ നിങ്ങളെ വിട്ടയയ്ക്കാം" അപ്പോൾ അദ്ദേഹം തൻെറ കണ്ണുകളെ സ്വൎഗ്ഗത്തിലേക്കുയൎത്തി അൽപനേരം ധ്യാനിച്ചു. "ഹാ! സ്നേഹിതരേ! ക്രിസ്തുവിനേയും തൻെറ മാൎഗ്ഗത്തേയും ഉപേക്ഷിക്കേണമെന്നു പറഞ്ഞു സമയം വ്യൎത്ഥമായി കളയുന്നതെന്തിനു? എണ്പത്തിയാറു വർഷമായി ഞാൻ ക്രിസ്തുവിനു ഊഴിയം ചെയ്തുവരുന്നു. ഒരുദോഷവും താൻ എനിക്കു ചെയ്തിട്ടില്ല. ആശ്രയിക്കുന്നവരെ ഉപേക്ഷിക്കാത്തവനും അനാഥരുടെ നാഥനും ഭക്തവത്സലനും സത്യവചനമായി വെളിപ്പെട്ടവനും ആയ ഇവനെ ഞാൻ ദൂഷിക്കുന്നതെങ്ങനെ?" എന്നു എവരുടെയും ഹൃദയം ഉരുകത്തക്കവിധം സംസാരിച്ചു.

ഒടുവിൽ അവർ അദ്ദേഹത്തെ ഗവർണ്ണരുടെ മുമ്പാകെ ഹാജരാക്കി. പോലിക്കാർപ്പിൻെറ വെള്ളി

പോലെ നരച്ചു മുടിയും പ്രസന്നവദനവും കണ്ടു് ഗവർണ്ണർക്കു് അദ്ദേഹത്തോടനുകമ്പ തോന്നി. ചക്രവർത്തിയുടെ ദൈവങ്ങളെ വന്ദിച്ചാൽ വിട്ടയയ്ക്കാമെന്നു ഗവർണ്ണർ പോലിക്കാർപ്പിനോടു പറഞ്ഞു. പല ഉപായങ്ങളും ഭീഷണികളും പ്രയോഗിച്ചു നോക്കിയിട്ടും വി: പോലിക്കാർപ്പ് തന്റെ അഭീഷ്ടങ്ങൾക്കു വഴിപ്പെടായ്കയാൽ ഗവർണ്ണർ കുപിതനായി. രംഗസ്ഥലത്തു സജ്ജീകരിക്കപ്പെട്ടിരുന്ന ഘോരസിംഹങ്ങൾക്കായി ഇദ്ദേഹത്തെ ഇട്ടുകൊടുപ്പാൻ ഗവർണ്ണർ വിധി കല്പിച്ചു. രംഗസ്ഥലം അനവധി ജനങ്ങളാൽ നിബിഡീകൃതമായിരുന്നു. പോലിക്കാർപ്പിന്റെ ഭയങ്കരമരണം കണ്ടു സന്തുഷ്ടിയടയുന്നതിനു ആളുകൾ അക്ഷമരായി നിന്നു. വയോവൃദ്ധനായ ആ ദൈവഭൃത്യൻ ക്രൂരന്മാരായ പടയാളികളുടെ അകമ്പടിയോടുകൂടെ രംഗസ്ഥലത്തേക്കു ആനയിക്കപ്പെട്ടു. കല്പനപ്രകാരം അലറുന്ന സിംഹങ്ങളുടെ നേരെ അവർ വിശുദ്ധ പോലിക്കാർപ്പിനെ എറിഞ്ഞുകൊടുത്തു. ആ വിശുദ്ധപിതാവിനെ ചീന്തിക്കീറുന്നതു കാണ്മാൻ കൗതുകത്തോടുകൂടെ നോക്കിക്കൊണ്ടിരുന്നവരെല്ലാം അത്ഭുതപരതന്ത്രരാകത്തക്കവണ്ണം ആ ഘോരസിംഹങ്ങൾ വിശുദ്ധപോലിക്കാർപ്പിന്റെ ചുററും ആട്ടിൻകുട്ടികളെപ്പോലെ ശാന്തരായി നിന്നു. ഇതു കണ്ടു എല്ലാവരും ആശ്ചര്യപ്പെട്ടു എങ്കിലും അദ്ദേഹത്തെ വെറുതെ വിട്ടുകളയുവാൻ അവർക്കു മനസ്സുണ്ടായില്ല. ഒടുവിൽ അഗ്നികുണ്ഡത്തിൽ ഇട്ടു ദഹിപ്പിക്കമെന്നു പറഞ്ഞു ഭയപ്പെടുത്തി. അപ്പോൾ അദ്ദേഹം ഗവർണ്ണരോടു "അല്പനേരം ജ്വലിച്ചു ക്ഷണത്തിൽ കെട്ടുപോകുന്ന ഒരു അഗ്നി

യെക്കൊണ്ടു നീ എന്നെ ഭയപ്പെടുത്തുന്നു. എന്നാൽ നിത്യ ശിക്ഷയാകുന്ന ന്യായവിധിയുടെ ഭയങ്കരമായ അഗ്നി അഭക്തൎക്കായി ഒരുക്കിവച്ചിരിക്കുന്നുവെന്നു നീ അറിയുന്നില്ല. നീ എന്തിനു താമസിക്കുന്നു, നിന്റെ ഇഷ്ടംപോലെ എന്നോടു ചെയ്തുകൊൾക" എന്നു സധൈൎയ്യം പറഞ്ഞു. ഇതു കേട്ട ഗവൎണ്ണർ അദ്ദേഹത്തെ ദഹിപ്പിക്കുവാൻതന്നെ ആജ്ഞ കൊടുത്തു.

ക്ഷണത്തിൽ ദഹിപ്പിക്കുന്നതിനായുള്ള വിറകും മറവും അദ്ദേഹത്തിന്റെ ചുററും കൂട്ടിയിട്ടു തന്നെ തൂണിനോടു ചേൎത്തു ആണി തറച്ചു ബന്ധിക്കുന്നതിനായി തുടങ്ങിയപ്പോൾ "എന്നെ ആണി തറയ്ക്കാതെ തന്നെ ഞാൻ ഇളകാതെ ഒരിടത്തു നിന്നുകൊള്ളാം. ഈ ജ്വലിക്കുന്ന തീയിൽ ദഹിക്കുന്നതിനു എനിക്കു ശക്തി തരുന്നവൻ നിങ്ങളുടെ ആണികളുടെ സഹായം കൂടാതെ ഉറച്ചു നില്പാൻ എന്നെ പ്രാപ്തിപ്പെടുത്തും" എന്നു ആ വിശുദ്ധൻ പറകയും അദ്ദേഹത്തെ ആണി തറയ്ക്കാതെ തൂണിനോടു ചേൎത്തു ബന്ധിക്ക മാത്രം ചെയ്കയും ചെയ്തു. കൈകൾ പുറകിൽ കെട്ടപ്പെട്ടവനായി നിന്നുകൊണ്ടു ദൈവത്തിനു സുപ്രസാദമായ ഒരു യാഗം അൎപ്പിക്കേണ്ടതിനായി വി: പോലിക്കാപ്പ് സ്വൎഗ്ഗത്തിലേക്കു നോക്കി ഇങ്ങനെ പ്രാൎത്ഥിച്ചു.

"യേശുക്രിസ്തുവിന്റെ പിതാവായ സൎവ്വശക്തനായ ദൈവമേ! നിന്റെ രക്തസാക്ഷികളുടെ കൂട്ടത്തിൽ ഞാനും ഭാഗഭാക്കായി കഷ്ടം അനുഭവിപ്പാൻ നീ എന്നെ യോഗ്യനാക്കിത്തീൎത്ത ഈ ദിവസത്തിനും ഈ സമയത്തിനുമായി ഞാൻ നിന്നെ വാഴ്ത്തുന്നു.

നിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ അതേ പാനപാത്രം കുടിപ്പാനും, നിത്യജീവനായി അമർത്ത്യതയുടെ ദേഹ ദേഹികളോടുകൂടെ പരിശുദ്ധാത്മാവിനാൽ ഉയർപ്പിക്കപ്പെടുവാനും ആയതിലേക്ക ഈ ശരീരവും ദേഹിയും വിലമതിക്കാവതല്ലാത്തതും സ്വീകാരയോഗ്യവുമായ ഒരു യാഗമായി, അവിടുത്തെ സന്നിധിയിൽ ഇന്നു കൈക്കൊള്ളപ്പെടുവാനും ഇടയാകേണമേ. ഞാൻ അവിടുത്തെ വാഴ്ത്തുന്നു, ഞാൻ അവിടുത്തെ മഹത്വപ്പെടുത്തുന്നു. പിതാവേ! എന്നെ ഏൽപിച്ച ആടുകളെ അവിടുന്നു അനാഥരായി വിടുകയില്ലെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഞാൻ ഇതാ എന്നെത്തന്നെ തൃക്കയ്യിലേക്ക ഭരമേൽപിക്കുന്നു. സകല മാനവും മഹത്വവും എന്നെന്നേക്കും അവിടുത്തേക്ക ഉണ്ടാകട്ടെ, ആമെൻ."

തന്റെ പ്രാൎത്ഥന അവസാനിപ്പിച്ചതോടുകൂടെ ആളുകൾ ചിതയ്ക്കു തീ കൊളുത്തി. അഗ്നി ആളിക്കത്തി, പുക മേലോട്ടുയർന്നു. എന്നാൽ തീനാളം അദ്ദേഹത്തിന്റെ ശരീരത്തിന്മേൽ സ്പർശിക്കാതെ ചുററും ഒരു കോട്ട പോലെ നിന്നു. താൻ തന്റെകണ്ണുകളെ സ്വർഗ്ഗത്തിലേക്ക ഉയിത്തിക്കൊണ്ടു, "പ്രിയ കർത്താവേ! സന്തോഷത്തോടുകൂടെ ഈ കഷ്ടതകൾ അനുഭവിക്കുന്നതിനു ശക്തി തരേണമേ", എന്നു വീണ്ടും പ്രാൎത്ഥിച്ചു. അതിന്റെ ശേഷം അഗ്നിജ്വാലയുടെ മദ്ധ്യത്തിൽ നിന്നുകൊണ്ടു ആ വിശുദ്ധൻ ശബ്ദം ഉയത്തി ദൈവത്തിനു സ്തോത്രഗീതങ്ങൾ പാടി. അവസാനത്തെ ആ സ്തുതിഗാനങ്ങൾക്കൊപ്പം താളംപിടിച്ചതു ജ്വലിക്കുന്ന തീനാളങ്ങളായിരുന്നു.

വൃദ്ധനായ ആ വിശുദ്ധൻെറ ശ്രവണമധുരമായ അന്ത്യഗാനത്തിനു ശ്രുതി മീട്ടുവാനോ എന്നു തോന്നുമാറു തീജ്വാല ഒരു മൃദുസ്വരത്തെ പുറപ്പെടുവിച്ചുകൊണ്ടിരുന്നു. ആ പരിശുദ്ധൻെറ അതിപാവനമായ ശരീരത്തേയും വെൺചാമരംപോലെ അതിധവളമായ തലമുടിയേയും സ്പർശിക്കുവാനുള്ള ആശങ്കയാൽ ഭയപ്പെട്ടിട്ടോ അദൃശ്യമായ ഒരു മഹൽശക്തിയുടെ പ്രവർത്തനം കൊണ്ടോ അഗ്നിനാളം കാററത്തു പാളി കിടകിടെ വിറക്കുന്നതുപോലെ കാണപ്പെട്ടു. വി: പോലിക്കാർപ്പിൻെറ ശരീരം തീക്കുണ്ഡത്തിൻെറ നടുവിൽ സ്വർണ്ണസമാനമായി വിളങ്ങി. അദ്ദേഹം ദഹിക്കപ്പെടായ്കയാൽ ജനങ്ങൾ അന്ധാളിച്ചു നിലകൊണ്ടു. പടയാളികളിൽ ഒരാൾ ഒരു വലിയ കുന്തം എടുത്തു അദ്ദേഹത്തിൻെറ മാർവിൽ കുത്തി. ആ കുത്തേററപ്പോൾ മാർവിൽനിന്നു രക്തം പ്രവഹിക്കുകയും അതു ആ അഗ്നിയെ കെടുത്തുകയും ചെയ്തു.

വീണ്ടും അവർ ആഴി കൂട്ടി. അപ്പോൾ അഗ്നിയിൽനിന്നും മാംസം വെന്തെരിയുന്ന മണം വെളിയിൽ വ്യാപിച്ചു. അദ്ദേഹത്തിൻെറ ശരീരാവയവങ്ങൾ ഓരോന്നായി മുറിഞ്ഞുവീഴുന്ന ശബ്ദം കേൾക്കാമായിരുന്നു. ഈ അവസരവും സ്തോത്രഗീതങ്ങൾ മുഴങ്ങിക്കൊണ്ടിരുന്നു. ഇദ്ദേഹത്തിൻെറ പരിപാവനമായ ജീവിതവും സുദൃഢമായ ദൈവവിശ്വാസവും സുവിശേഷഘോഷണത്തിലുള്ള അൽപമല്ലാത്ത തീക്ഷ്ണതയും നിർമ്മലമായ ദൈവ ഭക്തിയും എത്ര വിലയേറിയതു്!. അറുപതു കൊല്ലത്തോളം ക

ർത്താവിന്റെ തോട്ടത്തിൽ വിശ്വസ്ത വേലക്കാരനായിരുന്ന വിശുദ്ധ പോലിക്കാർപ്പ് തന്റെ എൺപത്താറാമത്തെ വയസ്സിൽ ഇങ്ങനെ ഒരു രക്തസാക്ഷിയായി കർത്താവിൽ നിദ്ര പ്രാപിച്ചു.

---

ഞാൻ കണ്ടു വല്യസൈന്യമായ് വിശ്വാസവീരരേ
പിൻ ചെല്ലും ഞാനും നിശ്ചയം ഈ ദൈവധീരരേ

തൻ ക്രൂശു ചുമന്നീടുവാൻ ഇല്ലൊരു ലജ്ജയും
എൻ പേർക്കു കഷ്ടപ്പെട്ടതാൻ എന്നെന്നും ഓർത്തിടും.

ഓർ മുൾക്കിരീടം അല്ലയോ എൻ നാഥൻ ലക്ഷണം
തൻ യോദ്ധാവാഗ്രഹിക്കുമോ ഈ ലോകാഡംബരം.

# 8. പെർപ്പെച്ചുവാ.

റോമാ ചക്രവർത്തിയായിരുന്ന സെപ്റ്റിമിയസ്സുസെവറസിന്റെ കാലത്തു റോമാസാമ്രാജ്യത്തിലെ സംസ്ഥാനങ്ങളിൽ ഒന്നായിരുന്ന വടക്കെ ആഫ്രിക്കാ വരെയും പീഡകൾ എത്തുകയും അനേകരും രക്തസാക്ഷിമരണത്തിന്നു ഇരയായി ഭവിക്കയും ചെയ്തു. ഈ കാലത്തു രക്തസാക്ഷിയായി മരിച്ച ഒരു വനിതാരത്നമായിരുന്നു പെർപ്പെച്ചുവാ.

ഇവൾ ഉൽകൃഷ്ട കുലജാതയും ഇരുപത്തിആറു വയസ്സു പ്രായമുള്ളവളും ആയ ഒരു യുവതി ആയിരുന്നു. അവൾക്കു് ഒരു ചെറിയ കുട്ടി മാത്രമേയുണ്ടായിരുന്നുള്ളു. ക്രിസ്ത്യാനിയായിത്തീർന്ന കാരണത്താൽ ശത്രുക്കൾ അവളെ കാരാഗൃഹത്തിലാക്കി. അവളുടെ പിതാവു് അന്യജാതിക്കാരനായിരുന്നതുകൊണ്ടു മകൾ കിടന്നിരുന്ന കാരാഗൃഹത്തിൽ കൂടെക്കൂടെ പോയി അവളോടു് 'ക്രിസ്തീയ മാർഗ്ഗത്തെ വിട്ടുകളക' എന്നു പറഞ്ഞുകൊണ്ടിരിക്ക പതിവായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം അവൾ പിതാവിനോടു: "എന്റെ പ്രിയ പിതാവേ! ഞാൻ ക്രിസ്തുവിൽ വിശ്വസിക്കുന്നവളാകയാൽ എനിക്കു ക്രിസ്തുവിൽ വിശ്വാസം ഇല്ല എന്നു പറയുന്നതെങ്ങനെ" എന്നു ചോദിച്ചു. അപ്പൻ അതു കേട്ടു കോപാന്ധനായി "നിന്നെ ഞാൻ വെട്ടി നുറുക്കും" എന്നു പറഞ്ഞു പുലി പോലെ അവളുടെ നേരെ പാഞ്ഞുചെന്നു എങ്കിലും

അവളുടെ നിലയും സഹിഷ്ണതയും കണ്ടു ഉപദ്രവിപ്പാൻ മനസ്സുവരാതെ മടങ്ങിപ്പോയി. അവൾക്കു ഇങ്ങനെ ഒരു ഉപദ്രവം മാത്രമല്ല, സമുദ്രത്തിലെ തിരകൾ പോലെ മേൽക്കുമേൽ ദുഃഖങ്ങൾ വന്നുകൊണ്ടിരുന്നു.

അവളുടെ ഈ സ്ഥിരവ്രതം പിതാവിനെ വളരെ ദുഃഖിപ്പിച്ചതിനാൽ കുറെനാൾ മകളെ കാണുന്നതിനു പോലും പോയില്ല. കൂടാതെ മുലകുടിമാറീട്ടില്ലാത്ത തന്റെ കുട്ടിയെ അവളിൽ നിന്നു പിരിച്ചുകൊണ്ടുപോയി. അമ്മയെ നോക്കി ആ കുട്ടി കരഞ്ഞുകൊണ്ടിരുന്നു. അമ്മയും ദുഃഖസാഗരത്തിൽ മുഴുകിപ്പോയി. മനസ്സലിവുണ്ടായി ആ പടയാളികൾ കുഞ്ഞിനെ അവളുടെ പക്കൽ തിരികെ ഏൽപിച്ചു. അപ്പോൾ അവൾക്കുണ്ടായ ഹൃദയാനന്ദം വർണ്ണിക്കാവതല്ല.

കുറെ ദിവസങ്ങൾ കാരാഗൃഹത്തിൽ ഇപ്രകാരം താമസിച്ചു. ഇതിനിടയ്ക്കു ഇവളോടുകൂടെ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടിരുന്ന ചിലർ മാനസാന്തരപ്പെടുന്നതിനിടയായി. അവളെ ദേശാധിപതിയുടെ മുൻപാകെ കൊണ്ടുപോയി അവിടെ വിഗ്രഹങ്ങൾക്കു ബലിയർപ്പിക്കുവാൻ അവളോടു അവൻ ആജ്ഞാപിച്ചു.

എന്നാൽ അവളാകട്ടെ, ആ ആജ്ഞയെ നിഷേധിക്കയാണുണ്ടായത്. തന്നിമിത്തം പൈതലിനെ അവളിൽനിന്നു മാററുകയും അവളെ ഒരു ഇരുട്ടറയിൽ പാർപ്പിക്കയും ചെയ്തു. എന്നാൽ ഇപ്രകാരം

പിഡിപ്പിക്കപ്പെട്ടന്ന ക്രിസ്ത്യാനികളെ അന്നത്തെ കാവൽസൂക്ഷിപ്പുകാരായിരുന്ന തെത്തെയസും, പൊമ്പോണിയസും ചില മണിക്കൂറുകൾ ശുദ്ധവായു ശ്വസിച്ചുകൊള്ളുന്നതിനും ആ അവസരത്തിൽ പെർപ്പെച്ചുവാ അവളുടെ പൈതലിനെ സംരക്ഷിച്ചുകൊള്ളുന്നതിനും അനുവദിച്ചു.

ഒടുവിൽ വീണ്ടും അവ്വളുടെ പിതാവ് അവളെ സന്ദർശിക്കുന്നതിനായി കാരാഗൃഹത്തിലെത്തി. തൻെറ മകളുടെ കാൽ പിടിച്ചുകൊണ്ടു് ആ പിതാവ് ഇപ്രകാരം പറഞ്ഞു. "എൻെറ കണ്മണിയേ, എൻെറ മകളെ, എൻെറ ഓമനക്കുഞ്ഞേ, എൻെറ മുഖത്തെ നോക്കി കരുണ കാണിക്കയില്ലയോ? ഞാൻ നിന്നെ ജനിപ്പിച്ച നിൻെറ പിതാവല്ലയോ? ഓമനയായി നിന്നെ വളർത്തിയ ഞാൻ ഇപ്പോൾ നരച്ചു വൃദ്ധനായിത്തീർന്നിരിക്കുന്നു. അൽപകാലത്തിനുള്ളിൽ ഞാൻ ഈ ലോകം വെടിയും. നിൻെറ അമ്മയേയും, കൂടെപ്പിറപ്പുകളേയും, തറവാട്ടുകാരെയും ഒന്നുവിചാരിക്ക. എൻെറ മകളെ! നീ ഇങ്ങനെ ക്രിസ്ത്യാനിയായി മരിച്ചുപോയാൽ നമ്മുടെ ജാതിക്കു എത്ര വലിയ അപമാനമാണുണ്ടാകുന്നതു്, എൻെറ പൊന്നുമകളേ! ഓമനേ! നിൻെറ വാത്സല്യപിതാവിനെയും പൈതലിനെയും ഓർത്തെങ്കിലും ഈ ബുദ്ധികെട്ട വിചാരം വിട്ടുകളക". ഇപ്രകാരം കണ്ണുനീരോടും നിലവിളിയോടുംകൂടെ പറഞ്ഞ അവളുടെ പിതാവിൻെറ വാക്കുകളെ കേട്ടു അവളും ദുഃഖിച്ചു എങ്കിലും തൻെറ വിശ്വാസത്തിൽ

നിന്നു അൽപംപോലും വ്യതിചലിക്കാതെ "ദൈവതിരുഹിതം അത്രേ നിവത്തിക്കപ്പെടേണ്ടതു" എന്നു മാത്രം മറുപടി പറഞ്ഞു.

പിതാവു പിന്നെയും അവളുടെ കുട്ടിയെ എടുത്തു അവൾക്കു കാണിച്ചുകൊണ്ടു: "ഈ കുട്ടിയുടെ ഓമനമുഖം ഒന്നു നോക്കിയെങ്കിലും ദയ കാണിക്ക"എന്നു പറഞ്ഞപ്പോൾ "ഞാൻ ഒരു ക്രിസ്തീയസ്ത്രീ, സത്യദൈവത്തെ വന്ദിക്കുന്നവൾ" എന്നു ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. അതു കേട്ടപ്പോൾ ആ പിതാവു പൊട്ടിക്കരഞ്ഞു. നുറുങ്ങിയ ഹൃദയത്തോടുകൂടെ അയാൾ അവളെ വിട്ടുപിരിഞ്ഞുപോയി.

കുറെനാളത്തെ കാരാഗൃഹവാസം കൂടെ കഴിഞ്ഞശേഷം ന്യായാധിപതിയുടെ സന്നിധിയിലേക്കു ക്രിസ്ത്യാനികളെ കൊണ്ടുവരുന്നതിനു ആജ്ഞയുണ്ടായി.

തങ്ങളുടെ വിശ്വാസം തള്ളിപ്പറയുന്നതിനും കത്താവിനെ ഉപേക്ഷിക്കുന്നതിനും ഓരോരുത്തരെ പ്രത്യേകം പ്രത്യേകം ഉപദേശിച്ചു. എന്നാൽ ആരുംതന്നെ തങ്ങളുടെ സ്ഥിരവ്രതം ലംഘിച്ചില്ല. പെർപ്പെച്ചുവായുടെ തവണയായപ്പോൾ അവളുടെ പൈതലിനെയും കൈകളിൽ ഏന്തിക്കൊണ്ടു വൃദ്ധനായ പിതാവു മകളുടെ മുമ്പിൽ എത്തി ഇപ്രകാരം പറഞ്ഞു. "മകളേ! അവസാനമായി നിന്നെ ഒന്നുകൂടെ കാണേണ്ടതിനത്രെ ഞാൻ ഇവിടെ വന്നിരിക്കുന്നതു". നിന്റെ പൈതലിനോടു മനസ്സലിവുണ്ടാകണം. നിന്റെ പിതാവിന്റെ നരച്ച തലയെ രക്ഷിക്കുക. എ

ൻെറ മുമ്പിൽ വെച്ച നിന്നെ കൊല്ലുന്ന കാഴ്ച എങ്ങനെ സഹിക്കും? തല്ക്കാലം വിഗ്രഹങ്ങൾക്ക ബലി അർപ്പിക്കുക, ഞാൻ മരിച്ചിട്ട നീ ഒരു ക്രിസ്ത്യാനിയായി മരിക്കുന്നാപക്ഷം അതു എനിക്ക സമാധാനത്തെ നൽകുമല്ലോ. എൻെറ ഓമനമകളെ! നിൻെറ വാത്സല്യപിതാവിനെ ദുഃഖത്തോടെ ശവക്കുഴിയിലേക്ക ഇറക്കരുതേ."

ഈ വശീകരണവാക്കുകൾക്ക ഒന്നിനും അവൾ വശംവദയാകാതെ വിശ്വാസത്തിൽ സ്ഥിരത പൂണ്ട "ഞാൻ ഒരുനാളും വിഗ്രഹങ്ങൾക്ക ബലി അർപ്പിക്കുന്നതല്ല" എന്ന് ഉച്ചസ്വരത്തിൽ എല്ലാജനങ്ങളും കേൾക്കെ പറഞ്ഞു. ഇതിങ്കൽ ന്യായാധിപതി ക്രുദ്ധിച്ച അവളെ പുറത്താക്കുന്നതിന കാവൽക്കാർക്ക കല്പന കൊടുത്തു. ഇതുവരെയും ആ പിതാവ് അവളുടെ പൈതലിനേയും കൈയ്യിൽ ഏന്തിക്കൊണ്ട കെഞ്ചി അപേക്ഷിച്ചുകൊണ്ടിരുന്നു. ഇതിന ശേഷം ക്രിസ്ത്യാനികളുടെമേൽ തീർപ്പുകല്പിച്ചു. "ജനതതിയുടെ സന്തോഷത്തിനായി ഈ ക്രിസ്ത്യാനികളെയെല്ലാം ഒരു ഒഴിവുദിവസം വന്യമൃഗങ്ങൾക്ക ഇരയാക്കിത്തീക്കട്ടെ" എന്നായിരുന്നു തീർപ്പ്.

തങ്ങളുടെ അവസാനമിനിററു കാത്തുകൊണ്ട കിടന്നിരുന്ന ജയിൽവാസികളായവൎക്ക അവരുടെ സ്നേഹിതന്മാരെയും ചാർച്ചക്കാരെയും അന്ത്യമായി ഒന്നുകൂടെ കാണുന്നതിന അനുവാദം കൊടുത്തു. ആ കൂട്ടത്തിൽ ഏററവും വ്യസനാക്രാന്തനായി ദുഃഖാബ്ധിയിൽ മുഴുകി പെർപ്പെച്ചുവായുടെ പിതാവ് നി

ച്ശ്രേഷ്ഠനായി അവിടെ നിന്നിരുന്നു. തന്റെ പിതാവിന്റെ വാടിയതും ക്ഷീണിച്ചതുമായ മുഖം കാണുന്നതു പെൺപൈതലിന്നു മർമ്മഭേദകമായ ഒന്നായിരുന്നു. എന്നാൽ അക്കരെനാട്ടിൽ അവൾക്കുവേണ്ടി കാത്തുനിൽക്കുന്ന സ്വർഗ്ഗീയപിതാവിന്റെ ആനന്ദമുഖം അവൾ കണ്ടപ്പോൾ ഈ വിധ പ്രയാസങ്ങൾ ഏററവും നിസ്സാരമെന്നോന്നി. ദൈവം തന്റെ ജനങ്ങളെ ആശ്വാസമില്ലാത്തവരായി വിട്ടുകളകയില്ല. ഭയങ്കര പ്രതീക്ഷയുടെ ആ ദിവസങ്ങളിൽ, ആശ്വാസങ്ങളുടെ ബഹുവിധമായ ശോഭനമേറിയ രശ്മികളാൽ അവൾ ആനന്ദം അനുഭവിച്ചിരുന്നു. സ്വർഗ്ഗീയ മഹത്വത്തെക്കുറിച്ചുള്ള ദർശനങ്ങൾ അവൾക്കുണ്ടായി.

ഇങ്ങനെ വിഷമമേറിയതും ക്ഷണികവുമായ ദിവസങ്ങൾ കഴിഞ്ഞശേഷം ഭീതിപൂർണ്ണമായ പ്രതീക്ഷാവസരം സമീപിച്ചു. വിഗ്രഹങ്ങൾക്കു ശുശ്രൂഷ ചെയ്യുന്ന പുരോഹിതന്മാരുടെയും പുരോഹിതസ്ത്രീകളുടെയും അശ്രുധാവസ്ത്രങ്ങൾ ക്രിസ്ത്യാനികളെ ധരിപ്പിക്കുവാൻ ശ്രമിച്ചു. എങ്കിലും ഇങ്ങനെയുള്ള മൂഢതങ്ങളെ അകന്നു നിൽക്കുവാനായിട്ടാണു ജീവൻ വച്ചുകൊടുക്കുന്നതിന്നു ഇപ്രകാരം തങ്ങൾ സന്നദ്ധരായിത്തീർന്നിരിക്കുന്നതു എന്നു അറിയിച്ചപ്പോൾ അവളുടെ യുക്തിവാദത്തെ എതിർപ്പാൻ ശത്രുക്കൾക്കു കഴിവില്ലാതായിത്തീരുകയും അവർ ലജ്ജിതരായി അവരുടെ ശ്രമത്തിൽനിന്നു പിൻതിരിഞ്ഞുപോകയും ചെയ്തു.

ഏററവും ലളിതരീതിയിലുള്ള വസ്ത്രധാരണയോടുകൂടെ ജയഗീതം പാടിയുംകൊണ്ടു പെർപ്പെച്ചുവാ കൊലസ്ഥലത്തേക്കു നടന്നുചെന്നു. പുരുഷന്മാരെ പുള്ളിപ്പുലികളും കരടികളും ചീന്തിക്കീറണമെന്നായിരുന്നു വിധി. എന്നാൽ പെർപ്പെച്ചുവായേയും തന്നോടുകൂടെ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടിരുന്ന ഫെലിബിററസ് എന്ന സ്ത്രീയേയും നഗ്നരാക്കി തലമുടികൊണ്ടു തൂണിന്മേൽകെട്ടിത്തൂക്കി ഇടുന്നതിനു കൽപിച്ചു. രക്തപ്രവാഹത്തിൻെറയും ഘോരതയുടെയും കാഴ്ചകളിൽ രസിക്കുക പതിവുള്ള മൃഗീയരായ കാണികൾക്കു തന്നെയും അവരെ വസ്ത്രംധരിപ്പിക്കുവാൻ ആവശ്യപ്പെട്ടു. അതിനു ശേഷം അവരെ രംഗസ്ഥലത്തു കൊണ്ടുവന്നു നിർത്തി, ഒരു ക്രുററൻകാളയെ ഇളക്കി ക്രൗര്യം ജനിപ്പിച്ചു അവരുടെ നേരെ വിട്ടു. അതു പാഞ്ഞുചെന്നു ഫെലിസിററസിനെ കുത്തി മരണകരമായ പരുക്കുകൾ ഏൽപിച്ചു. പെർപ്പെച്ചുവായെ കൊമ്പിൽ കുത്തിയെടുത്തു കുടഞ്ഞു. അവളുടെ വിതറിക്കിടന്ന നിലയങ്കി കീറി. തലക്കെട്ടു അഴിഞ്ഞു. എന്നാൽ പെർപ്പെച്ചുവാ ഒരിക്കൽകൂടെ അങ്കിയെടുത്തുചുററിക്കൊണ്ടു മരിക്കാറായ ഫെലിസിററസിൻെറ അടുക്കലേക്കു ഓടിയെത്തി അവളെ സാവധാനത്തിൽ നിവർത്തിരുത്തി. ആ നിഷ്ഠൂരമൃഗമാകട്ടെ പിന്നീടു അവരോടു എതിർക്കുന്നതിനു മുതിർന്നില്ല. അതിനുശേഷം രംഗസ്ഥലത്തുനിന്നും അവരെ വലിച്ചിഴച്ചു പുറത്തുകൊണ്ടുവന്നു. ഇത്രയുമൊക്കെ കഴിഞ്ഞിട്ടും ആ കർക്കശ ജനസംഘം തൃപ്തിപ്പെടാതെ പരസ്യസ്ഥലത്തുവച്ചു വധിക്കേണ്ടതിനു അവരെ വീണ്ടും കൊണ്ടുവരണമെന്നു

വിളിച്ചുകൂകി. പെർപ്പെച്ചുവായും ഫെലിസിററസും അന്യോന്യം ചുംബനം ചെയ്തശേഷം ഖഡ്ഗപ്ര യോഗമേററു വിശ്രാമം അടയുന്നതിനു പിന്നെയും രംഗസ്ഥലത്തു പ്രവേശിച്ചു. പെർപ്പെച്ചുവായെ കൊല്ലുന്നതിനു വാളുമായി വന്നവൻ ഒരു യുവാവായിരുന്നു. ഈ ക്രൂരസംഭവങ്ങളുടെ രംഗം ആ യുവാവിനു പൂർവ്വപരിചയമുള്ളതല്ലായിരുന്നതിനാൽ ഒന്നിലധികം പ്രാവശ്യം ഖഡ്ഗം പ്രയോഗിച്ചാറെയും സാരമായ മുറിവു ഏല്പിക്കുന്നതിനു സാധിക്കാതെ വിറച്ചുപോയി. അയാളുടെ പരിഭ്രമം കണ്ടിട്ടു അവൾ തന്നെ സ്വന്ത കൈയ്യെടുത്തു തന്റെ ശരീരത്തിൽ വാൾ പ്രയോഗിക്കുന്നതിനു ഒരു മർമ്മസ്ഥാനം കാണിച്ചുകൊടുത്തു. പടയാളി അപ്രകാരം ചെയ്യുകയും അവൾ തന്റെ ജീവനെ കർത്താവിൽ ഭരമേല്പിക്കയും ചെയ്തു.

# 9. വിശുദ്ധനായ ലോറൻസ്.

ലോറൻസു റോമിലെ ബിഷോപ്പായ സെക്ററസിൻെറ കീഴിൽ ഒരു ശുശ്രൂഷകനായിരുന്നു. എട്ടാമത്തെ മതപീഡാകാലത്തു സെക്ററസു ഒരു രക്തസാക്ഷിയായി മരിച്ചു. കൊലനിലത്തേക്കു കൊണ്ടുപോകുമ്പോൾ ലാറൻസു അദ്ദേഹത്തെ പിൻതുടരുകയും ആശ്വാസവചനങ്ങൾകൊണ്ടു ധൈര്യപ്പെടുത്തുകയും ചെയ്തു. അവർ തമ്മിൽ അന്ത്യമായി വേർപിരിയേണ്ട സന്ദർഭം വന്നപ്പോൾ തൻെറ രക്തസാക്ഷിമരണത്തെ തുടർന്നു ലാറൻസിനും അതേ അനുഭവം ഉണ്ടാകേണ്ടിവരുമെന്നു സെക്ററസു തൻെറ അനുഗാമിയെ ഓർമ്മപ്പെടുത്തി. ഈ വാക്കുകൾ യഥാർത്ഥമായി ഭവിച്ചു എന്നു പിന്നാലെ സംഭവിച്ചു ലാറൻസിൻെറ ബന്ധനത്തെയും ക്രൂരതരമായ മരണത്തെയും കുറിച്ചു കേൾക്കുമ്പോൾ മനസ്സിലാകുന്നതാണ്.

ഈ പീഡാകാലത്തുപോലും റോമിലെ ക്രിസ്തീയസഭവക ഭണ്ഡാരം ശക്തിയുള്ളതായിരുന്നു. ഭണ്ഡാരവകയെല്ലാം ലാറൻസിൻെറ അന്വേഷണദൃഷ്ടിക്കു അധീനപ്പെട്ടത്രെയിരുന്നതു്. സഭാശുശ്രൂഷകന്മാരുടെ സംരക്ഷണത്തിനു പുറമെ അനേക വിധവമാൎക്കും അനാഥൎക്കും അതിൽനിന്നു സന്ധാരണം നൽകിവന്നു. വളരെ സ്ഥലങ്ങളിലെ സഭകളുടെ ഞെരുക്കങ്ങളിൽ സഹായിക്കുന്നതിനും കൂടെ അതിൽനിന്നും ഉപയോഗിച്ചിരുന്നു.

വലേറിയൻ ചക്രവർത്തിയുടെ കീഴിൽ റോമിലെ ഗവർണ്ണരായിരുന്ന മാക്രിയാനസു ഈ ധനത്തെക്കുറിച്ചു അറിയുകയും അതു കൈക്കലാക്കണമെന്നു വാഞ്ചിക്കുകയും ചെയ്തു. അതിനാൽ ലാറൻസിനെ ബന്ധനസ്ഥനാക്കുന്നതിനായി പടയാളികളെ അയച്ചു. അവർ അദ്ദേഹത്തെ ക്ഷണത്തിൽ പിടിച്ചുകെട്ടി വലിച്ചിഴച്ചു ഗവർണ്ണരുടെ മുമ്പാകെ ഹാജരാക്കി.

"ക്രിസ്ത്യാനികളെന്നു പറയുന്ന നിങ്ങൾക്കു സ്വർണ്ണവും വെള്ളിയുമായി നിരവധി ദ്രവ്യം ഉണ്ടെന്നു കേൾക്കുന്നതു വാസ്തവമാണോ" എന്നു മാക്രിയാനസ് ബന്ധനസ്ഥനെ കണ്ട ക്ഷണത്തിൽ കഠിനസ്വരത്തിൽ ചോദിച്ചു. മഹാവലിയ ധനം സഭയ്ക്കുണ്ടു എന്നു ലാറൻസു മറുപടി പറഞ്ഞു. "എന്നാൽ അതു എടുത്തുകൊണ്ടു വരിക. കൈസറിനുള്ളതു കൈസറിന്നു കൊടുക്കണമെന്നു നിങ്ങളുടെ ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുണ്ടല്ലോ. രാജ്യസംരക്ഷണത്തിനായി രാജാവിനു ഈ ധനം കൊണ്ടു ആവശ്യമുണ്ട്. അതുകൊണ്ടു നീ അവയെല്ലാം കൊണ്ടുവന്നു ഏൽപിക്കണം" എന്നു മാക്രിയാനസ് ആവശ്യപ്പെട്ടു. സഭയുടെ അതിമഹത്തായ ധനം മൂന്നുദിവസത്തിനുള്ളിൽ സമക്ഷത്തു കൊണ്ടുവന്നു ഏർപ്പെടുത്താമെന്നു അൽപസമയം ആലോചിച്ചശേഷം ലാറൻസു മറുപടി പറഞ്ഞു.

ഇതുകേട്ടപ്പോൾ ഗവർണ്ണർക്കു തൃപ്തിയായതിനാൽ ലാറൻസിനെ വിട്ടയച്ചു. സ്വർണ്ണം, വെള്ളി, നിക്ഷേപങ്ങൾ എന്നിവ തൻെറ പക്കൽ കൊണ്ടുവ

ന്നോൽപ്പിക്കുന്നതിനുള്ള അവസരം പ്രതീക്ഷിച്ചു മാക്രിയാനസു അക്ഷമനായി കാത്തിരുന്നു.

നിശ്ചിതദിവസം അവൻ ഉദ്യോഗസ്ഥസംഘത്തിൻെറ അകമ്പടിയോടുകൂടെ ക്രിസ്ത്യാനികൾ പതിവായി കൂടിവരുന്ന സ്ഥലത്തെത്തി. ലാറൻസു വാതുക്കൽ ചെന്നു ശാന്തമായി അവരെ ഒരു ഉൾമുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. നിക്ഷേപം എല്ലാം സ്വരൂപിച്ചു കഴിഞ്ഞുവോ എന്നായിരുന്നു ഗവർണ്ണരുടെ ആദ്യത്തെ ചോദ്യം. "ഉവ്വ്" വന്നു കണ്ടാലും, എന്നു പറഞ്ഞുകൊണ്ടു് ഓരോ വരിയായി നിർത്തിയിരുന്ന ആ സഭയിലെ അനാഥരും വിധവകളുമായ ഒരു കൂട്ടത്തെ ലാറൻസു ഗവർണ്ണരെ കാണിച്ചു. ഇതു കണ്ടപ്പോൾ ഗവർണ്ണർ അമ്പരന്നുപോയി. ആ കാഴ്ചയാൽ സംഭ്രാന്തചിത്തനായിത്തീർന്ന ഗവർണ്ണർ ഉഗ്രഭാവത്തോടുകൂടെ ലാറൻസിൻെറ നേരെതിരിഞ്ഞു "നീ പരിഹസിക്കുന്നതിൻെറ അർത്ഥം എന്തു്? ഏൽപിച്ചുതരാമെന്നു വാഗ്ദത്തംചെയ്ത നിക്ഷേപങ്ങൾ എവിടെ" എന്നു ചോദിച്ചു. "നിൻെറ മുൻപാകെ കാണുന്ന ഈ ജനങ്ങളത്രെ സഭയുടെ സാക്ഷാത്തായ നിക്ഷേപങ്ങൾ" എന്നു ലാറൻസു ഉത്തരം പറഞ്ഞു.

ആശിച്ചതുപോലെ ധനലബ്ധിയുണ്ടാകാത്തതിൽ കുപിതനും നിരാശാപൂർണ്ണനുമായിത്തീർന്ന ഗവർണ്ണർ രൌദ്രഭാവം പൂണ്ടു ലാറൻസിനെ പിടിച്ചു കെട്ടി കുണ്ടറത്തടവിൽ ആക്കുന്നതിനു ആജ്ഞ നൽകി. ആ കുണ്ടറയുടെ കൽത്തളത്തിൽ ആഴി കൂട്ടി

അതിന്മേൽ വലിപ്പമേറിയ ഒരു ഇരുമ്പുകട്ടകം വച്ചു അതിൽനിന്നുള്ള ചൂടു സഹിച്ചു സാവധാനത്തിൽ മൃതിയടയുന്നതിനായി ലാറൻസിനെ നഗ്നനായി അതിനുള്ളിൽ കിടത്തി. പരപീഡകനായ ഈ നിഷ്ഠുരഗവർണ്ണർ തന്റെ പാരുഷ്യത്തിന്റെയും പ്രതികാരേച്ഛയുടെയും സംതൃപ്തിക്കായി ഭയങ്കരമായ ഈ കാഴ്ച കണ്ടു രസിച്ചുകൊണ്ടു നിന്നു. എന്നാൽ അതു ജയിക്കുവാനുള്ള ശക്തിയും ആത്മാവും അന്ത്യത്തോളം പ്രദർശിപ്പിക്കുന്നതിനു ലാറൻസിനു കഴിവു ലഭിച്ചു. പിറുപിറുപ്പിന്റെ യാതൊരു മന്ദശബ്ദം പോലും ഈ മഹാത്മാവിന്റെ അധരങ്ങളിൽനിന്നു പുറപ്പെട്ടിരുന്നില്ല, പ്രത്യുത, റോമിലെ ക്രിസ്തീയസഭയ്ക്കുവേണ്ടിയും സാമ്രാജ്യം മൊത്തമായി ദൈവത്തിങ്കലേക്കു മാനസാന്തരപ്പെടേണ്ടതിനുവേണ്ടിയും അദ്ദേഹം പ്രാർത്ഥിച്ചുകൊണ്ടു കിടന്നു. തന്റെ കൈകൾ സ്വർഗ്ഗത്തിനുനേരെ ഉയർത്തിക്കൊണ്ടു പിതാവേ! എന്റെ ജീവനെ തൃക്കയ്യിൽ ഭരമേൽപിക്കുന്നു എന്നു പറഞ്ഞു ജീവൻ വെടിഞ്ഞു.

ഈ സംഭവം കണ്ടുകൊണ്ടു നിന്ന ഒരു റോമൻ പടയാളിയുടെ ഹൃദയത്തെ അതു സ്പർശിക്കയാൽ അവൻ ഒരു ക്രിസ്ത്യാനിയായിത്തീർന്നു. ഇതു പ്രസിദ്ധമായപ്പോൾ അവനേയും കഠിനമായി ദണ്ഡിപ്പിച്ചു ശിരച്ഛേദം ചെയ്കയുണ്ടായി.

# 10. ബാലനായ സിറിൽ (ക്രുറിലോസ്)

ദീസിയൂസ് ചക്രവത്തിയുടെ ശേഷം വലേറിയൻ റോമാ ചക്രവത്തിയായിത്തീൎന്നു. ഇക്കാലത്തു ക്രിസ്തീയസഭക്കു എട്ടാമത്തെ പീഡ ആരംഭിച്ചു. ഈ ഉപദ്രവം 42 മാസം റോമാസാമ്രാജ്യമെങ്ങും നടന്നു; വളരെ ഭക്തന്മാർ രക്തസാക്ഷികളായി മരിച്ചു. ഈ കൂട്ടത്തിൽ ഒരുവനായിരുന്നു സീറിൽ എന്നു പേരായ ബാലൻ.

സിറിൽ കപ്പദോക്യയിലെ കൈസര്യ പട്ടണത്തിൽ ജനിച്ചു. ഈ ബാലൻ രക്തസാക്ഷിയായി മരിക്കുമ്പോൾ അവനു 6 വയസുമാത്രമേ പ്രായം ഉണ്ടായിരുന്നുള്ളു. അവൻെറ മാതാപിതാക്കന്മാർ വിഗ്രഹാരാധികൾ ആയിരുന്നു. ഈ കുട്ടി ചെറുപ്പത്തിലെതന്നെ കൎത്താവായ യേശുവിനെ തൻെറ രക്ഷിതാവായി അംഗീകരിക്കുകയും എപ്പോഴും "യേശുവേ! യേശുവേ! എൻെറ രക്ഷിതാവേ!" എന്നുച്ചരിച്ചുകൊണ്ടിരിക്കയും ചെയ്ക പതിവായിരുന്നു. ഇങ്ങനെ സംസാരിക്കരുതു എന്നു മാതാപിതാക്കന്മാരും സ്നേഹിതന്മാരും സ്നേഹത്തോടും ശാസനയോടുംകൂടെ അവനെ ഉപദേശിച്ചു. അവനതിനു കീഴ്പ്പെടാഞ്ഞതിനാൽ അപ്പൻ അവനെ അടിച്ചു വീട്ടിൽനിന്നു പുറത്താക്കി. ശത്രുക്കൾ അവനെ പിടിച്ചു ന്യായാധിപതിയുടെ അടുക്കൽ കൊണ്ടുപോയി. ന്യായാധിപതി കുട്ടിയെ വിളിച്ചു അവനോടു: "കുഞ്ഞേ! നീ ഇങ്ങനെ.

ബുദ്ധികെട്ടവനായിത്തീന്നതെന്തുകൊണ്ടാണ്? നിന
ക്ക പ്രയോജനമുള്ളതും നന്മവരുന്നതുമായ കാൎയ്യങ്ങളെ
ക്കുറിച്ച നീ ചിന്തിക്കാത്തതു എന്തു്? നിൻെറ ഈ
വിശ്വാസത്തെ വിട്ടുകളക, ഞാൻ നിൻെറ കുററംക്ഷ
മിച്ച സുഖത്തോടെ നിൻെറവീട്ടിലേക്ക അയയ്ക്കാം"
എന്ന വളരെ ശാന്തമായും സ്നേഹമായും സംസാരിച്ചു.
അതിന കുട്ടി "എനിക്ക വീടും ധനങ്ങളും എന്തിനു?
അല്പ ലോകസന്തോഷങ്ങളെ ആശ്രയിച്ച ആത്മരക്ഷ
യെ നഷ്ടപ്പെടുത്താമോ? ഞാൻ മരിച്ചാൽ ദൈവം
എന്നെ മോക്ഷലോകത്തിൽ ചേൎത്തു എനിക്ക നിത്യാ
നന്ദം നൽകും, അതു മാത്രം എനിക്ക മതി" എന്നപ
റഞ്ഞു. ന്യായാധിപതി അതു കേട്ട അവനെ ഭയപ്പെ
ടുത്തേണ്ടതിനായി ബന്ധിച്ച കൊലക്കളത്തിൽ കൊ
ണ്ടുപോയി അഗ്നിച്ചൂള കാണിച്ച തിരിച്ചുകൊണ്ടു വ
രേണമെന്ന പടയാളികളോട രഹസ്യമായി പറഞ്ഞ
യച്ചു. അങ്ങനെ അവനെ കൊണ്ടുപോയി കാണി
ച്ചെങ്കിലും അവൻ അല്പംപോലും ഭയപ്പെടാതെ വീ
ണ്ടും ന്യായാധിപതിയുടെ മുൻപാകെ ശാന്തതയോ
ടും ധീരതയോടുംകൂടെ നിന്നുകൊണ്ടു: "നിങ്ങളുടെ വാ
ളും തീച്ചൂളയും എന്നെ എന്തു ചെയ്‌വാൻ കഴിയും?
നിങ്ങൾക്ക ചെയ്‌വാനുള്ളതു വേഗം ചെയ്തുകൊൾ
വിൻ! ഞാൻ എൻെറ മോക്ഷവീട്ടിൽ വേഗം ചെന്നെ
ത്തട്ടെ" എന്ന പറഞ്ഞു. അവിടെ നിന്നിരുന്ന പല
രും ഇതുകേട്ടപ്പോൾ കരഞ്ഞു. അവൻ അവരോട:
"നിങ്ങൾ എന്തിന്ന കരയുന്നു? ഞാൻ പോകുന്ന സ്വ
ൎഗ്ഗനഗരം എങ്ങിനെയുള്ളതെന്ന നിങ്ങൾ അറിഞ്ഞി
രുന്നുവെങ്കിൽ എന്നേക്കുറിച്ച ദുഃഖിക്കാതെ സന്തോ

ഷികമായിരുന്നു," എന്നു വളരെ പ്രസന്നതയോടുകൂടെ സംസാരിച്ചു.

ന്യായാധിപൻെറ കൽപനയനുസരിച്ചു അവനെ ശത്രുക്കൾ തീച്ചൂളയിലേക്കു എറിഞ്ഞു, മഹാസന്തോഷത്തോടുകൂടെ താൻ തീച്ചൂളയിൽ കിടന്നു ജീവനെ വിട്ടു. ഇതു സംഭവിച്ചതു എ. ഡി. **260** ൽ ആയിരുന്നു

---

കഷ്ടതകൾ ദൈവമേ! എന്നവകാശം തന്നെയല്ലോ
വിശ്വസിപ്പാൻ മാത്രമല്ല നൽവരം— തങ്ക
കഷ്ടതകൾ സഹിപ്പാനും പ്രാപ്തിതാ

വന്മരണത്താഴ്‌വരയിൽ ഞാൻ ചരിച്ചീടിലുമൊരു
തിന്മയും ഭയപ്പെടുകയില്ല ഞാൻ— നിൻചെ
ങ്കോലെനിക്കു സമാശ്വാസമല്ലയോ?

# 11. വിശുദ്ധനായ സെബാസ്റ്റിൻ.

ഗർവിഷ്ഠനും, കോപിയും, ക്രൂരനുമായിരുന്ന ഡ യോക്ലീഷൻെറ കാലത്തു പത്താമത്തെ മതപീഡ ആരംഭിച്ചു. റോമാസാമ്രാജ്യത്തിൻെറ പല ഭാഗങ്ങളിലുമായി താമസിച്ചിരുന്ന പാവപ്പെട്ട ക്രിസ്ത്യാനികൾ ഈ ചക്രവൎത്തിയുടെ പത്തു വർഷക്കാലത്തെ ഭരണത്തിനിടയ്ക്കു അനുഭവിച്ച കഷ്ടതകൾ അവർണ്ണനീയംതന്നെ.

ഇക്കാലത്തു ജീവൻ ത്യജിക്കേണ്ടിവന്നവരായ ആളുകളിൽ ഒരാളായിരുന്നു വിശുദ്ധനായ സെബാസ്റ്റിൻ. ഇദ്ദേഹം ഗാൾ ദേശത്തു നാർബോൺ പട്ടണത്തിൽ ജനിച്ചു. ചെറുപ്പത്തിൽതന്നെ വിശുദ്ധിയിൽ വളൎത്തപ്പെട്ട ഈ യുവാവു മിലാൻപട്ടണത്തിൽ തൻെറ അഭ്യസനം പൂൎത്തിയാക്കുകയും ഒരു സത്യക്രിസ്ത്യാനിയായി ജീവിതം നയിക്കുകയും ചെയ്തു. എന്നാൽ ഈലോകം തനിക്കു യോഗ്യമായതല്ലെന്നു ഏറെ താമസിയാതെ അറിയുന്നതിനു സാധിച്ചു.

ഈ യുവാവിനെ റോമിൽ ചക്രവൎത്തിയുടെ അംഗരക്ഷകന്മാരിൽ ഒരാളായി നിയമിച്ചു. വിഗ്രഹാരാധകരുടെ മധ്യത്തിൽ ഒരു സത്യക്രിസ്ത്യാനിയായി വളൎന്നുവരുന്നതിനു വേണ്ട സകല ശക്തികളും ഉയരത്തിൽനിന്നു ദിവസേന തനിക്കു ലഭിച്ചുകൊണ്ടിരുന്നു. ജഡമോഹങ്ങളിലേക്കു തന്നെ ആകർഷിക്കത്തക്ക അനേക സംഗതികളും അവിടെയുണ്ടായിരുന്നുവെങ്കിലും അവയിൽ ഒന്നിലും ദൃഷ്ടി പതിക്കാതെ അവൻ




വിശുദ്ധനായ സെബാസ്റ്റിനെ അമ്പെയ്യുന്നതു്

ജീവിച്ചു. തന്റെ യജമാനന്മാരാൽ താൻ സ്നേഹിക്കപ്പെട്ടവനായും സമന്മാരാൽ ബഹുമാനിക്കപ്പെട്ടവനായും തീൎന്ന ഇദ്ദേഹം പീഡാകാലത്തു പല പ്രയാസങ്ങളും അനുഭവിച്ചു. തങ്ങളുടെ ദേവനെ ആരാധിക്കാതെ വേറെ ദൈവത്തെ ആരാധിച്ചുകൊണ്ടു ജീവിക്കുന്ന ഈ യുവാവിനെ എങ്ങനെയെങ്കിലും തൽസ്ഥാനത്തുനിന്നു മാററുകയും ഒടുക്കിക്കളകയും ചെയ്യണമെന്നു കരുതി ശത്രുക്കൾ അവനെതിരായി പല ഏഷണികൾ രാജസന്നിധിയിൽ ഉണൎത്തിച്ചു. തൽഫലമായി സെബാസ്റ്റിനെ റോമാപട്ടണത്തിനുവെളിക്കുള്ള കാമ്പസു മാർഷ്യസു എന്നു പേരായ ഒരു വയലിലേക്കു കൊണ്ടുപോയി അമ്പു എയ്തു കൊന്നുകളയുന്നതിനു രാജാവിന്റെ കല്പനയുണ്ടായി. വൈരികൾ തന്നെ അവിടേക്കുകൂട്ടി കൊണ്ടുപോയി രാജാവിന്റെ കല്പന നിറവേററി. അവൻ മരിച്ചുപോയി എന്നു വിചാരിച്ചു ശത്രുക്കൾ അവരുടെ വഴിക്കുപോയി.

ഏതാനും സ്നേഹിതന്മാർ തന്റെ ശരീരം മറവു ചെയ്യുന്നതിനായി ചെന്നു നോക്കിയപ്പോൾ തന്നിൽ ജീവന്റെ ലക്ഷണങ്ങൾ കണ്ടു ശ്രദ്ധമായി വേറൊരു സ്ഥലത്തേക്കു കൊണ്ടുപോയി ശുശ്രൂഷിച്ചു. നടക്കത്തക്ക പ്രാപ്തി തനിക്കു ലഭിച്ചപ്പോൾ രാജാവിന്റെ അടുക്കലേക്കു പോകണമെന്നു വിചാരിച്ചു. എന്നാൽ ഈ സമയംകൊണ്ടു താൻ ജീവിച്ചിരിക്കുന്നെന്നു ശത്രുക്കൾ അറിഞ്ഞു ആ സ്ഥലം അന്വേഷിച്ചു ചെന്നു അവനെ വീണ്ടും വലിച്ചിഴച്ചു ചക്രവൎത്തിയുടെ സന്നിധിയിലേക്കു കൊണ്ടുചെന്നു. ചക്രവൎത്തിയുടെ മുമ്പാകെ നിന്നുകൊണ്ടു ഈ വീരപുരുഷൻ ഇ

പ്രകാരം പറഞ്ഞു. "അല്ലയോ ക്രൂരനായ രാജാവേ! ക്രിസ്ത്യാനികളോടുള്ള അങ്ങയുടെ പ്രവൎത്തനം ഏററവും നിന്ദ്യവും ആക്ഷേപാൎഹവുമത്രെ. അങ്ങു ചെയ്തിട്ടുള്ള ഓരോ പ്രവൎത്തികൾക്കും അവസാന നാളിൽ ദൈവമുമ്പാകെ കണക്കബോധിപ്പിക്കേണ്ടി വരുമെന്നുള്ളതു ധരിച്ചാലും. നീചനായുള്ളോവേ! ഞാൻ സേവിക്കുന്ന ദൈവം ശക്തനത്രെ എന്നു അറിഞ്ഞാലും"!

ഈ സംസാരത്തിങ്കൽ കുപിതനായിത്തീൎന്ന ഡയോക്ലീഷൻ, സെബാസ്ററിനെ വീണ്ടും ദണ്ഡിപ്പിക്കുന്നതിനും അതിൻെറശേഷം വടികൊണ്ടു അടിച്ചുകൊല്ലുന്നതിനും കല്പിച്ചു. ക്രൂരന്മാരായ പടയാളികൾ തന്നെ അടിച്ചുകൊന്നു കിടങ്ങുകുഴിയിലേക്കു തള്ളിക്കളഞ്ഞു.

ഇപ്രകാരം വിശുദ്ധനായ സെബാസ്ററിൻ തൻെറ ജീവനെ കൎത്താവിൽ ഭരമേല്പിച്ചു, ഒരു ഉത്തമ രക്തസാക്ഷിയായി ജീവൻ വെടിഞ്ഞു.

[stamp]

# 12. രക്തസാക്ഷികളായ മൂന്നു സഹോദരന്മാർ.

നിലീഷ്യയിലെ ഗവർണ്ണരായിരുന്ന മാക്സിമസു തർസൂസു നഗരത്തിൽ താമസിച്ചിരിക്കുമ്പോൾ ഒരു സൈനിക ഉദ്യോഗസ്ഥനായിരുന്ന ദെമെത്രിയോസു, മൂന്നു ക്രിസ്ത്യാനികളെ അവന്റെ അടുക്കൽ കൊണ്ടുചെന്നു. ഈ തടവുകാരിൽ വച്ചു പ്രായത്തിലും സ്ഥാനനിലയിലും കൂടിയിരുന്ന ആളായ ടറാക്കസ്സിനോടു താൻ ആരാണെന്നു ഗവർണ്ണർ ചോദിച്ചു. താൻ ഒരു ക്രിസ്ത്യാനിയാണെന്നു ടറാക്കസു മറുപടി ബോധിപ്പിച്ചു. ഈ മറുപടിയിൽ ഗവർണ്ണക്കു അസുഖം ജനിക്കയാൽ ആ ചോദ്യം തന്നെ വീണ്ടും ചോദിച്ചു. അതിനു പഴയ പ്രകാരം തന്നെ മറുപടി നൽകി. ഗവർണ്ണർ അതിനോടു ഏതുത്തരവുംകൂടാതെ ദേവന്മാക്കു ബലി കഴിക്കണമെന്നും അങ്ങനെ ചെയ്യുന്നതുകൊണ്ടു മാത്രമേ ധനവും ബഹുമാനവും ഉണ്ടാകയുള്ളു എന്നും ചക്രവത്തികൾപോലും അങ്ങനെ ചെയ്യുവരുന്നൊന്നും അവനോടു പറഞ്ഞു.

ദ്രവ്യാഗ്രഹം ഒരു പാപമാണെന്നും, മറേറതു വിഗ്രഹത്തേയും പോലെ കനകവും ദൂഷ്യകരമായ ഒരു വിഗ്രഹമാണെന്നും, അതുനിമിത്തം കള്ളത്തരങ്ങളും ചതിവുകളും മോഷണങ്ങളും കൊലപാതകങ്ങളും ഉണ്ടാകുന്നുണ്ടെന്നും പരസ്പരം വഞ്ചിക്കുന്നതിനും ഒടുവിൽ അതു ചതിയായി പരിണമിക്കുന്നതിനും തങ്ങളുടെ നിത്യനാശത്തിനായി കൈക്കൂലികൊണ്ടു ബ

ലഹീനന്മാരെ കവരുന്നതിനും അതു കാരണമായി ത്തീരുന്നുണ്ടെന്നും വിഗ്രഹങ്ങളെ പൂജിക്കുന്നതിനു ഇടയാകത്തക്ക യാതൊരു സ്ഥാനവും മനസ്സാക്ഷി ക്കനുസരണമായി സ്വീകരിപ്പാൻ ന്യായമില്ലാത്തതു കൊണ്ടു ഉയർച്ചയെ താൻ മോഹിക്കുന്നില്ലെന്നും, ബഹുമാനത്തെ സംബന്ധിക്കുന്ന കാൎയ്യത്തിൽ ക്രിസ്ത്യാനി എന്നുള്ള മാന്യനാമത്തേക്കാൾ കൂടുതലായി യാതൊന്നിനോടും തനിക്കു പ്രിയമില്ലെന്നും, ചക്രവൎത്തിമാർ ആത്മജ്ഞാനമില്ലാത്തവരായിരിക്കുന്നതുനിമിത്തം വഞ്ചിക്കപ്പെട്ടു, സുബുദ്ധിയില്ലാതെ വിഗ്രഹങ്ങളെ സേവിക്കുന്നതിനും പിശാചുതന്നെ നേരിട്ടു അവരെ നാശത്തിലേക്കു നടത്തുന്നതിനു ഇടയാക്കുന്നു എന്നും, ടറാക്കസ് സ്ഥൈൎയ്യമായും ധൈൎയ്യമായും മറുപടി പറഞ്ഞു.

ഒട്ടും കൂസൽ കൂടാതെ ടറാക്കസ്സ് ഈവിധം സംസാരിച്ചതു മൂലം ഒരു ദണ്ഡുകൊണ്ടു അവനെ കഠിനമായി അടിച്ചു അവൻെറ താടിയെല്ലു തകൎത്തു. അനന്തരം അവൻെറ വസ്ത്രം അഴിച്ചെടുത്തു കരടാചിനാൽ അടിച്ചു. ഭാരമേറിയ ചങ്ങലകളാൽ ബന്ധിച്ചു മററു രണ്ടുപേരുടെയും വിസ്താരം അവസാനിക്കുന്നതുവരെയും ദുൎഗ്ഗന്ധപൂൎണ്ണമായ ഒരു കുണ്ടറത്തടവിൽ പാൎക്കുന്നതിനയച്ചു.

പിന്നീടു രണ്ടാമനായ പ്രോബസ്സിനെ മാക്സിമസ്സിൻെറ മുമ്പിൽ കൊണ്ടുവന്നു. അവനോടു: നിൻെറ പേരു് എന്തു് എന്നു മാക്സിമസ്സ് ചോദിച്ചതിനു മറുപടിയായി "എനിക്കു പ്രശംസാൎഹമായ

എൻെറ ഏററവും നല്ലപേരു ക്രിസ്ത്യാനി എന്നുള്ളതാണു" എന്നുപറഞ്ഞു. മാക്സീമസ്സ ഇതുകേട്ടപ്പോൾ, "നീ ദേവന്മാരെ ആരാധിക്കാതിരിക്കയും ചക്രവത്തിയുടെ പ്രീതി കാംക്ഷിക്കാതിരിക്കയും ചെയ്യുന്നുവെങ്കിൽ ക്രിസ്ത്യാനി എന്നുള്ള നിൻെറ പേരുകൊണ്ടു നിനക്കു ഒരു ഫലവുമുണ്ടാകയില്ല" എന്നു പറഞ്ഞു. ക്രിസ്തുവിൻെറ ഒരു ഭടനായി തീരേണ്ടതിനുവേണ്ടി സാമാന്യമായി തനിക്കുണ്ടായിരുന്ന ഭാഗ്യസ്ഥിതികളെല്ലാം താൻ വെടിഞ്ഞുകഴിഞ്ഞിരിക്കയാണെന്നും, ചക്രവത്തിയുടെ പ്രീതിയെ താൻ ഗണ്യമാക്കുന്നില്ലെന്നുള്ളതു അതുകൊണ്ടു സ്പഷ്ടമാകുന്നുണ്ടെന്നും പ്രോബസ്സ് മറുപടി നൽകി. ഉടനെ അവർ അവനെ പിടിച്ചുകെട്ടി വാറുകൊണ്ടു അടിപ്പിച്ചു. അടിച്ചുകൊണ്ടിരിക്കുന്ന മദ്ധ്യേ സൈനികഉദ്യോഗസ്ഥനായ ഡെമെത്രെയോസ് അവനോടു: "നിൻെറ ശരീരത്തിൽ നിന്നു നിണം ഒഴുകുന്നതു നീ കാണുന്നില്ലേ? അനുസരിച്ചുകൊള്ളുകയാണു നിനക്കു നല്ലതു" എന്നിങ്ങനെയൊക്കെ പറഞ്ഞതിനു മറുപടിയായി അവൻ തല ഒന്നു കുലുക്കിയതുമാത്രമേയുള്ളു. മാക്സിമസ്സ അതു കണ്ടപ്പോൾ "അവൻ ഇനിയും തൻെറ മോഷത്വത്തെ മുറുകെപിടിക്കുന്നുവോ? അവൻ ശിക്ഷയെ സഹിക്കുന്നതു ഞാനും കാണേണ്ടതിനുവേണ്ടി അവൻെറ മുഖം എൻെറ നേരെ തിരിച്ചു നിറുത്തട്ടെ" എന്നു ആജ്ഞാപിച്ചു. അതനുസരിച്ചു പ്രോബസ്സിനെ തിരിച്ചു നിറുത്തി. അതിൽ പിന്നെ അടിച്ചതെല്ലാം അവൻെറ നെഞ്ചിലായിരുന്നു. പുറത്തു അടികൊണ്ടപ്പോൾ പ്രദർശിപ്പിച്ചിരുന്ന ധൈര്യം ഒട്ടും ക്ഷയിച്ചിരുന്നില്ല എന്നുമാ

ത്രമല്ല, "എൻെറ ശരീരത്തിൽ ഞാൻ എത്രത്തോളം പങ്കപ്പാടുകൾ ഏൽക്കുന്നുവോ അത്രത്തോളം ബലവും ധൈയ്യവും എൻെറ ആത്മാവിനു വർദ്ധിക്കുന്നു" എന്നവൻ പ്രസ്താവിച്ചു. ഇതെല്ലാം കഴിഞ്ഞശേഷം ഭാരമേറിയ ചങ്ങലകളാൽ അവനെ ബന്ധിക്കുകയും കാലും കയ്യും ആമത്തിലിടുകയും ചെയ്തു.

പിന്നീടു മൂന്നാമനായ അൻഡ്രോണിക്കസിനെ വിസ്താരസ്ഥലത്തു കൊണ്ടുവന്നു പതിവുപോലെയുള്ള ചോദ്യങ്ങൾ ചെയ്തു. താൻ എഫേസൂസുകാരനായ ഒരു ക്രിസ്ത്യാനിയാണെന്നും അവിടത്തെ ആദ്യ കുടുംബങ്ങളിൽ ഒന്നിൻെറ തായ്‌വഴിയിൽ ഉൾപ്പെട്ടവനാണെന്നും ധൈയ്യമായി അവൻ മറുപടി ബോധിപ്പിച്ചു. ടറാക്കസ്സിനും പ്രോബസിനും നൽകിയ ശിക്ഷതന്നെ അവൻെറ മേലും നടത്തുവാൻ വിധി കൽപിച്ച ശേഷം അവനെയും കാരാഗൃഹത്തിലേക്കയച്ചു.

ചില ദിവസങ്ങൾ തടവുകാർ മൂന്നുപേരെയും കാരാഗൃഹത്തിൽ പാർപ്പിച്ചശേഷം മാക്സിമസ്സിൻെറ മുമ്പിൽ വീണ്ടും കൊണ്ടുചെന്നു. അവർ ഇതുവരെ അനുഭവിച്ച ശിക്ഷകൾ അവരുടെ മനസ്സു മാററത്തിനു കാരണമായിത്തീർന്നിട്ടുണ്ടെന്നു താൻ വിചാരിക്കുന്നു എന്നും മാക്സിമസ്സ് ടറാക്കസ്സിനോടു പറഞ്ഞു. എന്നാൽ തൻെറ ധാരണ ശരിയല്ലെന്നു മാക്സിമസ്സിനു മനസ്സിലായപ്പോൾ ടറാക്കസ്സിനെ നാനാമാർഗ്ഗേണ പീഡിപ്പിക്കുന്നതിനായി അദ്ദേഹം കൽപന കൊടുത്തു. അതനുസരിച്ചു തീക്കട്ടകൾ അവൻെറ

കൈവെള്ളയിൽവച്ച് അവനെക്കൊണ്ട് അത് മുറുകെ പിടിപ്പിക്കുകയും, കാലുമുകളിലാക്കി കെട്ടിത്തൂക്കി നനഞ്ഞ കച്ചി അതിന്റെ കീഴെയിട്ടു തീ കത്തിക്കുകയും അതിനുശേഷം അവിടെനിന്നു അഴിച്ച് വീണ്ടും കുണ്ടറത്തടവിൽ പാർപ്പിക്കുകയും ചെയ്തു. പിന്നീട് പ്രോബസിനെ വിളിച്ചിട്ട് "ദേവന്മാർക്ക് ഇനിയും ബലികഴിക്കുവാൻ മനസ്സുണ്ടോ?" എന്നു ചോദിച്ചു. "ക്രിസ്തുവിലുള്ള എന്റെ വിശ്വാസത്തിനുവേണ്ടി കഷ്ടമനുഭവിക്കുവാൻ മുൻപിലത്തേതിനേക്കാൾ കൂടുതൽ സന്നദ്ധതയുള്ളവനായിട്ടത്രെ ഞാൻ തീന്നിരിക്കുന്നത്. ഞാൻ ഇതുവരെ സഹിച്ച പീഡകൾ കൊണ്ട് എന്റെ തീരുമാനം ബലപ്പെടുകയും ഉറയ്ക്കുകയുമേ ചെയ്തിട്ടുള്ളു. നിങ്ങളുടെ മുഴു അധികാരവും എനിക്കു വിരോധമായി പ്രയോഗിച്ചുകൊൾകയേവേണ്ടു. എന്നാൽ നിങ്ങളാകട്ടെ, ചക്രവർത്തിയാകട്ടെ, നിങ്ങളുടെ വിഗ്രഹങ്ങളാകട്ടെ ഞാൻ അറിഞ്ഞിട്ടില്ലാത്ത ദേവന്മാരെ ആരാധിക്കുന്നതിനു എന്നെ പ്രേരിപ്പിക്കുവാൻ ശക്തമായിത്തീരുകയില്ല എന്നു ഉറപ്പു പറയുന്നു" എന്നു അവൻ മറുപടി പറഞ്ഞു.

ജൂപ്പിററർ ദേവനു ബലി കഴിക്കേണ്ടതിനുവേണ്ടി യുക്തിന്യായങ്ങൾ പറഞ്ഞും വിജാതീയദേവന്മാരെ സ്തുതിച്ചും കൊണ്ട് ഗവർണ്ണർ അവനെ നിർബന്ധിച്ചുവെങ്കിലും അവൻ അതിനെയെല്ലാം നിഷേധിച്ചു ഇപ്രകാരം മറുപടി പറഞ്ഞു: "നിങ്ങളുടെ സ്വന്ത കവിവരന്മാരും പുരോഹിതന്മാരുംപോലും സമ്മതിച്ചിരിക്കുന്നതുപോലെ വഷളത്വങ്ങളുള്ളതായി പറയപ്പെട്ടിരിക്കുന്ന ജൂപ്പിററർ ദേവനു ഞാൻ ദൈ

വികമായ ബഹുമതി നൽകുന്നതെന്തിനു്? ഈ വാക്കുകൾ കേട്ടു കുപിതനായി അവ ദൈവദൂഷണമെന്നു പറഞ്ഞു പ്രോബിയസിന്റെ വാളു് അടിപ്പാനും അവന്റെ ശരീരത്തിൽ ഇരുമ്പുകോൽ പഴുപ്പിച്ചു വയ്ക്കുവാനും ഗവർണ്ണർ കല്പിച്ചു. ഈ കടുംകൈകൾ അവന്റെ നേരെ പ്രയോഗിച്ചശേഷം കാരാഗൃഹത്തിലേക്കു തിരികെ അയച്ചു.

മാക്സിമസിന്റെ മുമ്പിൽ അടുത്തതായി കൊണ്ടുവരപ്പെട്ടതു അൻഡ്രോണിക്കസായിരുന്നു. അവനെ വഞ്ചിക്കണമെന്നുള്ള ഉദ്ദേശത്തിന്മേൽ, ടറാക്കസും പ്രോബസും വിശ്വാസം ഉപേക്ഷിച്ചു സാമ്രാജ്യദേവന്മാരെ ആരാധിക്കുന്നതിനായി തിരിച്ചുപോയി എന്നു മാക്സിമസു ഗവർണ്ണർ അവനോടു പറഞ്ഞപ്പോൾ അതിനു മറുപടിയായി ആ തടവുകാരൻ പറഞ്ഞതു: "അല്ലയോ ഗവർണ്ണരെ! ഇക്കാര്യത്തിൽ എനിക്കു മുമ്പിൽ ഇവിടെ ഹാജരാക്കപ്പെട്ടവരുടെ മേൽ ഇപ്രകാരം ഒരു ബലഹീനത ചുമത്താതെയും കൌശലവാക്കുകളാൽ എന്റെ ദൃഢവ്രതത്തിൽനിന്നു എന്നെ വ്യതിചലിപ്പിക്കുന്നതിനു നിങ്ങൾക്കു ത്രാണിയുണ്ടെന്നു തിരുപിക്കാതെയും ഇരുന്നാലും! തങ്ങളുടെ ദൈവത്തിന്റെ പ്രമാണത്തെ അവർ ലംഘിച്ചു എന്നു വിശ്വസിപ്പാൻ എനിക്കു തരമില്ല. മാത്രമല്ല, ഞങ്ങളുടെ രക്ഷിതാവിനോടുള്ള ആശ്രയത്തിൽനിന്നും വിശ്വാസത്തിൽനിന്നും പിന്തിരിവാൻ ഞാൻ ആഗ്രഹിക്കുന്നുമില്ല. നിങ്ങളുടെ ദേവന്മാരെപ്പററിയുള്ള അറിവോ നിങ്ങളുടെ അധികാരശക്തിയെക്കുറിച്ചുള്ള ഭയമോ എനിക്കില്ല. നിങ്ങൾ ഭയ

പ്പെടുത്തുന്ന കാര്യങ്ങൾ പ്രയോഗത്തിൽ വരുത്തി ക്കൊൾവിൻ. നിങ്ങൾ കണ്ടുപിടിച്ചിട്ടുള്ളതിൽ വെ ച്ചു ഏററവും ക്രൂരതയുള്ള മാർഗ്ഗം അതിനായി ഉപ യോഗപ്പെടുത്തിക്കൊൾവിൻ. നിഷ്കരുണമായ വിദ്യ കൾ അതിൽ പെരുമാറിക്കൊൾവിൻ. എന്നിരുന്നാ ലും ക്രിസ്തുവിൻനിമിത്തം അവയൊക്കെയും ഏൽ ക്കുവാൻ ഞാൻ തയ്യാറായിരിക്കുന്നു"

ഇതു കേട്ടപ്പോൾ ഗവർണ്ണരുടെ കോപം ശ ക്തിയായി ജ്വലിക്കയും വാറുകൊണ്ടു അവനെ അ ടിപ്പിക്കയും ചെയ്തു. എന്നാൽ അടിപ്പിണരുകൾ അല്പസമയത്തിന്നിടയിൽ സൗഖ്യപ്പെട്ടന്നതു കണ്ടി ട്ടു, ആരോ ഒരു വൈദ്യൻ അവനെ ചികിത്സിച്ചുകാ ണണമെന്നു പറഞ്ഞു ഗവർണ്ണർ കാരാഗൃഹപ്രമാണി യെ കുററപ്പെടുത്തിയപ്പോൾ, യാതൊരുത്തരും, മ ററു തടവുകാർപോലും അവൻെറ അടുത്തു ചെന്നി ട്ടില്ലെന്നും, ആ തരത്തിലുള്ള ഒരു സംഭവം അവിടെ നടന്നിട്ടുള്ളതായി തെളിയിക്കുന്നപക്ഷം തൻെറ ശി രച്ഛേദം ചെയ്തുകൊള്ളുന്നതിന്നു സ്വമനസ്സാലെ സ മ്മതിച്ചിരിക്കുന്നു എന്നും കാരാഗൃഹപ്രമാണി പ്രസ്താ വിച്ചു. കാരാഗൃഹപ്രമാണി പ്രസ്താവിച്ചതു വാസ്ത വമാണെന്നും താൻ സേവിച്ചുവരുന്ന ദൈവം വൈ ദ്യന്മാരൊക്കെയുംകാൾ ഏററവും ശക്തനാണെന്നും അൻഡ്രോണിക്കസ്സ് അതിനോടനുകൂലിച്ചു സംസാ രിച്ചു.

മൂന്നാമതു ഒരു പ്രാവശ്യത്തെ വിസ്താരത്തി ന്നായി കുറെക്കൂടെ കഴിഞ്ഞിട്ടു ക്രിസ്ത്യാനികളെ മൂന്നുപേരെയും കാരാഗൃഹത്തിൽനിന്നു ഇറക്കിക്കൊ

ണ്ടു പോയി. അപ്പോഴം അവരെ വളരെ പീഡി പ്പിച്ചു; ഒടുവിൽ മരണശിക്ഷയ്ക്കായി വ്യല്പിച്ചുകൊടുത്തു. അതനുസരിച്ചു അവരെ രംഗസ്ഥലത്തു കൊണ്ടുചെന്നു നിറുത്തി. അനേകവന്യമൃഗങ്ങളെ അവരുടെ നേരെ അഴിച്ചുവിട്ടു. എന്നാൽ മൃഗങ്ങളിൽ ഒന്നും അവരെ തൊട്ടില്ല. ഇതുനിമിത്തം മാക്സിമസിനു നിരാശയും വൈരാഗ്യവും ജനിക്കയാൽ കാവൽക്കാരനോടു മറെറാരു അതിക്രൂരമൃഗത്തെ കൊണ്ടുവരുന്നതിനു ആവശ്യപ്പെട്ടു. അന്നേദിവസം മൂന്നാളുകളെ കടിച്ചുകീറിക്കൊന്ന ഒരു വലിയ കരടിയെ ആ കാവൽക്കാരൻ കൊണ്ടുവന്നു. എന്നാൽ ഈ മൃഗമാകട്ടെ, വേറെ അവിടെ അപ്പോൾ കൊണ്ടുവരപ്പെട്ട ക്രൂരതയേറിയ ഒരു സിംഹിയാകട്ടെ, ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നതിനു തുനിഞ്ഞില്ലെന്നുള്ളതു എത്രയും വിസ്മയജനകമായ ഒരു യഥാർത്ഥമാണു്. വന്യമൃഗങ്ങളെക്കൊണ്ടു കൊല്ലിക്കുന്നതു അസാദ്ധ്യമാണെന്നു കണ്ടപ്പോൾ ഖഡ്ഗപ്രയോഗത്താൽ തന്നെ അവരെ വധിക്കുന്നതിനു മാക്സിമസ്സ് ആജ്ഞാപിച്ചതനുസരിച്ചു അവരെ വാളിനിരയാക്കിത്തീർത്തു. മരണം സകല മനുഷ്യർക്കും പൊതുവേ വിധിക്കപ്പെട്ടിട്ടുള്ളതാകയാൽ ഏതെങ്കിലും രോഗം വന്നു മൃതിയടയുന്നതിനേക്കാൾ ക്രിസ്തുവിൻെറ നിമിത്തം മരിക്കുന്നതു ശ്രേഷ്ഠതയേറിയതാണെന്നു പ്രസ്താവിച്ചുകൊണ്ടു അവർ ലോകരംഗത്തുനിന്നും മറഞ്ഞു.

# 13. കാർത്തേജിലെ ബിഷോപ്പായിരുന്ന കുപ്രിയാനോസ്.

ഇദ്ദേഹം ധനസ്ഥിതിയും കുലീനത്വവുമുള്ള ഒരുകുടുംബത്തിൽ പെട്ടവനും ശൈശവം തൊട്ടു റോമയിലെ പുറജാതികളുടെ പുരാതനദേവന്മാരിലുള്ള വിശ്വാസത്തിൽ പരിചയിച്ചവനും ആയിരുന്നു. താൻ വളരെ സമർത്ഥനും വാഗ്വൈഭവമുള്ളവനുമായിരുന്നതിനാൽ തത്വജ്ഞാനവിഷയങ്ങളോടു പ്രതിപത്തി തോന്നുകയും അവയാൽ താൻ ആകർഷിക്കപ്പെടുകയും ചെയ്തിരുന്നു. ഏതദ്വിഷയകമായി നിപുണത സമ്പാദിച്ചശേഷം പൊതുസ്ഥലങ്ങളിൽ പ്രസംഗത്തിനു ചെല്ലുന്ന അവസരം അനേകായിരങ്ങൾ തന്നെ സന്തോഷപുരസരം ശ്രദ്ധിക്കയും താൻ സര്വ്വരാലും ശ്ലാഘിക്കപ്പെട്ടുപോരികയും ചെയ്തു.

വലിയ ധനികനായിരുന്നതിനാൽ മോടിയായ വസ്ത്രധാരണം ചെയ്തും, സുഖഭോജനം കഴിച്ചുംകൊണ്ടു തന്റെ സ്ഥിതിയെക്കുറിച്ചു അഹംഭാവമുള്ളവനായും, ആഡംബരപ്രിയനായും നാനാവിധപരിഷ്കാരോല്ലാസങ്ങൾക്കും വിധേയനായും അത്യന്തം പ്രതാപകരമായ ഒരു ജീവിതം നയിച്ചു. മനുഷ്യൻ തന്റെ ഇഷ്ടാനിവൃത്തിക്കായിട്ടാണു ജീവിക്കേണ്ടതെന്നും സുഖാനുഭവങ്ങൾക്കായിട്ടാണു അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും വിശ്വസിച്ചിരുന്നു.

എന്നാൽ ഈശ്വരഭയമില്ലാത്തവനും ഡംഭിയും വിഗ്രഹപൂജകനുമായ കുപ്രിയാനോസിന്റെ ഈ സ്ഥിതിയെല്ലാം പില്ക്കാലത്തു മാറി, വിപരീതനായ ഒരു ക്രിസ്തനുഗാമിയായിത്തീരുവാനുള്ള ഭാഗ്യം സിദ്ധിച്ചു.

കോസിലിയസു എന്നു പേരുള്ള കാർത്തേജുകാരനായ ഒരു ക്രിസ്ത്യാനി മുഖാന്തിരം അവൻ മാനസാന്തരപ്പെടുന്നതിനിടയായി. തന്നിമിത്തവും അവൻ്റെ ഉപദേഷ്ടാവിന്റെ പേരിൽ തനിക്കു തോന്നിയ പ്രീതിനിമിത്തവും താൻ കോസിലിയസു കുപ്രിയാനോസു എന്ന നാമം ധരിച്ചു.

കുപ്രിയാനോസു സ്നാനപ്പെടുന്നതിനു മുമ്പു തന്നെ തിരുവെഴുത്തുകളെ ശ്രദ്ധാപൂർവം ശോധനചെയ്യുകയും തൽപ്രമാണങ്ങളിൻപടി തന്റെ ശിഷ്ടായുസ്സ് വിനിയോഗിക്കണമെന്നു തീരുമാനിക്കുകയും ചെയ്തു. ആകയാൽ അവൻ തൻ്റെ വസ്തുവകകളെല്ലാം വിററു ദരിദ്രന്മാൎക്കു കൊടുത്തശേഷം സാധാരണമട്ടിലുള്ള വസ്ത്രം ധരിച്ചു തപോനിഷ്ഠനായി ഏകാന്തവാസത്തിൽ ജീവിച്ചു. സ്നാനം ഏററുകഴിഞ്ഞയുടനെ തന്നെ ഒരു സഭാശുശ്രൂഷകനാക്കി. തന്റെ കാര്യശേഷിയും സ്വഭാവവൈശിഷ്ട്യവും പ്രശംസാർഹമായിരുന്നു. ഡൊണാററസിന്റെ മരണാനന്തരം താൻ കാൎത്തേജിലെ ബിഷോപ്പായി കൈവച്ചു നിയമിക്കപ്പെട്ടു. ഏതെങ്കിലുമൊരു പ്രധാനസംഗതിയെക്കുറിച്ചു തീരുമാനം ചെയ്യേണ്ടിവരുന്ന ഘട്ടങ്ങളിൽ തന്റെ കീഴിലുള്ള സഭാശുശ്രൂഷകന്മാരോടു താൻ ആലോചന ചോദിക്കുമായിരുന്നു.

സഭാപാലകനും സഭാജനങ്ങളും തമ്മിലുള്ള ബന്ധ ത്താൽ മാത്രമേ ഐക്യത പാലിക്കുക സാധ്യമാകയു ള്ളൂ എന്നതു തന്റെ ഒരു പ്രമാണമായിരുന്നു.

എന്നാൽ പ്രയോജനകരവും പരിശുദ്ധവുമായ ഒരു ജീവിതം ചെയ്തു വന്നിട്ടും വെറുക്കപ്പെട്ട ക്രി സ്തീയസംഘത്തിന്റെ നേതാവായി പുറജാതികളാ യ ശത്രുക്കൾ തന്നെ ഒററിക്കൊടുത്തു. അതിനെ ത്തുടർന്നു തന്നെ ബന്ധനസ്ഥനാക്കുന്നതിനും വിസ്തരി ക്കുന്നതിനും ആജ്ഞ പുറപ്പെട്ടു. നിയമലംഘി എ ന്നു തന്നെ പരസ്യമായി കുററപ്പെടുത്തി. ഡിഷിയ സ് ചക്രവർത്തി അവനു വിരോധമായി തീർപ്പു ക ൽപ്പിച്ചു ക്രിസ്ത്യാനികളുടെ ബിഷോപ്പായ കോസി ലയസ്സ് കുപ്രിയാനോസു എന്നു ആ തീർപ്പിൽ അ വനെക്കുറിച്ചു പ്രസ്താവിച്ചിരുന്നു. ഒരിക്കൽ ബഹുമാ ന്യനായി ഗണിക്കപ്പെട്ട "കുപ്രിയാനോസിനെ സിം ഹത്തിനു കൊടുക്കുക. അവനെ വന്യമൃഗങ്ങൾക്കു ഇ രയാക്കുക" എന്നുള്ള മുറവിളികൾ ജനക്കൂട്ടത്തിൽ നിന്നും ഉയർന്നു തന്റെ സഹോദരന്മാരുടെ നിർബന്ധ മനുസരിച്ചു താൻ പട്ടണം വിട്ടു മരുഭൂമിയിലേക്കോ ടിപ്പോയി. ശത്രുക്കളുടെ ഘോരതന്ത്രങ്ങളിൽ നിന്നു ര ക്ഷപെടുന്നതിനായി ഇതുപോലെ ഓടിപ്പോയ ക്രി സ്ത്യാനികളെയെല്ലാം താൻ അവിടെ ഒരു സംഘ മായി ശേഖരിച്ചു.

ഇങ്ങനെ രണ്ടു വർഷം കഴിഞ്ഞപ്പോൾ ഭയങ്ക രമായ ഒരു മഹാമാരി കാർത്തേജിൽ പടർന്നുപിടിക്കു കയും തന്നിമിത്തം അനേകായിരങ്ങൾ മരിക്കുകയും

ചെയ്തു. ഈ വിവരം അറിഞ്ഞ ക്ഷണത്തിൽ അവ രെല്ലാവരും കൂടി ആലോചന ചെയ്തതിൽ, തങ്ങളോടു നിഷ്ഠൂരമായി പെരുമാറിയ ശത്രുക്കളായവരുടെ സഹായാർത്ഥം പ്രവർത്തിക്കേണ്ടതു ഈ ചെറിയ സംഘത്തിൻെറ കടമയാണെന്നു അവർ തീരുമാനിച്ചു. കാർത്തേജിൽ മഹാമാരി പടർന്നുകൊണ്ടിരുന്നതിനാൽ ഭയങ്കരഭീതി ജനങ്ങളെ പിടികൂടി. മനസ്സലിവാകട്ടെ, സഹതാപമാവട്ടെ, അവിടെ അറിയപ്പെട്ടിരുന്നില്ല. രോഗബാധിതരെ മരിക്കേണ്ടതിനായി തെരുവീഥികളിലേക്കു വലിച്ചെറിഞ്ഞു. പട്ടണത്തിലെങ്ങും പ്രലാപശബ്ദങ്ങളും സഹായത്തിനായുള്ള അവിധായാചനകളും ഉയർന്നുകൊണ്ടിരുന്നു. ഭയം നിമിത്തം ആളുകൾ കനിവററവരും മൃഗീയരുമായി ഭവിക്കയാൽ ഈ ദയനീയശബ്ദങ്ങളൊന്നും അവരുടെ ചെവികളുടെ ശ്രദ്ധയെ ആകർഷിച്ചില്ല. ഇപ്രകാരമുള്ള ഒരു രംഗത്തിലേക്കത്രെ കുപ്രിയാനോസു പ്രവേശിച്ചതു്. തൻെറ നേതൃത്വത്തിൽ പെട്ട ക്രിസ്തീയസംഘത്തെ കുപ്രിയാനോസ് വിളിച്ചു വരുത്തി. അവരിൽ അനേകരും തങ്ങളുടെ സഹപൗരന്മാരിൽ നിന്നു ഏററ ദണ്ഡനങ്ങളുടെ വടുക്കൾ അപ്പോഴും അവയവങ്ങളിൽ വഹിച്ചിരുന്നു. തങ്ങൾ ആക്കുള്ളവരെന്നും ആരുടെ മാതൃകയാണു പിന്തുടരേണ്ടതെന്നും, പീഡിപ്പിക്കുന്നവക്കു നന്മചെയ്വിൻ എന്നു കല്പിച്ചിരിക്കുന്നതു ആരാണെന്നും ഓത്തുകൊൾവാൻ അവൻ അവരെ പ്രബോധിപ്പിച്ചു. അനന്തരം അവർ കാർത്തേജുപട്ടണത്തെ ഡിസ്ട്രിക്റ്റുകളായി തിരിച്ചു അവിടുത്തെ ക്രൈസ്തവസഭാംഗങ്ങൾ ഓരോരുത്തരും ചെയ്യേണ്ട ജോലി എന്തെന്നും നിർ

ണ്ണയപ്പെട്ടത്തി. ധനികന്മാർ ദ്രവ്യസഹായം ചെയ്തു. അനേകർ ശുശ്രൂഷിച്ചു. അന്ധകാരത്തിൻെറയും മരണത്തിൻെയും മദ്ധ്യേ ക്രിസ്താനുഗാമികൾ ജീവനം വെളിച്ചവുമായി, അഥവാ ആ പട്ടണത്തിൻെറ ഉപ്പായി പരിലസിച്ചു.

എന്നാൽ കാലവിളംബമെന്യേ വക്രമാനസന്മാരായ ശത്രുക്കളുടെ വിരോധം വീണ്ടും ആരംഭിച്ചു. മഹാമാരിയുടെ ഉത്ഭവത്തിനു കാരണം ക്രിസ്ത്യാനികളാണെന്നു പറഞ്ഞുകൊണ്ടു അവരുടെ നേരെ പീഡനത്തിനായി പിന്നെയും പുറപ്പെട്ടു. ആകയാൽ കപ്രിയാനോസിനെ ബന്ധനസ്ഥനാക്കി വിചാരണ ചെയ്ത ശേഷം നാടുകടത്തുന്നതിനു വിധിച്ചു. ഇങ്ങനെ രാജ്യഭ്രഷ്ടനായി ഒരു വർഷത്തോളം ഇരുന്നശേഷം ആഫ്രിക്കായിൽ ഒരു പുതിയ നാടുവാഴി നിയമിക്കപ്പെടുകയുണ്ടായി. അതുനിമിത്തം തൻെറ പ്രവാസത്തിൽനിന്നു തിരിച്ചുവരുന്നതിനു കപ്രിയാനോസിനു സാധിച്ചു. ഇത്രകാലം കഴിഞ്ഞിട്ടും പീഡയ്ക്കു ഒരു ശമനവും വന്നില്ല. നാടുവാഴിയുടെ മുമ്പാകെ ഹാജരായിക്കൊള്ളണമെന്നു ഒരു ആജ്ഞ താമസമെന്യേ പുറപ്പെട്ടു. ഈ വൃത്താന്തം കാട്ടുതീപോലെ നാടെങ്ങും വ്യാപിച്ചു. കപ്രിയാനോസിനെ വിസ്തരിക്കുന്നതു കേൾപ്പാനായി ജാതികളും ക്രിസ്ത്യാനികളും കൂട്ടമായി വന്നുചേർന്നു. "താന്തോന്നികളും ദൈവവിചാരമില്ലാത്തവരുമായ ക്രിസ്ത്യാനികളുടെ നായകനായ കപ്രിയാനോസു നീ തന്നെയാണു്. ദേവന്മാൎക്കു ബലിയർപ്പിക്കുവാൻ ചക്രവത്തി തിരുമനസ്സിൽനിന്നു നിന്നോടു

ആജ്ഞാപിച്ചിരിക്കുന്നു" എന്നു നാടുവാഴി പറഞ്ഞു.

"ഞാൻ ബലികഴിക്കുകയില്ല" എന്നു കപ്രിയാനോസു ഉത്തരം പറഞ്ഞു.

"അനുസരണക്കേടു കാണിക്കാതെ നല്ലതുപോലെ ചിന്തിക്കുക. നിന്റെ ജീവനെ നഷ്ടമാക്കിക്കളയുന്നതെന്തിന്? എന്നു നാടുവാഴി വീണ്ടും ആലോചനപറഞ്ഞുകൊടുത്തു.

"എന്നോടു ചോദ്യങ്ങൾ ചെയ്തു സമയം കളയാതെ ന്യായമെന്നു അവിടുത്തേക്കു തോന്നുന്ന ഏതുശിക്ഷയെങ്കിലും എന്റെ മേൽ നടത്തിയാലും! ന്യായവാദങ്ങളുടെ ആവശ്യം ഇല്ലതന്നെ" എന്നു കപ്രിയാനോസു പ്രതിവചിച്ചു.

ഖഡ്ഗപ്രയോഗമേററു അവൻ മരിക്കണമെന്നു നാടുവാഴി വിധി കൽപിച്ചു. ഇതു കേട്ടയുടനെ "ദൈവത്തിനു സ്തോത്രം" എന്നു അവൻ ഉച്ചത്തിൽ പറഞ്ഞു. വൃക്ഷങ്ങളാൽ ചുററപ്പെട്ട ഒരു വെളിമ്പ്രദേശത്തേക്കു തന്നെ കൊണ്ടുപോയി. രംഗത്തിലെ അന്ത്യദർശനം ലഭിക്കേണ്ടതിനു ആളുകൾ താൽപര്യപ്പെട്ടു വൃക്ഷശിഖരങ്ങളെ അഭയം പ്രാപിച്ചു. ആ വെളിമ്പ്രദേശത്തിൽ കപ്രിയാനോസു മുട്ടുകുത്തി കൈകൾകൊണ്ടു കണ്ണുപൊത്തി നിന്നു. ഖഡ്ഗം ഓങ്ങുന്നതു കണ്ടയുടനെ, തങ്ങളുടെ പ്രിയനേതാവിന്റെ വിലയേറിയ സ്മാരകചിഹ്നമായി സൂക്ഷിക്കേണ്ടതിലേക്കു അദ്ദേഹത്തിന്റെ രക്തത്തിൽ

തങ്ങളുടെ കൈലേസുകൾ മുക്കുന്നതിനുള്ള അഗ്രഹത്തോടുകൂടി ക്രിസ്ത്യാനികൾ തിക്കിത്തിരക്കി മുമ്പോട്ടു ചെന്നു. ക്രിസ്ത്യാനിത്വത്തിന്റെ സാക്ഷാത്തായ ആത്മാവിൽ ജീവിച്ചവനും, അക്കാലത്തെ അതിവിശ്രുതനായ ബിഷോപ്പും, വിശ്വസ്തനായ ദൈവശുശ്രൂഷകനുമായ കപ്രിയാനോസു ഇപ്രകാരം ശുദ്ധിമാന്മാരുടെ വിശ്രാമസ്ഥലത്തേക്കു കടന്നുപോയി.

---

നിര നിര നിരയായ് അണിനിരന്നീടുവിൻ
കുരിശിൻ പടയാളികളേ!

ജയ ജയ ജയകാഹളം ഊതീടുവിൻ
ജയവീരനാം യേശുവിന്നു്.

# 14. മോറിറേറനിയായിലെ തിമോഥി.

വടക്കെ ആഫ്രിക്കയിൽ മോറിറേറനിയ എന്ന സ്ഥലത്തെശ്ശുശ്രൂഷകനായ ഥിമോഥി എന്നയാൾ മോറോ എന്നു പേരായ ഒരു സ്ത്രീയെ വിവാഹം ചെയ്തു മൂന്നാഴ്ചവട്ടങ്ങൾ കഴിയുന്നതിനു മുൻപു ശത്രുക്കളാൽ പിടിക്കപ്പെട്ടകയും അങ്ങനെ തൻെറ പ്രേമഭാജനമായ ഭാൎയ്യയിൽനിന്നു വേർപെടുവാൻ ഇടയാകയും ചെയ്തു.

അന്നത്തെ ഗവർണ്ണരായിരുന്ന അറിയാനസു പുറജാതിദേവന്മാരെ ആരാധിക്കേണ്ടതിൻെറ ആവശ്യത്തെക്കുറിച്ചും മററും പല പ്രാവശ്യം തിമോഥയോസിനോടു പറഞ്ഞു നിർബന്ധിച്ചു എങ്കിലും അവയെല്ലാം നിഷ്ഫലമായിത്തീരുകയത്രെ ചെയ്തിട്ടുള്ളു. തൻെറ കയ്യിലിരുന്ന വേദപുസ്തകം ദഹിപ്പിക്കേണ്ടതിനു ആവശ്യപ്പെട്ടപ്പോൾ തിമോഥി ഇപ്രകാരം മറുപടി പറഞ്ഞു.

"തീയിൽ കൎത്താവിൻെറ രക്തസാക്ഷികളായിത്തീരേണ്ടതിനു എനിക്കു മക്കളുണ്ടായിരുന്നുവെങ്കിൽ ഞാൻ അവരെ നിങ്ങളുടെ പക്കൽ ഏൽപ്പിക്കുമായിരുന്നു. എന്നാലും വിലമതിക്കുന്ന ഈ തിരുവചനം എൻെറ മനസ്സോടെ നിങ്ങളുടെ പക്കൽ ഏല്പിക്കുന്നതിനു ഞാൻ ഒരുനാളും മനസ്സു വയ്ക്കുന്നതല്ല"

ഈ മറുപടിയാൽ വളരെ കുപിതനായിത്തീ ന്ന ഗവൎണ്ണർ തടവുകാരൻെറ കണ്ണുകൾ ചൂഴന്നെ ടുക്കുന്നതിന്ന കൽപന കൊടുത്തു. കൂടാതെ ത ന്നോട്ട ഗവർണ്ണർ ഇപ്രകാരം പറഞ്ഞു: "ഹേ! മനു ഷ്യാ! നീ വളരെ ഇഷ്ടപ്പെടുന്ന പുസ്തകം വായി പ്പാൻ നിനക്കു കണ്ണുണ്ടെങ്കിലേ സാധിക്കയുള്ളല്ലോ. അതുകൊണ്ടു ഇതാ അതും നിന്നിൽനിന്നു നീക്കു ന്നു". തിമോഥി വളരെ ക്ഷമയോടുകൂടെ ഈ ശി ക്ഷകളെല്ലാം സഹിച്ചു. ഇതുകൊണ്ടും തൃപ്തിയുടയാ ഞ്ഞിട്ടോ എന്നുതോന്നുമാറു തിമോഥിയുടെ കഴു ത്തിൽ കല്ലു കെട്ടിയിട്ടു തലകീഴായി കുരിശിൽ തറ യ്ക്കുന്നതിന്നു വീണ്ടും കൽപന കൊടുത്തു. ഈ ഏ റവും നികൃഷ്ടമായ പെരുമാററവും താൻ വളരെ ക്ഷമയോടുകൂടെ സഹിച്ചു.

തൻെറ പ്രേമ ഭാജനമായ ഭാൎയ്യയെക്കൊണ്ടു ഇ വനെ ഏതുവിധേനയെങ്കിലും അവൻെറ വിശ്വാ സത്തിൽനിന്നും വ്യതിചലിപ്പിക്കാമെന്നു കരുതി അവളെ അവൻെറ അടുക്കൽ കൊണ്ടുവരുന്നതിന്നു കൽപിച്ചു. അവൾ ഗവർണ്ണരുടെ ആജ്ഞയെനി ർവഹിക്കുന്ന പക്ഷം വമ്പിച്ചു ഒരു തുക സമ്മാനു മായി ലഭിക്കുമെന്നു കൂടെ അറിയിച്ചിരുന്നു. മോ റോ സന്തോഷത്തോടുകൂടെ തൻെറ ഭൎത്താവിൻെറ അടുക്കൽ ചെന്നു എത്രയും വാഗ്ധാടിയോടുകൂടെ സംസാരിച്ചു അവനെ അവൻെറ വിശ്വാസത്തിൽ നിന്നു തെററിക്കുന്നതിന്നു ശ്രമിച്ചു. ഇതിങ്കൽ തി മോഥി അടിപെട്ടിരിക്കുമെന്നു എല്ലാവരും വിചാ രിച്ചുവെങ്കിലും തനിക്കു സംസാരിക്കുവാൻ അവ

സ്വരം കിട്ടിയപ്പോൾ തൻെറ ഭായ്യയുടെ വാക്കുക ളെ ശാസിക്കുകയും താൻ പിടിച്ചിരിക്കുന്ന വി ശ്വാസത്തിനുവേണ്ടി മരിക്കുവാൻ താൻ തയ്യാറാ യിരിക്കുന്നുവെന്നുള്ളതിനെ അവളെ അറിയിക്കുക യും ചെയ്തു. എന്നാൽ മോറോ ഭത്താവിനോടു വീ ണ്ടും അപേക്ഷിച്ചപ്പോൾ താൻ അവളെ വളരെ കർശനമായി ശാസിച്ചു. തന്മൂലം അവളും തൻെറ ഭത്താവിനേപ്പോലെ ധൈയ്യമായി ജീവൻ വെടി യുന്നതിനു തുനിയുകയും ചെയ്തു.

ഇപ്രകാരം തൻെറ ഭത്താവിൻെറ വാക്കുക ളാൽ ധൈയ്യം പ്രാപിക്കുന്നതിനിടയായ മോറോ അറിയാനസിൻെറ അടുക്കൽ ചെന്നു താനും ഭത്താ വിനോടുകൂടെ സ്നേഹത്തിലും വിശ്വാസത്തിലും ഒ രുപോലെ യോജിച്ചിരിക്കയാൽ തൻെറ ഭത്താവി നെ വിശ്വാസത്യാഗിയാക്കിത്തീക്കുവാനായി ശ്രമി ച്ച നീചപ്രവൎത്തിയുടെ ഫലമായി, എന്തു കഷ്ടതക ളും സഹിപ്പാൻ തയ്യാറാണെന്നു ഉണത്തിച്ചു. ഇതു കേട്ടു ഗവൎണ്ണർ ഉടൻതന്നെ അവളെ പീഡിപ്പിക്കു ന്നതിനു കല്പിച്ചു. ഭയങ്കരതരമായ പീഡകളുടെശേ ഷം അവർ അവളെയും ഒരു ക്രൂശിൽ തറച്ചു ഭത്താ വോടുകൂടെത്തന്നെ കൊല്ലുകയും ചെയ്തു.

## 15. തിയോഡൊറസ്.

അഡ്രിയാററിക്ക കടലിൻെറ കിഴക്കേ തീര പ്രദേശമായ ഡൽമേഷ്യയിലെ ഗവർണ്ണരായിരുന്ന തിയോററിക്നസിന്ന, ക്രിസ്ത്യാനികളെ പീഡിപ്പിച്ചുകൊള്ളുന്നതിനുള്ള ചക്രവത്തിയുടെ കല്പന ലഭിച്ചയുടൻ തന്നെ തൻെറ അധികാരസീമയിലുള്ള സകല ദേശങ്ങളിൽനിന്നും ക്രിസ്ത്യാനികളെ പാടേ നശിപ്പിക്കേണ്ടതിനായി പടയാളികളെ അയച്ചു. ഗവണ്ണരുടെ കൽപനയും ഏന്തിക്കൊണ്ടു ഈ നിഷ്ഠൂര കൃത്യം നിറവേററുന്നതിനായി പുറപ്പെട്ട പടയാളികൾ ഓരോ സ്ഥലങ്ങളിലും കടന്നുചെന്നു അവരുടെ വസ്തുവകകൾ നശിപ്പിക്കുകയും, വീട്ടുകൾ കവർച്ച ചെയ്യുകയും അനേകരെ ബന്ധനസ്ഥരായി കൊണ്ടുപോകുകയും ചെയ്തു.

ഭയവിഹ്വലരായ അനേകരും കാട്ടുകളിലേക്കു ഓടിപ്പോയി, അവിടെ ഗുഹകളിൽ താമസിച്ചു ഫലമൂലാദികൾ ഭക്ഷിച്ചു ഉപജീവനം കഴിക്കേണ്ടി വന്നു. ഇങ്ങനെ കുറേനാൾ വസിച്ചുശേഷം അവരിൽ പലരും പട്ടിണികിടന്നു മരിക്കുന്നതിനിടയായി. പട്ടണത്തിൽ വസിച്ചിരുന്നവരായ ജനങ്ങളിൽ ചിലരേയും പട്ടിണിക്കിട്ടു കൊന്നു. ഏവം വിധങ്ങളായ ഉപദ്രവങ്ങൾക്കുശേഷവും ബാക്കിയുള്ള ജനങ്ങളെ ഏതു വിധേനയെങ്കിലും നശിപ്പിക്കണമെന്നുള്ള കരുതലോട്ടുകൂടെ ദേവന്മാക്ക് അർപ്പിച്ചശേഷമല്ലാ

തെ ഭക്ഷണസാധനങ്ങൾ ഒന്നുംതന്നെ ചന്തസ്ഥലത്തു വച്ചു വില്ക്കുവാൻ പാടില്ലെന്നു ഗവർണ്ണർ കർശനമായ ആജ്ഞ നല്കി. ഈ കല്പനമൂലം ദേവാർപ്പണമായ സാധനങ്ങൾ തിന്നുന്നതിനു ക്രിസ്ത്യാനികൾ നിർബ്ബന്ധിതരായിത്തീന്നു. എന്നാൽ വിശ്വാസത്തിൽ സ്ഥിരമായി അവസാനത്തോളം നില്ക്കണമെന്നു തീർച്ചപ്പെടുത്തിയവരാകട്ടെ പട്ടിണികിടന്നു മരിക്കേണ്ടിവന്നാലും ദേവാർപ്പിതവസ്തുക്കൾ ഭക്ഷിക്കുന്നതല്ല എന്നു മനസ്സിൽ ഉറച്ചു.

ഇക്കാലത്തു ഒരു വഴിയമ്പലസൂക്ഷിപ്പുകാരനായി തിയോഡോററസ്സ് എന്നു പേരോടുകൂടിയ ഒരു ക്രിസ്ത്യാനി പാർത്തിരുന്നു. പീഡിതരായ തന്റെ സഹോദരങ്ങളെ തന്നാൽ ആവുംവിധം സഹായിക്കണമെന്നു കരുതി അവക്കു ഏററവും രഹസ്യമായി ഭക്ഷണസാധനങ്ങളും മററും കൊടുത്തയച്ചുകൊണ്ടിരുന്നു. രക്തസാക്ഷികളായി മരിക്കുന്ന ജനങ്ങളുടെ ശവശരീരം മറവുചെയ്യുന്നതുമൂലം മരണമാണു തനിക്കു വന്നുഭവിപ്പാൻ പോകുന്നതെന്നു നല്ലവണ്ണം അറിയാമായിരുന്നിട്ടും അവയൊന്നും വകവയ്ക്കാതെ ധൈര്യസമേതം പ്രവത്തിച്ചു.

വിശ്വാസത്തിൽ സ്ഥിരതയില്ലാത്ത ഏതാനം ചിലർ തങ്ങളുടെ വിശ്വാസത്തെ തള്ളിപ്പറഞ്ഞു ക്രിസ്ത്യാനികളല്ലാത്തവരോടു കൂടെ ചേരുന്നതു കാണുകയാൽ തന്റെ മനസ്സിൽ പലവിധമായ ചിന്തകൾ കടന്നുകൂടിയിരുന്നു. പോളിക്രോണിക്കസ്സ എന്നുപേരായ ഒരു യുവാവിനെ ശത്രുക്കൾ പിടിച്ചുബ

ന്ധനത്തിലാക്കി. കുറേനാൾ കഴിഞ്ഞു താൻ തൻെറ വിശ്വാസത്തെ തള്ളിപ്പറയുകമൂലം വിട്ടതൽ പ്രാപിക്കുന്നതിനിടയായി. എന്നാൽ വിട്ടതൽ പ്രാപിച്ചശേഷം തൻെറ സ്നേഹിതനായ തിയോഡാററസിനെ ഒററിക്കൊടുക്കുന്നതിൽ താൻ ഒട്ടം മടിവിചാരിച്ചില്ല. തന്നെ ഒററിക്കൊടുത്തിട്ടുണ്ടു എന്നു തിയോഡാററസു അറിഞ്ഞപ്പോൾ താൻ തന്നത്താൻ ഗവർണ്ണരുടെ മുൻപാകെ വെളിപ്പെടുത്തി.

തിയോഡാററസിനെ ബന്ധിച്ചിരുന്ന കാരാഗൃഹത്തിൽ, തന്നെ ഉപദ്രവിക്കേണ്ടതിനു വേണ്ടതായ ആയുധങ്ങളും സൂക്ഷിക്കപ്പെട്ടിരുന്നു. ഈ ആയുധങ്ങളെ നോക്കിക്കൊണ്ടു താൻ ചിരിച്ചതായി പറയപ്പെട്ടിരിക്കുന്നു. ന്യായവിസ്താരസഭയുടെ മുൻപാകെ താൻ നില്ക്കുമ്പോൾ ഗവർണ്ണർ ഏററവും സ്നേഹസ്വരത്തിൽ തന്നോടിപ്രകാരം പറഞ്ഞു: "അല്ലയോ! തിയോഡാററസെ! നിന്നെ വിടുന്നതിനുള്ള അധികാരം ഇപ്പോഴും എനിക്കുണ്ടു എന്നുള്ളതു നീ അറിയുന്നുണ്ടോ? സാമ്രാജ്യ ദേവനു ബലി കഴിക്കുകയും ക്രിസ്തുവിലുള്ള നിൻെറ വിശ്വാസത്തെ തള്ളിപ്പറകയും ചെയ്യുന്നു എങ്കിൽ തീർച്ചയായും നാം തമ്മിൽ മൈത്രി ഉണ്ടാകുന്നതിനും ചക്രവത്തിയുടെ സംരക്ഷണയിൻ കീഴിൽ ഒരു വലിയ ആളായിത്തീരുന്നതിനു ഇടയാകുകയും ചെയ്യുമെന്നുള്ളതിനു സംശയമില്ല" ഈ വാക്കുകൾ കേട്ടപ്പോൾ തിയോഡാററസു ഏററവും ധൈര്യംപൂണ്ടു ഇപ്രകാരം മറുപടി പറഞ്ഞു: "ഹേ! മാന്യനായ പ്രഭോ! ഞാൻ ആരെ വിശ്വസിക്കുന്നു എന്നു അറിയുന്നു. എൻെറ വിശ്വാ

സത്തെ തള്ളി ഒരു വിനാഴിക പോലും ഈ ലോക ത്തിൽ ജീവിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ഗവൺണറുടെ സ്നേഹവും ചക്രവത്തിയുടെ സംരക്ഷണ യും എല്ലാം തീരെ നിസ്സാരമെന്നു ഞാൻ എണ്ണുന്നു."

ഇത്രയും കേട്ടപ്പോൾ അവിടെ കൂടിയിരുന്ന ജ നങ്ങൾ ഐകകണ്ഠ്യേന "അവനെ നശിപ്പിക്കുക! അവനെ നശിപ്പിക്കുക!" എന്നു ആർത്തുവിളിച്ചു, കൂടാ തെ ഹിന്ദുപുരോഹിതന്മാർ അവരുടെ വസ്ത്രങ്ങൾ കീറി.

പിന്നീടു ഏററവും ക്രൂരമായി ദണ്ഡിപ്പിക്കേ ണ്ടതിനു അവനെ പടയാളികളുടെ കൈകളിലേ ക്കു ഏൽപിച്ചുകൊടുത്തു. അവർ അവനെ അ വിവസ്ത്രനാക്കിയും ഒരു മരച്ചുട്ടത്തിൽ ബന്ധിച്ചു ചുട്ടകോൽ കൊണ്ടു ശരീരമാസകലം ചുട്ടുകയും ചെയ്തു. പിന്നീ ടു കാരാഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടു പോയി. പോ കും വഴിയിൽ തന്നെ കാണ്മാനായി വന്നുകൂടിയ ജ നങ്ങളെ തന്റെ ശരീരത്തിൽ നിന്നു ഉരിയപ്പെട്ടമാം സം കാണിച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞു: "ന മുക്കുവേണ്ടി കഷ്ടതകൾ ഏററുമരിച്ചവനായ യേശു വിനെപ്രതി ഒരു ക്രിസ്ത്യാനി സഹിക്കേണ്ടതു ഇപ്ര കാരമായിരിക്കണം." കാരാഗൃഹത്തിൽ അവനെ അ ഞ്ചുദിവസം പാർപ്പിച്ചശേഷം അഞ്ചാംദിവസം വെ ളിയിൽ കൊണ്ടുവന്നു തലവെട്ടിക്കൊന്നുകളഞ്ഞു.

# മാസിലിയാക്കാരനായ വിക്ററർ.

പുരാതന ഫ്രാൻസിന്റെ തെക്കുഭാഗത്തുള്ള മാസിലിയാ നഗരത്തിൽ വിക്ററർ എന്നപേരുള്ള ഒരു ക്രിസ്തീയയുവാവു ജീവിച്ചിരുന്നു. തന്റെ സമയത്തിൽ അധികപങ്കം സഭാശുശ്രൂഷകളിലും അതിലെ സാധുജനങ്ങൾക്കു ഉതവിചെയ്യുന്നതിലും വിനിയോഗിച്ചുകൊണ്ടിരുന്നു. ബിംബാരാധനക്കാരായ ജാതികളുടെ ദുർവിശ്വാസങ്ങൾക്കു ദോഷം നേരിട്ടുവിക്കുന്നതായി കുററം ചുമത്തി, ചക്രവത്തിയുടെ കല്പനപ്രകാരം അവനെ പിടിച്ചു ന്യായാധിപതിയുടെ മുമ്പാകെ വിസ്തരിക്കുന്നതിനു ഹാജരാക്കി.

ദേവന്മാരെ ആരാധിക്കുന്നതിനായി തിരികെ ചെല്ലുണമെന്നും ചക്രവത്തിയുടെ പ്രീതിസമ്പാദിക്കുന്നതിനാൽ അനുഭവപ്പെടുത്താവുന്ന ഉപകാരങ്ങളെല്ലാം നഷ്ടമാക്കിക്കളെയരുതെന്നും, മജിസ്ട്രേട്ടു, പ്രസ്തുത തടവുകാരനെ വിസ്തരിച്ചു തീൎന്നശേഷം ബലമായി ഉണദോഷിച്ചു. അതിനു വിക്ററർ, താൻ ക്രിസ്തുവിന്റെ ഒരു ദാസനാണെന്നും അതുകൊണ്ടു സ്വൎഗ്ഗീയ രാജാവായ ക്രിസ്തുവിനോടുള്ള തന്റെ ധൎമ്മത്തിനു ഒരു ഭൗമികരാജാവിന്റെ ഉദ്യോഗദാനങ്ങൾ ബാധകമായി നിൽക്കുവാൻ പാടില്ലെന്നും ഉത്തരം പറഞ്ഞു. നിൎഭിശങ്കം പ്രസ്താവിച്ച ഈ മറുപടി

നിമിത്തം അന്ത്യശിക്ഷ ഏൽക്കുന്നതിനുവേണ്ടി അദ്ദേഹം വിക്ററിനെ ചക്രവൎത്തിയുടെ അടുക്കലേക്കയച്ചു.

അന്നത്തെ ചക്രവൎത്തിയായിരുന്നതു ക്രൂരനായ ഡയോക്ലീഷൻ ആയിരുന്നു. ഇദ്ദേഹത്തിന്റെ കാലത്തു പത്താമത്തെ മതപീഡ ആരംഭിച്ചു. ഈ പീഡാകാലത്തു ക്രിസ്ത്യാനികൾ അനുഭവിച്ച കഷ്ടതയ്ക്കു ഒരു അതിരുമില്ലായിരുന്നു.

വിക്ററിനെ ചക്രവൎത്തിയുടെ അടുക്കലേക്കു കൊണ്ടുവന്നയുടനെ, പുറജാതികളായ റോമാക്കാരുടെ വിഗ്രഹങ്ങൾക്കു ബലി കഴിക്കണമെന്നും അല്ലാത്തപക്ഷം കഠിനമായശിക്ഷയ്ക്കു പാത്രവാനായിത്തീരുന്നതാണെന്നും ചക്രവൎത്തി തന്നെ ധരിപ്പിച്ചു. ഇതു നിഷേധിച്ച ക്ഷണത്തിൽ അവനെ പിടിച്ചു ബന്ധിച്ചു തെരുവീഥിയിൽക്കൂടി വലിച്ചിഴച്ചുകൊണ്ടു പോകുന്നതിനു അദ്ദേഹം കല്പനകൊടുത്തു. ഈ ശിക്ഷ നടത്തിക്കൊണ്ടിരുന്ന അവസരം മൃഗീയരായ ഒരു ജനക്കൂട്ടം അവനോടു എത്രയും ക്രൂരമായ വിധത്തിൽ പെരുമാറി. ആൾക്കൂട്ടത്തിന്റെ അക്രമപ്രവൎത്തികൾ തന്റെനേരേ ഉണ്ടായിട്ടും വിക്ററർ യാതൊന്നുകൊണ്ടും തന്റെ വിശ്വാസത്തിൽനിന്നു വ്യതിചലിപ്പിക്കാതിരുന്നതിനാൽ കയ്യും കാലും വലിച്ചുനീട്ടി മരച്ചട്ടത്തിൽ ബന്ധിച്ചു ഭേദിപ്പിക്കുന്നതിനു ചക്രവൎത്തി ആജ്ഞാപിച്ചു. തന്റെമേൽ ഇപ്രകാരമൊരു വിധി നടത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നതായി വിക്ററർ കേട്ടപ്പോൾ ഞെട്ടിവിറച്ചു പോ

യി. എങ്കിലും തൻെറ കണ്ണുകളെ സ്വൎഗ്ഗത്തിലേ ക്കുയൎത്തികൊണ്ടു ധൈൎയ്യം പ്രാപിക്കേണ്ടതിന്നായി പ്രാൎത്ഥിച്ചു. അതിന്നു ശേഷം അതിശയിക്കത്തക്ക തായ ക്ഷമയോടുകൂടെ സകലപീഡനങ്ങളേയും അ വൻ സഹിച്ചു. ഘാതകന്മാർ ക്ഷീണിച്ചതുനിമി ത്തം അവനെ മരച്ചട്ടത്തിൽനിന്നു അഴിച്ചു ഒരു കു ണ്ടറത്തടവിൽ കൊണ്ടുപോയി പാൎപ്പിച്ചു. അവി ടെയുള്ള തൻെറ വാസകാലത്തു അലക്സാണ്ഡർ, ഫെലിഷ്യൻ, ലോജിനസ്സ് എന്നീമൂന്നാളുകളെ ക ൎത്താവിങ്കലേക്കു ആദായപ്പെടുത്തുന്നതിന്നു സാധിച്ചു. ഈ വൃത്താന്തം ചക്രവൎത്തിയുടെ ചെവികളിൽ എ ത്തിയ ഉടനെ അവരെ വധിക്കുന്നതിന്നു അദ്ദേഹം കൽപന കൊടുക്കയും ആ ആജ്ഞയെ പടയാളി കൾ നിറപടിയായി നിറവേററുകയും ചെയ്തു.

എന്നാൽ വിക്ററിനെ വീണ്ടും മരച്ചട്ട ത്തിൽ ബന്ധിച്ചു തൈക്കുകയും ഗദകൊണ്ടു കണ ക്കില്ലാതെ പ്രഹരിക്കുകയും അതിന്നുശേഷം കാരാഗൃ ഹത്തിൽ തിരികെകൊണ്ടുപോയി പാൎപ്പിക്കയും ചെയ്തു. തന്നെ വീണ്ടും വിസ്തരിക്കേണ്ടതിന്നായി ച ക്രവൎത്തിയുടെ മുൻപാകെ കൊണ്ടുവന്നു. ഈ അ വസരവും തൻെറ മറുപടി മുൻപിലത്തേതിലും ഒ ട്ടും വ്യത്യാസമുള്ളതായിരുന്നില്ല. അതുകൊണ്ടു ഒ രു ചെറിയ ധൂപപീഠം കൊണ്ടുവന്നു അവൻെറ മുൻപിൽവച്ചു അതിന്മേൽ ധൂപം കാട്ടുന്നതിന്നു ആ വശ്യപ്പെട്ടു. എന്നാൽ അപ്രകാരം ചെയ്യുന്നതിന്നു പകരം അവൻ മുൻപോട്ടുചെന്നു ധൂപപീഠവും അ

വിടെയുണ്ടായിരുന്ന ബിംബവും കാലുകൊണ്ടു തൊഴിച്ചുമറിച്ചിട്ടു. അവിടെ സന്നിഹിതനായിരുന്ന ചക്രവൎത്തി ഇതുകണ്ടു കോപപരവശനായി. ധൂപപീഠം തൊഴിച്ചുമറിച്ചു കാൽ ഉടൻതന്നെ ഛേദിക്കട്ടെയെന്നും വിക്ററിനെ കൽച്ചക്കിലിട്ടു അരയ്ക്കട്ടെയെന്നും കല്പിച്ചു. ഭയങ്കരമായ ഈ ശിക്ഷ അവന്റെമേൽ നടത്തിക്കൊണ്ടിരിക്കുമളവിൽ ചക്കിന്റെ' ഒരുവശം പൊട്ടിത്തകർന്നതിനാൽ ജീവനോടെയെങ്കിലും കഠിനമായ ചതവുകൾ പററിയവനായി അവനെ അതിൽനിന്നും വലിച്ചെടുത്തു. ചക്ക ശരിപ്പെടുത്തുന്നതുവരെ ക്ഷമിച്ചിരിക്കുന്നതിനുള്ള ശക്തി ചക്രവൎത്തിക്കില്ലാഞ്ഞതിനാൽ അവനെ ശിരച്ഛേദം ചെയ്യുവാൻ കല്പന കൊടുത്തു. അതനുസരിച്ചു അവർ ഉടൻതന്നെ അദ്ദേഹത്തെ വാളിനിരയാക്കിത്തീർത്തു.

# 17. ലാറൻസ് സാൻഡേർസ്

കേംബ്രിഡ്ജ് സർവകലാശാലയിലെ ഒരു വിദ്യാൎത്ഥിയായിരുന്ന സാൻഡേർസ് തന്റെ വിദ്യാഭ്യാസാനന്തരം ചെസ്ററിലെ ഒരു കച്ചവടശാലയിൽ ജോലിക്കാരനായിത്തീൎന്നു. ചെറുപ്പം മുതൽ വൈദികാഭ്യസനത്തിൽ തൽപരനായിരുന്ന ഈ യുവാവ് അധികം താമസിയാതെ കച്ചവടക്കാരന്റെ അനുമതിയോടുകൂടെ വിദ്യാഭ്യാസാൎത്ഥം ശാല വിട്ടു കോളജിൽ പോയി ചേൎന്നു. ഗ്രീക്ക്, എബ്രായ ഈ ഭാഷകളിൽ കൂടുതൽ ജ്ഞാനമുണ്ടായിട്ടു വേദപുസ്തകം അതിന്റെ മൂലഭാഷയിൽ വായിച്ചു മനസ്സിലാക്കുന്നതിനുള്ള ആഗ്രഹം തനിക്കുണ്ടായി. വിദ്യാഭ്യാസാനന്തരം നവീകരണോപദേഷ്ടാക്കന്മാരോടു ചേൎന്നു ശക്തിയായി പ്രസംഗിച്ചുകൊണ്ടു സഞ്ചരിച്ചു. കുറെ നാളുകളുടെ ശേഷം താൻ ലിച്ചുഫീൽഡ് സഭയുടെ ഉപദേഷ്ടാവായി. ഇവിടെവച്ചാണ് താൻ വിവാഹം കഴിച്ചതു്. തന്റെ ഏററവും പ്രയോജനകരമായ ശുശ്രൂഷയുടെ ഫലമായി എല്ലാവരും തന്നെ ബഹുമാനിച്ചു. ഇപ്രകാരം സഭാശുശ്രൂഷകനായി വേല ചെയ്തുകൊണ്ടിരുന്ന അവസരത്തിൽ എഡ്വേർഡ് രാജാവ് മരിച്ചു. മേരി മഹാരാജ്ഞി സിംഹാസനസ്ഥയായി. ഈ രാജ്ഞിയുടെ ഭരണത്തിന്റെ രണ്ടാം ആണ്ടിൽ എല്ലാജനങ്ങളും തിരുവത്താഴപൂജ (കുർബാന)യിൽ സംബന്ധിക്കണമെന്നു ഒരു കൽപന പുറപ്പെടുവിച്ചു. പലരും ആ കൽപനയെ അനുസരിക്കാതെയിരുന്നു. എന്നാൽ ലോറൻസ് സാൻഡേർസിനെപ്പോലെ നിഷ്

കർഷയായി നിഷേധിച്ചവർ മററാരുംതന്നെ ഉണ്ടായിരുന്നില്ല. എവിടെയെല്ലാം സൗകൎയ്യവും അവസരവും ലഭിച്ചുവോ അവിടെയെല്ലാം താൻ പ്രസംഗിക്കയും പ്രാൎത്ഥനാപുസ്തകം ഉപയോഗിക്കുന്നതിനു ഉപദേശിക്കയും ചെയ്തു.

ഒരു ദിവസം സാൻഡേർസ് ലണ്ടൻപട്ടണത്തിലേക്കു വരുമ്പോൾ മേരീരാജ്ഞിയുടെ ആലോചനക്കാരിൽ ഒരാളായ സർ ജോൺ മോർഡൻറു എന്ന ആൾ തന്നെ കാണുകയുണ്ടായി. എവിടെ പോകുന്നുവെന്നു അയാൾ ചോദിച്ചതിനു ലണ്ടൻപട്ടണത്തിൽ തൻെറ ജോലി നിവൎത്തിക്കുന്നതിനായി പോകുന്നുഎന്നു മാത്രം മറുപടി പറഞ്ഞു.

"സാൻഡേർസ്! നിങ്ങൾ ലണ്ടനിൽ പോകരുത്" എന്നുള്ള മോർഡൻറ ഉപദേശത്തിനു സാൻഡേർസ് പറഞ്ഞ മറുപടി ഇപ്രകാരമാണ്: രോഗത്തിൽ ഇരിക്കുന്നവർക്കു ആശ്വാസം നൽകേണ്ടതിനും, തെററിപ്പോയവൎക്കു സത്യവഴി കാട്ടിക്കൊടുക്കേണ്ടതിനും, വിശ്വാസികൾ വിശ്വാസത്തിൽ സ്ഥിരമായി നിൽക്കുവാൻ ഉപദേശിക്കേണ്ടതിനുമായി ഞാൻ പോകേണ്ടതു ആവശ്യമത്രെ"

മോർഡൻറ്: "ലണ്ടനിൽ ബെഡ്സ്ട്രീററിൽ വച്ചു നീ കഴിഞ്ഞ ഞായറാഴ്ച പ്രസംഗിച്ചില്ലേ?"

സാൻഡേ: "ഉവ്വ്, ഞാൻ പ്രസംഗിച്ചു, വീണ്ടും പ്രസംഗിക്കയും ചെയ്യും."

മോർ: "നീ അവിടെ പ്രസംഗിക്കരുതെന്നു ഞാൻ ഉപദേശിക്കുന്നു."

സാൻഡേ: "രാജനീതി അനുസരിച്ച എന്നോട ആജ്ഞാപിക്കുമ്പോൾ ഞാൻ അവയെ അനുസരിക്കും".

മോർ: "നിനക്ക ഒരു മുൻകരുതൽ തന്നെ എന്നു മാത്രമേയുള്ളു."

ഈ സംഭാഷണങ്ങളുടെ ശേഷം അവർതമ്മിൽ പിരിഞ്ഞു. മോർഡൻറാകട്ടെ നേരെ ലണ്ടനിൽ ബിഷോപ്പായ ബ്രോണറിനെ ചെന്നു കണ്ടു് സഭാവിശ്വാസങ്ങൾക്ക എതിരായി സാൻഡേർസു സംസാരിക്കയും പ്രവൎത്തിക്കയും ചെയ്യുന്നു എന്നു ഉണൎത്തിച്ചു.

അടുത്ത ദിവസം രാവിലെ (ഞായറാഴ്ച) സാൻഡേർസു കൂടിയിരുന്ന ജനങ്ങളോടു സത്യവിശ്വാസത്തിൽ സ്ഥിരതയോടു നിൽക്കണം എന്നും, ശരീരത്തെ നശിപ്പിക്കുന്നവനെ ഭയപ്പെട്ടിട്ടു ആവശ്യമില്ല എന്നും പ്രബോധിപ്പിച്ചു. ഉച്ചതിരിഞ്ഞുള്ള യോഗത്തിലും സാൻഡേർസ് പ്രസംഗിക്കുന്നതിനെഴുന്നേററപ്പോൾ ബിഷോപ്പിനാൽ അയയ്ക്കപ്പെട്ട ഒരുദ്യോഗസ്ഥൻ അവനെ അറസ്റ്റചെയ്തു. സാൻഡേർസു സാവധാനത്തിലും സമാധാനത്തോടുകൂടെയും ഉദ്യോഗസ്ഥനോടൊന്നിച്ചു പോകയും ബിഷോപ്പിൻെറ മുമ്പാകെ ഹാജരാകയും ചെയ്തു. അവിടെ അവൻ രാജ്ഞിയുടെ കൽപനയ്ക്കുവിരോധമായി പ്രവൎത്തിച്ചുവെന്ന കുററത്തിനു ശിക്ഷിക്കപ്പെടുകയാണുണ്ടായതു്. അങ്ങനെ സാൻഡേർസ് ജയിൽവാസിയായിത്തീൎന്നു. താൻ ജയിലിലേക്ക കൊണ്ടുപോകപ്പെട്ടപ്പോൾ പറഞ്ഞു: "കൎത്താവേ, എനിക്ക സുഖവുംസമാധാനവും

തന്നതിനായി ഞാൻ അങ്ങയെ സ്തുതിക്കുന്നു. ഈ ബിഷോപ്പിനെ വേഗം നിൻെറ പക്ഷത്താക്കേണമേ"

മാർഷൻ സി ജയിലിൽ സാൻഡേർസ് ഒരുവർഷവും മൂന്നു മാസവും പാൎത്തു. ഈ അവസരം താൻ രാജ്ഞിയുടെ ക്രൂരതയെക്കുറിച്ചു ക്രാൻമർ, റിഡ്ലി, ലാററിമർ ആദിയായവൎക്കു എഴുത്തുകളെഴുതി. തൻെറ പ്രിയ ഭാൎയ്യ ജയിലിൽവന്നു തന്നെ കാൺക പതിവായിരുന്നു. ഒരു ദിവസം അവരുടെ ചെറിയ കുട്ടിയും മാതാവോടൊന്നിച്ചു പിതാവിനെ കാണ്മാനായി വന്നു. അപ്പോൾ സാൻഡേർസ് തൻെറ മകനെ എടുത്തു മാൎവ്വോടണച്ചുകൊണ്ടു തനിക്കു ഇപ്രകാരമുള്ള ഒരു മകനെ നല്കിയതിനായി ദൈവത്തെ വാഴ്ത്തി സ്തുതിച്ചു.

ഒടുവിൽ സാൻഡേർസ് ന്യായാസനത്തിനു മുൻപാകെ നിൽക്കേണ്ട സന്ദർഭമായി. അവിടെ ന്യായാധിപന്മാരുടെ മുൻപാകെ താൻ ധൈൎയ്യസമേതം നിന്നു സത്യം മാത്രം സംസാരിച്ചു. അതു നിമിത്തം മതദ്ദൂഷണത്തിനു താൻ കുററക്കാരനായി ഗണിക്കപ്പെടുകയും കൊലയ്ക്കു വിധിക്കപ്പെട്ടു്, കോപ്ററർഎന്ന ജയിലിലേക്കു അയയ്ക്കപ്പെടുകയും ചെയ്തു. അവിടെ രണ്ടാഴ്ച മാത്രം താമസിച്ചു. തൻെറ സ്നേഹിതന്മാരെയും മററുള്ളവരെയും കാണുന്നതിനു തനിക്കു സ്വാതന്ത്ര്യമുണ്ടായിരുന്നു. എന്നാൽ രണ്ടാഴ്ചക്കുശേഷം തന്നെ ദഹിപ്പിക്കുന്നതിനു കവൻററിയിലേക്കു കൊണ്ടുപോയി. തൻെറ യാത്രയിൽ താൻ ദുഃഖത്തിൻെറ ചേഷ്ടകൾ ഒന്നുംതന്നെ കാണിച്ചിരുന്നില്ല. തനിക്കുവേണ്ടി കാൽവറിമുകളിൽ ജീവൻ വെടിഞ്ഞ

വന്റെ പേക്കായി എന്തും സഹിക്കുന്നതിനു താൻ ഒരുക്കമുള്ളവനായിരുന്നു. തന്റെ ശിഷ്ടമുള്ള സമയം മുഴുവനും പ്രാത്ഥനയിൽകഴിച്ചുകൂട്ടി. പിറേറദിവസം രാവിലെ ശ്ലേഷ്മമായ വസ്ത്രം ധരിപ്പിച്ചു, അഗ്നിച്ചൂളയിലേക്കു കൊണ്ടുപോയി. പല പ്രാവശ്യം താൻ കവിണ്ണുവീണു ദൈവത്തോടു പ്രാർത്ഥിച്ചു. നിശ്ചിത സ്ഥലത്തെത്തിയപ്പോൾ രാജ്ഞിയുടെ ഉദ്യോഗസ്ഥന്മാരിലൊരാൾ മുമ്പോട്ടു വന്നു സാൻഡേർസിനെ ദഹിപ്പിക്കുന്നതിനുണ്ടായ കൽപനയുടെ കാരണം എന്തെന്നു സവിസ്തരം പ്രസ്താവിക്കയും സാൻഡേർസിനോടായിട്ടു: "ഹേ! മനുഷ്യാ! നിങ്ങൾ രാജ്ഞിക്കു വിപരീതമായി സംസാരിക്കയില്ല എന്നു ഇപ്പോൾ പറയുന്നു എങ്കിൽ നിങ്ങളെ വിട്ടയക്കേണം എന്നും അതല്ലാത്തപക്ഷം ദ്ദുരെക്കാണുന്ന അഗ്നിക്കിരയായി കൊള്ളണമെന്നും രാജ്ഞി ആജ്ഞാപിച്ചിരിക്കുന്നു" എന്നു പറഞ്ഞു.

സാൻഡേർസ് ഉത്തരമായിട്ടു: "ദൈവത്തിന്റെ വചനത്തിനു വിപരീതമായി പ്രവത്തിക്കുന്ന എല്ലാനടപടികളെയും ഞാൻ നിഷേധിക്കുന്നു. മനുഷ്യനെപ്രീതിപ്പെടുത്തുന്നതിനല്ല, എന്റെ രക്ഷിതാവിനെ പ്രീതിപ്പെടുത്തുന്നതിനാത്രെ എന്നെ ഈ ലോകത്തിലേക്കയച്ചിരിക്കുന്നതു്. ഞാൻ പറഞ്ഞിട്ടുള്ളവയെല്ലാം പരമാർത്ഥമത്രേ. എന്റെ ആയുഷ്കാലം മുഴുവൻ അതുമാത്രം സംസാരിക്കയും ചെയ്യും" എന്നു പറഞ്ഞു.

"ദഹിപ്പിക്ക, ദഹിപ്പിക്ക" എന്നുള്ള ശബ്ദം ഗംഭീരമായി മുഴങ്ങി. അവനെ ചിതകുററിയുടെ നേരെ കൊണ്ടുപോയി. അവിടെയെത്തിയപ്പോൾ അവൻ

വീണ്ടും കവിണ്ണുവീണു പ്രാർത്ഥിച്ചു. പിന്നെ എഴ ന്നേററു ചങ്ങലകൊണ്ടു ബന്ധിച്ചിരുന്ന കുററിമേൽ പിടിച്ചു അതിനെ ചുംബിച്ചുകൊണ്ടു "ക്രിസ്തുവിൻെറ ക്രൂശേ! നിനക്കു സ്വാഗതം! നിത്യജീവനെ! നിനക്കു സൽക്കാരം" എന്നു ഉറച്ചു സ്വരത്തിൽ പറഞ്ഞു. സത്യ ത്തിനുവേണ്ടി പൊരുതുവാനും, ക്ഷമയോടെ കഷ്ടതക ൾ സഹിച്ചവനും, അഗ്നിയെ സന്തോഷത്തോടെ വെല്ലുവിളിച്ചവനും ആയ സാൻഡേർസിൻെറ അന്ത്യ വചനങ്ങൾ മേൽപറഞ്ഞവയായിരുന്നു. ക്രൂരന്മാരായ ആ ഘാതകന്മാർ, സാൻഡേർസ് ദീർഘനേരം വേ ദന അനുഭവിക്കേണ്ടതിന്നായി പച്ചവിറകാണ് ഉപ യോഗിച്ചതു്. എന്നാൽ ക്രിസ്തുവിൻെറ കൃപയും സ മാധാനവും തൻെറ ദാസനോടുകൂടെയിരുന്നു എല്ലാപ്ര യാസങ്ങളെയും സഹിക്കുന്നതിനു തനിക്കു വേണ്ട ശ ക്തിയെ പ്രദാനം ചെയ്തു.

# 18. വില്യം ഹണ്ടർ.

എഡ്വേർഡു ആറാമന്റെ വാഴ്ചകാലത്തു പുരാതനഇംഗ്ലണ്ടിലെ പള്ളികളിൽ ഓരോ വേദപുസ്തകം പൊതുജനങ്ങളുടെ ഉപയോഗത്തിന്നായി വായനമേശമേൽ വച്ചേയ്ക്ക പതിവായിരുന്നു. ആ പുസ്തകങ്ങൾ വലിയ അക്ഷരത്തിൽ അച്ചടിക്കപ്പെട്ടവയും, മരപ്പലകകൾ കൊണ്ടുണ്ടാക്കപ്പെട്ട പുസ്തകച്ചിറകുകളോടുകൂടെ ബയൻറു ചെയ്യപ്പെട്ടവയും ആയിരുന്നു. പ്രത്യേകരീതിയിലുള്ള ഒരുതരം ഇരുമ്പുവളയങ്ങളിട്ടു നാട്ടിനിർത്തിയിട്ടുള്ള ബലമേറിയ കാലുകളിൽ ഇവയെ ചങ്ങലകളാൽ ബന്ധിച്ചിരുന്നു. അക്കാലത്തു വേദപുസ്തകങ്ങൾ വളരെ വിലകൂടിയവയും തുലോം അപൂർവങ്ങളുമായിട്ടാണിരുന്നതു്. അനേകരും അതിനെ ഹൃദയംഗമായി സ്നേഹിച്ചുവന്നു. ദൈവവചനം അക്കാലത്തു വിലയേറിയതായി ഗണിക്കപ്പെട്ടിരുന്നതിനാൽ വിദ്യാഭ്യാസം സിദ്ധിച്ചിരുന്ന ആളുകൾ ഉറക്കെ വായിച്ചു അക്ഷരജ്ഞാനമില്ലാത്തവരെ കേൾപ്പിക്ക പതിവായിരുന്നു.

മേരി രാജ്ഞി സിംഹാസനാരൂഢയായതോടുകൂടെ അന്ത്മായക്കാർ വേദപുസ്തകം വായിച്ചുകൂടാ എന്നൊരുകൽപന പുറപ്പെടുവിച്ചു. എന്നാൽ ചിലസ്ഥലങ്ങളിൽ അവരുടെ കല്പനയെ അംഗീകരിക്കയോ അനുസരിക്കുകയോ ചെയ്യുകയുണ്ടായില്ല. എസക്സിൻബ്രൻറവുഡ്ഡിലെ പള്ളിയിൽമാത്രം മണ്ഡപത്തിനുള്ളിൽ ഒരു മേശമേൽ മുമ്പേപ്പോലെതന്നെ പിന്നെയും വേദപുസ്തകം വെയ്ക്കപ്പെട്ടിരുന്നു. 1555-ാംവർഷം ശരൽ

കാലത്തിൽ വില്യം ഹണ്ടർ എന്നുപേരുള്ള ഒരു ബാലൻ താൻ സ്നേഹിച്ചുകൊണ്ടിരുന്ന വേദപുസ്തകം വായിപ്പാനായി ഈ പള്ളിയിൽ പ്രവേശിച്ചു. അവൻ അവിടെ വേദപുസ്തകം വായിക്കയും ദൈവസന്നിധിയിൽ ഹൃദയം ഉയർത്തി പ്രാർത്ഥിക്കയും ചെയ്തുകൊണ്ടിരുന്ന വേളയിൽ രാജ്ഞിയുടെ ഉദ്യോഗസ്ഥനായ അററ്വെൽ ആ വഴിയെ കടന്നുവന്നു അവനെ കാൺമാനിടയായി. ദൈവത്തിൻെറവചനം തുറന്നു വായിക്കാൻ ഒരു കൊച്ചുചെറുക്കൻ ഒരുങ്ങിക്കളഞ്ഞല്ലോ എന്നു വിചാരിച്ചു അദ്ദേഹം അത്യന്തം കുപിതനായി. "നിനക്കു വേദപുസ്തകത്തോടു എന്തു കാര്യം? നീ എഴുത്തുപഠിച്ചിട്ടുണ്ടോ.? നിനക്കുവേദപുസ്തകം വ്യാഖ്യാനിപ്പാനുള്ളഅധികാരം ലഭിച്ചിട്ടുണ്ടോ.?" എന്നിങ്ങനെ ചോദിച്ചുതുടങ്ങി. ബാലനാകട്ടെ, "പിതാവായ അററ്വെലേ!തിരുവെഴുത്തുകളെ വ്യാഖ്യാനിക്കാമെന്നുള്ളവിചാരം എനിക്കില്ല. ഇവിടെ വേദപുസ്തകം ഇരിക്കുന്നതു കണ്ടു, ഹൃദയശാന്തിക്കായി അതു വായിക്കുന്നതേയുള്ളു" എന്നുസവിനയം മറുപടിപറഞ്ഞു. തിരുവെഴുത്തുകൾ ദോഷഹേതുകമായ പുസ്തകമാണെന്നും അതു ആരും തന്നെവായിക്കുവാൻ പാടുള്ളതല്ല എന്നുമററും അദ്ദേഹം പറഞ്ഞു.

"അങ്ങ് അങ്ങനെ പറയാതിരിക്കണേ! ദൈവത്തിനുപ്രീതിയുള്ളവയും അല്ലാത്തവയുമായ കാര്യങ്ങൾ ഏതുവയെല്ലാമെന്നു തിരിച്ചറിയേണ്ടതിനു ദൈവകൃപമൂലം നമ്മെ ഉപദേശിക്കുന്ന ഒന്നാണ് വേദപുസ്തകം"

എന്നു അൻപോട്ടും ആദരവോട്ടുംകൂടെ ഉത്തരംപറഞ്ഞു. ദൈവത്തെ സ്നേഹിക്കേണ്ടതു എങ്ങനെയെന്നു ഇതിനു മുമ്പു ഇതുപോലെ പറവാൻ കഴിവില്ലായിരുന്നുവോ? എന്നു അററ്വെൽ ചോദിച്ചതിനു ഇപ്പോഴത്തെപ്പോലെ അത്രശരിയായി സാധിച്ചിരുന്നില്ല എന്നു വില്യം സമാധാനം പറഞ്ഞു,-

ഈ ബാലനെ വാക്കിൽ ജയിക്കുവാൻ അററ്വെല്ലിനു കഴിയാതെയായപ്പോൾ: "രാജ്ഞിയുടെ ചട്ടങ്ങളോടു നിഷേധമുള്ള കൂട്ടത്തിലാണ് നീ എന്നു എനിക്കു മനസ്സിലായി. എന്നാൽ തിരിഞ്ഞുവരാത്ത പക്ഷംനീയും ഇടത്തൂട്ടുകാരായ്മററു പലരും നിങ്ങളുടെ ഏവംവിധങ്ങളായ അഭിപ്രായങ്ങൾനിമിത്തം തീയിൽകിടന്നു പൊരിയേണ്ടിവരും" എന്നു പറഞ്ഞു. "എന്തുതന്നെ നേരിട്ടാലും ദൈവവചനം വിശ്വസിക്കുന്നതിനും തന്റെ നാമം ഏററുപറയുന്നതിനും കത്താവു കൃപ നൽകും" എന്നു വില്യം സൗമ്യമായി പ്രത്യുത്തരം പറഞ്ഞു. "ദൈവനാമം ഏററു പറയുന്നവരായിട്ടാണോ നിങ്ങളെക്കുറിച്ചു നിങ്ങൾ എണ്ണിയിരിക്കുന്നതു്? അയ്യോ, കഷ്ടം! നിങ്ങളെല്ലാവരും നരകത്തിൽ തള്ളപ്പെടേണ്ടിവരും" എന്നു വിളിച്ചുപറഞ്ഞുകൊണ്ടു ആയാൾ പള്ളിയിൽനിന്നിറങ്ങിപ്പോയി.

വഴിമദ്ധ്യേ ഒരു പട്ടക്കാരനെ കാണുന്നതിനിടയായി. അദ്ദേഹത്തേയും കൂട്ടിക്കൊണ്ടു തിരികെ പള്ളിയിലേക്കു വന്നു. വില്യം എന്ന ബാലൻ അപ്പോഴും വേദപുസ്തകം വായിച്ചുകൊണ്ടു നില്ക്കുകയായിരുന്നു.

പട്ടക്കാരൻ അവന്റെ അടുത്തു ചെന്നു അവനെ കഠിനമായി ശാസിക്കയും ഭയപ്പെടുത്തുകയും ചെയ്തു. ഇതിന്റെ ഭവിഷ്യം എന്തായിരിക്കുമെന്നു ഈ ബാലനു നല്ലവണ്ണം അറിയാമായിരുന്നു. ആകയാൽ അവൻ തന്റെ വീട്ടിലേക്കു ഓടിയെത്തി എത്രയും ബദ്ധതിയിൽ മാതാപിതാക്കന്മാൎക്കു യാത്ര പറഞ്ഞു പട്ടണം വിട്ടു പൊയ്ക്കളഞ്ഞു. ദിവസങ്ങൾ കുറെ കഴിഞ്ഞു. ഒരു ദിവസം ന്യായാധിപൻ അവന്റെ പിതാവിനെ ആളയച്ചു വിളിപ്പിച്ചു മകനെ ഹാജരാക്കി കൊടുക്കണമെന്നു ആജ്ഞാപിച്ചു.

"യജമാനൻ ഇങ്ങനെ ഉത്തരവായതു എന്തുകൊണ്ടാണ്? എന്റെ മകനെ തീയിലിട്ടു ദഹിപ്പിക്കേണ്ടതിലേക്കു ഞാൻ അവനെതേടി പുറപ്പെടുവാനോ?" എന്നു പിതാവു ചോദിച്ചിട്ടും ന്യായാധിപതിക്കു യാതൊരു അനുകമ്പയും കാണായ്കയാൽ സാധുവായ പിതാവു മകനെ അന്വേഷിച്ചു പുറപ്പെടുവാൻ നിൎബന്ധിതനായി. രണ്ടുമൂന്നുമാസങ്ങളോളം സഞ്ചരിച്ചുതിരക്കിയിട്ടും മകനെക്കുറിച്ചു യാതൊരറിവും കിട്ടിയില്ല. ഒരു ദിവസം മകൻ പിതാവിനെ ദൂരെ കണ്ടു താൻ ഓടി അടുത്തുചെന്നു. തന്റെ പിതാവിന്റെ അപകടനിലയെക്കുറിച്ചു മനസ്സിലായപ്പോൾ പിതാവിനെ ആപത്തിൽ പെടുത്തുന്നതിനേക്കാൾ താൻ തന്നെ തിരിച്ചുചെല്ലുന്നതാണ് ഉത്തമമെന്നു അവൻ കരുതി വിവരം പിതാവിനെ ധരിപ്പിച്ചു. ആ വൃദ്ധപിതാവിനു അതിനു എങ്ങനെ മനസ്സുണ്ടാകും. സ്നേഹത്തിന്റെ

ഒരു വലിയ പോരാട്ടം അവിടെനടന്നു. ഒടുവിൽ പിതാവു മകൻെറ ഇഷ്ടത്തിനു കീഴ്പ്പെട്ടു. രണ്ടുപേരും കൂടെ പട്ടണത്തിലേക്കു യാത്രയായി.

ബ്രെൻറവൂഡ് എന്ന ചെറിയ പട്ടണത്തിലേക്കുള്ള വഴിയിൽ കിടക്കുന്ന ഒരു കുന്നുകയറുമ്പോൾ നേരവും വൈകിത്തുടങ്ങി. ഇവർ കടന്നുപോകുമ്പോൾ ആ സ്ഥലങ്ങളിൽ പാൎത്തിരുന്ന ആളുകൾ അവൎക്കു മംഗളം ആശംസിച്ചു. എന്നാൽ അടുത്ത പ്രഭാതത്തിൽ നടക്കുവാൻ പോകുന്ന കാൎയ്യങ്ങൾ ഓൎത്തു ഹൃദയം നൊന്തുള്ള നിലവിളിയോടും കണ്ണുനീരോടുംകൂടെ അവർ ഉഷസ്സിനെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. എന്നാൽ രാത്രിയിൽതന്നെ വില്യമിനെ പിടിച്ചുകൊണ്ടുപോയി ആമത്തിലിട്ടു പൂട്ടിയതുകൊണ്ടു ഉഷസ്സുവരെ നോക്കിയിരിക്കേണ്ട ആവശ്യം ഉണ്ടായില്ല. ശരീരത്തിൽനൊമ്പരം സഹിച്ചുകൊണ്ടെങ്കിലും ആത്മാവിൽ ആനന്ദമുള്ളവനായി നേരം വെളുക്കുന്നതുവരെ അവൻ അങ്ങനെ കിടന്നു. പ്രഭാതമായപ്പോൾ മജിസ്ട്രേട്ടിൻെറ മുൻപാകെ അവനെ ഹാജരാക്കി. അവൻെറ വിശ്വാസത്തിൽനിന്നു അവനെ വ്യതിചലിപ്പിക്കുവാനായി വേണ്ട ശ്രമങ്ങൾ ഒക്കെ കഴിച്ചിട്ടും ഫലമൊന്നും കാണായ്കയാൽ ലണ്ടനിലെ ബിഷോപ്പായ ബോണറിൻെറ അരമനയിലേക്കയയ്ക്കുന്നതിനുത്തരവുണ്ടായി. ബിഷോപ്പിൻെറ അരമനയുടെ നടുമുറിയിൽ അവനെ നിറുത്തിക്കൊണ്ടു ചതുരുപായങ്ങളും യഥാക്രമം പ്രയോഗിച്ചുനോക്കി. എങ്കിലും വേദപുസ്തകത്തെ

ഉപേക്ഷിക്കുന്നതിനോ, അതിലെ സത്യങ്ങളെ നിഷേധിക്കുന്നതിനോ അവനെക്കൊണ്ടു വാദത്തം ചെയ്യിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അപ്പോൾ "കൊണ്ടുപോയി ആമത്തിലിടുക" എന്നുള്ള ആജ്ഞ കേട്ട വില്യമിനെ അവർ കൊണ്ടുപോയി ആമത്തിലിട്ടു. ഒരു കഷണം തവിട്ടപ്പവും കുറെ ചൂടുവെള്ളവുമല്ലാതെ ആഹാരമായി ഒന്നുംതന്നെ ലഭിക്കാതെ സുദീർഘമായ രണ്ടു പകലും രണ്ടു രാത്രിയും അവൻ കഴിച്ചുകൂട്ടി. അവൻെറ മനസ്സിനെ ഭേദപ്പെട്ടത്താമെന്നു കരുതി ഈ ക്രൂരതകൾ ചെയ്തുകൊണ്ടൊന്നും മതിവരാതെ പിന്നെയും അവനെ ദണ്ഡിപ്പിക്കുന്നതിനു അവർ ഒരുമ്പെട്ടു. അവൻ ഏളരെ പണിപ്പെട്ടുമാത്രം ചുമക്കത്തക്കവണ്ണം ഒട്ടധികം ഇരുമ്പുചങ്ങലകളെകൊണ്ടു് ബന്ധിച്ചുകൊള്ളണമെന്നു കാരാഗൃഹപ്രമാണിയുടെ പേക്കുള്ള ഒരുആജ്ഞയോടുകൂടെ അവനെ ലണ്ടനിലെ കാരാഗൃഹങ്ങളിലൊന്നിലേക്കു അയച്ചു. പ്രത്യാശയോടും, ദൈവാശ്രയത്തോടും, നിരന്തരമായ പ്രാൎത്ഥനയോടും കൂടെ അവൻ ഒൻപതുമാസക്കാലം ആകാരാഗൃഹത്തിൻെറ്ഉള്ളറയിൽതാമസിച്ചു. ഇങ്ങനെയിരിക്കുമ്പോൾ ഒരുദിവസം വേദവായനപ്രിയനായഈ ബാലനെക്കുറിച്ചു ബോണർബിഷോപ്പു ഓർക്കുന്നതിനിടയായി. സുദീർഘമായ കാരാഗൃഹവാസവും തൻമൂലം സ്വാഭാവികമായിഉണ്ടാകാവുന്നസ്വാതന്ത്ര്യേച്ഛയും സ്വഭവന ചിന്തയും കൊണ്ടു് ഇപ്പോൾ കീഴ്പെടുവാനുള്ള മനസ്സുവന്നിരിക്കുമെന്നുള്ള വിചാരത്തോടു കൂടെ

അവനെ അരമനയിൽ കൂട്ടികൊണ്ടുവരുന്നതിനു ബിഷോപ്പ് ആജ്ഞാപിച്ചു. എന്നാൽ അവൻെറ ഹൃദയത്തിനു ഒട്ടും ഭേദമില്ലാതെയും സുവിശേഷത്തിലുള്ള അവൻെറ ആശ്രയം മുമ്പെപ്പോലെ സുസ്ഥിരമായും സ്ഥിതിചെയ്തിരുന്നു. വിശ്വാസം തള്ളിപ്പറയുന്ന പക്ഷം സമ്മാനമായി 600 രൂപയും ഒരുനല്ല ഉദ്യോഗവും നല്കാമെന്നു ബിഷോപ്പു വാഗ്ദത്തം ചെയ്തു. ആകാലത്തു 600 രൂപയെന്നതു ഭീമമായ ഒരുതുകയായിരുന്നു. എന്നാൽ വില്യമാകട്ടെ, അതിനെ പാടെനിഷേധിക്കയാണു ചെയ്തതു്. ഇതു കണ്ടപ്പോൾ അവനെ തൻെറ അരമനവിചാരിപ്പുകാരനാക്കാമെന്നു ബിഷോപ്പു സൗമ്യമായും, ചാതുര്യമായും അവനോടു പ്രസ്താവിച്ചു.

'ലൗകികകാര്യങ്ങളെ ക്രിസ്തുവിൻെറ സ്നേഹത്തോടു തുലനം ചെയ്തു നോക്കുമ്പോൾ ഐഹികങ്ങളായ സകലത്തെയും ചേതം എന്നു ഞാൻ എണ്ണുന്നു. ആകയാൽ തിരുമേനി! ദൈവവചനത്താൽ എൻെറ മനസ്സിനെയും മനസ്സാക്ഷിയെയും കീഴ്പ്പെടുത്താമെന്നല്ലാതെ ലോകാകർഷണങ്ങൾ കൊണ്ടു ഒന്നുംതന്നെ സാധിക്കയില്ല എന്നു ധരിച്ചാലും" എന്നു വില്യം പറഞ്ഞു. സമ്മാനങ്ങൾ കൊണ്ടോ, ഭീഷണികൊണ്ടോ യാതൊരു ഫലവുമുണ്ടാകുന്നതല്ലെന്നറച്ചു അവനെ അഗ്നിക്കിരയാക്കിത്തീർക്കുവാൻ ബിഷോപ്പ് ആജ്ഞ നൽകി.

വില്യമിനെ പിതൃനഗരത്തിലേക്കു വീണ്ടുംകൊണ്ടുപോയപ്പോൾ ആയതു കഷ്ടസംപൂർണ്ണമായ മരണമാസ്വാദിക്കുന്നതിനുവേണ്ടിയാണെന്നു അവൻ ഗ്രഹിക്കാ

തിരുന്നില്ല. എങ്കിലും തനിക്കവേണ്ടി തൻെറ രക്ഷിതാവു സഹിച്ച കഷ്ടപ്പാടുകൾ അവൻെറ സ്മരണയിൽ നിന്നും വിടാതെയിരുന്നു. "മരണപൎയ്യന്തംവിശ്വസ്തനായിരിക്ക, എന്നാൽ ജീവകിരീടം പ്രാപിക്കും" എന്ന തിരുവെഴുത്തിനെ അവൻ ശിരസ്സാവഹിച്ചിരുന്നു. തൻെറ ചെറിയ ഗ്രാമത്തിൽ കാരാഗൃഹങ്ങൾ ഒന്നും ഇല്ലാതിരുന്നതിനാൽ തന്നെ അവിടെയുള്ള ഒരു സത്രത്തിൽ കൊണ്ടുപോയി പോലീസു കാവലിൽ സൂക്ഷിച്ചു.

തൻെറ മകൻ സ്വദേശത്തേക്ക കൊണ്ടുവരപ്പെട്ട വൎത്തമാനം മാതാവിൻെറ ചെവികളിലെത്തുകയാൽ മാതൃനിർവിശേഷമായ സ്നേഹ പാരവശ്യത്താൽ പ്രേരിതയായി അവൻ കിടന്ന സ്ഥലത്തേക്ക അവൾ ഓടി എത്തി. അവളുടെ സ്നേഹപാരവശ്യവികാരജ്വലനങ്ങളെ കണ്ടുതീന്ന പോലീസുകാൎക്ക സഹതാപം തോന്നി, സ്വപുത്രൻെറ സമീപെ വരുന്നതിനു അവളെ അനുവദിച്ചു. വില്യമാകട്ടെ യാതൊരു കുലുക്കവും കൂടാതെ പ്രസന്നവദനനായിരിക്കുന്നതു കണ്ടിട്ടു അവൾ ദൈവത്തെ സ്തുതിച്ചു. പിന്നീടു അവൻെറ മാതാവിനോടു: "പ്രിയ അമ്മേ! ഞാൻ സഹിക്കേണ്ടിവരുന്ന ലഘുവായ സങ്കടങ്ങൾക്ക പകരം കൎത്താവു എനിക്ക സന്തോഷകിരീടമാണല്ലോ ഒരുക്കിയിരിക്കുന്നതു്. അമ്മക്ക അതിൽ സന്തോഷമല്ലേ ഉള്ളതു്?" എന്നു ചോദിച്ചു. ആ തള്ളയാകട്ടെ അനല്പമായ ആഹ്ളാദത്തോടുകൂടെ ദൈവത്തെ വാഴ്ത്തി സ്തുതിച്ചു. അന

ന്തരം അവർ ഇരുവരും ഒരുമിച്ച് മുട്ട കുത്തിയശേഷം തന്റെ സാധുവായ പൈതലിനെ അവസാനത്തോളം ബലപ്പെടുത്തിനിർത്തണമെന്ന അവൾ പ്രാൎത്ഥിച്ചു. ബാലനായ വില്യമിനെ മരണത്തിന്ന ഏൽപിക്കുവാനുള്ള ദിവസം രാവിലെ സംസ്ഥാനാധിപനും, ന്യായാധിപതിയും, റോമാപ്പട്ടക്കാരും, ഘാതകന്മാരോടും, കാവൽക്കാരോടും, വലിയ പുരുഷാരത്തോടും കൂടെഏററവും സങ്കടകരമായ ഒരു അന്ത്യരംഗത്തിലേക്കു പ്രവേശിച്ചു. സത്രത്തിൽനിന്ന രക്തസാക്ഷിപ്രവരനായബാലകനെ കൊലസ്ഥലത്തേക്കു കൊണ്ടുപോകുംവഴി അവന്റെ പിതാവു പ്രാണവേദനസമാനമായ ചിന്തകളുടെ ശക്തിയായ തള്ളലാൽ അവന്റെ അടുക്കലേക്കു അമ്പു പായുംവണ്ണം കുതിച്ചുചെന്നു. ഉത്തമഗുണമേരുന്ന തന്റെ പൈതലിനെ ആശ്ലേശിച്ചു ശേഷം കവിൾത്തടങ്ങളിൽകൂടി ഒഴുകിക്കൊണ്ടിരിക്കുന്ന അശ്രുധാരയോടുകൂടെ "മകനെ! വില്യമേ! ദൈവം നിന്നോടുകൂടെയായിരിക്കട്ടെ" എന്ന ആശംസിച്ചു

വില്യം അവസാനമായി തന്റെ പ്രിയ പിതാവിനെ പ്രശാന്തമാനസനായി ഒന്നുകൂടി നോക്കിയശേഷം "അല്ലയോ പിതാവേ! ദൈവം അവിടുത്തേയുംകൂടെ ഉണ്ടായിരിക്കട്ടെ. പൂൎണ്ണാശ്വാസമുള്ളവനായിത്തന്നെയിരിക്കുക. നാം വീണ്ടും ഒരുമിച്ചു കണ്ടാനന്ദിക്കാവുന്നതായ ഭാഗ്യദേശത്തുവച്ചു തമ്മിൽ കണ്ടുകൊള്ളാമെന്നാശിക്കുന്നു"എന്നുപറഞ്ഞു അവന്റെ പിതാവിനെ സമാധാനപ്പെടുത്തി. അന്നേദിവസം ആ ചെ

റിയ പട്ടണമായ ബ്രൻസ്വഡ്ഡിൽ വിലപിക്കാത്ത ആളുകൾ ചുരുക്കമായിരുന്നു.

സുവിശേഷത്തെ സ്നേഹിച്ചു എന്നുള്ളതല്ലാതെ ദ്രോഹകാരണമായി മറെറാന്നും പറവാൻ വകയില്ലാതെ ജീവിതം നയിച്ചുവന്ന ദയാലുവും ഗംഭീരാശയനും ആയ ഒരു ബാലകനെ കത്തിയെരിയുന്ന തീജ്വാലയേററുമരിക്കേണ്ടതിനു തെരുവീഥിയിൽക്കൂടെ വലിച്ചിഴച്ചുകൊണ്ടുപോകുന്നതു് ഏതു വജ്രഹൃദയത്തെയും വല്ലാതെ തകർത്തുകളയുന്ന ഒരു കാഴ്ചയായിരുന്നു. അതിധീരന്മാരായ അനേകരുടെ കവിൾത്തടങ്ങളിൽക്കൂടി അശ്രുക്കൾ ധാരയായി ഒഴുകിക്കൊണ്ടിരുന്നു. വില്യമിനെ ഇവ്വണ്ണം കൊണ്ടുപോയതു അവൻെറ സ്വഭവനത്തിനു മുമ്പിൽ കൂടിയായിരുന്നതിനാൽ അവിടേക്കു അവൻെറ ദൃഷ്ടി പതിഞ്ഞു. അപ്പോൾ ദുഃഖസാഗരത്തിൽ നിമഗ്നരായ അവൻെറ സഹോദരിമാരെ ഒന്നുകൂടെ കാണുന്നതിനുള്ള ഭാഗ്യം അവനു ലഭിച്ചു. കുട്ടിപ്രായത്തിൽ അവൻെറ ചങ്ങാതികളായിരുന്ന സ്നേഹിതന്മാരെയും അവൻ അവിടെ കാണുകയും അവരോടു അവസാനയാത്ര പറയുകയും ചെയ്തു. ക്രിസ്തുവിനുവേണ്ടി കഷ്ടമനുഭവിപ്പാൻ തയ്യാറായി പോകുന്ന ആ ബാലനു മരണത്തെക്കുറിച്ചു ലേശംപോലും ചഞ്ചലമില്ലെന്നു അവർ ഗ്രഹിച്ചു. പട്ടണത്തിൻെറ അറുതിവരെയും ഇങ്ങനെ പോയശേഷം അവിടെ അവനായി ചിതക്കുററിയും, വിറകും, ചങ്ങലയും തയ്യാറാക്കപ്പെട്ടിരിക്കുന്നതു കണ്ടു. താമസംവിനാ ചിതക്കു

ററിയോടു ചേൎത്തവനെ ബലമായി ബന്ധിച്ചശേഷം അവൻെറ ചുററും വിറകു കൂനയായി കൂട്ടി. ഈ അവസ്ഥയിലായശേഷവും താൻ ഒരു റോമൻകത്തോലിക്കനാണെന്നു ഏററുപറഞ്ഞാൽ മോചനം നൽകാമെന്നു അധികാരികൾ വാഗ്ദത്തം ചെയ്തു. ദൈവകൃപയാൽ ഞാൻ എൻെറ വിശ്വാസം തള്ളിപ്പറകയില്ലെന്നു വില്യം ബദ്ധധൈൎയ്യമായി മറുപടി പറഞ്ഞശേഷം ജനതതിയെ നോക്കി തനിക്കുവേണ്ടി പ്രാൎത്ഥിക്കണമെന്നാപേക്ഷിച്ചു. അപ്പോൾ ക്രൂരനായ ഒരു ന്യായാധിപൻ "നിനക്കുവേണ്ടി പ്രാൎത്ഥിക്കുന്നതിനേക്കാൾ ഒരു പട്ടിക്കുവേണ്ടി പ്രാൎത്ഥിക്കുന്നതു ഏറെ ഉചിതമായിരിക്കും" എന്നു പറഞ്ഞതിനു: "അവസാനനാളിൽ ഇതു നിൻെറമേൽ കുററമായി കണക്കിടരുതേ എന്നു ഞാൻ ദൈവത്തോടപേക്ഷിക്കുന്നു" എന്നായിരുന്നു വില്യമിൻെറ മറുപടി.

ഒരു റോമാപട്ടക്കാരനും അവനെ ഭീഷണിവാക്കുകൾകൊണ്ടു ദണ്ഡിപ്പിച്ചു. "ദൈവമേ! അവൻെറ ആത്മാവിനോടു കരുണതോന്നേണമേ" എന്നൊരു മാന്യൻ ഉറക്കെ വിളിച്ചപേക്ഷിച്ചു. അപ്പോൾ ജനം 'ആമേൻ' എന്നുപറഞ്ഞു. ആ പട്ടക്കാരൻെറ ശകാരവൎഷങ്ങൾ ഇതോടുകൂടെ അവസാനിച്ചു.

പെട്ടെന്നു വിറകിനു തീ കൊടുത്തു. അഗ്നി കാളി കത്തി ഉയൎന്നുതുടങ്ങി. അപ്പോൾ, അവനെഅനുഗമിച്ചു അവിടെ എത്തിയിരുന്ന അവൻെറ സഹോദരൻെറ കൈയ്യിലേക്കു, തൻെറ കൈയ്യിൽ പിടിച്ചുകൊണ്ടിരുന്ന ഒരു സങ്കീൎത്തനപുസ്തകം എറിഞ്ഞുകൊടുത്തു.

"വില്യമേ, ക്രിസ്തുവിൻെറ കഷ്ടാനുഭവങ്ങളെ ചിന്തിച്ചുകൊണ്ടു പരിഭ്രമം കൂടാതെ നിന്നുകൊൾക." എന്നു ഈ സഹോദരൻ വിളിച്ചുപറഞ്ഞു. "എനിക്കു പരിഭ്രമം അശേഷം ഇല്ല; കർത്താവേ! കർത്താവേ! എൻെറ ആത്മാവിനെ കൈക്കൊള്ളേണമേ" ഇത്രയുമായിരുന്നു അവൻ ഉച്ചരിച്ച അന്ത്യവചനങ്ങൾ. ഉണങ്ങിയ വിറകിനു തീപിടിച്ചു ശക്തിയോടുകൂടെ കത്തിയെരിഞ്ഞു അവൻെറ ശരീരത്തെ നക്കി ദഹിപ്പിച്ചുതുടങ്ങി. ഇങ്ങനെ കുറെ സമയം കഴിഞ്ഞു. അതിന്നിടയിൽ അനുഭവിച്ച അവൎണ്ണനീയമായ വേദനകളോടുകൂടെ അവൻെറ കഷ്ടപ്പാടുകൾ എന്നേക്കുമായി അവനിൽ നിന്നും ഒഴിഞ്ഞുപോയി. നിത്യസ്വസ്ഥതയിലേക്കു അവൻ പ്രവേശിച്ചു.

വില്യം ഹണ്ടർ സത്യത്തെപ്രതി തൻെറ ജീവൻ വച്ചുകൊടുത്തസ്ഥലം ഏതായിരുന്നുവെന്നുലക്ഷ്യപ്പെടുത്തുവാൻ അതിൻെറ സമീപത്തായി വളരെ പഴക്കം ചെന്ന ഒരു വൃക്ഷം ഇപ്പോഴും നിൽക്കുന്നുണ്ടു്. ഈ സംഭവം കഴിഞ്ഞിട്ടു ഇപ്പോൾ അനേകസംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു. എങ്കിലും അവൻെറ നാമം ഇപ്പോഴും സ്മരിക്കപ്പെട്ടുവരുന്നു. രക്തസാക്ഷികളുടെ ശ്രേഷ്ഠതയേറിയ സ്വൎഗ്ഗീയസമൂഹത്തിൽ അവൻെറ ആത്മാവു പോയി ചേൻകഴിഞ്ഞു. എങ്കിലും ആ മഹാത്മാവിൻെറ ധീരതയുടെയും വിശ്വാസത്തിൻെറയും വൃത്താന്തം മാഞ്ഞുപോകാതെ ചരിത്രവീഥിയിൽ സവിശേഷം പരിലസിച്ചുകൊണ്ടിരിക്കുന്നാരാമ്മസ്തംഭമായി ചിരകാലം സൂക്ഷിക്കപ്പെട്ടിരിക്കും.

# 19. ഡോ. റോളൻഡ്സ ടെയിലർ

റോളൻഡ് ടെയിലർ ഇംഗ്ലണ്ടിലുള്ള സഫോക്കിൽ ജനിച്ചു. പ്രായമായതിന്റെ ശേഷം ഒരു പട്ടക്കാരനാകുകയും തന്റെ സ്വന്തപട്ടണത്തിൽ നവീകരണോപദേശങ്ങൾ പ്രസംഗിക്കയും ചെയ്തുവന്നു. സഭയുടെ ചുമതല തനിക്കു ലഭിച്ചതിന്റെ ശേഷം അവിടെ തന്റെ മുഴുശക്തിയുമുപയോഗിച്ചു വേലകൾ നടത്തി. ഒരു സമത്ഥനായ ഉപദേഷ്ടാവെന്നതുകൊണ്ടും പാവപ്പെട്ടവരോടുള്ള സ്നേഹപെരുമാററങ്ങൾ മൂലവും താൻ എല്ലാവരാലും ആദരിക്കപ്പെട്ടവനും സ്നേഹിക്കപ്പെട്ടവനുമായിത്തീൎന്നു. ടെയിലരുടെ വേലയിൽ അദ്ദേഹത്തിനു നിരന്തരമായ ഉപദ്രവങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു എങ്കിലും അവയെല്ലാം ക്ഷമയോടെ സഹിക്കയാണു ചെയ്തതു്.

കുറെ വർഷങ്ങൾ കഴിഞ്ഞശേഷം അദ്ദേഹം ഒരു ദൈവഭക്തിയുള്ള സ്ത്രീയെ വിവാഹംചെയ്തു അവളോടുകൂടെ പാൎത്തു. വല്ല പാവപ്പെട്ടവരും തന്റെ പടിവാതിൽക്കൽ നിൽപുണ്ടോ എന്നു നോക്കാതെ താൻ ഒരിക്കൽപോലും ഭക്ഷണം കഴിക്കാറില്ലായിരുന്നു. അദ്ദേഹം തന്റെ ഭാൎയ്യക്കു ഒരു മാതൃകാഭൎത്താവും കുഞ്ഞുങ്ങൾക്കു ഒരു നല്ല സ്നേഹിതനും പാവപ്പെട്ടവൎക്കു ഒരു സഖിയുമായിരുന്നു. തന്റെ കുഞ്ഞുങ്ങളെ ദൈവഭക്തിയിൽ വളൎത്തിക്കൊണ്ടു പോരുന്നതിനുതാൻ വളരെ ശ്രമിച്ചു. ഇപ്രകാരം ഡോ. ടെയിലർ സ

ന്തോഷത്തോട്ടം സമാധാനത്തോട്ടംകൂടെ ഹാഡ്ലി സഭയിൽ പ്രവൎത്തിച്ചു. എന്നാൽ തന്റെ ഈ രീതിയിലുള്ള ജീവിതം അധികനാൾ ഉണ്ടായിരുന്നില്ല. എഡ്വേർഡ് രാജാവിന്റെ മരണശേഷം എല്ലാററിനും ഒരു വ്യത്യാസമുണ്ടായി.

മേരിരാജ്ഞിയുടെ വിളംബരമനുസരിച്ചു റോമാപാതിരിമാർ ഹാഡ്ലിയിൽ പ്രവേശിച്ചു. റോമാമതാചാരങ്ങൾ പ്രചരിപ്പിക്കുന്നതിനു തുടങ്ങി. ടെയിലർ ഇതുകേട്ടു പള്ളിയിൽചെന്നു അവിടെ ശുശ്രൂഷനടത്തിയ റോമാപട്ടക്കാരനെ ശാസിക്കയും പള്ളിയിൽനിന്നു പുറത്താക്കുന്നതിനു ശ്രമിക്കയും ചെയ്തു. ഇതുകണ്ട രാജ്ഞിയുടെ ഉദ്യോഗസ്ഥന്മാർ ടെയിലറിനെ പിടിച്ചു വലിച്ചിഴക്കയും ഉപദ്രവിക്കുകയും ചെയ്തു.

ഡോക്ടർ ടെയിലറിന്റെ പേരിലുള്ള കുററാരോപണങ്ങൾ രാജ്ഞിയുടെ മൻപാകെ കൊണ്ടുവരപ്പെടുകയും ടെയിലർ സമാധാനം ബോധിപ്പിക്കുന്നതിനു രാജ്ഞിയുടെ മുൻപാകെ ഹാജരാകണമെന്നു കല്പനയുണ്ടാകയും ചെയ്തു.

ഡോക്ടർ ടെയിലറിന്റെ സ്നേഹിതന്മാർ ഇതുകേട്ടു അമ്പരന്നു രാജ്യംവിട്ടു കടന്നുകളയുന്നതിനു തന്നോടുപദേശിച്ചു. എന്നാൽ അതിനു മറുപടിയായി: "ദുഷ്ടന്മാരുടെ ക്രോധത്തിൽനിന്നു ഓടുന്നതിനേക്കാൾ സത്യത്തിനുവേണ്ടി മരിക്കുന്നതു ഏററം നല്ലതു്. എന്റെ ദൈവം ജീവനുള്ളവനത്രെ. അവൻ എന്നെ എന്റെ സർവവിധമായ പ്രയാസങ്ങളിൽനിന്നും വി

ട്ടവിക്കയും എല്ലാം സഹിപ്പാൻ വേണ്ട ശക്തി തരികയും ചെയ്യും." എന്നു പറഞ്ഞു.

താൻറ സ്നേഹിതന്മാർ തന്നെ ഈ അവസ്ഥയിൽനിന്നു രക്ഷിക്കുന്നതിനു നിവൃത്തിയില്ല എന്നു കണ്ടപ്പോൾ അവർ കണ്ണുനീരോടുകൂടെ തന്നെ വിട്ടുപോയി. പിന്നീട് അദ്ദേഹം തൻെറ വിശ്വസ്തഭൃത്യനായ ജോൺഹള്ളിനോടുകൂടെ ലണ്ടനിലേക്കു പോയി. ഈ ഭൃത്യനും രക്ഷപ്പെടേണ്ടതിനായി തൻെറ യജമാനനെ ഉപദേശിച്ചു എങ്കിലും അതുകൊണ്ടു ഒരു പ്രയോജനവുമുണ്ടായില്ല.

ബിഷോപ്പിൻെറ മുൻപാകെ ഹാജരായ ടെയിലർ കുററക്കാരനായി ഗണിക്കപ്പെടുകയും ജയിലിലേക്കു അയയ്ക്കപ്പെടുന്നതിനു ഉത്തരവുണ്ടാകയും ചെയ്തു. തടവിൽ തൻെറ സമയത്തിൽ മിക്കഭാഗവും വായനയിലും പ്രാർത്ഥനയിലും കൂട്ടുതടവുകാരോടുള്ള ഉപദേശത്തിലും കഴിച്ചുകൂട്ടി. ഇവിടെ ഒന്നരവർഷക്കാലം താമസിച്ചു. ഈ കാരാഗൃഹത്തിൽവച്ചു തനിക്കു ലഭിച്ച സ്നേഹിതന്മാരിൽ ഒരാളായിരുന്നു ജോൺബാർസ്ഫോർഡ്. ഇദ്ദേഹത്തോടുകൂടെയുള്ള വാസം തൻെറ മനസ്സിനെ ഏറെക്കുറെ സന്തോഷിപ്പിച്ചു. റോമാമതത്തിനു വിപരീതമായുള്ള ഉപദേശങ്ങളെ രാജ്യമൊട്ടുക്കു പരത്തുന്നതിൽ തന്നാൽ ആവോളം ശ്രമിക്കുമെന്നും തൻെറ വിശ്വാസത്തെ പിടിച്ചുകൊണ്ടുതാൻ മരിക്കുമെന്നും ധൈര്യമായി പറഞ്ഞു. ഇതുമൂലം ശത്രുപക്ഷത്തിൻെറ ക്രോധം വർദ്ധിച്ചു. ടെയിലറി

ന്നെ കഴിയുന്നിടത്തോളം അപമാനിച്ചതിന്റെ ശേഷം ദഹിപ്പിച്ചുകളയുന്നതിനുത്തരവുണ്ടായി.

ജയിലിൽ തന്നെ കാണുന്നതിനു വന്ന ഭാര്യയും ആൺകുട്ടിയും ജയിലരുടെ അനുവാദത്തോടുകൂടെ ഉള്ളിൽ പ്രവേശിച്ചതന്നെ കാണുകയും തന്നോടുകൂടെ ഒന്നിച്ചു ഭക്ഷണം കഴിക്കയും ചെയ്തു. ഭക്ഷണശേഷം ഡോ. ടെയിലർ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു ഒടുവിൽ മകന്റെ നേരെ തിരിഞ്ഞുകൊണ്ടു ഇപ്രകാരം പറഞ്ഞു. "എന്റെ ഓമനമകനെ! ദൈവം നിന്നെ അനുഗ്രഹിച്ചു തന്റെ പരിശുദ്ധാത്മാവുകൊണ്ടു നിറച്ചു നിന്നെ ക്രിസ്തുവിന്റെ ഒരു സത്യപടയാളിയാക്കിത്തീക്കട്ടെ. അവനുവേണ്ടി അവസാനംവരെപോർ ചെയ്ക. പ്രിയ മകനെ! എല്ലാ അധമ്മത്തിൽനിന്നും പാപത്തിൽനിന്നും ഒഴിഞ്ഞവനായി ജീവിക്ക. വേദപുസ്തകം വായിക്കുന്നതിൽതാൽപര്യമുള്ളവനായും പ്രാത്ഥനയിൽ ശുഷ്കാന്തിയുള്ളവനായും നിന്റെജീവിതം കഴിച്ചുകൂട്ടുക. എല്ലാ സംഗതിയിലും നിന്റെ അമ്മയെ അനുസരിക്ക അവളെസ്നേഹിക്കയും ശുശ്രൂഷിക്കയും ചെയ്ക. നിന്റെ യൗവനകാലം അവളാൽ ഭരിക്കപ്പെട്ടവനായി ജീവിക്ക. അവളുടെ സദുപദേശങ്ങൾ ഒരിക്കലും മറക്കരുതു്. നീ പുരുഷനായിത്തീൎന്നശേഷം ദൈവം നിന്നെ അനുഗ്രഹങ്ങൾകൊണ്ടു നിറക്കുമ്പോൾ പ്രയാസത്തിലും കഷ്ടതയിലും വലയുന്നവൎക്കു നിന്നാൽ കഴിവുള്ളിടത്തോളം സഹായങ്ങൾ ചെയ്ക. നിന്റെ അമ്മയുടെ വാർദ്ധക്യത്തിൽ

അവൾക്കു ഉററ സഹായി ആയിരിക്കുക. ദൈവം നിന്നെ സഹായിക്കട്ടെ. നിന്റെ ഈ ലോകജീവിതം മററുള്ളവക്കു പ്രയോജനമുള്ളതായിരിക്കട്ടെ".

പിന്നീട്ടു തന്റെ ഭാര്യയുടെ നേരെ തിരിഞ്ഞു ഇ പ്രകാരം പറഞ്ഞു:

"എന്റെ പ്രിയ ഭാര്യേ! വിശ്വാസത്തിൽ സ്ഥിരതയോടുകൂടെത്തന്നെ നിൽക്കേണമെന്നു നിന്നോടു ഞാൻ പറയേണ്ട ആവശ്യമില്ലല്ലോ. ഞാൻ നിനക്കൊരു വിശ്വസ്ത കൂട്ടാളിയായിത്തീരുന്നതിനു ശ്രമിച്ചു. അതുപോലെതന്നെ നീയും എനിക്കു ഒരു വിശ്വസ്തകൂട്ടാളിയായി തന്നെയിരുന്നു. എന്റെ പ്രിയേ! ദൈവംതന്നെ നിനക്കു പ്രതിഫലം തരട്ടെ. നിന്നെ വേർപെടേണ്ട അവസരം എനിക്കു വന്നിരിക്കുന്നു. നമ്മുടെ വിവാഹബന്ധത്തിനു ഒരു അന്തം ഇതാ ആസന്നമായിരിക്കുന്നു. അതുകൊണ്ടു നല്ലതു എന്നു തോന്നുന്നതായ ഏതാനും ചില ഉപദേശങ്ങൾ നിനക്കു ഞാൻതരേണമെന്നു ആഗ്രഹിക്കുന്നു. നീ യൗവനക്കാരിയും സുമുഖിയുമാണല്ലോ. അതുകൊണ്ടു എന്റെ വേർപാടിന്റെ ശേഷം നീ വേറെ ഒരു ഭർത്താവോടുകൂടെതാമസിക്കുന്നതു ഏറെ ഉത്തമം നീ അവിവാഹിതയായി ജീവിക്കുന്ന കാലത്തോളം നിനക്കു നിന്റെ കുഞ്ഞുങ്ങളേയും നിന്നെത്തന്നെയും സംരക്ഷിക്കുന്നതിനു കഴിവില്ലാതെ വരാം. അതുകൊണ്ടു ദൈവം നിനക്കായി ഒരു ഉത്തമപുരുഷനെ തെരഞ്ഞെടുത്തു തരുമ്പോൾ അവനുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടു ദൈവഭക്തി

യിൽ ജീവിക്ക. ദൈവം നിന്നെ അനുഗ്രഹിക്കട്ടെ. എന്നെ ഓൎത്തു സങ്കടപ്പെടരുതു്. ഞാൻ നിത്യതയിൽ എൻെറ കൎത്താവോടൊന്നിച്ചു ആനന്ദിക്കുവാൻപോകുന്നു. നിന്നെയും ഈ കുഞ്ഞുങ്ങളെയും മഹത്വത്തിൽ കാണ്മാൻ എനിക്കു സാധിക്കും എന്നു ഞാൻ പൂൎണ്ണമായി വിശ്വസിക്കുന്നു.

ഈ വാക്കുകൾ ഉച്ചരിച്ചശേഷം ടെയിലർ തൻെറ കുടുംബത്തോടുകൂടെ ദൈവമുൻപാകെ പ്രാൎത്ഥിച്ചു. അതിൻെറശേഷം അദ്ദേഹം തൻെറ ഭാൎയ്യക്കു ഒരു വിശുദ്ധവേദപുസ്തകവും, തൻെറ പുത്രനു രക്തസാക്ഷികളായി മരിച്ചു അനേക ദൈവഭൃത്യന്മാരുടെ ചരിത്രങ്ങളടങ്ങിയ ഒരു പുസ്തകവും കൊടുത്തു.

പിറെറദിവസം രാവിലെ രണ്ടു മണിക്കു പടയാളികൾ ജയിലിൽ വന്നു, ടെയിലറിനെ ദഹിപ്പിക്കുന്നതിനായി ഹാഡ്ലിയിലേക്കു കൊണ്ടുപോയി. തൻെറ ഭൎത്താവിനെ അന്നേദിവസം ദഹിപ്പിക്കുന്നതിനായി കൊണ്ടുപോകുന്നുവെന്നറിഞ്ഞു മിസ്സസ്സ് ടെയിലർ തൻെറ പെൺപൈതലിനോടൊന്നിച്ചുവഴിയരികിൽ കാത്തുനിന്നു. ദൂരെനിന്നു വരുന്ന തൻെറ പിതാവിനെ കണ്ടു പെൺകുട്ടി ഉറച്ചസ്വരത്തിൽ "എൻെറ പപ്പാ! എൻെറ പപ്പാ! ഞങ്ങൾ പിതാവില്ലാത്തവരായിത്തീൎന്നുപോയല്ലോ" എന്നു കരഞ്ഞുകൊണ്ടു പറഞ്ഞു. റോളൻഡു തൻെറ ഭാൎയ്യയോടും കുഞ്ഞുങ്ങളോടും അന്ത്യയാത്ര പറയുന്നതിനു ആ ഉദ്യോഗസ്ഥന്മാർ അനുവദിച്ചു. അദ്ദേഹം തൻെറ മക



റോളൻഡു ടെയിലർ തൻെറ ഭാര്യയോടു അന്ത്യമായി
യാത്ര പറയുന്നതു്

ളായ മേരിയെ കയ്യിലെടുത്തു ചുംബിച്ചുകൊണ്ടു "മക്കളെ! നിനക്കായി സ്വർഗ്ഗത്തിൽ ഒരു പിതാവുണ്ടു് എന്നുള്ളതിനാൽ സന്തോഷിക്ക" എന്നു പറഞ്ഞു. തന്റെ ഭാര്യയെ ആലിംഗനം ചെയ്തുകൊണ്ടു "എന്റെ സന്തോഷത്തിലും സന്താപത്തിലും പങ്കാളിയായിരുന്നു എന്നെ സഹായിച്ചു നിന്നെ ദൈവം തന്നെ അനുഗ്രഹിക്കട്ടെ. എന്റെ പാവപ്പെട്ട കുഞ്ഞുങ്ങൾക്കു ദൈവം ഒരു പിതാവിനെ കരുതിക്കൊള്ളും. ഒന്നുകൊണ്ടും അധൈര്യപ്പെടരുതു്. വിശ്വാസത്തെ മുറുകെ പിടിച്ചു അന്ത്യത്തോളം ജീവിക്ക" എന്നുപറഞ്ഞു ഒടുവിൽ അവർ ഒന്നിച്ചു പ്രാർത്ഥിച്ചുപിരിഞ്ഞു.

ടെയിലർ ആനന്ദമുഖത്തോടെ കൊലസ്ഥലത്തേക്കു യാത്രചെയ്തു തന്റെ വിശ്വാസത്തെ വിട്ടു റോമാമതത്തെ ആലിംഗനംചെയ്യണമെന്നു പല പ്രാവശ്യവും മററുള്ളവർ അപേക്ഷിച്ചു എങ്കിലും അതു ഒന്നുംതന്നെ വകവയ്ക്കാതെ തന്റെ യാത്ര തുടൎന്നു. ഹാഡ്ലിസഭയിൽപെട്ട തന്റെ ആടുകളെ അനാഥരായി ദൈവം വിടുകയില്ല എന്നുള്ള ബോധം തനിക്കുണ്ടായിരുന്നു എങ്കിലും തന്നെ ഓൎത്തു വിലപിച്ചുകൊണ്ടു വഴിഅരികെ നിന്നിരുന്ന ആ കൂട്ടത്തെ കണ്ടു താൻ കണ്ണുനീർ പൊഴിച്ചുപോയി. തന്നെ ദഹിപ്പിക്കുന്നതിനു ഒരുക്കപ്പെട്ടിരുന്ന സ്ഥലത്തടുത്തപ്പോൾ താൻ പറഞ്ഞതു "ദൈവത്തിനു സ്തോത്രം ഞാൻ എന്റെ ഭവനത്തോടു സമീപിച്ചിരിക്കുന്നു" എന്നായിരുന്നു.

ആ സ്ഥാനത്തു എത്തിയപ്പോൾ താൻ കുതിര

ഷ്യംറത്തുനിന്നും താഴെ ഇറങ്ങി. തന്നെ നോക്കി വില പിച്ചുകൊണ്ടു നിന്ന ജനതതിയെ ആശ്വസിപ്പിക്കുന്നതിനായി ഒന്നുരണ്ടു വാക്കുകൾ പറയാമെന്നുള്ള ഉദ്ദേശത്തോടുകൂടെ തന്റെ വായെ തുറന്നപ്പോൾ ഒരു ക്രൂരനായ പടയാളി അടുത്തുവന്നു ഒരു കൂർത്ത കമ്പു കൊണ്ടു തന്റെ വായിൽ ഒന്നു കുത്തി. ഒന്നുരണ്ടു വാക്കുകൾ കൂടെ ഉച്ചരിക്കുന്നതിനു തനിക്കു അനുവാദം വേണമെന്നു ആ ഉദ്യോഗസ്ഥനോടു റോളൻഡു അപേക്ഷിച്ചെങ്കിലും അനുവാദം ലഭിച്ചില്ല.

ഒടുവിൽ തന്നെ ദഹിപ്പിക്കുന്നതിനു അൽപംമുൻപു ഇപ്രകാരം ഉച്ചത്തിൽ പറഞ്ഞു. "ദൈവകുഞ്ഞുങ്ങളേ! ഞാൻ നിങ്ങളെ ദൈവവചനമാകുന്ന വിശുദ്ധവേദപുസ്തകത്തിൽനിന്നു മാത്രം പഠിപ്പിച്ചു ഇന്നു ഞാൻ ഇവിടെ വന്നിരിക്കുന്നതു ആ വചനങ്ങളെ എന്റെ രക്തംമൂലം നിങ്ങളുടെ ഹൃദയങ്ങളിൽ പതിപ്പിക്കുന്നതിനാണ്." ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ ഒരു പടയാളി മുമ്പോട്ടുവന്നു അവന്റെ കയ്യിലുണ്ടായിരുന്ന ഒരു വലിയ വടികൊണ്ടു റോളൻഡിന്റെ തലയ്ക്കു ശക്തിയോടെ അടിച്ചു. ആ അടിയോടുകൂടെ താൻ താണിരുന്നു മുട്ടുകുത്തി പ്രാർത്ഥിച്ചു. പ്രാർത്ഥനയുടെ ശേഷം എഴുന്നേററു തന്റെ കണ്ണുകളെ സ്വർഗത്തിലേക്കു ഉയർത്തിക്കൊണ്ടു നിന്നു. ദുഷ്ടന്മാരായ പടയാളികൾ ചിതയ്ക്കു തീയും കത്തിച്ചു. അവരിൽ ഒരാൾ എരിഞ്ഞുകൊണ്ടിരുന്ന ഒരു വിറകുകഷണമെടുത്തു അദ്ദേഹത്തിന്റെ മുഖത്തിന്റെ നേരെ എറിയുക

യും അതു തലയിൽ ചെന്നടിച്ചു പൊട്ടിരക്തം പ്രവഹിക്കയും ചെയ്തു. ഈ സമയം മുഴുവനും താൻ പാടികൊണ്ടു നിൽക്കയായിരുന്നു. അവസാനത്തിൽ "കരുണയുള്ള സ്വർഗ്ഗസ്ഥപിതാവേ! യേശുവിനെ ഓർത്തു എന്റെ ആത്മാവിനെ എടുത്തുകൊള്ളേണമേ" എന്നു പ്രാർത്ഥിച്ചു ജീവൻ വെടിഞ്ഞു.

## 20 ജോൺ ഹസ്സ്.

സത്യത്തിനു സാക്ഷിയായിത്തീർന്ന ബൊഹീമിയാക്കാരൻ ജോൺഹസ്സ് പ്രസ്തുത രാജ്യത്തിൽ ബ്ലായ്ക്ക ഫോറസ്റ്റ് എന്ന ദേശത്തെ ഒരു ഗ്രാമത്തിൽ ജാതനായി. തന്റെ സാക്ഷ്യത്തിന്റെ സ്ഥാപനത്തിനുവേണ്ടി ജീവൻപോലും ബലിയർപ്പിച്ച ഈ മഹാനുഭാവന്റെ മാതാപിതാക്കന്മാർ ധനികരല്ലായിരുന്നു. എങ്കിലും അവർ തങ്ങളുടെ പുത്രനെ വിദ്യാഭ്യാസത്തിനായി പള്ളിക്കൂടത്തിലയച്ചു. അതിലേക്കുള്ള ചെലവു വഹിക്കുന്നതിനു അവൎക്കു പ്രാപ്തിയില്ലായിരുന്നതിനാൽ ബാലൻ അദ്ധ്യാപകന്മാരിൽ ഒരുവന്റെ ഭൃത്യജോലി സ്വീകരിക്കുകയും, പ്രതിഫലമായി അദ്ദേഹം അവനു പുസ്തകങ്ങളും മററു ഉതവികളും നൽകുകയും ചെയ്തു. ബാലനാകട്ടെ, അദ്ധ്യയനത്തിൽ ജാഗ്രതയുള്ളവനായിരുന്നതിനാൽ വളൎന്നുവരുന്തോറും വിദ്യയിൽ അഭിവൃദ്ധി പ്രാപിച്ചുവന്നു. 24 വയസ്സായപ്പോഴേക്കു പ്രേയിഗിലെ കോളേജിൽ വേദശാസ്ത്രപണ്ഡിതനായിഅദ്ദേഹം നിയമിക്കപ്പെട്ടു. ഇത്ര ചെറു

പ്പക്കാരനായ ഇവന്നു ഇതൊരു ഉയൎന്ന ഉദ്യോഗം തന്നെ യായിരുന്നു. ഇക്കാലത്തു താൻ ഒരു റോമൻകത്തോലിക്ക മതക്കാരനായിരുന്നു. ഒരു ദിവസം ഒരു പ്രഭു വിക്ലിഫിന്റെ പുസ്തകങ്ങളിൽ ചിലതു അദ്ദേഹത്തിന്നു കൊടുത്തിട്ടു "ഇവവായിച്ചുനോക്കിയാലും" എന്നു പറഞ്ഞു. വായിക്കുന്നതു ആപൽക്കരമാണെന്നു ആദ്യം തോന്നിയെങ്കിലും, ശോധന ചെയ്യുന്തോറുംഅവ ന്നു തിരുവചനത്തോടു കൂടുതൽ യോജ്യതയുള്ളതായി ബോധപ്പെട്ടു. ഇതുമൂലം തിരുവചനം പരിശോധന ചെയ്യുന്നതിന്നായി പ്രേരിതനായി. റോമാസഭയുടെഉപദേശങ്ങളിൽ ഒട്ടധികവും തിരുവചനത്തിൽ വ്യത്യസ്തങ്ങളാണെന്നു മനസ്സിലായി. ഇങ്ങനെയിരിക്കുമ്പോൾ ബ്ലാക്കഫോറസ്റ്റ് ദേശത്തുള്ള സകല കൃതികളും ലഭിക്കാവുന്നിടത്തോളം ശേഖരിച്ചു തന്റെ അരമനയുടെ മുററത്തുവച്ചു അവയെ ദഹിപ്പിക്കണമെന്നു അവിടത്തെ ആർച്ചുബിഷോപ്പ് ഒരു കൽപന പുറപ്പെടുവിച്ചു. ആർച്ചുബിഷോപ്പിന്നു പഠിപ്പു കുറവാണെന്നും ഖണ്ഡിക്കുവാൻ തനിക്കു ശക്തി ഇല്ലാത്തവയെയാണു ദഹിപ്പിക്കുന്നതെന്നും അറിഞ്ഞിരുന്ന ജനങ്ങളുടെ പാട്ടിന്റെയും പരിഹാസത്തിന്റെയും മദ്ധ്യേ ഈ കൃത്യം നിർവഹിക്കപ്പെട്ടു. "രണ്ടു വരി തികച്ചു വായിക്കുവാൻ തനിക്കു കഴിവില്ലാത്ത പുസ്തകങ്ങളെ അവൻ ഇതാ അഗ്നിക്കിരയാക്കിത്തീൎക്കുന്നു" എന്നു അവരുടെ പരിഹാസഗീതത്തിൽ ഒരു ഭാഗത്തു പറഞ്ഞിരുന്നു. ആർച്ചുബിഷോപ്പിന്റെ പെരുമാററത്തെപ്പററി

ഹുസ്സ് പരസ്യമായി പ്രസ്താവിച്ചതുമൂലം പട്ടക്കാർ പാപ്പായുടെ സന്നിധിയിൽ അദ്ദേഹത്തെപ്പററി കുററാരോപണങ്ങൾ ചെയ്തു. അതുനിമിത്തം റോമിൽ ഹാജരായിക്കൊള്ളുന്നമെന്നു ഒരു കൽപന വന്നു. താൻ നേരിട്ടു ഹാജരാകുന്നതു ക്ഷേമമല്ലായ്കയാൽ തന്റെ പക്ഷത്തെ താങ്ങുന്നതിനായി ഒരു സ്നേഹിതനെ അയച്ചു. അദ്ദേഹത്തെ അവർ പിടിച്ചു കാരാഗൃഹത്തിൽ പാർപ്പിക്കുകയും, ഹുസ്സ് വേദവിപരീതിയാണെന്നു പറഞ്ഞുകൊണ്ടു അവൻ പാർക്കാനിടയുള്ള എല്ലാ സ്ഥലങ്ങളെയും പാപ്പാ ശപിക്കുകയും ചെയ്തു.

ഇതുകൊണ്ടൊന്നും ഹുസ്സ് മൗനമവലംബിച്ചില്ല. വിക്ലിഫിൽനിന്നു ഗ്രഹിച്ച സത്യോപദേശങ്ങളെ അവൻ പ്രചരിപ്പിച്ചുകൊണ്ടിരുന്നു. മാത്രവുമല്ല, സത്യത്തിനു സാക്ഷികളായിത്തീർന്നിട്ടുള്ളവർ എപ്പോഴും ചെയ്യാറുള്ളതുപോലെ തന്റെ ഉപദേശം ശിശ്മയാണെന്നു തിരുവചനത്തിൽനിന്നു തെളിയിച്ചുകൊടുക്കുന്നപക്ഷം തന്റെ അഭിപ്രായത്തെ പാടേ ഉപേക്ഷിച്ചുകൊള്ളാമെന്നുകൂടെ ഘോഷിച്ചുവന്നു 1412-ൽ താൻ അതിധീരതയോടെ തന്റെ പോരാട്ടത്തിലേക്കു പ്രവേശിച്ചു. പാപ്പായുടെ പാപപൊറുതിചീട്ടുവിൽപനക്കാർ പ്രേയിഗു ദേശത്തു എത്തി. പാപമോചനം വിലക്കുകൊടുക്കാമെന്നുള്ള അതിഭയങ്കരമായ മറിമായത്തിന്റെ ആബദ്ധ്യത്തെ ഹുസ്സ് ധൈര്യസമേതം വ്യക്തമാക്കി. ഈ പ്രതിഷേധത്തെക്കുറിച്ചു പാപ്പാ ഗ്രഹിച്ചിട്ടു പ്രേയ്ഗുനഗരത്തിൽ പ്രസ്തുത ന

വീകരണകർത്താവു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കാലത്തോളം എല്ലാ പരസ്യാരാധനകളും നിർത്തൽചെയ്യണമെന്നു കൽപന പുറപ്പെടുവിച്ചു. ഈ ഘട്ടത്തിൽ സ്ഥലംവിടുകയാണുത്തമമെന്നു ഹസ്സ് തീരുമാനിച്ചു. എങ്കിലും ഏതൽകാലദുഷ്യങ്ങൾക്കു വിപരീതമായി നിന്നുകൊണ്ടു സാക്ഷ്യംഘോഷിക്കുന്നതിൽ നിന്നു വിരമിക്കുവാൻ തനിക്കു കഴിഞ്ഞില്ല. ആകയാൽ താൻ നഗരത്തെ വിട്ടു ഓരോ ഊരുകളിലും ഗ്രാമങ്ങളിലുംവയലുകളിലും കൂടി സഞ്ചരിച്ചു പ്രസംഗിച്ചുകൊണ്ടിരുന്നു. സാധാരണഭവിക്കാറുള്ളതുപോലെ ശത്രുകോപം വിജയകരവും ശക്തിപൂർവവുമായ സുവിശേഷപ്രചരണത്തിനു സഹായമരുളിക്കൊണ്ടിരുന്നതേയുള്ളു.

റോമാസഭയിലെ ക്രമക്കേടുകൾ കഷ്ടതരമായി വർദ്ധിച്ചു. പാപ്പാസ്ഥാനത്തിനു വേണ്ടി ഒരേസമയത്തു മൂന്നുപേർ പ്രയത്നിച്ചുകൊണ്ടിരുന്നു. അപ്രമാദിത്വം തനിക്കാണുള്ളതെന്നു ഇവരിൽ ഓരോരുത്തരും അവകാശവാദം ചെയ്തുകൊണ്ടു വിപരീത പക്ഷത്തെമഹാരോൻ ചൊല്ലുകയായിരുന്നു അവരുടെ പിതാവ്. യഥാർത്ഥമാലോചിച്ചാൽ സഭ മൊത്തമേരോഗബാധിതമായ ഒരു ശരീരത്തിനു തുല്യമായിരുന്നു. "തലമുഴുവനും ദീനവും ഹൃദയം മുഴുവനും രോഗവും പിടിച്ചിരിക്കുന്നു. അടിതൊട്ടു മുടിവരെ ഒരു സുഖവുമില്ല, മുറിവും ചതവും പഴുത്തവ്രണവും മാത്രമേയുള്ളു. അവയെ ഞെക്കി കഴുകീട്ടില്ല. വെച്ചുകെട്ടീട്ടില്ല. എണ്ണപുരട്ടി ശമിപ്പിച്ചിട്ടില്ല" (യെശ. 5:1,6) എന്നു

ഐശ്വര്യാ പറഞ്ഞിട്ടുള്ളതുഅവരുടെഅവസ്ഥയോടു ഏറ്റം യോജിച്ചിരുന്നു. ശോച്യകരമായഈസ്ഥിതിയെ ഇല്ലായ്മ ചെയ്യുന്നതിന്നു എന്തെങ്കിലും നടപടി ചെയ്യാതെ ഗത്യന്തരമില്ലെന്നു എല്ലാവൎക്കും പൊതുവെ ബോദ്ധ്യപ്പെട്ടിരുന്നു. അപ്രകാരം കുസ്തന്തിനോസു പുരിയിൽ 1414-ൽ ചക്രവൎത്തി ഒരു സമസ്താലോചന സംഘം (കൗൺസിൽ) വിളിച്ചുകൂട്ടി. നിശ്ചിതസമയമായപ്പോൾ ജൎമ്മൻചക്രവൎത്തിയായ സിഗിസ്മൺഡും പാപ്പാമാരിൽ ഒരാളും, മുപ്പത്തിനാലു കൎദ്ദിനാളന്മാരും, ഇരുപതു് ആൎച്ചുബിഷോപ്പന്മാരും, നൂററിഅറുപതു് ബിഷോപ്പന്മാരും, അൻപതു മഠാധിപന്മാരും, നാലു യുവരാജാക്കന്മാരും, ഇരുപതു പ്രഭുക്കന്മാരും, എൺപതു ഇടപ്രഭുക്കന്മാരും, എഴുനൂറിൽ പരം മാടമ്പിമാരും, മററനേകമഹാന്മാരും ഹാജരായി ഇവർ ലോകത്തിലെ മിക്കവാറും എല്ലാരാജ്യങ്ങളിൽ നിന്നു വന്നവരും, അക്കാലത്തെ കീൎത്തിമാന്മാരുമായിരുന്നു.

പ്രശസ്തമായ ഈ ആലോചനാസഭയുടെ പ്രാരംഭത്തിൽതന്നെ ചക്രവൎത്തിയും പാപ്പായും പരസ്പരംവിപരീതകക്ഷികളാണെന്നു വെളിപ്പെട്ടു. "ആത്മാവിന്റെ ഫലം സ്നേഹം, സന്തോഷം, സമാധാനം, ദീൎഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത ഇന്ദ്രിജയം"എന്നിവയാണെന്നും പരസ്പരം സ്നേഹിക്കണമെന്നും വേദപുസ്തകം ഉപദേശിക്കുന്നു. എന്നാൽ ഭൂമിയിലെ മഹത്തുക്കളായവർ തമ്മിൽ ഉററ വി

രോധികളായി കാണപ്പെട്ടു. ലോകത്തിന്റെയും സഭയുടെയും കാര്യങ്ങളെ കേട്ടു തീരുമാനിക്കുവാനുള്ള നേതാക്കന്മാരുടെ കഥ ഇവ്വണ്ണമത്രെ. ഈ സമസ്താലോചനാസംഘസമക്ഷം ജോൺഹസ്സ് ഹാജരാകുന്നതിന്നാജ്ഞാപിക്കപ്പെട്ടു.

ശത്രുപക്ഷത്തെ ശക്തിയും, ഒരിക്കൽ അകപ്പെട്ടുപോയാൽ പിന്നെ വിമോചനമില്ലെന്നുള്ളതും അവൻ നന്നായി ഗ്രഹിച്ചിരുന്നു. ആകയാൽ ഉപദ്രവം ഒന്നും നേരിടാതെ സഭയിൽനിന്നു തിരിച്ചുപോരത്തക്കവണ്ണം സമ്മതിച്ചു ഒരു സംരക്ഷണ പ്രതിജ്ഞാപത്രം ചക്രവർത്തി തുല്യം ചാർത്തികൊടുക്കുന്നതുവരെയും കൽപന അനുസരിക്കാതിരുന്നു. ഈ ഉടമ്പടി എങ്ങനെ പ്രമാണിച്ചുവെന്നുള്ളതു പിന്നാലെ വെളിപ്പെടും. ഹസ്സ് യാത്ര പുറപ്പെടുന്ന അവസരം പറഞ്ഞതാവിതു്: "ശീശ്മ ഒന്നുംതന്നെ ഞാൻ നിങ്ങൾക്കുപദേശിച്ചിട്ടില്ലെന്നു നിങ്ങൾതന്നെ അറിയുന്നുവല്ലോ. സത്യത്തിൽ നിലനിൽക്കയും, ദൈവകൃപയിൽ ശരണപ്പെടുകയും ചെയ്തുകൊൾവിൻ. ദുരുപദേഷ്ടാക്കന്മാരെ സൂക്ഷിച്ചുകൊൾവിൻ. ഞാൻ ഇപ്പോൾ മഹാസഭയിൽ ഹാജരാകുന്നതിന്നായി പോകുന്നു. പരിശോധനകളും കാരാഗൃഹവാസവും തിരുഹിതമാകുന്നപക്ഷം അത്യന്തം ഭയങ്കരമായ മരണംകൂടെയും സഹിക്കുന്നതിനു കർത്താവു അവിടെവച്ചു എനിക്കു കൃപ നൽകും. എന്തുതന്നെ നേരിട്ടാലും നിത്യഭവനത്തിൽ നാം കൂടിക്കാണുന്ന അവസരം നമ്മുടെ സന്തോഷം വളരെയാണു്. കൗൺ

സിലിലേക്ക അദ്ദേഹം യാത്രപോകുമ്പോൾ കടന്നു പോയ പട്ടണങ്ങളിലും ഗ്രാമങ്ങളിലുമുള്ള ആളുകൾ തന്നെ കാണ്മാൻ കൂട്ടംകൂട്ടമായി വന്നുകൂടി. അവരോടെല്ലാം അവൻ സ്നേഹപൂർവം ഉപചാരം പറഞ്ഞു.

കുസ്തന്തീനൊസ് പുരിയിൽ എത്തിയശേഷം തന്റെമേൽ ചുമത്തിയിരിക്കുന്ന എല്ലാ കുററങ്ങൾക്കും ന്യായമായ സമാധാനം പറയാൻ താൻ തയ്യാറാണെന്നും ചക്രവത്തിയുടെ പക്കൽനിന്നു ഒരുസംരക്ഷണ പ്രതിജ്ഞാപത്രം ലഭിച്ചിട്ടുള്ളതുകൊണ്ടു സഭാതലവന്മാർ തനിക്ക സംരക്ഷണ നൽകുമെന്നു പ്രതീക്ഷിച്ചുകൊള്ളുന്നുവെന്നും കാണിച്ചു ഒരു സന്ദേശം പാപ്പായുടെപേൾയെച്ചു. ഈ അപേക്ഷ തൽക്ഷണം അനുവദിക്കയുണ്ടായി. എന്നാൽ "ഇടത്തൂട്ടകാരോടു വിശ്വസ്തത പാലിക്കേണ്ട ആവശ്യമില്ല" എന്നുള്ള നീചമായമനോഭാവനയോടുകൂടെ അവർ അവനെ പിടിച്ചു ഒരു ആററരികെയുള്ള കാരാഗൃഹനിലവറയിലിട്ടു അടച്ചുകളഞ്ഞു. സമസ്താലോചനാസഭ അദ്ദേഹത്തെ വിസ്തരിച്ചശേഷം ഒരു കോട്ടയിലേക്കയച്ചു. അവിടെ കാരാഗൃഹമുറിയിലാക്കി പകൽസമയത്തു ചങ്ങലകളാൽ ബന്ധിക്കയും, രാത്രികാലങ്ങളിൽ ഭിത്തിയോടു ചേർത്തുബന്ധിച്ചു ആമത്താഴുകൊണ്ടു പൂട്ടുകയും ചെയ്തുവന്നു. പരിതാപകരമായ ഈ നിലയിൽ ആറുമാസത്തോളം കഴിച്ചുകൂട്ടി. ഇവ്വിധപീഡകൾ ഏൽക്കുന്നതിനു അദ്ദേഹം തീരുമാനിച്ചു. താൻ എല്ലാ അടിമപ്പാടിലും കഷ്ടങ്ങളിലും രക്ഷിതാവിന്റെ സന്നിധിയിൽ നിന്നു

പ്രകാശവും ആശ്വാസവും പ്രാപിച്ചുകൊണ്ടാണിരുന്നതു്.

ക്ഷോഭം ജനിപ്പിക്കണമെന്നു കരുതി അവന്റെ അപവാദികൾ നാനാതരത്തിലുള്ള നിന്ദാവാക്കുകൾ അവന്റെമേൽ വർഷിച്ചു. പാപ്പായ്ക്കു കീഴ്‌വഴങ്ങുകയും, അവൻ പ്രസംഗിച്ചുവന്ന ഉപദേശം തള്ളിപ്പറയുകയും ചെയ്യാത്തപക്ഷം അഗ്നിക്കിരയാക്കുമെന്നും അവർ പറഞ്ഞു. അപ്പോൾ താൻ പറഞ്ഞ ഏകമറുപടി "തന്റെ സത്യത്തെ തള്ളിപ്പറവാൻ ദൈവം എനിക്കു ഇടവരുത്തുകയില്ല" എന്നായിരുന്നു.

ചില നാളുകൾകൂടെ കഴിഞ്ഞശേഷം തന്റെ 43-ാമത്തെ ജന്മദിവസം ജോൺഹസ്സ്, അനേകമാസങ്ങളോളം തുടരെ നടന്നുകൊണ്ടിരുന്ന ആലോചനാസഭയുടെ മുമ്പാകെ ഹാജരാക്കപ്പെട്ടു.

ചെങ്കോൽ പിടിച്ചുകൊണ്ടു മുമ്പിൽ നടക്കുന്ന അകമ്പടിയുമായി ചക്രവർത്തി കിരീടം ധരിച്ചുകൊണ്ടു വളരെ ആഡംബരപൂർവം ആലോചനാമണ്ഡപത്തിൽ പ്രവേശിച്ചു, പ്രഭുക്കന്മാരും മഹത്തുക്കളും ചുററിലും നിന്നിരുന്നു. സാധുവായ തടവുകാരന്റെ മേൽ മരണവിധി പ്രസ്താവിക്കുന്നതിനു കർദ്ദിനാളന്മാരും ബിഷോപ്പന്മാരും അവിടെ സന്നിഹിതരായിരുന്നു.

ഹസ്സിനെ സഭയിൽ ഹാജരായിട്ടുള്ള എല്ലാവർക്കും കാണത്തക്കവണ്ണം ഒരു ഉയന്ന പീഠത്തിന്മേൽ നിർത്തി. അവനു ചുററും പടയാളികളുടെ ഒരു സംഘ

വും അണിയായി നിന്നു. തൻെറ സ്ഥിതി വളരെ ആ പൽക്കരമായിത്തീന്നിരിക്കുന്നു എന്നു ഉത്തമനായ ഹുസ്സിനു മനസ്സിലായി. തൻെറ പക്ഷത്തു തുണനില്ക്കുവാൻ ആരുമുണ്ടായിരുന്നില്ല. എങ്കിലും തൻെറ നിലവിളി കേൾപ്പാനും തന്നെ സഹായിപ്പാനുമായി തൻെറ ദൈവവും രക്ഷിതാവുമായ പ്രാണനാഥൻ തൻെറ സമീപെ ഉണ്ടെന്നു അവനു നല്ല ബോദ്ധ്യമായിരുന്നു. അന്ത്യത്തോളം വിശ്വസ്തനായി നിൽക്കേണ്ടതിനാവശ്യമായ കൃപയ്ക്കുവേണ്ടി അവൻ മുട്ടുകുത്തി പ്രാത്ഥിച്ചു. ശത്രുക്കൾ അവനെ ഇടത്തുട്ടുകാരനാണെന്നു ആരോപിച്ചു കുററത്തെ അടിസ്ഥാനമാക്കി പരസ്യമായി അവനെ ദഹിപ്പിക്കണമെന്നു വിധിയുണ്ടായി. ഇതിനു മറുപടിയായി അവൻ താഴെവരുംപ്രകാരം പ്രാർത്ഥിക്കമാത്രം ചെയ്തു.

"ദൈവമായകത്താവേ! നിൻെറ മനസ്സലിവിൻ പ്രകാരം എൻെറ എല്ലാ ശത്രുക്കൾക്കും ക്ഷമ നൽകേണമേ. ഞാൻ പരമാത്ഥവിരുദ്ധമായി കുററം ചുമത്തപ്പെട്ടും അന്യായമായി ശിക്ഷ വിധിക്കപ്പെട്ടുമിരിക്കുന്നു എന്നു നീ അറിയുന്നുവല്ലോ. എങ്കിലും ഈ പാപത്തെ നീ അവരോടു ക്ഷമിക്കണമേ".

അവൻ യൂദായാണെന്നു മററും പറഞ്ഞു അവർ വീണ്ടും ഉച്ചത്തിൽ അവനെ ആക്ഷേപിച്ചു. ഇതിനു അവൻ സൗമ്യമായി ഇങ്ങനെ മറുപടി പറഞ്ഞു. "എൻെറ രക്ഷയുടെ പാനപാത്രം അവൻ എന്നിൽ നിന്നു ഒരിക്കലും നീക്കികളകയില്ലെന്നും, നേരെമറി

ച്ച അവൻെറ കൃപയാൽ അവൻെറ രാജ്യത്തിൽ ഇ
ന്നു ഞാൻ അതിൽനിന്നു കുടിക്കുമെന്നും ഞാനറിയു
ന്നു". നിസ്സഹായനായ ഈ തടവുകാരൻെറ മേൽ, പ
ട്ടക്കാരാകട്ടെ പ്രഭുക്കളാകട്ടെ കാഠിന്യമല്ലാതെ അശേ
ഷം സഹതാപം പ്രദർശിപ്പിച്ചില്ല. രണ്ടടി നീളം
വരുന്ന ഒരു കടലാസുകിരീടം അവരുണ്ടാക്കി അതി
ന്മേൽ മൂന്നുപിശാചുക്കളുടെ രൂപം വരച്ചു വലിയക്ഷ
രത്തിൽ "ഇടത്തൂട്ടപ്രമാണി" എന്നവാക്കും എഴുതിഅ
വൻെറ തലയിൽ വെയ്ക്കയും അവനെ പരിഹസിക്ക
യും ചെയ്തു.

ഇതു കണ്ടപ്പോൾ ഹസ്സ് ശാന്തസ്വരത്തിൽ ഇ
പ്രകാരം മറുപടി പറഞ്ഞു:

"അരിഷ്ടപാപിയായ എനിക്കുവേണ്ടി എൻെറ
കർത്താവായ യേശു സങ്കടകരമായ മുൾക്കിരീടം ധരി
ച്ചു ക്രൂശിലെ ഹീനമരണം അനുഭവിച്ചുവല്ലോ. ആ
കയാൽ അവൻെറനിമിത്തം അതിലും ലഘുവായഈ
കിരീടം ഞാൻ സസന്തോഷം സ്വീകരിച്ചുകൊള്ളാം"
"നിൻെറ ആത്മാവിനെ സാത്താനും നരകത്തിനും ഞ
ങ്ങൾ ഏൽപ്പിക്കുന്നു" എന്നു മെത്രാന്മാർ എല്ലാവരും
കൂടെ പറഞ്ഞു. "എന്നാൽ ഞാൻ എൻെറ ആത്മാവി
നെ കൃപയുള്ള കർത്താവായ യേശുക്രിസ്തുവിൽ ഭരമേ
ൽപിക്കുന്നു" എന്നു അവൻ മറുപടി പറഞ്ഞു.

ഈ വിധത്തിൽ കോൺസ്റ്റൻസ് നഗരത്തിനു
പുറത്തുള്ള തോട്ടങ്ങളുടെ മദ്ധ്യേ കിടക്കുന്ന ഒരു മൈതാ

നത്തിൽ തയാറാക്കപ്പെട്ടിരുന്ന കൊലസ്ഥലത്തേക്ക അവനെ ആനയിച്ചു. അവനെ കാവൽചെയ്യുന്നതിനായി 800 പടയാളികൾ നിയോഗിക്കപ്പെട്ടു. നിരായുധനായ ഒരു സാധുമനുഷ്യനെ കാവൽചെയ്യുന്നതിന ഇത്ര വലിയ ഒരു സൈന്യം എന്തിനാണാവോ? നഗരത്തിൽ നിന്ന കൊലസ്ഥലത്തേക്ക പോകുന്ന വഴിയിലുള്ള പാലം ആൾഭാരം നിമിത്തം തകൎന്നുപോകുമെന്നുള്ള ഭയത്താൽ നഗരവാതിൽ അടച്ചുകൊണ്ടു ആളുകളുടെ ഗമനത്തെ നിയന്ത്രിക്കേണ്ടിവന്നു.

ശാന്തപൂൎണ്ണവും ആനന്ദപൂൎണ്ണവുമായ ഒരു മനോഭാവമത്രെ ഹസ്സ് കൊലസ്ഥലത്തേക്കുള്ള യാത്രയിൽ പ്രദൎശിപ്പിച്ചതു്. ആൎച്ചുബിഷോപ്പിന്റെ അരമനയുടെ പടിവാതിൽക്കൽക്കൂടി കടക്കുമ്പോൾ തന്റെ പുസ്തകങ്ങളെ ആനെട്ടുമുററത്തുവച്ചു ദഹിപ്പിക്കുന്നതു കണ്ടാറെ അവരുടെ ദുഷ്ടതയുടെ അൎത്ഥശൂന്യമായ പ്രകാശനത്തിങ്കൽ അവൻ പുഞ്ചിരിതൂകാതെയിരിക്കാൻ കഴിഞ്ഞില്ല. അവിടെനിന്ന അൽപദൂരം ചെന്നശേഷം "ജീവനുള്ള ദൈവത്തിന്റെ പുത്രനായ യേശുവേ! എന്നോടു മനസ്സലിയേണമേ" എന്ന പ്രാൎത്ഥിച്ചു. കൊലസ്ഥലത്തെത്തുന്നതുവരെയും ഏവംവിധങ്ങളായ യാചനകൾ കഴിച്ചുകൊണ്ടാണു് അവൻ പോയതു്. "ഈ മനുഷ്യൻ ഇതിന മുൻപുപദേശിച്ചതോ പ്രസംഗിച്ചതോ ഒന്നും ഞങ്ങൾ അറിയുന്നില്ല; എങ്കിലും ശുദ്ധവചനങ്ങളും ക്രിസ്തീയപ്രാൎത്ഥനകളുമല്ലാതെ അവന്റെ വായിൽനിന്ന കേൾക്കുന്നില്ല." എന്ന അ

വനെ ശ്രദ്ധിച്ചുകൊണ്ടു നിന്ന ജനം പറകയുണ്ടായി താൻ മരണം ഏൽക്കേണ്ടതിനു നിശ്ചയിക്കപ്പെട്ടിരുന്ന സ്ഥലത്തെത്തിയപ്പോൾ മുട്ടുകുത്തി ഉയരത്തിലേക്കു നോക്കിക്കൊണ്ടു ഉച്ചസ്വരത്തിൽ 31, 51 എന്നീ സങ്കീർത്തനങ്ങളിലെ വസ്തുതകളടക്കിയും, പ്രത്യേകം "നിൻെറ കയ്യിൽ ഞാൻ എൻെറ ആത്മാവിനെ ഭരമേൽപിക്കുന്നു, വിശ്വസ്തദൈവമായ യഹോവേ നീ എന്നെ വീണ്ടെടുത്തിരിക്കുന്നു" എന്നുള്ള വാക്യം ഭക്തിപൂർവം എടുത്തു പറഞ്ഞും പ്രാർത്ഥിച്ചു. അൽപമൊന്നു വിരമിച്ചശേഷം, കർത്താവായ യേശുവേ നിൻെറ സത്യസുവിശേഷംനിമിത്തവും നിൻെറ വിശുദ്ധവചനഘോഷണംനിമിത്തവും ഭയങ്കരവും ക്രൂരതരവുമായ ഈ മരണം സന്തോഷത്തോടുകൂടെ ഞാൻ ഏററുകൊള്ളുന്നു; എൻെറ ശത്രുക്കൾ ചെയ്യുന്ന അപരാധത്തെ അവരോടു ക്ഷമിക്കണമേ" എന്നു വീണ്ടും പ്രാർത്ഥിച്ചു. പിന്നെ ഒന്നും പ്രാർത്ഥിപ്പാൻ ഘാതകന്മാർ സമ്മതിക്കാതെ വിറകുകൂമ്പാരത്തിനു ചുററും മൂന്നു പ്രാവശ്യം അവനെക്കൊണ്ടു പ്രദക്ഷിണം ചെയ്യിച്ചു. അതിനുശേഷം കാരാഗ്രഹപ്രമാണികളോടു ചില കാര്യങ്ങൾ പറഞ്ഞുകൊള്ളുന്നതിനു അനുവാദം ചോദിച്ചുവാങ്ങി. അവർ വന്നു ചേർന്നപ്പോൾ അവരോടു ഇവ്വണ്ണം പറഞ്ഞു: "എൻെറ നേരെ നിങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ള എല്ലാ ദയവിനും വേണ്ടി ഞാൻ നിങ്ങൾക്കു നിഷ്കളങ്കമായ നന്ദി പറഞ്ഞുകൊള്ളുന്നു. കാവൽക്കാരെന്ന നിലയിലല്ല, സഹോദരത്വനിലയി

ലത്രെ നിങ്ങൾ എന്നോട വർത്തിച്ചതു്. ഇന്നു ഞാൻ കത്താവിനോടു കൂടെ പറുദീസയിലിരിക്കുമെന്നുള്ളതും, ആരുടെനിമിത്തം ഞാൻ ഈ മരണം ആസ്വാദിക്കേണ്ടിവരുന്നുവോ ആ രക്ഷിതാവിലുള്ള എൻെറ ആശ്രയത്തിന ഒരു കുലുക്കവും തട്ടീട്ടില്ല എന്നുള്ളതും നിങ്ങൾ അറിഞ്ഞുകൊൾവിൻ" ഉടനെ ഘാതകസംഘം അവനെ പിടിച്ചു ഒരു ചിതകററിയോടു ചേൎത്തു നനവുള്ള കയറുകൊണ്ടു ബന്ധിച്ചു; തുരുമ്പുപിടിച്ച കറുത്ത ഒരു ഇരുമ്പു ചങ്ങല അവൻെറ കഴുത്തിൽ ഇട്ടു കെട്ടിമുറുക്കി. ഇതിങ്കൽ അവൻ പുഞ്ചിരിയിട്ടുകൊണ്ടു പറഞ്ഞു: "എൻെറ അരുമനാഥനും രക്ഷകനുമായ കത്താവു എൻെറ പേൎക്കായി ഇതിലും കടുപ്പവും ഭാരവുമേറിയ ചങ്ങലയാൽ ബന്ധിക്കപ്പെട്ടുവല്ലോ. അവൻെറ നിമിത്തം അരിഷ്ടപാപിയായ ഞാൻ ഇപ്രകാരം ബന്ധിക്കപ്പെടുന്നതിൽ എന്തിനാണ ലജ്ജ ഭാവിക്കുന്നതു്." ഇടയ്ക്കിടെ കച്ചിക്കെട്ടുകൾ വിരിച്ചുവലിയ കഴകൾ അവന്നു ചുററും കഴുത്തോളം അടുക്കിവച്ചു വിറകിനു തീയും കൊടുത്തു. ജ്വാലകൾ ഉയൎന്നു രക്തസാക്ഷിയെ ചുററിവീശി കത്തിക്കൊണ്ടിരുന്നു. ഉടനെ ഇതാ, ഒരു സംഗീതശബ്ദം പുറപ്പെടുന്നതായി കേൾക്കുന്നു. വേദനകളുടെ മദ്ധ്യേ്യസാധുവായ ഹ്റസ്സ് സ്തോത്രഗീതം പാടുന്നതത്രേ കേൾക്കുന്നതു്. "ദൈവത്തിൻെറ പുത്രനായ ക്രിസ്തുവേ! എന്നോടു കരുണയുണ്ടാകേണമേ" എന്നുള്ള യാചനാശബ്ദവും ഇടയ്ക്കിടെ പൊങ്ങിക്കൊണ്ടിരുന്നു. അധികസമയം കഴിയു

ന്നതിനുമുൻപേ കാററു വീശി അഗ്നിജ്വാല അവന്റെ മുഖത്തിനു നേരെ അടിച്ചതിനാൽ ശബ്ദം നിന്നു പോയി. എങ്കിലും തന്റെ വിശ്വസ്തദാസന്റെ കഷ്ടതകളെ കത്താവു അവസാനിപ്പിക്കുന്നതുവരെ കുറച്ചുസമയത്തേക്കുകൂടെ പ്രാത്ഥനയിലെന്നപോലെ അവന്റെ തലയും അധരങ്ങളും അനങ്ങുന്നതു കാണാമായിരുന്നു. അവന്റെ ശരീരം ജ്വാലകൾക്കിരയായി ഭവിച്ചു. ജീവൻ നഷ്ടപ്പെട്ടു; ആത്മാവു നിത്യ സ്വസ്ഥതയിലേക്കു പ്രവേശിക്കയും ചെയ്തു.

ഹസ്സിന്റെ ശരീരം ദഹിച്ച ചാരവും, അവൻ മരണം പ്രാപിച്ച സ്ഥലത്തെ മണ്ണും ഒരു വണ്ടിയിൽ കയററി സമീപെകൂടി ഒഴുകിക്കൊണ്ടിരുന്ന റൈൻ നദിയിൽ ഒഴുക്കിക്കളഞ്ഞു. സത്യത്തിനുവേണ്ടി ജീവൻ വെടിഞ്ഞ പുണ്യസാക്ഷിയുടെ യാതൊരു ലക്ഷ്യവും ശേഷിക്കാതിരിക്കേണ്ടതിനായിരുന്നു ഇപ്രകാരം ചെയ്തതു്. ഈ കാലത്തു ചമയ്ക്കപ്പെട്ടിട്ടുള്ള ഒരു വിലാപഗീതത്തിൽ ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു:-

"എല്ലാ രാജ്യങ്ങളിലും അവന്റെ ചാരം ചിതറപ്പെട്ടും. യാതൊരു നദിക്കോ, അതിന്റെ കരകൾക്കോ അതിനെ ഉള്ളടക്കിക്കൊള്ളാവുന്നതല്ല. മരണത്താൽ മിണ്ടടക്കാമെന്നു ശത്രുക്കൾ നിരൂപിക്കപ്പെട്ടുകയും, ദഹനത്താൽ അമത്തിക്കളയാമെന്നു പീഡകന്മാരാൽ നിനയ്ക്കപ്പെട്ടുകയും ചെയ്ത സുവിശേഷം ഈവിധം എല്ലായിടത്തും ഘോഷിക്കപ്പെട്ടുകയും പ്രസ്താവിക്കപ്പെട്ടുകയും ചെയ്തുകൊണ്ടിരിക്കുന്നു." ഈ വൃത്താന്തം

വായിക്കുമ്പോൾ മനുഷ്യരുടെ നിഷ്ഠൂരതയോർത്ത് നാം ഞെട്ടിപ്പോകുമെന്നതിനു സന്ദേഹമില്ല. എന്നാൽ ഇവയെല്ലാമൊക്കെയും മാനുഷികമായ വ്യാപാരങ്ങളെ അദൃശ്യമായ ഭുജത്താൽ അവൻ നടത്തുകയും നിയന്ത്രിക്കുകയും ചെയ്തുകൊണ്ടു തന്റെ കൃപാകരമായ ഉദ്ദേശത്തെ നിറവേററുന്നുഎന്നതു നാം വിസ്മരിച്ചുപോകരുതു്. പീഡകളിലും പരിശോധനകളിലും നിന്നുസദാ നന്മ ഉത്ഭവിക്കുന്നതിനു അവൻ സംഗതിയാക്കുന്നു.

മദ്ധ്യാകാശങ്ങളിലെ അന്ധകാരത്തെ നീക്കുന്നതിൽ ഉപയോഗപ്രദമായിട്ടുള്ള മുഖാന്തിരങ്ങളാൽ ഒന്നായി രക്തസാക്ഷികളുടെ ചരിത്രം ഗണിച്ചിട്ടുണ്ടു്. ഈ ദൈവഭൃത്യന്മാരുടെ കഷ്ടതയിങ്കലുള്ള ധൈര്യംനിമിത്തം അവർ ഏതൊന്നിനായി മരിച്ചുവോ, ആ പ്രമാണങ്ങളുടെ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള അന്വേഷണം ആളുകളുടെയിടയിൽ ഉണ്ടാകുന്നതിനും അങ്ങനെ അനവധി ജനങ്ങൾ സത്യപാതയെ പിന്തുടരുന്നതിനും സംഗതിയായിരിക്കുന്നു.

# 21. റിഡ്ലിയും ലാററിമറും.

ലാററിമർ ഇംഗ്ളണ്ടിലെ ലിസസ്ററർ 1475-ൽ ജനിച്ചു. തന്റെ ചെറുപ്പകാലത്തു മാതാപിതാക്കന്മാർ വിദ്യാഭ്യാസാൎത്ഥം തന്നെ കേംബ്രിഡ്ജ് സർവകലാശാലയിൽ അയച്ചു. ഇവിടെ വച്ചു ലാററിമർ നവീകരണനേതാക്കന്മാരായ അനേക ആളുകളുടെ സ്നേഹത്തിനു പാത്രവാനായിതീൎന്നു. അവരുമായുള്ള സംസൎഗ്ഗംമൂലം നവീകരണോപദേശങ്ങളെക്കുറിച്ചുള്ള വിശ്വാസം തന്നിൽ രൂഢമൂലമായിത്തീൎന്നു. തന്മൂലം, ഇംഗ്ളണ്ടിൽ വേദപുസ്തകം സ്വാതന്ത്ര്യമായുപയോഗിക്കാൻ പാടില്ല എന്നുള്ള ഹെൻറി എട്ടാമന്റെ കല്പനയ്ക്കു എതിരായി ധൈര്യസമേതം ഒരു ലേഖനമെഴുതി രാജാവിന്റെ പേൎക്കു നേരിട്ടു അയച്ചുകൊടുത്തു

ക്രോംവെലിന്റെ കാലത്തു ലാററിമർ ഒരു സഭാനേതാവായി നിയമിക്കപ്പെട്ടു. അവിടെ താൻ വിശ്വസ്തതയോടുകൂടെ ശുശ്രൂഷ ചെയ്തു. റോമാമതക്കാർ അന്നുമുതൽ തന്നെ നശിപ്പിക്കുന്നതിനുള്ള വട്ടംകൂട്ടുകൾ ചെയ്തുതുടങ്ങി.

തൽഫലമായി ലണ്ടനിലെ ബിഷോപ്പിന്റെ മുമ്പാകെ ഹാജരായിക്കൊള്ളുന്നമെന്നുള്ള ഒരു കല്പന തനിക്കു കിട്ടി. അവരുടെമുമ്പാകെ തനിക്കു പലവിധമായ ഉപദ്രവങ്ങൾ നേരിട്ടുവെങ്കിലും ധൈര്യത്തോടുകൂടെ അതിനെയെല്ലാം സഹിച്ചു. ഇങ്ങനെ ഇരിക്കുമ്പോൾ ആൻബൊലിന്റെ സഹായത്തോടുകൂടെ

താൻ വെഴ്സസ്ററിലെനവീകരണബിഷോപ്പായിത്തീൻ. ഈ സ്ഥാനത്തിരുന്നു കൊണ്ടു താൻ നവീകരണോപദേശത്തെ ആവോളം തൻെറ അധികാരസീമസ്ലുകളിൽ പരത്തുന്നതിന്ന ശ്രമിച്ചു.

കൂടാതെ അനേകപരിഷ്കാരങ്ങളും താൻ നടപ്പിൽവരുത്തി. സഭാഭരണത്തിൽ താൻ അദ്വിതീയനായിരുന്നു. തൻെറ പെരുമാററങ്ങൾമൂലം സഭാജനങ്ങളുടെ അതിരററ സ്നേഹത്തിന്നു താൻ പാത്രവാനായി. അക്കാലത്തു താൻ വേദപുസ്തകം ഇംഗ്ളീഷിൽ ഭാഷാന്തരപ്പെടുത്തി പ്രസിദ്ധീകരിച്ചു. പാർലമെൻറിൽ താൻ നവീകരണത്തിനായി ശക്തിയോടു വാദിച്ചു. ഈ സമയമെല്ലാംതന്നെ ദ്വേഷിച്ചു നശിപ്പിക്കുന്നതിന്നു തരംനോക്കി ജീവിച്ചിരുന്ന ഒരാളും ഉണ്ടായിരുന്നു. ഇദ്ദേഹത്തിൻെറ ദുഷ്പ്രേരണമൂലം ലാററിമർ കുറെനാൾ കാരാഗൃഹവാസം അനുഭവിക്കേണ്ടിവന്നു.

എഡ്വേർഡ് ആറാമൻെറ ഭരണകാലത്തു പ്രോട്ടസ്ററൻറു മതക്കാർക്കു സ്വാതന്ത്ര്യം ലഭിക്കുകയുംതൻമൂലം ലാററിമറിന്നു വിടുതൽ കിട്ടുകയും ചെയ്തു. എന്നാൽ ഈ സമാധാനം അധികകാലം നിന്നില്ല.

മേരിരാജ്ഞിയുടെ ഭരണമായപ്പോഴേക്കു പ്രോട്ടസ്ററൻറുക്രിസ്ത്യാനികൾക്കുണ്ടായിരുന്ന സകല സ്വാതന്ത്ര്യവും ഹനിക്കയും അവർ കൂടുതലായി പീഡിപ്പിക്കപ്പെടുകയുംചെയ്തു. ലാററിമറിൻെറ പ്രധാന ശത്രുവായിരുന്ന ഗാർഡിനർ ഇക്കാലത്തു പ്രധാനമന്ത്രി

യായിതീൎന്നു. ഇദ്ദേഹത്തിന്റെ മുമ്പാകെ ലാററിമർ ഹാജരായിക്കൊള്ളണമെന്നുള്ള ഒരു കൽപന തനിക്കു താമസിയാതെ കിട്ടി.

തനിക്കു ഒളിച്ചോടത്തക്കവണ്ണം പലവിധ സൗകര്യങ്ങൾ ഉണ്ടായിരുന്നിട്ടും അവയൊന്നും വകവയ്ക്കാതെ ധൈര്യത്തോടുകൂടെ ലണ്ടനിലേക്കു പുറപ്പെട്ടു. ഈ യാത്ര തന്റെ ആയുസ്സിൽ ലഭിച്ചിട്ടുള്ളതിലേക്കും ഏററവും സന്തോഷമേറിയ ഒരു പ്രയാണമായിരുന്നു എന്നു താൻ പ്രസ്താവിച്ചതായി പറയപ്പെട്ടിരിക്കുന്നു. താൻ കടന്നുപോകുമ്പോൾ രക്തസാക്ഷികളായി കൊല്ലപ്പെട്ട അനേകരുടെ ശ്മശാനസ്ഥലങ്ങളെ കണ്ടുകൊണ്ടു: "ഈ ചുടുകാട് എത്രയോ നാളായി എനിക്കു വേണ്ടി മനോരഥം ഔത്സുക്യപ്പെട്ടുകൊണ്ടിരിക്കുന്നു" എന്ന പറയുകയുണ്ടായി. താൻ ലണ്ടനിലെത്തി മന്ത്രിസഭയുടെ മുമ്പാകെ ഹാജരായി. അവർ തന്റെമേൽ കുററം ആരോപിച്ചു ഓക്സ്ഫോർഡ് ജയിലിൽ തടവുകാരനായി അയയ്ക്കുകയാണുണ്ടായതു്:

ലാററിമറിനെ അറസ്റ്റുചെയ്ത കാലയളവിൽ തന്നെ, ലണ്ടൻ പട്ടണത്തിലെ ബിഷോപ്പായിരുന്ന നിക്കോളാസ്സ് റിഡ്ലിയേയും അറസ്റ്റുചെയ്തു ബന്ധനസ്ഥനായി തടവിൽ പാർപ്പിച്ചിരുന്നു. വിശ്വാസവീരനായ ഈ ബിഷോപ്പ് ന്യൂക്കാസ്സിൽ പട്ടണത്തിലുള്ള ഒരു വിദ്യാലയത്തിൽ ചേൎന്നു പഠിച്ചു. അതിന്റെശേഷം അദ്ദേഹം ഉന്നതവിദ്യാഭ്യാസത്തിനായി കേംബ്രിഡ്ജ് സർവകലാശാലയിൽ പോ

യി ചേൎന്നു. തൻെറ അസാധാരണ സാമൎത്ഥ്യം മൂലം താൻ അവിടെനിന്നും ഉന്നതബിരുദുകൾ സമ്പാദിക്കു ന്നതിന്നിടയായിത്തീൎന്നു. തൻെറ വിദ്യാഭ്യാസാനന്ത രം പെംബ്രൊക്കിലെ പ്രധാനാദ്ധ്യാപകനായി നിയമി ക്കപ്പെട്ടു. എഡ്വേൎഡ് ആറാമൻെറ കാലത്തു റിഡ്ലി ലണ്ടനിലെ ബിഷോപ്പായിത്തീൎന്നു.

റോമാസഭയുടെ ഒരംഗമായി താൻ വളൎത്തപ്പെട്ടു എങ്കിലും പ്രായപൂൎത്തിലഭിച്ചശേഷം നവീകരണോപ ദേശങ്ങളിലുള്ള തിഷ്ണതമൂലം താൻ ഒരു പ്രോട്ട സ്റ്റൻറു കാരനായിത്തീരുകയും തൻെറ ശിഷ്ടായു സ്സ് സത്യത്തിനുവേണ്ടി ധീരധീരം പോരാടുന്നതിനു വിനിയോഗിക്കയും ചെയ്തു.

മേരി രാജ്ഞിയുടെ ഭരണാരംഭത്തോടുകൂടെതാൻ പീഡകളനുഭവിക്കുന്നതിനു തുടങ്ങി. "മതദൂഷകൻ" എന്ന കുററത്തിനു തന്നെ ബിഷോപ്പുസ്ഥാനത്തുനി ന്നു ഭ്രഷ്ടനാക്കുകയും ലണ്ടൻപട്ടണത്തിൽ ഒരു തടവു കാരനായി അയയ്ക്കുകയും ചെയ്തു. അതിൻെറ ശേഷം ഓക്സ്ഫോൎഡിലുള്ള ജയിലിൽ ബന്ധനസ്ഥനാ യി പാൎത്തു. ഇവിടെ റിഡ്ലി, ലാററിമർ എന്നീ വിശ്വാസവീരന്മാർ ഇരുവരും റോമാമതക്കാരിൽ നി ന്നു അനുഭവിച്ച പീഡകൾ അസംഖ്യമത്രെ.

1555 സെപ്തമ്പർ 30-ാം റിഡ്ലി, ലാററി മർ എന്നിവർ ലിങ്കൺബിഷോപ്പിൻെറമുമ്പാകെകൊ ണ്ടുവരപ്പെട്ടു. "റോമാമതത്തോടു വിപരീതമില്ലാതെ

പോപ്പിനെ ബഹുമാനിച്ചു നിൻെറ ശിഷ്ടായുസ്സ് കഴിച്ചുകൂട്ടുന്നതു പലവിധത്തിലും നിനക്കു പ്രയോജനകരമായിരിക്കും" എന്നും മററും ബിഷോപ്പ് റീഡ് ലിയോടു പറഞ്ഞു എങ്കിലും റിഡ്ലി അതിനെയെല്ലാം നിഷേധിച്ചു ഉത്തരം പറഞ്ഞു. അതിനാൽ കുപിതനായ ബിഷോപ്പ് അദ്ദേഹത്തെ ജയിലിലേക്കു വീണ്ടും അയച്ചു.

ലാററിമറും ഇപ്രകാരംതന്നെ ധൈര്യസമേതം ബിഷോപ്പിനോടുത്തരം പറകമൂലം അദ്ദേഹത്തെയും വീണ്ടും ജയിലിലേക്കുതന്നെ അയച്ചു.

അടുത്ത ദിവസവും സഭകൂടി. റിഡ്ലി അൽപംപോലും വകവയ്ക്കാതെ തന്നോടു ചോദിച്ച സകല ചോദ്യങ്ങൾക്കും ഉത്തരം നൽകി. ഒന്നുകൊണ്ടും ഇളകുന്നതിനു റീഡ്ലിക്കു മനസ്സില്ല എന്നു കണ്ടപ്പോൾ ബിഷോപ്പു ഇപ്രകാരം പറഞ്ഞു:"ഹേ! ധൃത്തമനുഷ്യാ രാജ്യത്തിനും, രാജനീതിക്കും, മതത്തിനും വിപരീതമായി കുസൽകൂടാതെ അപലപിക്കുന്ന ദുഷ്ടാത്മാവേ! നിൻെറ അവസാനം അടുത്തിരിക്കുന്നതു നീകാണുന്നില്ലേ! നിന്നെ നിൻെറ മതവൈരാഗ്യത്തോടുകൂടെതന്നെ അഗ്നിയിൽ ദഹിപ്പിക്കുന്നതിനു ഇതാഞാൻ ആജ്ഞാപിക്കുന്നു" ഒന്നുകൊണ്ടും അധൈര്യപ്പെടാതെ സന്തോഷമാനസ്സനായി താൻ തിരികെ ജോലിയിലേക്കു പോയി.

ലാററിമർ താനും ധൈര്യത്തോടും പ്രസന്നാവദനത്തോടുംകൂടെ സഭയുടെ മുമ്പാകെ നിന്നുകൊണ്ടു

"ദൈവസത്യത്തിനു വിപരീതമായി സംസാരിക്കു ന്നതിനു എന്നെ പ്രേരിപ്പിക്കുവാൻ ഒരു മനുഷ്യനും സാധിക്കയില്ല എന്നുള്ളതു ഓൎത്തുകൊണ്ടുമാത്രമേ എ ന്നോടു സംസാരിക്കാവൂ" എന്നു പറഞ്ഞപ്പോൾ അ ദ്ദേഹത്തെയും റിഡ്ലിയോടുകൂടി ദഹിപ്പിക്കുന്നതി നുത്തരവായി.

'ഈ വിശ്വാസവീരന്മാർ ജയിലിൽ അന്യോ ന്യം ധൈൎയ്യപ്പെടുത്തി കഴിച്ചുകൂട്ടി തങ്ങളുടെ ശ രീരങ്ങളെ അഗ്നിക്കു ഏൽപിച്ചുകൊടുക്കേണ്ടതി ന്റെ തലേ രാത്രി കാവൽസൂക്ഷിപ്പുകാരനോടു ഒന്നി ച്ചു അത്താഴം കഴിച്ചുകൊണ്ടിരിക്കുമ്പോൾ റിഡ്ലി ഇപ്രകാരം പറഞ്ഞു: "ഞാൻ എത്രമാത്രം ആനന്ദ മുള്ളവനാകുന്നു എന്നുള്ളതു നിങ്ങൾക്കറിഞ്ഞുകൂടാ. അ തുകൊണ്ടു നാളെ നടക്കുവാൻപോകുന്ന എന്റെ ക ല്യാണവിരുന്നിലേക്കു (തന്റെ ശരീരദഹനം) നിങ്ങ ളുടെ ഭാൎയ്യയേയും കുഞ്ഞുങ്ങളെയുംകൂടെ ഞാൻ ക്ഷണി ച്ചിരിക്കുന്നു എന്നു പറയണം". ഇതു കേട്ടപ്പോൾ കാ രാഗൃഹപ്രമാണിയുടെ ഭാൎയ്യ വാവിട്ടു നിലവിളിച്ചു പോയി. കരഞ്ഞുകൊണ്ടു നിന്ന സ്ത്രീയോടുറിഡ്ലി: "അല്ലയോ പ്രിയ സഹോദരി! നാളെ രാവിലെ ഞാ ൻ അനുഭവിക്കേണ്ട ഭക്ഷണം അൽപം കയ്പുള്ളതു തന്നെയെങ്കിലും എന്റെ അത്താഴം എനിക്കു ആന ന്ദമേറിയതത്രെ എന്നുള്ളതു നിശ്ചയമാകുന്നു. അതു കൊണ്ടു എന്നോടുകൂടെ സന്തോഷിക്ക" എന്നു പറ ഞ്ഞു. തന്നെ ജയിലിൽ കാണ്മാൻ വന്ന സഹോദരൻ

തന്നോടുകൂടെ ആ രാത്രികഴിച്ചുകൂട്ടട്ടെ എന്നു ചോദിച്ചപ്പോൾ "തനിക്കു സുഖനിദ്ര ലഭിക്കുന്നരാത്രി ഇന്നത്തേതത്രെ എന്നും സഹോദരൻ തന്നോടുകൂടെ താമസിച്ചാൽ ശരിയായി ഉറങ്ങുന്നതിനു തനിക്കു സാധിക്കയില്ല" എന്നും പറഞ്ഞു അദ്ദേഹത്തെ അയച്ചുകളകയാണുണ്ടായതു്.

ഈ സഹോദരൻ പോകുമ്പോൾ: "പ്രിയ റിഡ്ലി! സന്തോഷമുള്ളവനായിരിക്ക. കർത്താവിൻെറ ക്രൂശിനെ ക്ഷമയോടെ വഹിക്കുക; സർവശക്തൻ നിനക്കു സഹിഷ്ണതാശക്തി അയച്ചുതരുമാറാകട്ടെ" എന്നു പറയുകയുണ്ടായി.

റീഡ്ലി, ലാററിമർ ഈ സഹോദരന്മാരെ നീചവസ്ത്രം ധരിപ്പിച്ചു ചിതാസ്ഥലത്തേക്കു ആനയിച്ചു. അവർ അവിടെ പ്രവേശിച്ചു തങ്ങളുടെ കണ്ണുകളെ സ്വർഗ്ഗത്തിലേക്കുയർത്തി. "സ്നേഹമുള്ള പിതാവേ! ഞങ്ങൾ ഞങ്ങളുടെ നിത്യഭവനത്തിലേക്കു വരുന്നു. നിൻെറ വാത്സല്യകൈനീട്ടിക്കൊണ്ടു സ്വർണ്ണപടിവാതുക്കൽ ഞങ്ങൾക്കായി കാത്തുനിൽക്കുന്നതു ഞങ്ങൾകാണുന്നു. പിതാവേ! ഇംഗ്ളണ്ടുരാജ്യത്തോടു കരുണ ചെയ്യേണമേ. അതിനെ അതിൻെറ എല്ലാ ശത്രുക്കളിൽനിന്നും വിടുവിക്കേണമേ" എന്നു ഏററവും ഉച്ചത്തിൽ പ്രാത്ഥിച്ചു.

അതിൻെറശേഷം അവരെ ഇരുവരെയും ഒരു ചങ്ങലയാൽ ചിതക്കുററിയോടുചേർത്തു ബന്ധിച്ചു. ചിതയ്ക്കു തീ കൊടുക്കുന്നതിനു മുൻപായി റിഡ്ലി സ



റിഡ്ലിയേയും ലിററിമറിനെയും ഓക്സ്ഫോർഡിൽവച്ചു
ദഹിപ്പിക്കുന്നതു്.

മീപെ നിന്നിരുന്ന മേയറിനെ വിളിച്ചിട്ടു: "അല്ലയോ മാന്യസ്നേഹിതാ! ഇന്നു ഈ നാട്ടിലുള്ള സത്യവിശ്വാസികൾക്കുവേണ്ടിയും പ്രത്യേകിച്ചു എൻെറ സഹോദരിക്കുവേണ്ടിയും ഞാൻ നിങ്ങളോടപേക്ഷിക്കുന്നു. ഞാൻ രാജ്ഞിയുടെ അടുക്കൽ അവക്കുവേണ്ടി സംസാരിച്ചിട്ടുണ്ട്. നിങ്ങൾ അവക്കുവേണ്ടി ഒരു മാദ്ധ്യസ്ഥത വഹിക്കുമല്ലോ. എൻെറ മനസ്സിനു അല്പമെങ്കിലും ഭാരമുണ്ടെങ്കിൽ അതു എൻെറ പാവപ്പെട്ട സഹോദരിയെക്കുറിച്ചും ഈ വിശ്വാസികളെക്കുറിച്ചും അത്രെ. ഞാൻ ലണ്ടനിലെ ബിഷോപ്പായിരുന്ന അവസരത്തിൽ പാവപ്പെട്ടവക്കായി കുറെ സ്ഥലങ്ങൾ ദാനം ചെയ്തിരുന്നു. എന്നാൽ ഇപ്പോഴത്തെ ബിഷോപ്പ് ആ സ്ഥലങ്ങൾ അവരിൽനിന്നും അപഹരിച്ചു അവരെ നിരാധാരമായി അയച്ചുകളഞ്ഞു എന്നു ഞാൻ അറിയുന്നു. പ്രിയ സ്നേഹിതാ! ആ പാവപ്പെട്ടവക്കുവേണ്ടി നിങ്ങൾ വാദിക്കേണമേ. സർവശക്തനായ ദൈവം നിങ്ങൾക്കു അതിൻെറ പ്രതിഫലം തരും. ദൈവം നിങ്ങളോടുകൂടെയുണ്ടായിരിക്കട്ടെ" എന്നു പറഞ്ഞു.

ഈ സമയംകൊണ്ടു ദുഷ്ടന്മാരായ ആ ജനങ്ങൾ വിറകിനു തീ കൊളുത്തി. ലാററിമർ തൻെറ സ്നേഹിതനെ നോക്കികൊണ്ടു ഇപ്രകാരം പറഞ്ഞു: "സഹോദരാ ധൈര്യവാനായിരിക്ക ദൈവത്തിൻെറ കൃപയാൽ ഇന്നു ഈ ഇംഗ്ളണ്ടിൽ ഒരുനാളും കെട്ടുപോകാത്തതായ ഒരു വിളക്കു കത്തിച്ചിട്ടു നാം കടന്നുപോകുന്നതിൽ നമുക്കു സന്തോഷിക്കാം"

അഗ്നിജ്വാല തൻ്റെമേൽ ശക്തിയോടെ എരിഞ്ഞുകത്തുമ്പോൾ: "പിതാവേ! നിൻ്റെ കൈയ്യിൽ ഞാൻ എൻ്റെ ആത്മാവിനെ ഏൽപിക്കുന്നു. അതിനെ കൈക്കൊള്ളേണമേ"എന്നൊക്കെ പ്രാർത്ഥിച്ചു പ്രാണനെവിട്ടു.എൺപതുവയസ്സായിരുന്ന ലാററിമർ ഈ വേദന അധികം സഹിക്കുന്നതിനിടയായില്ല തൻ്റെ കൃശഗാത്രം എത്രയുംവേഗത്തിൽ അഗ്നിക്കിരയായിത്തീർന്നു. എന്നാൽ റിഡ്ലിയാകട്ടെ, ക്രൂരതൽ കഷ്ടതകൾ സഹിച്ചതിൻ്റെ ശേഷമാണ് മരിക്കുന്നതിനിടയായത്.

ഈ ദയനീയമായ കാഴ്ച കണ്ടുകൊണ്ടു നിന്നഅനേകായിരങ്ങൾ കണ്ണുനീർ തൂകി. അന്നു കരയാത്തവനായി ഒരുവൻപോലും ഇല്ലായിരുന്നു. റിഡ്ലിയുടെ സഹോദരൻ്റെ വാവിട്ടുള്ള നിലവിളി അനേകരെസന്താപസാഗരത്തിൽ കടത്തിവിട്ടു.

ഈ വിശ്വാസവീരന്മാരായ ദൈവമക്കളുടെ രക്തസാക്ഷിമരണംമൂലം അനേകരും സത്യവഴികളെകണ്ടുപിടിച്ചു നീതിപാതകളിൽ കൂടി കടന്നുപോകുന്നതിനിടയായി.

മരണപര്യന്തം വിശ്വസ്തനായി നിന്നു കഷ്ടതകൾ ക്ഷമയോടു സഹിച്ച ഈ സിദ്ധന്മാർക്കു ജീവകിരീടം സമ്മാനിക്കപ്പെടുന്ന ക്രിസ്തുവിൻ്റെ നാളിനുവേണ്ടി തിരുനാമം വാഴ്ത്തപ്പെട്ടതാകട്ടെ.

# 22. റോലിൻസ് വൈററ്.

രക്തമേറിയ എന്ന അഭിധാനത്താൽ അറിയപ്പെടുന്ന ഇംഗ്ളണ്ടിലെ രാജ്ഞിയായ മേരിയുടെ കാലത്തു നവീകരണനേതാക്കന്മാർ തുടങ്ങിയുള്ള അനേകക്രിസ്തുഭക്തന്മാർ അഗ്നിക്കിരയാക്കപ്പെട്ടു. അവരിൽ ഒരാളായിരുന്നു റോളിൻഡ് വൈററ്. ഇദ്ദേഹം വെയിൽസിലെ കടൽത്തിരങ്ങളിൽ അലറിഅടിച്ചുകൊണ്ടിരിക്കുന്ന തിരമാലകളെ വകവയ്ക്കാതെ ദിവസംപ്രതി കടലിൽപോയി മീൻ പിടിച്ചുകാലയാപനം ചെയ്തുവന്ന ഒരുവനായിരുന്നു. എഡേവർഡ് ആറാമന്റെ കാലത്തു ഇംഗ്ളണ്ടിന്റെ നാനാഭാഗങ്ങളിൽ സഞ്ചരിച്ചു സുവിശേഷം അറിയിച്ചുകൊണ്ടിരുന്ന സുവിശേഷകന്മാരിൽനിന്നു ലളിതമായ ക്രിസ്തീയോപദേശങ്ങൾ അദ്ദേഹം കേട്ടിരുന്നു. അങ്ങനെ വിശുദ്ധവചനത്തെക്കുറിച്ചുള്ള ഒരു ശരിയായ ജ്ഞാനം തനിക്കു ലഭിക്കുന്നതിനിടയാകയും ഒടുവിൽ ഒരു ഉപദേഷ്ടാവായിത്തീരുകയും ചെയ്തു.

ഈ രീതിയിൽ എഡേവർഡ് ആറാമന്റെ മരണം വരെ വൈററു തന്റെ വേല കടൽതീര വാസികളായ സ്വജനത്തിന്റെ ഇടയിൽ നടത്തിക്കൊണ്ടിരുന്നു. എന്നാൽ മേരിരാജ്ഞിയുടെ ഭരണം ആരംഭിച്ചതോടുകൂടെ ഇംഗ്ളണ്ടിൽ മാഗ്ഗീയമായി ഒരു വ്യത്യാസം ഭവിക്കയാണുണ്ടായതു്. ഇതുനിമിത്തം വൈററു

രഹസ്യമായി തന്റെ കൂട്ടുകാരോടൊന്നിച്ചു ദൈവവചന വായിച്ചുപോന്നു. എന്നാൽ ഒററുകാരായ ഏതാനും ശത്രുക്കൾ ഈ ചെറിയ സംഘത്തെ കണ്ടുപിടിക്കയും വൈററിനെയും സഹോദരങ്ങളെയും "മതദ്രോഹികൾ" എന്ന കുററത്തിൽ അകപ്പെടുത്തുകയുംതന്മൂലം അവരെ തടവിലാക്കയും ചെയ്തു.

വൈററിനെ വിസ്തരിക്കുന്നതിനു നിശ്ചയിച്ചിരുന്ന ദിവസമടുത്തു. അദ്ദേഹത്തെ ബിഷോപ്പിന്റെ മുമ്പാകെ കൊണ്ടുവന്നു. ബിഷോപ്പ് തന്നെ വിസ്തരിച്ചു മതദ്രോഹി എന്ന കുററത്തിനു ചാർജ്ജ് ചെയ്തു. പിന്നീട് അദ്ദേഹം എഴുന്നേററു നിന്നുകൊണ്ടു ഇപ്രകാരം പറഞ്ഞു: "മതവിദ്വേഷി" എന്ന കുററത്തിൽ പിടിക്കപ്പെട്ടിരിക്കുന്ന വൈററേ! നീ ദൈവികവും രാജകീയവുമായ നിയമങ്ങൾക്കു വിപരീതമായിട്ടത്രെ പ്രവർത്തിച്ചിരിക്കുന്നതു്: ഇന്നു നിന്റെ വൈരാഗ്യമനസ്ഥിതിയെ വിട്ടു കുററം ഏററുപറയുന്നു എങ്കിൽ നിന്നെയും നിന്റെ കൂട്ടുകാരെയും വിട്ടയയ്ക്കുന്നതിനു എനിക്കധികാരമുണ്ടെന്നു നീ അറിഞ്ഞുകൊൾക. എന്നാൽ നീ അതിനു വഴിപ്പെടാത്ത പക്ഷം അതികഠോരമായ ഒരു ശിക്ഷയ്ക്കു നീ അർഹനായിത്തീരുമെന്നും ഓർത്തുകൊള്ളണം".

ഈ ഭീഷണിയിൽ ഒട്ടുംതന്നെ കൂസൽകൂടാതെ വൈററു് താൻ പിടിച്ചിരിക്കുന്ന സത്യത്തിൽനിന്നു തന്നെ പിന്നോക്കം വലിക്കുവാൻ യാതൊരുവനാലും സാദ്ധ്യമല്ലെന്നു ധൈര്യസമേതം ഉച്ചത്തിൽ പറഞ്ഞി

ട്ട ബിഷോപ്പിനോടായി അവൻ ഇവ്വണ്ണം പ്രസ്താവിച്ചു. "അല്ലയോ മഹാനുഭാവൻ ഞാൻ ക്രിസ്ത്യാനിയാകുന്നു. ദൈവവചനത്തിനു വിപരീതമായ ഒരുപദേശവും എനിക്കില്ല. അഥവാ ഉണ്ടെങ്കിൽ വേദപുസ്തകത്തിൽനിന്നു അവയെ എനിക്കു തെളിയിച്ചുതന്നാലും! അപ്പോൾ ഞാൻ അവയെ ത്യജിച്ചു താങ്കളെ അനുവൎത്തിച്ചുകൊള്ളാം." ഈ ദ്വശം വിശ്വാസവിഷയകമായി പല സംഗതികളെക്കുറിച്ചു അവർ തമ്മിൽ വാദപ്രതിവാദം ഉണ്ടായശേഷം കുപിതനായിത്തീൎന്ന ബിഷോപ്പ്, ഒരു മതദ്രോഹി എന്ന കുററത്തിൽ അവനെ നശിപ്പിച്ചുകളവാൻ ആജ്ഞാപിച്ചു.

വൈററു് ഇതിങ്കൽ അശേഷം ഭീതി കാണിക്കാതെ, അവിടുത്തെ ഇഷ്ടംപോലെ പ്രവൎത്തിച്ചുകൊൾക. എന്നാൽ ഞാൻ ഒരു മതദ്രോഹിയായിട്ടല്ല മരിക്കുന്നതു്" എന്നു പറഞ്ഞു. വൈററിനെ നശിപ്പിച്ചുകളയുന്നതിലുള്ള വൈമനസ്യം ഹേതുവാൽ ബിഷോപ്പ് കൂടിയിരുന്ന ജനങ്ങളോടു ഈ മനുഷ്യനുവേണ്ടി നമുക്കു പ്രാൎത്ഥിക്കണമെന്നു പറഞ്ഞു പ്രാൎത്ഥനയ്ക്കാരംഭിച്ചു

പ്രാൎത്ഥന കഴിഞ്ഞശേഷം "നീ എന്തു തീരുമാനിച്ചു എന്നു ബിഷോപ്പ് ചോദിച്ചതിനു: "ഞാൻ മുമ്പേപ്പോലെ തന്നെ തീരുമാനിച്ചിരിക്കുന്നു" എന്നു വൈററു മറുപടി പറഞ്ഞു. കുററവാളിയായി വിധിക്കപ്പെട്ട വൈററിനെ ലണ്ടനിൽനിന്നുള്ള ഉത്തരവു വരുന്നതുവരെ കോക്കു മാറെൽ എന്ന സ്ഥലത്തെ, ഈൎപ്പമുള്ളതും വൃത്തിഹീനവുമായ തടവിൽ പാർപ്പിച്ചു.

ഇവിടെ താൻ ചെലവഴിച്ച ദിവസങ്ങൾ ഏററവും പരിതാപകരമായതായിരുന്നു.

തന്നെ ദഹിപ്പിക്കുന്നതിന്നു നിശ്ചയിച്ച ദിവസം രാവിലെ വൈററിന്നെ തടവിൽനിന്നും പട്ടാളക്കാരുടെ അകമ്പടിയോടുകൂടെ പുറത്തുകൊണ്ടുവന്നു. ആയുധപാണികളായ ഭടന്മാരെ കണ്ടിട്ട്: "ഇതിൻെറ അർത്ഥം എന്ത്? പടയാളികളുടെ ആവശ്യം ഇവിടെ എന്താണ്? ഞാൻ ഓടിപ്പൊയ്ക്കളയുമെന്നോ? എൻെറ കർത്താവിൻെറ പേർക്കായി ഇവയെല്ലാം സഹിപ്പാൻ ഞാൻ യോഗ്യനാണല്ലോ എന്നോർത്തു ഞാൻ ആനന്ദിക്കുന്നതേയുള്ളു" എന്നു അവൻ പറഞ്ഞു.

എന്നാൽ അത്ര വിദൂരത്തിലല്ലാതെ അശ്രുധാര ഒഴുക്കിക്കൊണ്ടു നിൽക്കുന്ന പാവപ്പെട്ട ഭാര്യയേയും ഓമനക്കുഞ്ഞുങ്ങളെയും കണ്ടപ്പോൾ തൻെറ ഹൃദയത്തിൽകൂടെ ഒരു വാൾ കടന്നുപോയി.

തൻെറ കണ്ണിൽനിന്നു താനറിയാതെ അശ്രുകണങ്ങൾ പൊഴിഞ്ഞുതുടങ്ങി. എന്നാൽ പെട്ടെന്നു തൻെറ ബലഹീനവശം താൻ കണ്ടിട്ടു മാറത്തടിച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞു. "ഹാ! ജഡമേ! നീ എന്മേൽ ജയം കൊള്ളുന്നുവോ? നിന്നാൽ കഴിയുന്നതു നീയും പ്രവർത്തിച്ചുകൊൾക. എന്നാൽ എൻെറമേൽ ജയംകൊള്ളുവാൻ നിനക്കു സാദ്ധ്യമല്ല, നിശ്ചയം" ഈ സമയത്തിന്നുള്ളിൽ ശത്രുക്കൾ തന്നെ ദഹിപ്പിക്കുന്നതിന്നുള്ള ഒരുക്കങ്ങൾ ചെയ്തുകഴിഞ്ഞു. താൻ സധൈര്യം ചിതക്കുററിയുടെ അരികിലേക്കു കടന്നുചെന്നു. മുട്ടിന്മേൽ



റോളിൻസ്സ വൈററു് തീച്ചൂളയുടെ മദ്ധ്യത്തിൽ

വീണ്ടു പ്രാൎത്ഥിച്ചശേഷം എഴുന്നേററിങ്ങനെ പറഞ്ഞു,
"മണ്ണു മണ്ണോടും പൂഴി പൂഴിയോടും ചേരുന്നു; നീ എ
ൻെറ അമ്മ, നിങ്കലേക്കു ഞാൻ തിരികെ ചേരുന്നു"
അനന്തരം സന്തോഷസമേതം അവൻ ചിതക്കുററിയു
ടെ നേരെ തൻെറ പുറം തിരിഞ്ഞു നിന്നുകൊട്ടത്തു താ
ൻ അവിടെനിന്നുകൊണ്ടു അട്ടത്തുനിന്ന സ്നേഹി
തനോടു ഇപ്രകാരം പറഞ്ഞു: "ആത്മാവും ജ
ഡവും തമ്മിലുള്ള ഒരു വലിയ പോരാട്ടം ഇതാ!
ഞാൻ അനുഭവിക്കുന്നു. ജഡത്തിനു കീഴ്പെട്ടു
പോയേക്കുമോ എന്നു സംശയം തോന്നിപ്പോകാതിരി
ക്കുന്നില്ല. അതുകൊണ്ടു തീയിൽനിന്നു രക്ഷപെടുവാ
ൻ ഞാൻ യത്നിക്കുന്ന വല്ല ലക്ഷണവും നിങ്ങൾ കാ
ണുന്ന പക്ഷം ദയ ചെയ്തു നിങ്ങളുടെ വിരൽ എൻെറ
നേരെ ചൂണ്ടേണമേ. അപ്പോൾ ഞാൻ കാൎയ്യം മനസ്സി
ലാക്കി നിശ്ചലനായി നിന്നുകൊള്ളാം".

ഇങ്ങനെ താൻ അവിടെ നിൽക്കുമ്പോൾ ഒരു
വൻ ഒരു വലിയ ചങ്ങലയും ആയി തൻെറ അട്ടു
ക്കലേക്കു വന്നു അവൻ ആ ചങ്ങലകൊണ്ടു വരിഞ്ഞു
കെട്ടുമ്പോൾ "സ്നേഹിതാ! ഞാൻ ജഡത്തിൻെറ ശ
ക്തിക്കു കീഴ്പെടാതിരിക്കത്തക്കവണ്ണം എന്നെ വള
രെ ബലമായി ബന്ധിക്കണമേ" എന്നു പറഞ്ഞു. അ
നന്തരം തൻെറ കണ്ണുകൾ ആകാശത്തിലേക്കുയൎത്തി
ക്കൊണ്ടു "പിതാവേ! നിൻെറ കരുണാസമൃദ്ധിയാൽ
എനിക്കു ശക്തിയും അഗ്നിയുടെ ചൂടു സഹിക്കത്തക്ക
വണ്ണം സഹിഷ്ണതയും നൽകേണമേ" എന്നു ജന

മെല്ലാം കേൾക്കെ ഉച്ചത്തിൽ പ്രാൎത്ഥിച്ചു.

ചങ്ങലയാൽ ബന്ധിക്കപ്പെട്ടശേഷം തന്റെ ചുററും വിറകും വയ്ക്കോലും കൂട്ടി, തന്റെ കൈ എത്തുന്ന സ്ഥലത്തുനിന്നും വയ്ക്കോൽ എടുത്തു താൻ തന്നെ തന്റെ സമീപത്തേക്കിടുന്നതു കണ്ടു ജനങ്ങൾ അതിശയിച്ചു തീ കത്തിച്ചുകഴിഞ്ഞാലുടൻതന്നെ താൻ ദഹിക്കണമെന്നു കരുതിയാണു അപ്രകാരം ചെയ്തതു്. അപ്പോൾ ഒരു പട്ടക്കാരൻ തന്റെ അടുത്തുവന്നു നിന്നുകൊണ്ടു കൂടിയിരുന്ന ജനങ്ങളോടു സഭാനിയമങ്ങളെക്കുറിച്ചും മററും പ്രസംഗിച്ചു. ഇതു കേട്ടയുടനെ വിറച്ചുകൊണ്ടു വൈററു തന്റെ ശബ്ദമുയൎത്തി: "പ്രിയ ജനങ്ങളെ! ദുരുപദേശത്തിനു ചെവി കൊടുക്കരുതേ! എന്നെ കേൾപ്പിൻ! എന്നെ കേൾപ്പിൻ" എന്നു വിളിച്ചുപറഞ്ഞു. തൽക്ഷണം അവന്റെ അടുത്തുനിന്നവർ: "തീ കത്തിക്ക! തീ കത്തിക്ക" എന്നു വിളിച്ചുകൂകി. ഉടൻതന്നെ തീ കത്തിക്കയും തീ കാളികത്തി അദ്ദേഹത്തിന്റെ ചുററും പടരുകയും ചെയ്തു. ഈ സമയത്തു തന്റെ കൈ ആകാശത്തേക്കുയൎത്തിക്കൊണ്ടു പ്രിയ കൎത്താവേ! എന്റെ ആത്മാവിനെ കൈക്കൊള്ളേണമേ!" എന്നു പറഞ്ഞുതാൻ സ്വീകരിച്ചിരുന്ന സത്യവിശ്വാസത്തെ മുറുകെ പിടിച്ചുകൊണ്ടു റോലിൻസ്സ് വൈററ് തന്റെ ജീവനെ വിട്ടു.

"കൎത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ"

# 23 തോമസ് ക്രാൻമർ

ഇംഗ്ളണ്ടിലെ രാജ്ഞിയും "രക്തമറിയ" എന്ന പേരിനു പാത്രവതിയും ആയിരുന്നമേരിരാജ്ഞിയുടെ കാലത്തു നവീകരണോപദേശങ്ങൾ നിമിത്തം ചുട്ടെരിക്കപ്പെട്ട രക്തസാക്ഷിയാണു് തോമ്മസ് ക്രാൻമർ. ഇദ്ദേഹം 1589-ൽ ഇംഗ്ളണ്ടിലെ നോട്ടിംഗ് ഹാംഷെയാർ പട്ടണത്തിൽ ആർസിലാക്ടൺ എന്ന ഗ്രാമത്തിൽ ജനിച്ചു. ഇദ്ദേഹത്തിൻെറ ചെറുപ്പത്തിൽതന്നെ പിതാവു മരിച്ചുപോയി. പതിനാലു വയസ്സായപ്പോൾ ക്രാൻമറിനെ മാതാവു കേംബ്രിഡ്ജ് സർവകലാശാലയിൽ അയച്ചു അഭ്യസനം ചെയ്യിച്ചു. തൻെറ വിദ്യാഭ്യാസാനന്തരം അതിലുള്ള അദ്ദേഹത്തിൻെറ അസാധാരണപാടവംമൂലം കോളജിലെ ഒരു പ്രൊഫസറായി താൻ നിയമിക്കപ്പെട്ടു. അൽപനാളുകളുടെശേഷം വൈദികകോളജിലെ ഒരു അദ്ധ്യാപകനായി തന്നെ നിയമിക്കുന്നതിനിടയായി. ഇവിടെ വച്ചാണു വേദപുസ്തകസത്യങ്ങളെ പൂർണ്ണമായി അനുസരിച്ചു ജീവിക്കുവാൻ താൻ ആരംഭിച്ചതു്. ഇദ്ദേഹം അന്നു ഇംഗ്ളണ്ടിലെ രാജാവായിരുന്ന ഹെൻറി എട്ടാമൻെറ ഒരു ഉത്തമസ്നേഹിതനായിത്തീർന്നു. രാജാവുമായുള്ള പരിചയത്തിൻെറഫലമായി ഇദ്ദേഹം കാൻറർബറിയിലെ ആർച്ചുബിഷോപ്പായി നിയമിക്കപ്പെട്ടു. അങ്ങനെ നിയമിക്കപ്പെട്ടപ്പോൾ പാപ്പായിൽനിന്നും ലഭിക്കേണ്ടതായ അധി

കാരചിഹ്നങ്ങളെ താൻ നിരസിക്കയും പാപ്പായെ തന്റെ മേലധികാരിയായി സ്വീകരിക്കുന്നതു വേദാനുസരണമല്ലായ്കയാൽ താൻ അങ്ങനെ ചെയ്കയില്ലെന്നു രാജാവിനെ അറിയിക്കയും ചെയ്തു. താൻ അംഗീകരിച്ച നവീകരണോപദേശങ്ങൾ തന്റെ മേൽനോട്ടത്തിലുള്ള അതിരിനുള്ളിൽ വ്യാപിപ്പിക്കുന്നതിനു താൻ ഉദ്യമിച്ചു

എന്നാൽ ഈ ഉദ്യമത്തിൽ പ്രതികൂലികളായി അനേകർ എഴുന്നേൽക്കയുണ്ടായി. അവർ ഗൂഢമായി തനിക്കു ജീവഹാനി വരുത്തുവാൻ ശ്രമിച്ചു. എന്നാൽ രാജാവിന്റെസ്നേഹവും സഖ്യതയുംമൂലംഅതിൽനിന്നു രക്ഷപ്പെടുന്നതിനു സാധിച്ചു. ഹെൻറി എട്ടാമന്റെ മരണശേഷം എഡ്വേർഡ് ആറാമൻ രാജാവായി. ഈ യുവരാജാവു ക്രാൻമറിന്റെ സംരക്ഷണയേയും ഉപദേശങ്ങളെയും അധികം ഇഷ്ടപ്പെട്ടിരുന്നു. അക്കാലത്തു സഭാസംബന്ധമായി പല നവീകരണങ്ങളും നടപ്പാക്കുന്നതിനു തനിക്കു സാധിച്ചു. എന്നാൽ എഡ്വേർഡ് ആറു സംവത്സരത്തെ ഭരണശേഷം മരിച്ചുപോകയാൽ നവീകരണനേതാക്കന്മാർക്കു ഇംഗ്ളണ്ടിൽ പിഡ ആരംഭിച്ചു. മേരിരാജ്ഞിയുടെ ഭരണകാലം നവീകരണപ്രവൎത്തകന്മാൎക്കു പൊതുവേ ഭയങ്കരമായ അവസ്ഥയായിരുന്നു ഈ രാജ്ഞി ക്രാൻമറിനെ ദണ്ഡിപ്പിക്കുന്നതിനു ഉത്സാഹിച്ചു ഇതറിഞ്ഞു താൻ ഓടി രക്ഷപെട്ടുകൊള്ളണമെന്നു സ്നേഹിതന്മാർ ക്രാൻമറിനോടു ആലോചന പറഞ്ഞു. എ

ന്നാൽ ക്രാൻമർ ആകട്ടെ ആ ആലോചനയെ സ്വീകരിച്ചില്ല. താമസിയാതെ അവൻ ബന്ധനസ്ഥനാക്കപ്പെട്ടു. ജയിലിൽ റിഡ്ലി, ലാററിമർ എന്നീഉദെവദൃത്യന്മാരായ തന്റെ സ്നേഹിതന്മാരോടുകൂടെതാമസിച്ചു.

അൽപനാളുകളുടെശേഷം അവരെയും തന്നിൽനിന്നകററിക്കളഞ്ഞു. ഒരു മതദ്രോഹി എന്നകുററത്തിന്നു ക്രാൻമറിനെ കൊന്നുകളയാൻ ഉത്തരവുണ്ടായി. ഈ വിധി പ്രസ്താവനയുടെശേഷം ശത്രുക്കൾതന്നെ നീചമായ വേഷം ധരിപ്പിച്ചു ജയിലിലേക്കു വീണ്ടും അയച്ചു. മൂന്നുവർഷക്കാലം ഇങ്ങനെ ജയിലുകൾതോറും അയച്ചു താമസിപ്പിച്ചു. താൻ ജയിൽവാസം അനുഭവിച്ചു താമസിക്കുമ്പോൾ തന്റെ സ്നേഹിതന്മാരായ ലാററിമരും, റിഡ്ലിയും രക്തസാക്ഷികളായി മരിച്ചു വൃത്താന്തം അറിയുന്നതിനിടയായി. വിശ്വാസത്തിൽനിന്നു തന്നെ വ്യതിചലിപ്പിക്കുവാൻ ശത്രുക്കൾ ആവോളം യത്നിച്ചുതുടങ്ങി. അവരുടെ പ്രയത്നം ഫലിച്ചില്ല എന്നു പറവാൻ പാടില്ല. അവരുടെ നിരന്തരമായ ശ്രമംമൂലം ക്രാൻമർ അവക്കു അൽപം കീഴടങ്ങുവാൻ മനസ്സ് വച്ചുപോയി. തന്നിമിത്തം താൻ താഴെ പറയുംവിധം എഴുതി ഒപ്പുവയ്ക്കുന്നതിനിടയായി. "കാൻറർബെറി ആർച്ചുബിഷോപ്പായിരുന്ന ഞാൻ, ലൂഥർ, സ്വിംഗ്ളി എന്നിവരാൽ സ്ഥാപിതമായ സകല വിധ വിശ്വാസങ്ങളെയും വെറുക്കുന്നു. സത്യവിശ്വാസത്തിനു എതിരായിട്ടുള്ള സകല ഉപ

ദേശങ്ങളെയും ഞാൻ നിഷേധിക്കുന്നു. ദൃശ്യമായ ഒരു സത്യസഭ മാത്രമേയുള്ളു എന്നും അതു വിശുദ്ധ കത്തോലിക്കാസഭയാകുന്നു എന്നും അതുമുഖേനയല്ലാതെ രക്ഷയില്ലെന്നും പാപ്പാ ക്രിസ്തുവിൻെറ സ്ഥാനാപതിയാണെന്നും ഞാൻ വിശ്വസിക്കുന്നു അതിനാൽ സകല ജനങ്ങളും അദ്ദേഹത്തെ വണങ്ങേണ്ടതു ആവശ്യമാകുന്നുഎന്നും ഇതിനാൽഞാൻ രേഖപ്പെടുത്തുന്നു"ഈ രേഖയെ അതിശീഘ്രം പ്രസിദ്ധപ്പെടുത്തുന്നതിനു വേണ്ട ഒരുക്കങ്ങൾ ചെയ്തുതുടങ്ങി ഇതിൻെറ യാഥാർത്ഥ്യത്തെ തെളിയിക്കുന്നതിനു ക്രാൻമറിൻെറ ഒപ്പിനു പുറമെ സാക്ഷികളായി രണ്ടുപേരുടെ ഒപ്പു കൂടെ ചേർത്തിരുന്നു.

ശത്രുക്കളുടെ ഭീഷണിയിങ്കൽ ഭയപ്പെട്ടു ജീവരക്ഷയ്ക്കായി ക്രാൻമർ ഇങ്ങനെ ചെയ്തുവെങ്കിലും അവൻ പിന്നത്തേതിൽ ധൈര്യവാനായിത്തീർന്നു. അതിനാൽ പൊതുജനങ്ങളുടെ മുൻപാകെ തൻെറ വിശ്വാസോപദേശങ്ങളെക്കുറിച്ചു പ്രസ്താവിക്കുന്നതിനു മുൻലേഖനത്തിനു എതിരായി ഒരു ലേഖനം ചമച്ചു തൻെറ ഉടുപ്പിൻെറ ഉറയിൽ ഒളിച്ചുസൂക്ഷിച്ചിരുന്നു. തക്കസമയത്തു എടുത്തുപയോഗിക്കണമെന്നത്രെ താൻ കരുതിയിരുന്നതു്.

ക്രാൻമർ റോമാമതത്തോടു ചേൎന്നു എന്നും ആ വിവരങ്ങൾ പ്രസ്താവിക്കുന്നതിനു ഒരു നിശ്ചിതസമയം തീർച്ചയാക്കിയിരിക്കുന്നു എന്നും ജനങ്ങൾ കേട്ടു. അനേകർ ഓക്സ്ഫോർഡിൽ ആ ദിവസം ഒരുമിച്ചു

കൂടി. തന്റെ സ്നേഹിതന്മാരിൽ പലരും തന്റെ വിശ്വാസം ത്യജിച്ചുസംസാരിക്കയില്ല എന്നുള്ള ധൈര്യത്തോടുകൂടെയാണ് വന്നുകൂടിയതു്.

ക്രാൻമറിനെ ഏററവും നീചമായ വേഷത്തിൽ സെൻറുമേരീസ് പള്ളിയിൽ കൊണ്ടുവന്നു. ഒരുകാലത്തു എത്രയും മാന്യമായ നിലയിൽ ഇരുന്നവനും ഏററവും ഉന്നതസ്ഥാനത്തെ- അലങ്കരിച്ചിരുന്നവനമായ ഈ ബിഷോപ്പിനെ ഹീനവേഷത്തിൽ കണ്ട മാത്രയിൽ അവിടെ ഉണ്ടായിരുന്നവരിൽ അനേകംപേർ അശ്രുകണങ്ങൾ പൊഴിക്കയുണ്ടായി. തന്റെ വാർദ്ധക്യത്തിലെ ദയനീയാവസ്ഥ കണ്ടു സഹതപിക്കാത്തവർ ആരുംതന്നെ അവിടെ ഉണ്ടായിരുന്നു എന്നു തോന്നുന്നില്ല.

പുൾപിററിനു സമീപത്തായി ഉണ്ടാക്കപ്പെട്ട ഒരു പീഠത്തിൽ കയറുന്നതിനു ആവശ്യപ്പെട്ടതനുസരിച്ചു താൻ അങ്ങനെ ചെയ്തു. ഏററവും വികൃത വസ്ത്രധാരിയായി സാധുവായ ആ തടവുകാരൻ ഒരു കൽതൂണിനു നേരെ തന്റെ മുഖം തിരിച്ചു തന്റെ കൈകളെ സ്വർഗ്ഗത്തിലേക്കുയർത്തിക്കൊണ്ടു ദൈവത്തോടു താൽപര്യമായി പ്രാർത്ഥിച്ചു. അവിടെ ഇതുസംബന്ധമായ ഒരു പ്രസംഗത്തിനായി നിശ്ചയിക്കപ്പെട്ടിരുന്ന ഡാ. കോൾ തന്റെ പ്രസംഗം ആരംഭിച്ചു. അയാൾ ക്രാൻമറിനെ ഭയങ്കരതെററുകാരനെന്നു സ്ഥാപിച്ചു വളരെ ശാസിച്ചു സംസാരിക്കയും അതേസമയംതന്നെ വീണ്ടും റോമാവിശ്വാസത്തിലേക്കു തിരി

ച്ചെത്തുന്നതിന്ന തനിക്കിടയായതിൽ ദൈവത്തെ സ്തു തിക്കുന്നു എന്നു പറകയും ചെയ്തു. ഈ സമയം പീഠത്തിലിരുന്നു തന്റെ കൈകളും കാലുകളും സ്വർഗ്ഗത്തിലേക്കുയർത്തി പ്രാർത്ഥിച്ചുകൊണ്ടിരുന്ന ക്രാൻമർലജ്ജിതനായിതന്റെ മുഖം കീഴോട്ടു കുനിച്ചു. തന്റെ കണ്ണുകളിൽനിന്നു അശ്രുധാരകളൊഴുകിത്തുടങ്ങി ഏതോ ബലഹീനത ഭവിച്ചവനെന്നപോലെ തന്റെ മുഖം അത്ര മ്ളാനമായി കാണപ്പെട്ടു.

ഡോ. കോളിന്റെ പ്രസംഗശേഷം ജനങ്ങൾ പിരിഞ്ഞുപോകുന്നതിനാരംഭിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം വിളിച്ചുപറഞ്ഞു: "സഹോദരന്മാരെ, ഈ തടവുകാരന്റെ മനംതിരിവിനെക്കുറിച്ചു നിങ്ങളിൽ ആൎക്കെങ്കിലും ആശങ്കയുണ്ടെങ്കിൽ അയാൾ തന്നെ പറയുന്ന മൊഴികൾ കേൾക്കുവിൻ" പിന്നീടു ക്രാൻമറിന്റെനേരെ തിരിഞ്ഞു: "അല്ലയോ സ്നേഹിതാ! നിങ്ങൾ വാഗ്ദത്തം ചെയ്തതുപോലെ തന്നെനിങ്ങളുടെ തിരിച്ചുവരവിനെക്കുറിച്ചും റോമാമതത്തിലുള്ള നിങ്ങളുടെ വിശ്വാസത്തെക്കുറിച്ചും ഈ ജനങ്ങളോടു സംസാരിച്ചു അവരുടെ മനസ്സിലുള്ള സംശയത്തെ നീക്കിക്കളക; നിങ്ങൾ ഒരു യഥാർത്ഥകത്തോലിക്കൻ എന്നു എല്ലാവരും അറിയട്ടെ" എന്നു പറഞ്ഞു ക്രാൻമർ തന്റെ തലയിൽനിന്നു തൊപ്പി എടുത്തുകൊണ്ടു ഇവ്വണ്ണം പറഞ്ഞു: "കർത്താവിൽ എന്റെ സഹോദരീസഹോദരന്മാരെ, എന്റെ എല്ലാ കുററങ്ങളെയും ബലഹീനതകളേയും എന്നോടു ക്ഷമിക്കേണ്ടതിന്നു നിങ്ങൾ

എല്ലാവരും എനിക്കുവേണ്ടി സർവ്വശക്തനോടുപ്രാർത്ഥിപ്പിൻ. എന്തെന്നാൽ എൻെറ ബലഹീനതകളും തെറ്റുകളും അത്രവളരെയാകുന്നു."

"എൻെറ മനസ്സാക്ഷിയെ കൂടുതൽ ദണ്ഡിപ്പിക്കുന്ന ഒരു സംഗതി ഞാൻ ചെയ്തുപോയി" പിന്നീടു താൻ മുട്ടുകുത്തി അൽപനേരം പ്രാത്ഥിച്ചശേഷം എഴുന്നേററു ഇപ്രകാരം വിളിച്ചുപറഞ്ഞു: "എൻെറ ഇഹലോകവാസത്തിൻെറ അവസാനഘട്ടത്തിലേക്കു ഞാൻ എത്തിയിരിക്കുന്നു. എങ്കിലും പരലോകവാസത്തിൻെറ ആരംഭദശയെ ഞാൻ കാണുന്നുണ്ടു്, അവിടെ എൻെറ നാഥനായ ക്രിസ്തുവിനോടുകൂടെ ഞാൻ വസിക്കുമെന്നുള്ളതുകൊണ്ടു സംശയലേശമെന്യേ എൻെറ വിശ്വാസത്തെ പ്രസ്താവിച്ചുകൊള്ളട്ടെ.

സ്വർഗത്തിൻെറയും ഭൂമിയുടെയും സ്രഷ്ടാവായി പിതാവായി സർവശക്തിയുള്ള ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. കർത്താവായ യേശുക്രിസ്തുവും അപ്പോസ്തലന്മാരും പഴയനിയമകാലത്തെയും പുതിയനിയമത്തെയും സകല പ്രവാചകന്മാരും പഠിപ്പിച്ചിട്ടുള്ളവയുമായ എല്ലാ തിരുവചനങ്ങളേയും ഞാൻ വിശ്വസിക്കുന്നു.

ഇനിയും എൻെറ മനസ്സാക്ഷിയെ ദണ്ഡിപ്പിക്കുന്നതും എൻെറ ഹൃദയത്തിലെ വിചാരങ്ങൾക്കു വിപരീതമായി എൻെറ കൈ എഴുതിപ്പോയവയും, എൻെറ ജീവനെപ്രതിമാത്രം ഞാൻ ഒപ്പുവച്ചുപോയിട്ടുള്ളതും ഞാൻ അങ്ങനെ എഴുതി എന്നു ലോകമെങ്ങും

ശ്രുതിപ്പെട്ടിരിക്കുന്നതുമായ ആ സംഗതിയെക്കുറിച്ചുക്രൂടെ നിങ്ങളുടെ സമക്ഷം പ്രസ്താവിച്ചുകൊള്ളാം. എന്റെ മനസ്സിലെ വിചാരങ്ങൾക്കു വിപരീതമായിസത്യത്തെ പ്രതിക്രൂലിച്ചു എന്റെ കൈ പ്രവത്തിച്ചുപോയതിനാൽ ആദ്യമായി ശിക്ഷിക്കപ്പെടേണ്ടതു എന്റെ കൈ തന്നെ എന്നെ ദഹിപ്പിക്കുന്നതിനു ആരംഭിക്കുമ്പോൾ ആദ്യം ദഹിപ്പിക്കപ്പെടേണ്ടതു ഈ കൈ അത്രെ.

പാപ്പായെ ഞാൻ ക്രിസ്തുവിന്റെ വൈരിയായും എതിർക്രിസ്തുവായും കരുതുകയും തൻമുഖാന്തരം അദ്ദേഹത്തെയും അദ്ദേഹത്തിന്റെ ദുരുപദേശങ്ങളെയുംനിഷേധിക്കയും ചെയ്യുന്നു."

ഈ ധൈര്യവാക്കുകൾ കേട്ടു എല്ലാവരും ആശ്ചര്യപ്പെട്ടു പരസ്പരം നോക്കിത്തുടങ്ങി. തൽക്ഷണം ക്രാൻമറിന്റെ ശത്രുക്കൾ കോപാവേശരായിത്തീൎന്നു. ചിലർ അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിനു മുമ്പു കുപ്പായത്തിൽ പിടിച്ചു വലിച്ചുതുടങ്ങി. "കള്ളൻ" "അധമ്മി" എന്നിങ്ങനെ അവർ ഉച്ചത്തിൽ ആത്തുവിളിച്ചു. "ദഹിപ്പിക്ക ദഹിപ്പിക്ക" എന്നുള്ള ശബ്ദം അന്തരീക്ഷമെങ്ങും മാറെറാലിക്കൊണ്ടു. ഉടൻതന്നെ അവനെ അവർ ദഹനസ്ഥലത്തേക്കു കൊണ്ടുപോയി. ഈ സമയത്തെങ്ങും തന്റെ മുഖം ക്ഷീണിച്ചതായി കണ്ടില്ല. റിഡ്ലി ലാററിമർ എന്നീധീരപുരുഷന്മാരെ ദഹിപ്പിച്ച സ്ഥലത്തേക്കത്രെ തന്നെയും അവർകൊണ്ടുപോയതു്. അവിടെ ചെന്നപ്പോൾ

താൻ മുട്ടുകുത്തി തൻെറ പിതാവിനോടു പ്രാത്ഥി ച്ചു പ്രാത്ഥനാനന്തരംമരിക്കുന്നതിനൊരുമ്പെട്ടു. ഏററവും ദയനീയമായ ഒരു രൂപത്തെ ചിതക്കുററിയോടു ചേത്തു ബന്ധിച്ചിരിക്കുന്നതു തൻെറ സ്നേഹിതന്മാർ കണ്ടു വാവിട്ടു നിലവിളിച്ചുപോയി. ഘാതകന്മാർ ചുററും കൂടി തങ്ങളുടെ വേല നിവത്തിച്ചു. തദവസരം ജനങ്ങൾ തന്നെ നോക്കിയപ്പോൾ ആദ്യം കേട്ടതു തൻെറ വലങ്കൈ തീയിലേക്കു നീട്ടിക്കൊണ്ടു്:ഇതു ആദ്യം നശിക്കട്ടെ" എന്നു പറയുന്നതായിരുന്നു. തൻെറ ശരീരത്തിൻെറ മററു ഭാഗങ്ങളിൽ തി പിടിക്കുന്നതിനു മുമ്പുതന്നെ ആ കൈ വെന്തെരിഞ്ഞു ഈ ഭയങ്കര വേദനയുടെലക്ഷണം താനശേഷം പ്രദർശിപ്പിച്ചില്ല. തൻെറ കണ്ണുകൾ സ്വർഗ്ഗത്തേക്കുയത്തിക്കൊണ്ടു: അതു എഴുതിയതു ഈ കയ്യാണ്" എന്നു പറയുന്ന ശബ്ദമേ കേൾപ്പാനുണ്ടായിരുന്നുള്ളു. സംസാരിക്കുവാനുള്ള ശക്തി തന്നിൽ ഉണ്ടായിരുന്നതുവരെ ഇപ്രകാരംതന്നെ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. എല്ലാററിനും ഒടുവിലായി "പ്രിയ പിതാവേ! എൻെറ ആത്മാവിനെ കൈക്കൊള്ളേണമേ." എന്നുച്ചത്തിൽ പ്രാത്ഥിച്ചു തൻെറ ജീവൻ വെടിഞ്ഞു.

രക്തസാക്ഷിപ്രവരന്മാരായ അനേകരിൽ ഏററവുമുയന്ന ഒരു സ്ഥാനത്തെ താൻ അർഹിക്കുന്നുണ്ടു്. വിശ്വാസികളെ! വഴിയിൽ വന്നുകൂടുന്ന ബലഹീനതകളെ വകവയ്ക്കാതെയും മനുഷ്യമുഖം നോക്കാതെയും നാമും സത്യത്തിനു സാക്ഷ്യം കൊടുക്കുക.

# 24 ജിറോനിമൊ

അഫ്രിക്കയിൽ സഹാറാമരുഭൂമിയുടെ ഉത്തരഭാഗത്തുള്ള ഒരു പുരാതനനഗരമാണ് ആൾജീറിയാ. ഈ പട്ടണത്തിലുള്ള കാഴ്ചബംഗ്ളാവ് സന്ദർശിച്ചാൽ, ഉദ്ദേശം നാനൂറുവർഷങ്ങൾക്കുമുമ്പു ക്രിസ്തുവിനെ പ്രതി രക്തസാക്ഷിമരണം വരിച്ച ജിറോനിമോ എന്ന അടിമയുവാവിൻെറ പ്രതിമ കാണാവുന്നതാണ്. കേവലം ഇരുപതോളം വയസ്സുമുള്ളപ്പോഴാണ് ആ യുവാവ് നിർദ്ദയമായി വധിക്കപ്പെട്ടതു്.

**1550**-ാമാണ്ടു് അൾജീറിയായിൽ അറബികളായ മുസ്ലീംമാതാപിതാക്കന്മാരുടെ ഒരു മകനായിട്ടാണ് നമ്മുടെ യുവാവു ജനിച്ചതു്. അവനു എട്ടുവയസ്സ് മാത്രം പ്രായമുള്ളപ്പോൾ അവിടെയുണ്ടായ സ്പാനിഷ് പടയേററത്തിൽ ജിറോനിമോയും തദ്ദേശവാസികളായ ഒരുകൂട്ടം ആളുകളും ബന്ധനത്തിലായി നിർദ്ദയരായ പട്ടാളക്കാർ ഇവരെ തടവുകാരായി ഒറാൻ എന്ന അവരുടെ രാജ്യത്തേക്കു കൊണ്ടുപോയി.

ഒറാനിൽ എത്തിയതോടെ ഈ തടവുകാർ ക്രിസ്തീയ അദ്ധ്യാപകന്മാരുടെ കീഴിൽ പരിശീലിക്കപ്പെട്ടുകയും അങ്ങനെ ക്രമേണ ജിറോനിമോ ഒരു യഥാർത്ഥ ക്രിസ്തുവിശ്വാസിയായിത്തീർന്നു സ്നാനപ്പെട്ടു ദൈവമകനായി രൂപാന്തരപ്പെട്ടുകയും ചെയ്തു. ഏറെനാൾ കഴിയുംമുമ്പെ നമ്മുടെ യുവാവു് ആ തടവിൽനിന്നു ഒരു

വിധം രക്ഷപ്പെട്ട് തിരികെ സ്വദേശത്തുവന്നു ചേൎന്നു വീണ്ടും തന്റെ ഭവനത്തിൽ മാതാപിതാക്കന്മാരോടു കൂടി ഒരു മഹമ്മദു മതാനുകാരിയായി ജീവിച്ചു.

ഒരു ക്രിസ്തുവിശ്വാസിയായി ജീവിച്ച നാളുകളിൽ ഉണ്ടായിരുന്ന സന്തോഷം തന്റെ മാതാപിതാക്കന്മാരുടെ മതത്തിൽ അനുഭവപ്പെടാഞ്ഞതുമൂലം ജിറോനിമോ അസന്തുഷ്ടനായി വീണ്ടും ഒറാനിലെതടവുസ്ഥലത്തേക്കു സ്വമനസ്സാലെ പോയി തന്റെ പ്രതിജ്ഞപുതുക്കി ഒരു യഥാൎത്ഥവിശ്വാസിയായി അവിടെ ജീവിച്ചുപോന്നു.

അക്കാലത്തു സ്പെയിൻ ഭരിച്ചിരുന്ന രാജാവു് യഹൂദന്മാരെയും മൂർവൎഗ്ഗക്കാരെയും പീഡിപ്പിച്ചിരുന്നതിനാൽ അക്കൂട്ടർ ജിവസന്ധാരണത്തിനായി കടൽത്തീരപ്രദേശങ്ങളായ അൽജീറിയായെ ശരണം പ്രാപിച്ചു അവിടെ കടൽകൊള്ളക്കാരായി പാൎത്തിരുന്നു അങ്ങനെയിരിക്കെ ഒരു ദിവസം ജിറോനിമോയും മററുചിലരും കൂടിജലമാൎഗ്ഗമായി ആ കടലോരത്തുകൂടെയാത്ര ചെയ്യുമ്പോൾ ഈ അക്രമികളുടെ കയ്യിൽ അകപ്പെടുകയും അവർ ഇവരെ കൊള്ള ചെയ്കയും ഒടുവിൽ അൾജീറിയായിലുള്ള അടിമച്ചന്തയിൽ കൊണ്ടുപോയി വിൽക്കുകയും ചെയ്തു.

ഈ യുവാവു സുമുഖനും അരോഗദൃഢഗാത്രനുമാണെന്നു മനസ്സിലാക്കി ആ രാജ്യത്തെ ഗവണ്മെൻറിന്റെ ഏജൻറു ജിറോനിമോയെ നല്ല വിലകൊടുത്തു വാങ്ങി അടിമവേലയ്ക്കായി അവന്റെ വസതി

യിലേക്ക കൊണ്ടുപോയി. ഈ ഏജൻറ് നിർദ്ദയനും ക്രൂരനുമായ ഒരു മുസ്ലീം ആയിരുന്നു. തൻെറ അടിമയു വാവു ഒരു ക്രിസ്ത്യവിശ്വാസിയാണെന്നു ഗ്രഹിച്ച യജമാനൻ എങ്ങനെയെങ്കിലും അവൻെറ വിശ്വാസത്തെ ത്യാഗമാക്കി പകരം മഹമ്മദുമതവിശ്വാസിയായിതീരുന്നതിനു അവനെ പ്രേരിപ്പിക്കണമെന്നു നിശ്ചയിച്ചു. തദനുസരണമുള്ള അയാളുടെ പ്രവർത്തനങ്ങൾ ഫലശൂന്യമെന്നു കണ്ടപ്പോൾ അയാൾ നമ്മുടെ യുവാവിനെ നിർദ്ദയമായി മർദ്ദിച്ചു. ക്രിസ്തുവിശ്വാസത്തെ ത്യജിച്ചില്ലെങ്കിൽ ഇതിലും കഠോരമായ ശിക്ഷയ്ക്കുവിധേയനാകുമെന്നു അവനെഭയപ്പെടുത്തി, എങ്കിലും ജീറോനിമോ അവൻെറ വിശ്വാസം ഉപേക്ഷിക്കുവാൻ തയ്യാറായില്ല. കോപിഷ്ഠനായ ഏജൻറ് നമ്മുടെ യുവാവായ അടിമയെ വീണ്ടും അടിച്ചു മുറിവേൽപിച്ചു എന്തെല്ലാം അക്രമങ്ങൾ ചെയ്യാമോ അതെല്ലാം ചെയ്തു അവനെ വിശ്വാസത്തിൽനിന്നു പിന്തിരിപ്പിക്കുവാൻ ശ്രമിച്ചുനോക്കി. ഏതാദൃശമായ തൻെറ ശ്രമങ്ങളെല്ലാം വിഫലമെന്നും ജിറോനിമോ അവൻെറ വിശ്വാസം ത്യജിക്കയില്ലെന്നും കണ്ടപ്പോൾ യജമാനൻ അവനു വിലയേറിയ സമ്മാനങ്ങൾ കൊടുത്തു വശീകരിക്കുവാൻ ഒരുമ്പെട്ടു. എന്നാൽ അതു അവൻ മനപൂർവം നിഷേധിക്കയാണുണ്ടായതു്. ക്രിസ്തുവിനെ ത്യജിക്കുമെങ്കിൽ സ്വാതന്ത്ര്യംപോലും കൊടുക്കാമെന്നു പറഞ്ഞിട്ടും ജിറോനിമോ അശ്രദ്ധ കാണിക്കയാണു് ചെയ്തതു്.

മരണം എന്ന ഒററമൂലി കൊണ്ടല്ലാതെ ജി
നിമോയെ ഈ വിശ്വാസത്തിൽനിന്നും പിന്തി
പ്പിക്കുവാൻ സാദ്ധ്യമല്ല എന്നു ഗ്രഹിച്ച യജമാന
അവനെ വിളിച്ചു വിശ്വാസം ത്യജിക്കുന്നില്ല
ങ്കിൽ മരണം വരിക്കുവാൻ തയ്യാറായിക്കൊള്ളുക
ന്നു ആജ്ഞാപിച്ചു. അവൻ വിശ്വാസം ഉപേക
ക്കാത്തപക്ഷം അവനെ എപ്രകാരം വധിക്കണമെ
ള്ള കാര്യങ്ങൾ ചിന്തിക്കുവാനായി ആ ക്രൂരനായ
ഷ്യൻ നാലുരാത്രി നിദ്രപോലും ചെയ്യാതെ കഴിച്ചുകൂ

ആയിടയ്ക്കു ജിറോനിമോയും മററു നൂറിൽപ
അടിമകളും അൽജിറിയായിലുള്ള ഒരു കോട്ട പ
യുന്ന ജോലിയിൽ ഏർപ്പെട്ടിരുന്നു. ഒരു ദിവസം
ജമാനൻ അവരുടെ വേല പരിശോധിച്ചും, ക്ഷീ
ക്കുന്ന അടിമകളെ ദണ്ഡിപ്പിച്ചുംകൊണ്ടു ആ പ
സ്ഥലത്തു അങ്ങനെ നിൽക്കുമ്പോൾ ഒരു പൈ
ചിക ചിന്ത അയാളുടെ ഹൃദയത്തിൽ കടന്നുകൂടി

ആ രാജ്യത്തു കോട്ട പണിയുന്നതു സിമൻറുപോ
ലെയുള്ള ഒരുതരം ചുണ്ണാമ്പു കുഴച്ചു അച്ചിലാക്കി
മങ്ങളായ ഇഷ്ടിക അറുത്തു ഉണക്കിയാണ്. ഈ വേ
കണ്ടുകൊണ്ടിരിക്കുമ്പോഴാണ് ഏജൻറിനു ആ ക്രൂ
ചിന്ത ഉണ്ടായതു്. തൽക്ഷണം, അയാൾ ജിറോ
മോയെ വിളിച്ചു ഇങ്ങനെ ആക്രോശിച്ചു. "നിൻെ
വിശ്വാസം ത്യജിക്കുന്നുവെങ്കിൽ നിനക്കു സ്വാതന്ത്ര
നൽകാം എന്നു പറയുന്നു. ഇല്ലെങ്കിൽ നിൻെറ
ലും കയ്യും ബന്ധിച്ചു ഇഷ്ടികയ്ക്കുള്ള ഈ കമ്മായ

ട്ടിൽ ജീവനോടെ പൂഴ്ത്തി ഇഷ്ടികവാത്തു ഈ കോട്ട പണിവാൻ ഞാൻ ശക്തനാണ്. അതിന്ന ഒരുമ്പെട്ടുവാൻ പോകുന്നു. നിനക്കു വല്ലതും പറയാനുണ്ടെങ്കിൽ ഇപ്പോൾ പറയാം."

ഏതു ധൈര്യശാലിയേയും അമ്പരപ്പിക്കുന്ന പ്രസ്താവനയല്ലേ ഇതു്? നിശ്ചയമായും ജിറോനിമോ തന്റെ വിശ്വാസം ത്യജിച്ചുകളഞ്ഞു് ജീവനെ വാങ്ങുമെന്നു കേഴ്‌വിക്കാർ വിചാരിച്ചു. എന്നാൽ ആ യുവാവിനെയോ അയാളുടെ ദൈവസ്നേഹത്തെയോ അവൎക്കു ഗ്രഹിപ്പാൻ കഴിഞ്ഞില്ല.

യജമാനന്റെ ഈ ആജ്ഞയെക്കുറിച്ചു ചിന്തിപ്പാൻ ജിറോനിമോ സമയം വ്യയം ചെയ്തില്ല. അപമാനമോ, ശിക്ഷയോ ഉപദ്രവമോ മരണം തന്നെയോ സഹിക്കേണ്ടിവന്നാലും തന്റെ വിശ്വാസത്തെ ത്യജിപ്പാൻ സാദ്ധ്യമല്ല എന്നു കൊലയാളിയുടെ മുൻപിൽ ധൈര്യസമേതം സാക്ഷിക്കുന്നതിന്ന ജിറോനിമോയ്ക്കു സാധിച്ചു. മരണം ജീവനിലേക്കുള്ള വാതിലാണെന്നും തന്റെ പൂർവന്മാരായ അനേകർ രക്തസാക്ഷിമരണം ആസ്വദിച്ചു ജീവങ്കലേക്കു കടന്നിട്ടുണ്ടു് എന്നും വിശ്വസിച്ചുകൊണ്ടു ജിറോനിമോ ചെയ്ത അന്ത്യപ്രസ്താവന ആ യജമാനനെ കോപാവേശനാക്കി. അയാൾ തൽക്ഷണം കോപംകൊണ്ടു വിറച്ചു ഇവനെ ബന്ധിപ്പിൻ എന്നു പടയാളികളോടു കൽപ്പിച്ചു. കൊലയാളിയുടെ മുഖത്തേക്കുനോക്കിക്കൊണ്ടു ധൈര്യത്തോടും പ്രശാന്തതയോടുംകൂടെ ജിറോ

നിമോ നിന്നപ്പോൾ ഒരു ദൈവദൂതനെപ്പോലെ അവൻ ശോഭിക്കുന്നതായി കാഴ്ചക്കാർ കണ്ടു. ഭയപരവശരായ പടയാളികൾ തൽക്ഷണം കടന്നുവന്നു ആ യുവാവിനെ ബന്ധിച്ചു. "ങ്ങ് ഹാ! കൊണ്ടുപോയി കുമ്മായക്കൂട്ടിൽ ഇടുവിൻ" എന്ന കർണ്ണകഠോരമായ ആജ്ഞയെ ശിരസ്സാവഹിച്ചുകൊണ്ടു അകമ്പടിക്കാർ ജിറോനിമോയെ എടുത്തു സിമൻറിൽ പുതച്ചു ഇഷ്ടിക അറുത്തു. ചില ദിവസങ്ങൾക്കുശേഷം ജിറോനിമോയെ ജീവനോടെ അടക്കംചെയ്തു ആ ഉണങ്ങിയ സിമൻറുകട്ട എടുപ്പിച്ചു ഇതരതുണ്ടുകളോടു ചേർത്തു കോട്ട കെട്ടുകയും ചെയ്തു.

കുറെ ദിവസങ്ങൾക്കുശേഷം ആ നിഷ്ഠൂരനായ യജമാനൻ കോട്ട സന്ദർശിച്ചപ്പോൾ ജിറോനിമോയുടെ സിമൻറു തുണ്ടം കണ്ടു ഇപ്രകാരം പറയുകയുണ്ടായി. "ആ ക്രിസ്ത്യൻനായ് ഇത്ര ധീരതയോടു കൂടി മരിക്കാമെന്നു ഞാൻ ഒരിക്കലും വിചാരിച്ചില്ല".

അൽപദിവസങ്ങൾക്കുള്ളിൽ ഈ സംഭവം വടക്കേ ആഫ്രിക്കയിലുള്ളവർ എല്ലാം അറിഞ്ഞു. ജിറോനിമോയുടെ ഒരു പൂർവസ്നേഹിതനായ ഫീഡോ എന്ന ക്രിസ്ത്യൻ സന്യാസിവര്യൻ ഈ വൃത്താന്തം ഗ്രഹിക്കയും തൽഫലമായി 1569-ൽ ജിറോനിമോയുടെ ജീവചരിത്രം എഴുതി ക്രൈസ്തവസഭകൾക്കും വരുവാനുള്ള തലമുറകൾക്കുവേണ്ടി സമ്മാനിക്കയുംചെയ്തു.

ഏകദേശം 300 വർഷങ്ങൾക്കുശേഷം 1853ൽ ആ പഴയ കോട്ട ഇടിച്ചുപൊളിക്കപ്പെട്ടു. ആ ജോലി

നടത്തിക്കൊണ്ടിരുന്നയാൾ മുമ്പു ഇങ്ങനെ മരണംവരിച്ച ഒരു യുവാവിനെപ്പററി അറിയുവാനിടയായിഎങ്കിലും അതു കെട്ടുകഥയാണെന്നു കരുതിയിരുന്നു. ഏതായാലും പരമാൎത്ഥമറിയാമെന്നു വിചാരിച്ചു അദ്ദേഹം തന്റെ ജോലിക്കാരോടു ഈ കോട്ടയുടെ ഇഷ്ടികകൾ സൂക്ഷ്മമായി പരിശോധിക്കണമെന്നു പറഞ്ഞിരുന്നു. അങ്ങനെ പരിശോധിച്ചുവരവെ ജിറോനിമോയെ അടക്കം ചെയ്തിരുന്ന ഇഷ്ടിക കണ്ടെത്തുകയും അതു പൊട്ടിച്ചുനോക്കിയപ്പോൾ അസ്ഥികൾ കാണപ്പെടുകയും ചെയ്തു. ആ അസ്ഥികളെ അവർ ശ്രദ്ധാപൂർവം എടുത്തുമാററി വലിയ ആഡംബരഘോഷസമന്വിതം അൽജീറിയായിലുള്ള സെൻറു ഫിലിപ്പിന്റെ ദേവാലയത്തിലേക്കു കൊണ്ടുപോയി അവിടെ പുതുതായി പണികഴിപ്പിച്ച ഒരു മാർബിൾ ശവകുടീരത്തിൽ സംസ്കരിച്ചു.

കൂടാതെ ആ ഇഷ്ടികക്കല്ലിന്റെ ഉള്ളിൽ ശരീരം ഇരുന്നഭാഗം പരിശോധിക്കയും അതിന്റെ വലിപ്പത്തിനനുസരണമായി ജിറോനിമോയുടെ ഒരൊന്നാംതരം പ്രതിമ, തന്നെ ബന്ധിച്ച കയറുകളോടും ധരിച്ചിരുന്ന വസ്ത്രത്തോടുംകൂടി വാൎത്തുണ്ടാക്കി അൽജീറിയായിലെ കാഴ്ചബംഗ്ളാവിൽ, പിൻതലമുറ കാണുകയും ഗ്രഹിക്കയും ചെയ്യുന്നതിനുവേണ്ടി സൂക്ഷിക്കയും ചെയ്തു. ആ യുവരക്തസാക്ഷിയോടുകൂടെ സ്വർഗഭാഗ്യം അനുഭവിപ്പാൻ ഇടയാകുമെന്നു പറവാൻ നമുക്കു ധൈര്യമുണ്ടോ?


M.M. Babu.
S.S.I.
K.I.O.C.L. Site
AMP
MANULORE.
525010

ഈ പുസ്തകം താഴെ കാണുന്ന വിലാസങ്ങളിൽ
അന്വേഷിച്ചാൽ കിട്ടുന്നതാണ്.

1. [illegible] റ്റി. [illegible],
സി[illegible]ൻ, [illegible].

2. [illegible] ഡി. [illegible]
[illegible]ാട്.

3. [illegible] പുസ്തകശാല,
[illegible]ാട്.

# ക്രൈസ്തവ

# രക്തസാക്ഷികൾ

By

T. M. Varaghese

1970

1951

വില രൂ. 1

Indic Digital Archive Foundation

gpura.org